16
ജൂലൈ 2024
ചൊവ്വ
1446 മുഹറം 10
1199 കർക്കിടകം 01
പേജ് 22
അബുദാബി

ഗൾഫ് ചന്ദ്രിക
https://gulf-chandrika.com/

# ഗൾഫ് ചന്ദ്രിക

facebook.com/@gulfchandrika
instagram.com/@gulfchandrika
youtube/@gulfchandrika

കോഴിക്കോട് | കൊച്ചി | കണ്ണൂർ | തിരുവനന്തപുരം | മലപ്പുറം | കോട്ടയം | പാലക്കാട് | അബുദാബി | ദോഹ | ബഹ്റൈൻ | റിയാദ് | ജിദ്ദ | ദമാം
RNI No. 3018/1957. Registered. NO. KL/CT/9/2024-26 | Chandrika Daily | Managing Director: Panakkad Syed Sadikali Shihab Thangal




കോപ്പ അമേരിക്കാ ഫുട്ബോളിൽ ജേതാക്കളായ അർജന്റീനയും യൂറോയിൽ കിരീടം നേടിയ സ്പെയിനും വിജയാഹ്ലാദത്തിൽ

# കോപയിൽ നീല വസന്തം യൂറോയിൽ സ്പാനിഷ് അർമാഡ

മിയാമി/ ബർലിൻ: കോപ അമേരിക്ക ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ തുടർച്ചയായ രണ്ടാം തവണയും അർജന്റീന ജേതാക്കൾ. അധിക സമയത്തേക്ക് നീണ്ട മത്സരത്തിൽ 112-ാം മിനിറ്റിൽ ലത്തുറോ മാർട്ടിനസ് നേടിയ ഏക ഗോളിന് കൊളംബിയയെ മറികടന്നാണ് അർജന്റീന കോപ്പയിൽ മുത്തമിട്ടത്. നായകൻ ലിയോ മെസ്സി രണ്ടാം പകുതിയിൽ പരിക്കേറ്റ് മടങ്ങിയിട്ടും തളരാതെ പോരാടിയ അർജന്റീന ഹാർഡ് റോക്ക് സ്റ്റേഡിയത്തിൽ പൊരുതിക്കളിച്ച കൊളംബിയയെ മറികടക്കുകയായിരുന്നു. ആക്രമണങ്ങളും പ്രത്യാക്രമണങ്ങളും നിറഞ്ഞ മത്സരത്തിൽ പന്ത് കൈവശം വെച്ച് കളിച്ചതും കൂടുതൽ മുന്നേറ്റങ്ങൾ നടത്തിയതും കൊളംബിയയായിരുന്നെങ്കിലും ലക്ഷ്യം കാണുന്നതിൽ അവർക്ക് പിഴച്ചു. മെസ്സിയുടെ കരിയറിലെ 45-ാം കിരീടവും അർജന്റീനയുടെ 16-ാം കോപ അമേരിക്കൻ കിരീടവുമാണിത്. ലത്തൂറോ മാർട്ടിനസ് ഗോൾഡൻ ബൂട്ടിനും മികച്ച കളിക്കാരനുള്ള പുരസ്കാരം കൊളംബിയയുടെ ജെയിംസ് റോഡ്രിഗസും നേടി. അർജന്റീനയുടെ എമിലിയാനോ മാർട്ടിനസിനാണ് ഗോൾഡൻ ഗ്ലൗ പുരസ്കാരം.

ജർമൻ തലസ്ഥാനമായ ബെർലിനിൽ നടന്ന യൂറോ കപ്പിൽ സ്പാനിഷ് പട മുത്തമിട്ടു. കലാശക്കളിയിൽ ഇംഗ്ലണ്ടിനെ ഒന്നിനെതിരെ രണ്ടു ഗോളുകൾക്ക് പരാജയപ്പെടുത്തി സ്പെയിൻ ആധികാരികമായി ചാമ്പ്യൻമാരായി. നിക്കോ വില്യംസ് (47), മൈക്കൽ ഒസിർസബാൽ (86) എന്നിവരാണ് സ്പെയിനിനായി ഗോൾ നേടിയത്. കോൾ പാമറായിരുന്നു ഇംഗ്ലണ്ടിന്റെ ഏക ഗോൾ സ്കോർ ചെയ്തത്. ഗോൾ രഹിതമായിരുന്നു ആദ്യ പകുതി. ആക്രമണ ഫുട്ബോളിന്റെ സുന്ദര നിമിഷങ്ങൾ പിറന്ന രണ്ടാം പകുതിയിൽ ഇരു ടീമുകളും മികച്ച നീക്കങ്ങളാണ് നടത്തിയത്. തുടർച്ചയായ രണ്ടാം തവണയും ഇംഗ്ലണ്ടിന് യൂറോ ഫൈനലിൽ തോൽവി വഴങ്ങാനായിരുന്നു യോഗം. കഴിഞ്ഞ തവണ ഇറ്റലിയോട് ഷൂട്ടൗട്ടിലായിരുന്നു തോൽവി. സ്പെയിനിന്റെ നാലാം യൂറോ കപ്പ് കിരീടമാണിത്. ഇതോടെ നാല് യൂറോ കിരീടങ്ങൾ നേടുന്ന ആദ്യ ടീമെന്ന റെക്കോഡും സ്പെയിനിന് സ്വന്തമായി. സ്പാനിഷ് മിഡ്ഫീൽഡർ റോഡ്രി മികച്ച കളിക്കാരനായും മികച്ച യുവതാരമായി സ്പെയിനിന്റെ ലാമിനെ യമാലും തിരഞ്ഞെടുക്കപ്പെട്ടു. മൂന്ന് ഗോളുകൾ വീതം നേടിയ സ്പെയിനിന്റെ ഡാനി ഒൽമോ, ഇംഗ്ലണ്ട് ക്യാപ്റ്റൻ ഹാരി കെയ്ൻ, നെതർലൻഡ്സിന്റെ കോഡി ഗാക്പോ, ജർമനിയുടെ ജമാൽ മുസിയാല, സ്ലൊവാക്യയുടെ ഇവാൻ സ്ക്രാൻസ്, ജോർജിയയുടെ മിക്കോട്ടഡ്സെ എന്നിവർ ഗോൾഡൻ ബൂട്ടിന് അർഹരായി.

(വിശകലനങ്ങൾ സ്പോർട്സ് പേജിൽ)



# കണ്ണീർ വാർത്ത് കേരളം

## ജോയിയുടെ മൃതദേഹം കണ്ടെത്തിയത് 46 മണിക്കൂറിന് ശേഷം

തിരുവനന്തപുരം: ആമയിഴഞ്ചാൻ തോട്ടിലെ മാലിന്യത്തിനടിയിൽപ്പെട്ട് മരിച്ച ശുചീകരണ തൊഴിലാളി ജോയിക്ക് തലസ്ഥാനം കണ്ണീരോടെ വിട നൽകി. 48 മണിക്കൂർ നീണ്ട തെരച്ചിലിനൊടുവിൽ കണ്ടെത്തിയ ജോയിയുടെ മൃതദേഹം ഇന്നലെ വൈകുന്നേരം മാരായമുട്ടത്തെ വീട്ടുവളപ്പിലാണ് സംസ്കരിച്ചത്. ഭരണകൂട അനാസ്ഥയുടെയും കെടുകാര്യസ്ഥതയുടെയും ഇരയായി ജീവൻ വെടിയേണ്ടിവന്ന ജോയിക്ക് വിടയേകാൻ സമൂഹത്തിന്റെ നാനാതുറകളിൽ നിന്നുള്ളവരെത്തിയിരുന്നു. മകൻ ജീവനോടെ തിരിച്ചുവരുമെന്ന് പ്രതീക്ഷിച്ച് കഴിഞ്ഞ മൂന്നു ദിവസവും മാരായമുട്ടത്തെ ഇടിഞ്ഞുപൊളിയാറായ വീട്ടിൽ പ്രാർത്ഥനയോടെ കഴിഞ്ഞ അമ്മ മെൽഹി, ജോയിയുടെ ചലനമറ്റ ശരീരത്തിൽ കെട്ടിപ്പിടിച്ച് അലമുറയിട്ട് കണ്ണീർ വാർത്തത് ഉള്ളിൽ കനവിന്റെ തരിയെങ്കിലും അവശേഷിച്ചവർക്ക് കണ്ടുനിൽക്കാൻ കഴിയാത്ത കാഴ്ചയായി. ഇന്നലെ രാവിലെ പത്തുമണിയോടെയാണ് ജോയിയുടെ മരണ വിവരം അമ്മയെ അറിയിച്ചത്.

രാവിലെ തകരപ്പറമ്പ് വഞ്ചിയൂർ റോഡിലെ കനാലിൽ നിന്നുമാണ് ജോയിയുടെ മൃതദേഹം കണ്ടെത്തിയത്. റെയിൽവേ ടണൽ കടന്ന് ഒരു കിലോമീറ്ററോളം ഒഴുകിയെത്തി മാലിന്യ കൂമ്പാരത്തിൽ തട്ടി തടഞ്ഞ് നിന്ന മൃതദേഹം, ജീർണിച്ച അവസ്ഥയിലായിരുന്നു. കഴിഞ്ഞ രണ്ട് ദിവസമായി ഫയർഫോഴ്സ്, എൻ.ഡി.ആർ.എഫ് സംഘങ്ങൾ റെയിൽവേയുടെ ഭാഗത്ത് തെരച്ചിൽ നടത്തിയിരുന്നെങ്കിലും ജോയിയെ കണ്ടെത്താനായിരുന്നില്ല. കൊച്ചിയിൽ നിന്നുള്ള നേവി സംഘവും തെരച്ചിലിനെത്തിയിരുന്നു.

തെരച്ചിൽ ആരംഭിക്കാനിരിക്കെയാണ് തകരപറമ്പ് ഭാഗത്ത് ഒരു മൃതദേഹം കനാലിൽ കണ്ടെത്തിയെന്ന വിവരം പുറത്തുവന്നത്. ശുചീകരണ തൊഴിലാളികളാണ് മാലിന്യങ്ങൾക്കിടയിൽ ഒരു മൃതദേഹം പൊങ്ങിക്കിടക്കുന്നുവെന്ന വിവരം പൊലീസിനെ അറിയിച്ചത്. ഉടൻ തന്നെ പൊലീസ് സംഘവും ജോയിയുടെ ബന്ധുക്കളും സ്ഥലത്തെത്തി. മൃതദേഹം ജോയിയുടേതെന്ന് സ്ഥിരീകരിക്കുകയായിരുന്നു. 13ന് രാവിലെ 10 മണിയോടെയാണ് മാരായിമുട്ടം സ്വദേശിയായ ജോയിയും മറ്റ് മൂന്നു തൊഴിലാളികളും തമ്പാനൂർ റെയിൽവേ സ്റ്റേഷനോട് ചേർന്നുള്ള ഭാഗത്തെ തോട് വൃത്തിയാക്കാനിറങ്ങിയത്. തോട്ടിലിറങ്ങി മാലിന്യം മാറ്റുകയായിരുന്ന ജോയിയെ കനത്ത മഴയിൽ പെട്ടെന്നുണ്ടായ ഒഴുക്കിൽ കാണാതാവുകയായിരുന്നു. രക്ഷാപ്രവർത്തകർ മാലിന്യങ്ങൾക്കടിയിൽ മുങ്ങിതപ്പിയെങ്കിലും ജോയിയെ കണ്ടെത്താനായില്ല. റെയിൽ പാളത്തിന് അടിയിലൂടെ തോട് കടന്നുപോകുന്ന തുരങ്ക സമാനമായ സ്ഥലത്ത് മാലിന്യക്കൂമ്പാരങ്ങൾക്കിടയിൽ വളരെ പ്രയാസപ്പെട്ടാണ് സ്കൂബാ ഡൈവിങ് സംഘം ഉൾപെടെ തെരച്ചിൽ നടത്തിയത്. ഒടുവിൽ ജോയിയെ കാണാതായ സ്ഥലത്ത് നിന്ന് ഒന്നര കിലോമീറ്ററിനപ്പുറത്ത് നിന്നാണ് മൃതദേഹം കണ്ടെത്തിയത്.



ശുചീകരണത്തിനിടെ ആമയിഴഞ്ചാൻ തോട്ടിൽ വീണ് മരിച്ച ജോയിയുടെ ഭൗതിക ശരീരം മാരായമുട്ടത്തെ വീട്ടുവളപ്പിൽ പൊതുദർശനത്തിന് വെച്ചപ്പോൾ പൊട്ടിക്കരയുന്ന അമ്മ മെൽഹി സഹോദരിമാരായ ജെസ്സിയും ജോളിയും

## റിപ്പോർട്ട് തേടി ഹൈക്കോടതി

കൊച്ചി: ആമയിഴഞ്ചാൻ തോട്ടിലെ അപകടത്തിൽ ജോയി മരിച്ച സംഭവം നിർഭാഗ്യകരമെന്നു ഹൈക്കോടതി. അപകടം സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഹൈക്കോടതി നിർദ്ദേശം നൽകി. കോടതി സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് സംസ്ഥാന സർക്കാർ, ഇന്ത്യൻ റെയിൽവെ, തിരുവനന്തപുരം കോർപറേഷൻ, തിരുവനന്തപുരം ജില്ലാ കലക്ടർ എന്നിവരോട് റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിച്ചത്. ജസ്റ്റിസ് പി ഗോപിനാഥ്, ജസ്റ്റിസ് ബെച്ചു കുര്യൻ തോമസ് എന്നിവർ ഉൾപ്പെട്ട ബെഞ്ചാണ് ഹർജി പരിഗണിച്ചത്. അപകടം ആവർത്തിക്കാതിരിക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്നു റിപോർട്ടിൽ വിശദീകരിക്കണം. ആമയിഴഞ്ചാൻ തോട് സന്ദർശിച്ച് റിപോർട്ട് സമർപ്പിക്കുന്നതിന് കോടതി അമിക്കസ് ക്യുറിയെ നിയമിച്ചു. അമിക്കസ് ക്യുറിക്ക് റെയിൽവെ യാത്രാ സൗകര്യം ലഭ്യമാക്കണം. അമിക്കസ് ക്യുറിക്കുള്ള ഒന്നര ലക്ഷം രൂപ ഫീസ് റെയിൽവേയും കോർപ്പറേഷനും സർക്കാരും കൂടി വഹിക്കണം. 10 ദിവസത്തിനകം റിപോർട്ട് സമർപ്പിക്കണമെന്നു കേസ് ജൂലൈ 26നു വീണ്ടും പരിഗണിക്കുമെന്നും കോടതി വ്യക്തമാക്കി. മാലിന്യം എങ്ങിനെ നീക്കം ചെയ്യാനാവുമെന്നു വ്യക്തമാക്കി റിപ്പോർട്ട് സമർപ്പിക്കണമെന്നു റെയിൽവേയോട് കോടതി നിർദ്ദേശിച്ചു. ആക്കുളം കായലിലെ മാലിന്യം സംബന്ധിച്ചു സർക്കാർ വിശദമായ റിപ്പോർട്ട് നൽകണമെന്നും കോടതി നിർദ്ദേശിച്ചു.

‘ആരോഗ്യ’ത്തിൽ തളർന്ന് സർക്കാർ 22
ജോയ് ഇനി പലഹാരപ്പൊതിയുമായി വരില്ല; കരഞ്ഞു തളർന്ന് അമ്മ

### ആരോഗ്യരംഗത്തെ ‘കേരള മോഡൽ’ വീണ്ടും

## രോഗി ലിഫ്റ്റിൽ കുടുങ്ങിക്കിടന്നത് രണ്ട് ദിവസം

തിരുവനന്തപുരം: മെഡിക്കൽ കോളജ് ഒ.പി ബ്ലോക്കിൽ വയോധികൻ ലിഫ്റ്റിൽ കുടുങ്ങിക്കിടന്നത് രണ്ടുദിവസം. മെഡിക്കൽ കോളജിൽ ചികിത്സക്ക് എത്തിയ തിരുമല സ്വദേശിയും നിയമസഭയിലെ താൽക്കാലിക ജീവനക്കാരനുമായ രവീന്ദ്രനാണ് ലിഫ്റ്റിൽ കുടുങ്ങിയത്. ഒ.പി ടിക്കറ്റ് എടുത്ത് ഡോക്ടറെ കാണാൻ പോകുന്നതിനാണ് ഇദ്ദേഹം 11-ാം നമ്പർ ലിഫ്റ്റിൽ കയറിയത്. എന്നാൽ ലിഫ്റ്റ് പൊടുന്നനെ ഇടിച്ച് നിൽക്കുകയായിരുന്നു. ഇടിയുടെ ആഘാതത്തിൽ ഫോൺ നിലത്ത് വീണ് തകരാറിലുമായി.

തുടർന്ന് രവീന്ദ്രൻ ലിഫ്റ്റിൽ രണ്ട് ദിവസം അതിനുള്ളിൽ പെടുകയായിരുന്നു. ഇന്നലെ രാവിലെ ആറുമണിക്ക് ആ വഴിക്ക് പോയ ഒരാളാണ് ലിഫ്റ്റ് പകുതിയിൽ നിൽക്കുന്നത് കണ്ടത്. ശ്രദ്ധയിൽപെട്ട ഉടനെ ഇദ്ദേഹം ലിഫ്റ്റ് തുറക്കാൻ ശ്രമിക്കുകയും ആശുപത്രി അധികൃതരെ വിവരം അറിയിക്കുകയുമായിരുന്നു. തുറന്നപ്പോൾ രവീന്ദ്രനെ അവശ നിലയിൽ കണ്ടെത്തുകയായിരുന്നു. ലിഫ്റ്റിൽ മലമൂത്ര വിസർജനമടക്കം നടത്തി വളരെ മോശം ആരോഗ്യസ്ഥിതിയിലാണ് ഇദ്ദേഹത്തെ കണ്ടെത്തിയത്. അടിയന്തര സാഹചര്യത്തിൽ വിളിക്കാനുള്ള എല്ലാ ഫോണുകളിലും വിളിച്ചിട്ടും ആരും തിരിഞ്ഞുനോക്കിയില്ലെന്ന് രവീന്ദ്രൻ പറഞ്ഞു.

ശനിയാഴ്ച വൈകിട്ടോടെ ലിഫ്റ്റ് തകരാറിലാണെന്ന് ബോധ്യമായോതോടെ ഓപ്പറേറ്റർ ലോക്ക് ചെയ്ത് മടങ്ങിയിരുന്നു. ഈ സമയമെല്ലാം രവീന്ദ്രൻ കുടുങ്ങിക്കിടക്കുകയായിരുന്നു. ഒരു ദിവസം കഴിഞ്ഞിട്ടും രവീന്ദ്രൻ എത്താതായതോടെ ബന്ധുക്കൾ മെഡിക്കൽ കോളജ് പൊലീസിൽ പരാതി നൽകി അന്വേഷണം തുടങ്ങിയിരുന്നു.

സംഭവത്തിൽ 2 ലിഫ്റ്റ് ഓപ്പറേറ്റർമാർ, ഡ്യൂട്ടി സാർജന്റ് എന്നിവരെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തു. അടിയന്തരമായി അന്വേഷിച്ച് നടപടി സ്വീകരിക്കാൻ ആരോഗ്യമന്ത്രി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകിയിരുന്നു.



കോട്ടക്കൽ ആര്യവൈദ്യശാലയിൽ ചികിത്സക്കായി എത്തിയ ഇന്ത്യൻ നാഷണൽ കോൺഗ്രസ് ദേശീയ അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെയെ പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങളും പി.കെ കുഞ്ഞാലിക്കുട്ടിയും സന്ദർശിച്ചപ്പോൾ. ആര്യ വൈദ്യശാല മാനേജിങ് ട്രസ്റ്റി ഡോ.പി എം വാരിയർ സമീപം.

# കനത്ത മഴ; സംസ്ഥാനത്ത് വ്യാപക നാശനഷ്ടം

തിരുവനന്തപുരം: സംസ്ഥാനത്ത് പെയ്ത കനത്ത മഴയിൽ വ്യാപക നാശനഷ്ടം. മലബാറിലടക്കം എല്ലാ ജില്ലകളിലും ഇന്നലെ അതിശക്ത മഴ ലഭിച്ചു. അതിതീവ്ര മഴയ്ക്ക് സാധ്യതയുള്ളതിനാൽ മലപ്പുറം, കണ്ണൂർ, കാസർകോട് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് റെഡ് അലർട്ടും പ്രഖ്യാപിച്ചിരുന്നു. ഇന്ന് അതിശക്ത മഴയ്ക്ക് സാധ്യതയുള്ളതിനാൽ മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഓറഞ്ച് അലർട്ടും ശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം,ഇടുക്കി, തൃശൂർ,പാലക്കാട് ജില്ലകളിൽ യെല്ലോ അലർട്ടും പ്രഖ്യാപിച്ചിട്ടുണ്ട്. നാളെ മൂന്ന് ജില്ലകളിൽ ഓറഞ്ച് അലർട്ടും ഒൻപത് ജില്ലകളിൽ യെല്ലോ അലർട്ടും പ്രഖ്യാപിച്ചിട്ടുണ്ട്. ബംഗാൾ ഉൾക്കടലിൽ ന്യൂനമർദം രൂപപ്പെട്ടിട്ടുണ്ട്. കേരളത്തിൽ അടുത്ത അഞ്ച് ദിവസം വ്യാപക മഴ ലഭിക്കുമെന്നാണ് പ്രവചനം. കേരളതീരത്ത് കടലാക്രമണത്തിന് സാധ്യതയുള്ളതിനാൽ തീരദേശവാസികൾ ജാഗ്രതപാലിക്കണം. കണ്ണൂർ,കാസർകോട് ജില്ലകളിൽ പ്രത്യേക ജാഗ്രത വേണമെന്നും മുന്നറിയിപ്പുണ്ട്. മലയോരങ്ങളിലടക്കം വ്യാപക നാശനഷ്ടമാണ് റിപ്പോർട്ട് ചെയ്തത്.



കനത്ത മഴയെ തുടർന്ന് ഇടുക്കി കല്ലാർകുട്ടി അണക്കെട്ടിന്റെ നാല് ഷട്ടറുകളും ഉയർത്തി ജലം പുറത്തേക്ക് ഒഴുക്കുന്നു.

# ബാബരി വഴിയെ കമാൽ മൗല മസ്ജിദും

- മസ്ജിദ് കോംപ്ലക്സിലെ എ.എസ്.ഐ സർവേ റിപ്പോർട്ട് ഹൈക്കോടതിയിൽ സമർപ്പിച്ചു
- ക്ഷേത്രാവശിഷ്ടം കണ്ടെത്തിയെന്ന് എ.എസ്.ഐ

ഇൻഡോർ: മധ്യപ്രദേശിലെ കമാൽ മൗല മസ്ജിദ് കോംപ്ലക്സിൽ ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ (എ.എസ്.ഐ) നടത്തിയ ശാസ്ത്രീയ സർവേയുടെ റിപ്പോർട്ട് മധ്യപ്രദേശ് ഹൈക്കോടതിയിൽ സമർപ്പിച്ചു. 2000 പേജുകളുള്ള റിപ്പോർട്ടാണ് ഹൈക്കോടതി രജിസ്ട്രിക്ക് സമർപ്പിച്ചതെന്ന് എ.എസ്.ഐ അഭിഭാഷകൻ ഹിമാൻശു ജോഷി പറഞ്ഞു. റിപ്പോർട്ടിൽ കമാൽ മൗല മസ്ജിദിൽ നിന്ന് ക്ഷേത്രാവശിഷ്ടങ്ങൾ കണ്ടെത്തിയെന്നും ദൈവ ശിൽപങ്ങൾ, സംസ്കൃത ലിഖിതങ്ങൾ, ത്രിശൂല ചിത്രങ്ങൾ എന്നിവ കണ്ടെത്തിയെന്നാണ് വിവരം. മസ്ജിദിന്റെ മിഹ്റാബും ചുമരുകളും പുതിയ നിർമാണമാണെന്നും കെട്ടിടത്തിന്റെ മറ്റു ഭാഗങ്ങളിൽ നിന്നും വ്യത്യസ്ഥമായ വസ്തുക്കൾ കൊണ്ടാണ് ഇവ നിർമിച്ചതെന്നും എ.എസ്.ഐ പറയുന്നു.

മസ്ജിദിൽ നടത്തിയ സർവേയിലാണ് ഇക്കാര്യം കണ്ടെത്തിയതെന്ന് എ.എസ്.ഐ പറയുന്നത്. നേരത്തെയുണ്ടായിരുന്ന ക്ഷേത്രത്തിന്റെ തൂണുകൾ മസ്ജിദിൽ പുനരുപയോഗം ചെയ്തുവെന്നും 94 ശിൽപങ്ങളും അവിശിഷ്ടങ്ങളും കണ്ടെടുത്തതായും പറയുന്നു. കമാൽമൗല മസ്ജിദ് കോംപ്ലക്സ്-ഭോജ്ശാല തർക്ക കേസിൽ ഈ മാസം 22ന് ഹൈക്കോടതി വാദം കേൾക്കാനിരിക്കെയാണ് റിപ്പോർട്ട് സമർപ്പിച്ചത്.

11-ാം നൂറ്റാണ്ടിൽ സ്ഥാപിതമായ മസ്ജിദ് പരിസരത്ത് ശാസ്ത്രീയ സർവേ നടത്തി 15നകം അന്തിമ റിപ്പോർട്ട് സമർപ്പിക്കണമെന്ന് എ.എസ്.ഐക്ക് ഈ മാസം നാലിന് ഹൈക്കോടതി നിർദേശം നൽകിയിരുന്നു.

മുസ്‌ലിംകൾ കമാൽ മൗല മസ്ജിദ് ആയി പരിഗണിക്കുന്ന കെട്ടിടം സരസ്വതി ദേവിയുടെ ക്ഷേത്രമായ ഭോജ്ശാലയാണെന്നാണ് ഹിന്ദു വിഭാഗത്തിന്റെ വാദം. ഹിന്ദു ഫ്രന്റ് ഫോർ ജസ്റ്റിസ് എന്ന തീവ്ര ഹിന്ദുത്വ വിഭാഗം നൽകിയ ഹർജിയിൽ പ്രദേശത്ത് ശാസ്ത്രീയ സർവേ നടത്താൻ മാർച്ച് 11ന് ഹൈക്കോടതി ഉത്തരവിട്ടിരുന്നു.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂലൈ 16 ചൊവ്വ
ഗൾഫ് ചന്ദ്രിക

## 1,666 നിരോധിത കളിപ്പാട്ടങ്ങൾ പിടിച്ചെടുത്തു

മസ്കത്ത്: ഒമാനിലെ ദാഹിറയിൽ 1,666 നിരോധിത കളിപ്പാട്ടങ്ങൾ ഉപഭോക്തൃ സംരക്ഷണ അതോറിറ്റി പിടിച്ചെടുത്തു. നിരോധിത ജെല്ലി ഉൾപ്പെടെയുള്ള കളിപ്പാട്ടങ്ങളാണ് പ്രവാസി വ്യാപാരിയുടെ സ്ഥാപനത്തിൽ നിന്ന് കണ്ടെടുത്തത്. പ്രാദേശിക വിപണികളിൽ ഈ നിരോധിത വസ്തുക്കൾ വിൽക്കുന്നതിനെക്കുറിച്ചുള്ള വിവരത്തെത്തുടർന്നായിരുന്നു പരിശോധന.



### കറൻസി മൂല്യം

| | |
|---|---|
| 1 യു.എ.ഇ ദിർഹം | 22.76 ₹ |
| 1 ഒമാനി റിയാൽ | 217.16 ₹ |
| 1 സൗദി റിയാൽ | 22.29 ₹ |
| 1 ഖത്തർ റിയാൽ | 22.96 ₹ |
| 1 കുവൈത്ത് ദിനാർ | 273.50 ₹ |
| 1 ബഹ്റൈൻ ദിനാർ | 221.71 ₹ |

### സ്വർണവില

(ഗ്രാമിന്-ദിർഹം)

| | |
|---|---|
| 24 കാരറ്റ് | 292.00 |
| 22 കാരറ്റ് | 270.50 |
| 21 കാരറ്റ് | 261.75 |
| 18 കാരറ്റ് | 224.25 |



ഗൾഫ് വാർത്തകൾ

SHORT NEWS

### കനത്ത ചൂട്
### ബീച്ചുകളിലെ സന്ദർശകർ കൂടുന്നു

ദുബൈ: ദുബൈയിൽ താപനില ഉയർന്നതോടെ രാത്രിയിൽ ബീച്ചുകളിലെത്തുന്നവരുടെ എണ്ണം വർധിക്കുന്നു. താപനില 45 ഡിഗ്രിയും കടന്നതോടെയാണ് ബീച്ചിൽ നീന്താനായി ആളുകൾ കൂടുതലായി എത്തുന്നത്. 3,800 മീറ്റർ ബീച്ച് നീന്തലിനായി തുറന്നു കൊടുക്കുമെന്ന് ദുബൈ മുനിസിപ്പാലിറ്റി നേരത്തെ പ്രഖ്യാപിച്ചിരുന്നു.

### 6,025 സൈനികർക്ക് സ്ഥാനക്കയറ്റം

ദുബൈ: ദുബൈയിലെ 6,025 സൈനികർക്ക് സ്ഥാനക്കയറ്റം നൽകി ദുബൈ ഭരണാധികാരിയും യുഎഇ വൈസ് പ്രസിഡന്റുമായ ശൈഖ് മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂം. ദുബൈ പോലീസ്, സുരക്ഷാ സേന, ജനറൽ ഡയറക്ട്രേറ്റ് ഓഫ് റസിഡൻസി ആന്റ് ഫോറിൻ അഫയേഴ്സ്, ജനറൽ ഡയറക്ട്രേറ്റ് ഓഫ് സിവിൽ ഡിഫൻസ് എന്നിവരും സ്ഥാനക്കയറ്റം ലഭിച്ചവരിൽ ഉൾപ്പെടുന്നു.

### അൽഖോബാർ ആഗോള സ്മാർട്ട് സിറ്റി



റിയാദ്: ആഗോള സ്മാർട്ട് സിറ്റികളുടെ നിലയിലേക്ക് സൗദിയിലെ അൽഖോബാർ നഗരം. അന്താരാഷ്ട്ര ഏജൻസിയായ ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിന്റെ 2024ലെ റാങ്കിംഗിലാണ് അൽഖോബാറിനെ സ്മാർട് സിറ്റിയായി അംഗീകരിച്ചത്. ലോകമെമ്പാടുമുള്ള 142 നഗരങ്ങളിൽ അൽഖോബാർ 99ാം സ്ഥാനത്ത് എത്തിയതായി ഇൻസ്റ്റിറ്റ്യൂട്ട് പ്രഖ്യാപിച്ചു.

### ആദ്യ 500 യൂണിവേഴ്സിറ്റികളിൽ റാസൽഖൈമയും

റാസൽഖൈമ: റാസൽഖൈമയിലെ അമേരിക്കൻ യൂണിവേഴ്സിറ്റി ലോക റാങ്കിങ്ങിൽ മുൻപന്തിയിലെത്തി. ക്യുഎസ് വേൾഡ് യൂണിവേഴ്സിറ്റി 2025ലെ റാങ്കിംഗിൽ മികച്ച ആദ്യ 500 യൂണിവേഴ്സിറ്റികളിൽ റാസൽഖൈമയിലെ അമേരിക്കൻ യൂണിവേഴ്സിറ്റിയും ഉൾപ്പെട്ടു. 485 ാമത് സ്ഥാനത്താണ് യൂണിവേഴ്സിറ്റി എത്തിയിരിക്കുന്നത്.

## യാത്രികരുമായി കൂടിക്കാഴ്ച നടത്തി
# ബഹിരാകാശ മേഖലയിൽ യുഎഇ പുതിയ ഉയരങ്ങളിലേക്ക്: ശൈഖ് മുഹമ്മദ്

ദുബൈ: യുഎഇ വൈസ് പ്രസിഡന്റും പ്രധാനമന്ത്രിയും ദുബൈ ഭരണാധികാരിയുമായ ശൈഖ് മുഹമ്മദ് ബിൻ റാഷിദ് അൽമക്തൂം രാജ്യത്തെ രണ്ട് ബഹിരാകാശ യാത്രിക കോർപ്സുമായി കൂടിക്കാഴ്ച നടത്തുകയും അവരെ പ്രശംസിക്കുകയും ചെയ്തു. ദുബൈയിലെ യൂണിയൻ ഹൗസിൽ മുഹമ്മദ് ബിൻ റാഷിദ് സ്പേസ് സെന്റർ ടീം അംഗങ്ങളുമായി നടത്തിയ ചർച്ചയിൽ ശൈഖ് മുഹമ്മദ് രാജ്യത്തിന്റെ ഭാവിയിലേക്കുള്ള അഭിലാഷങ്ങളെക്കുറിച്ച് പ്രത്യാശകൾ പ്രകടിപ്പിച്ചു. ബഹിരാകാശ സഞ്ചാരിയായി തിരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ എമിറാത്തി വനിതയായ നോറ അൽ മത്രൂഷിയോടും സഹപ്രവർത്തകനായ മുഹമ്മദ് അൽ മുല്ലയോടും ബഹിരാകാശത്തേക്കുള്ള അവരുടെ പുറപ്പെടലിൽ തങ്ങളുടെ പ്രതീക്ഷകൾ ഉയരത്തിൽ സജ്ജമാക്കാൻ അദ്ദേഹം അഭ്യർത്ഥിച്ചു.


ഈ വർഷം നാസയുമായുള്ള അവരുടെ തീവ്രമായ രണ്ട് വർഷത്തെ ബഹിരാകാശയാത്രിക പരിശീലന പരിപാടി പൂർത്തിയാക്കി, അവരെ ബഹിരാകാശ ദൗത്യത്തിന് അർഹരാക്കി. ബഹിരാകാശത്തെത്തിയ യുഎഇയുടെ ആദ്യ മനുഷ്യനായ ഹസ്സ



മുഹമ്മദ് ബിൻ റാഷിദ് സ്പേസ് സെന്റർ ടീം അംഗങ്ങളുമായി യുഎഇ വൈസ് പ്രസിഡന്റും പ്രധാനമന്ത്രിയും ദുബൈ ഭരണാധികാരിയുമായ ശൈഖ് മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂം കൂടിക്കാഴ്ച നടത്തിയപ്പോൾ

അൽ മൻസൂറിയുടെയും സെപ്തംബറിൽ അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലെ തന്റെ ആറ് മാസത്തെ ദൗത്യം കഴിഞ്ഞ് തിരിച്ചെത്തിയ സുൽത്താൻ അൽ നെയാദിയുടെയും നേട്ടങ്ങൾ അനുകരിക്കാനാണ് അവർ ലക്ഷ്യമിടുന്നത്.

ദുബൈയിലെ രണ്ടാം ഡെപ്യൂട്ടി ഭരണാധികാരി ശൈഖ് അഹമ്മദ് ബിൻ മുഹമ്മദ്, ദുബൈ സിവിൽ ഏവിയേഷൻ അതോറിറ്റി ചെയർമാനും എമിറേറ്റ്സ് എയർലൈൻ ചെയർമാനും ചീഫ് എക്സിക്യൂട്ടീവുമായ ശൈഖ് അഹമ്മദ് ബിൻ സയീദ് എന്നിവരും യോഗത്തിൽ പങ്കെടുത്തു. എംബിആർഎസ്സിയുടെ ഡയറക്ടർ ബോർഡ് ചെയർമാൻ ഹമദ് ഉബൈദ് അൽ മൻസൂരി, കേന്ദ്രത്തിലെ എയ്റോസ്പേസ് എഞ്ചിനീയറിംഗ് വിഭാഗം അസിസ്റ്റന്റ് ഡയറക്ടർ ജനറൽ അമർ അൽ സയേഗ് അൽ ഗഫേരി എന്നിവരും സന്നിഹിതരായിരുന്നു. രാജ്യത്തിന്റെ ബഹിരാകാശ മേഖലയെ പുതിയ ഉയരങ്ങളിലേക്ക് നയിക്കാൻ ബഹിരാകാശ കേന്ദ്ര മേധാവികളോട് ശൈഖ് മുഹമ്മദ് ആഹ്വാനം ചെയ്തു. മേഖലയിലെ ഏറ്റവും നൂതനമായ ഇമേജിംഗ് ഉപഗ്രഹമായ MBZ Satൽ കൈവരിച്ച പുരോഗതിയെക്കുറിച്ച് അദ്ദേഹം വിശദീകരിച്ചു. പ്രസിഡന്റ് ശൈഖ് മുഹമ്മദിന്റെ പേരിലുള്ള MBZSat വർഷങ്ങളായി ദുബൈയിലെ മുഹമ്മദ് ബിൻ റാഷിദ് സ്പേസ് സെന്ററിൽ വികസിപ്പിച്ചുകൊണ്ടിരിക്കുന്നു. 800 കിലോഗ്രാം ഭാരമുള്ള ഉപഗ്രഹം ഫാൽക്കൺ 9 റോക്കറ്റിൽ സ്പേസ് എക്സ് റൈഡ് ഷെയർ മിഷനിൽ ഭ്രമണപഥത്തിലെത്തിക്കും. ഉപഗ്രഹം ഒക്ടോബറിൽ വിക്ഷേപിക്കും.



യുഎഇയുടെ 'എംബിസാറ്റ്'

ശൈഖ് മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂമിന്റെ ദർശനം ബഹിരാകാശ മേഖലയിൽ യുഎഇയുടെ നേതൃത്വത്തെ കൂടുതൽ ശക്തിപ്പെടുത്താൻ ഞങ്ങളെ പ്രചോദിപ്പിക്കുന്നതായി അൽ മൻസൂരി പറഞ്ഞു. യുഎഇ പ്രസിഡന്റിന്റെ പേരിലുള്ള അറബ് ലോകത്തെ ഏറ്റവും നൂതനമായ ഉപഗ്രഹത്തിൽ പ്രവർത്തിക്കുന്നതിൽ ഞങ്ങൾ അഭിമാനിക്കുന്നു. ബഹിരാകാശ പര്യവേക്ഷണത്തിന്റെ ഭാവിയിൽ നമ്മുടെ രാജ്യത്തിന് വലിയ അഭിലാഷങ്ങളുണ്ട്, അതിന്റെ ആഗോളതലത്തിൽ സംഭാവന ചെയ്യുന്ന നാഴികക്കല്ലുകൾ നേടുന്നത് തുടരുമെന്ന് ഞങ്ങൾ പ്രതിജ്ഞ ചെയ്യുന്നതായും അദ്ദേഹം പറഞ്ഞു.

## ഷാർജയിലും അജ്മാനിലും വാടക നിരക്ക് വർധിച്ചു

ദുബൈ: ഷാർജയിലും അജ്മാനിലും കുറഞ്ഞ വാടകക്ക് വീടുകൾ തേടി ആളുകൾ കൂടുതലായി എത്തിയതോടെ വാടക നിരക്കിൽ വർധനവുണ്ടായി. രണ്ട് എമിറേറ്റിലും കഴിഞ്ഞ വർഷത്തേക്കാൾ 20% ആണ് വാടക വർധന. വാടകവീട് തേടിയെത്തുന്നവരുടെ എണ്ണത്തിലുണ്ടായ വർധനയാണ് നിരക്ക് ഉയരാൻ കാരണം. ദുബൈയിൽ എല്ലാ വർഷവും വാടക വർധിപ്പിക്കുന്നതാണ് ഷാർജയിലേക്കും അജ്മാനിലേക്കും ആളുകൾ ചേക്കേറാൻ കാരണമായത്. സ്വന്തമായി വാഹന സൗകര്യമുള്ളവർ ദുബൈയിൽ ജോലി ചെയ്ത് ഷാർജയിലോ അജ്മാനിലോ താമസിക്കുന്നവരാണ് അധികവും. മലയാളികൾ ഏറ്റവും കൂടുതൽ താമസിക്കുന്ന കരാമ, ദേര, ഖിസൈസ്, സിലിക്കൺ ഒയാസിസ്, ഗ്രാൻസ്, ഗാർഡൻസ് തുടങ്ങി എല്ലായിടത്തും വാടക കൂടി. ഒരു മുറി ഫ്ളാറ്റിന്റെ കുറഞ്ഞ വാടക വർഷം 60,000 ദിർഹത്തിന് മുകളിലെത്തി. ഈ സാഹചര്യത്തിലാണ് ആളുകൾ കുറഞ്ഞ ചെലവിൽ താമസയിടം തേടി ഷാർജ, അജ്മാൻ എമിറേറ്റുകളിലേക്ക് നീങ്ങിയത്. കഴിഞ്ഞ വർഷം ഒരു മുറി ഫ്ളാറ്റിന് ശരാശരി 24000 ദിർഹമുണ്ടായിരുന്ന ഷാർജയിൽ ഇപ്പോൾ 30000 മുതൽ 36000 വരെ ഉയർന്നു. പ്രധാന കേന്ദ്രങ്ങളിൽ ഇത് 50000 ദിർഹം വരെയായി. ഷാർജ അൽ നാഹ്ദയിലാണ് ആളുകൾ കൂടുതൽ എത്തുന്നത്. ദുബൈയിലേക്ക് എളുപ്പം എത്താമെന്നതും മെട്രോ, ബസ് സ്റ്റേഷൻ എന്നിവ അടുത്തുള്ളതുമാണ് അൽനഹ്ദ ഇഷ്ടപ്പെടാൻ കാരണം. ഷാർജയിൽ 3 വർഷത്തേക്കു വാടക വർധിക്കില്ലെന്നതും പ്രവാസികളെ ആകർഷിക്കുന്നു. എന്നാൽ ഇവിടേക്ക് കൂടുതൽ പേർ വരുന്നതാണ് വാടക വർധനയ്ക്കു പ്രധാന കാരണം.



## ഷാർജ സർവകലാശാലക്ക് രാജ്യാന്തര അംഗീകാരം

ഷാർജ: നിരവധി അന്താരാഷ്ട്ര റാങ്കിങ്ങുകൾ പ്രകാരം, ആഗോളതലത്തിൽ മികച്ച സർവ്വകലാശാലകളിൽ ഷാർജ സർവ്വകലാശാലക്ക് അംഗീകാരം ലഭിച്ചതായി ഷാർജ ഡെപ്യൂട്ടി ഭരണാധികാരിയും ഷാർജ യൂണിവേഴ്സിറ്റി പ്രസിഡന്റുമായ ശൈഖ് സുൽത്താൻ ബിൻ അഹമ്മദ് ബിൻ സുൽത്താൻ അൽ ഖാസിമി അറിയിച്ചു. യുഎസ് ന്യൂസ് ഗ്ലോബൽ റാങ്കിംഗ് പ്രകാരം യുണൈറ്റഡ് അറബ് എമിറേറ്റുകളിൽ ഷാർജ സർവകലാശാലയെ ഒന്നാം സ്ഥാനത്തും അറബ് ലോകത്തെ സർവകലാശാലകളിൽ നാലാമതുമാക്കി. ലോകമെമ്പാടുമുള്ള 2250 സർവ്വകലാശാലകളിലും സ്ഥാപനങ്ങളിലും ഷാർജ സർവകലാശാല ഏഷ്യയിലെ സർവ്വകലാശാലകളിൽ 55ാം സ്ഥാനത്തും ആഗോളതലത്തിൽ 261ാം സ്ഥാനത്താണെന്നും ശൈഖ് സുൽത്താൻ ബിൻ അഹമ്മദ് അഭിപ്രായപ്പെട്ടു. ഷാർജ എമിറേറ്റിന് ഈ ശ്രദ്ധേയമായ നേട്ടം കൈവരിക്കുന്നതിൽ നിർണായക പങ്ക് വഹിച്ച സർവ്വകലാശാലയുടെ ബോർഡ് ഓഫ് ട്രസ്റ്റീസ്, അഡ്മിനിസ്ട്രേഷൻ, ഫാക്കൽറ്റി, വിദ്യാർത്ഥികൾ എന്നിവരുടെ ശ്രമങ്ങളെ അദ്ദേഹം പ്രശംസിച്ചു. ഷാർജ സർവകലാശാലയുടെ സ്ഥാപകനും സുപ്രീം കൗൺസിൽ അംഗവും ഷാർജ ഭരണാധികാരിയുമായ ശൈഖ് ഡോ. സുൽത്താൻ ബിൻ മുഹമ്മദ് അൽ ഖാസിമിയുടെ ദീർഘവീക്ഷണമുള്ള നേതൃത്വത്തിന്റെ ഫലമാണ് ഈ നേട്ടങ്ങളെന്ന് ഷാർജ സർവകലാശാലയുടെ പ്രസിഡന്റ് ഊന്നിപ്പറഞ്ഞു. സുസ്ഥിര ഗ്രീൻ സയൻസ് ആൻഡ് ടെക്നോളജി, എഞ്ചിനീയറിംഗ് സയൻസസ്, എനർജി ആൻഡ് ഫ്യൂവൽ സയൻസസ്, ശാസ്ത്ര പ്രസിദ്ധീകരണങ്ങൾ എന്നിവയുൾപ്പെടെ വിവിധ മേഖലകളിൽ ആഗോളതലത്തിൽ നിരവധി അഭിമാനകരമായ സർവ്വകലാശാലകളെ മറികടക്കാൻ ഈ കാഴ്ചപ്പാട് സർവ്വകലാശാലയുടെ ടീമിനെ നയിച്ചു. പണ്ഡിതൻമാരുടെയും ഗവേഷകരുടെയും അഭിപ്രായത്തിൽ ഷാർജ സർവകലാശാലയുടെ ഗണ്യമായ പുരോഗതിയും സുൽത്താൻ ബിൻ അഹമ്മദ് എടുത്തുപറഞ്ഞു. യുഎസ് ന്യൂസ് ഗ്ലോബൽ റാങ്കിംഗ് സർവ്വകലാശാലകളുടെ അക്കാദമിക് വിജയത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന നിരവധി മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്. പ്രാദേശികവും അന്തർദേശീയവുമായ പ്രശസ്തി, വാർഷിക പ്രസിദ്ധീകരിക്കപ്പെട്ട ഗവേഷണവും അതിന്റെ സ്വാധീനവും, മറ്റ് സർവ്വകലാശാലകളുമായുള്ള അന്താരാഷ്ട്ര സഹകരണം, ഡോക്ടറൽ ബിരുദങ്ങൾ നൽകൽ എന്നിവ ഇതിൽ ഉൾപ്പെടുന്നു.



ഷാർജ സർവകലാശാല

## ശൈഖ് മുഹമ്മദിന് ജന്മദിനാശംസകൾ പങ്കുവച്ച് ശൈഖ് ഹംദാൻ

ദുബൈ: യുഎഇ വൈസ് പ്രസിഡന്റും പ്രധാനമന്ത്രിയും ദുബൈ ഭരണാധികാരിയുമായ ശൈഖ് മുഹമ്മദ് ബിൻ റാഷിദ് അൽമക്തൂമിന് ഇന്നലെ 75ാം പിറന്നാൾ. തന്റെ പിതാവിന് ജന്മദിനാശംസകൾ ശൈഖ് ഹംദാൻ ഇൻസ്റ്റാഗ്രാമിൽ പങ്കുവെച്ചു. 1949 ജൂലൈ 15 നാണ് ശൈഖ് മുഹമ്മദ് ജനിച്ചത്. ദുബൈ കിരീടാവകാശിയും യുഎഇ ഉപപ്രധാനമന്ത്രിയും പ്രതിരോധ മന്ത്രിയും ദുബൈ എക്സിക്യൂട്ടീവ് കൗൺസിൽ ചെയർമാനുമായ ശൈഖ് ഹംദാൻ ബിൻ മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂം തന്റെ ഔദ്യോഗിക ഇൻസ്റ്റഗ്രാം പേജിലാണ് ജന്മദിനം പങ്കുവെച്ചത്. 16.4 ദശലക്ഷം ഫോളോവേഴ്സുള്ള ഇൻസ്റ്റാഗ്രാമിൽ, കിരീടാവകാശി ശൈഖ് മുഹമ്മദിന്റെ കുട്ടിക്കാലം മുതൽ ദുബൈ ഭരണാധികാരിയുടെ ഏറ്റവും പുതിയ ഫോട്ടോകൾ വരെയുള്ള വീഡിയോ പുറത്തുവിട്ടു. 40 സെക്കൻഡ് ദൈർഘ്യമുള്ള ക്ലിപ്പ്, അദ്ദേഹത്തിന്റെ ഇൻസ്റ്റാഗ്രാം സ്റ്റോറികളിൽ, 10 ഫോട്ടോഗ്രാഫുകൾ കാണിക്കുന്നു, അവസാന ചിത്രത്തിൽ അദ്ദേഹത്തിന് 'ഹാപ്പി ബർത്ത്ഡേ' ആശംസിക്കുന്നു.




ശൈഖ് ഹംദാൻ ഇൻസ്റ്റഗ്രാമിൽ പങ്കുവെച്ച ചിത്രം

## ഇസ്ലാമിക നാഗരികത തുറന്ന മനസുകളെ പ്രോത്സാഹിപ്പിക്കുന്നു: അൽ അസ്ഹർ ഗ്രാന്റ് ഇമാം

അബുദാബി: ശാസ്ത്രവും അറിവും പ്രോത്സാഹിപ്പിക്കുന്നതാണ് ഇസ്ലാമിക പൈതൃകമെന്ന് അൽ അസ്ഹർ ഗ്രാന്റ് ഇമാമും മുസ്ലിം കൗൺസിൽ ഓഫ് എൽഡേഴ്സ് ചെയർമാനുമായ പ്രൊഫ.അഹമ്മദ് അൽത്വയ്യിബ് അഭിപ്രായപ്പെട്ടു. യുഎഇ സന്ദർശനത്തിനെത്തിയ ഇമാം രാജ്യത്തിന്റെ സമ്പന്നമായ ശാസ്ത്ര പൈതൃകത്തെ ഊന്നിപ്പറയുന്നു. ശാസ്ത്രവും അറിവും നേടുന്നതിനൊപ്പം മുസ്ലിം ലോകത്തിന്റെ സമ്പന്നമായ പൈതൃകം ഉയർത്തിപ്പിടിക്കുന്നതിന്റെ പ്രാധാന്യം അടിവരയിട്ടു.

ജനറൽ അതോറിറ്റി ഓഫ് ഇസ്ലാമിക് അഫയേഴ്സ്, എൻഡോവ്മെന്റ്സ് ആൻഡ് സകാത്ത് ചെയർമാൻ ഡോ. ഒമർ ഹബ്തൂർ അൽ ദാരേയ്, മുഹമ്മദ് ബിൻ സായിദ് യൂണിവേഴ്സിറ്റി ഫോർ ഹ്യുമാനിറ്റീസ് ചാൻസലർ ഡോ. ഖലീഫ അൽ ദഹേരി എന്നിവരുമായി അബുദാബിയിലെ അദ്ദേഹത്തിന്റെ വസതിയിൽ നടത്തിയ കൂടിക്കാഴ്ചയ്ക്കിടെയാണ് ഇമാം ഇക്കാര്യം വ്യക്തമാക്കിയത്. മുസ്ലിം കൗൺസിൽ ഓഫ് എൽഡേഴ്സ് സെക്രട്ടറി ജനറൽ ജഡ്ജി മുഹമ്മദ് അബ്ദുൽസലാം പങ്കെടുത്തു. അടിസ്ഥാനപരമായ മത തത്വങ്ങൾ പാലിച്ചുകൊണ്ട് വൈവിധ്യമാർന്ന ബൗദ്ധിക പാരമ്പര്യങ്ങളെ മനസ്സിലാക്കുന്നതിനും പര്യവേക്ഷണം ചെയ്യുന്നതിനും ഇസ്ലാമിക പൈതൃകം പ്രയോജനപ്പെടുത്തേണ്ടതിന്റെ പ്രാധാന്യം യോഗത്തിൽ അൽഅസ്ഹറിലെ ഗ്രാൻഡ് ഇമാം ഊന്നിപ്പറഞ്ഞു. ഇസ്ലാമിക നാഗരികത ചരിത്രപരമായി തുറന്ന മനസ്സിനെ പ്രോത്സാഹിപ്പിക്കുകയും തീവ്രവാദത്തെ നിരാകരിക്കുകയും ചെയ്യുന്നതായി അദ്ദേഹം ഊന്നിപ്പറഞ്ഞു.



യുഎഇ സന്ദർശനത്തിനെത്തിയ അൽ അസ്ഹർ ഗ്രാന്റ് ഇമാമും മുസ്ലിം കൗൺസിൽ ഓഫ് എൽഡേഴ്സ് ചെയർമാനുമായ പ്രഫ.അഹമ്മദ് അൽത്വയ്യിബ് യുഎഇ ജനറൽ അതോറിറ്റി ഓഫ് ഇസ്ലാമിക് അഫയേഴ്സ്,എൻഡോവ്മെന്റ്സ് ആന്റ് സകാത്ത് ചെയർമാൻ ഡോ. ഒമർ ഹബ്തൂർ അൽ ദാരേയ്, മുഹമ്മദ് ബിൻ സായിദ് യൂണിവേഴ്സിറ്റി ഫോർ ഹ്യുമാനിറ്റീസ് ചാൻസലർ ഡോ. ഖലീഫ അൽ ദഹേരി എന്നിവരുമായി കൂടിക്കാഴ്ച നടത്തുന്നു

## യുഎഇയിൽ വിസ,എമിറേറ്റ്സ് ഐഡി നിയമ ലംഘനങ്ങൾക്ക് 20,000 ദിർഹം വരെ പിഴ

### കാലാവധി കഴിഞ്ഞിട്ടും രേഖകൾ പുതുക്കാത്ത കുറ്റത്തിനാണ് പിഴ

അബുദാബി: യുഎഇയിൽ റസിഡൻസ് വിസ, എമിറേറ്റ്സ് ഐഡി എന്നിവയുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾക്ക് പരമാവധി 20,000 ദിർഹം വരെ പിഴ ചുമത്തുമെന്ന് ഫെഡറൽ അതോറിറ്റി ഫോർ ഐഡന്റിറ്റി, സിറ്റിസൺഷിപ്, കസ്റ്റംസ് ആൻഡ് പോർട്ട് അതോറിറ്റി (ഐസിപി) ഓർമിപ്പിച്ചു. 14 ഇനം നിയമലംഘനങ്ങൾക്കാണ് ദിവസത്തിൽ 20 ദിർഹം മുതൽ പരമാവധി 20,000 ദിർഹം വരെ പിഴ. എമിറേറ്റ്സ് ഐഡി റജിസ്ട്രേഷന് കാലതാമസം വരുത്തുക, കാലാവധി കഴിഞ്ഞിട്ടും 30 ദിവസത്തിനകം പുതുക്കാതിരിക്കുക എന്നിവയക്ക് ദിവസേന 20 ദിർഹം ഈടാക്കും. പരമാവധി 1000 ദിർഹമാണ് ഈ ഇനത്തിൽ പിഴ ചുമത്തുക. ഓൺലൈൻ സംവിധാനം ദുരുപയോഗം ചെയ്യുക, ഇടപാടുകളുടെ രേഖ മറച്ചുവയ്ക്കുക, പിആർഒ കാർഡ് കൈവശം വയ്ക്കാതിരിക്കുക എന്നീ കുറ്റങ്ങൾക്ക് 500 ദിർഹം വീതമാണ് പിഴ. ഐപിസി സിസ്റ്റം ദുരുപയോഗം ചെയ്യുക, ജീവനക്കാരുടെ ജോലി തടസ്സപ്പെടുത്തുക, ജീവനക്കാരുമായി സഹകരിക്കാതിരിക്കുക, ഇടപാടുകൾക്ക് ആവശ്യമായ ഫീസ് അടയ്ക്കാതിരിക്കുക എന്നീ കുറ്റങ്ങൾക്ക് 5000 ദിർഹം വീതം പിഴ ഈടാക്കും.

നൽകിയ അപേക്ഷകളിൽ തെറ്റുണ്ടെങ്കിൽ 100 ദിർഹം പിഴ ഈടാക്കും. എന്നാൽ മനഃപൂർവം തെറ്റായ വിവരം നൽകിയാൽ 3000 ദിർഹമാണ് പിഴ. പ്രവർത്തിക്കാത്ത സ്ഥാപനത്തിലേക്ക് എൻട്രി പെർമിറ്റോ വിസയോ എടുത്താൽ പിഴ 20,000 ദിർഹം.




## അബുദാബി ഇസ്‌ലാമിക് സെന്റർ സാഹിത്യ വിഭാഗം പ്രവർത്തനോദ്ഘാടനവും ശിൽപശാലയും വെള്ളിയാഴ്ച

അബുദാബി: ഇന്ത്യൻ ഇസ്‌ലാമിക് സെന്റർ സാഹിത്യ വിഭാഗം പ്രവർത്തനോദ്ഘാടനവും ശിൽപശാലയും 19ന് വെള്ളിയാഴ്ച രാത്രി 7.30ന് അബുദാബി ഇന്ത്യൻ ഇസ്‌ലാമിക് സെന്ററിൽ നടക്കും. പ്രമുഖ എഴുത്തുകാരനും ഗ്രന്ഥകർത്താവും പത്രപ്രവർത്തകനുമായ ശരീഫ് സാഗർ 'പെൻ ടു പേപ്പർ ' ശിൽപശാലക്ക് നേതൃത്വം നൽകും. എഴുത്തിനെ ഇഷ്ടപ്പെടുന്നവരുടെ അഭിരുചികളെ പരിപോഷിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി സംഘടിപ്പിക്കുന്നത്. സൗജന്യ രജിസ്ട്രേഷനും മറ്റു വിവരങ്ങൾക്കും +971 56 773 0756 എന്ന നമ്പറിൽ ബന്ധപ്പെടാം.

## ഷാർജ സ്കൂളുകളിൽ ചെസ് ആരംഭിക്കുന്നു

ഷാർജ: ഷാർജ സ്കൂളുകളിൽ യുവപ്രതിഭകളെ കണ്ടെത്തുന്നതിന്റെ ഭാഗമായി ചെസ് ആരംഭിക്കുന്നു. ലോകത്തിലെ ഏറ്റവും വലിയ ചെസ് ക്ലബായ ഷാർജ കൾച്ചറൽ ചെസ് ക്ലബ്, യുഎഇ ചെസ് ഫെഡറേഷനുമായി സഹകരിച്ച് ചെസ് സ്കൂളുകളിൽ വ്യാപിപ്പിക്കും.



വിദേശ വാർത്തകൾ



മസ്കത്ത് കെഎംസിസി മലപ്പുറം ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച 'ഓർമകളിലെ ഉണ്ണ്യേട്ടൻ' എ.പി ഉണ്ണികൃഷ്ണൻ അനുസ്മരണത്തിൽ അഷ്‌റഫ് പോയ്ക്കര പ്രസംഗിക്കുന്നു

### ഓർമകളിലെ ഉണ്ണ്യേട്ടൻ

## മലപ്പുറം ജില്ലാ മസ്കത്ത് കെഎംസിസി എ.പി ഉണ്ണികൃഷ്ണൻ അനുസ്മരണം

മസ്കത്ത്: മസ്കത്ത് കെഎംസിസി മലപ്പുറം ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ 'ഓർമകളിലെ ഉണ്ണ്യേട്ടൻ' എന്ന പേരിൽ മുസ്‌ലിംലീഗ് നേതാവ് എ.പി ഉണ്ണികൃഷ്ണൻ അനുസ്മരണം സംഘടിപ്പിച്ചു. ജില്ലാ കെഎംസിസി ഉപദേശക സമിതി ചെയർമാൻ വാഹിദ് ബർക്ക അധ്യക്ഷനായി. മസ്കത്ത് കെഎംസിസി കേന്ദ്ര കമ്മിറ്റി സെക്രട്ടറി അഷ്‌റഫ് കിണവക്കൽ ഉദ്ഘാടനം ചെയ്തു. അഷ്‌റഫ് പോയ്ക്കര അനുസ്മരണ പ്രഭാഷണം നടത്തി. കേന്ദ്ര കമ്മിറ്റി ഭാരവാഹികളായ മുജീബ് കടലുണ്ടി,ഷമീർ പാറയിൽ,പിഎവി അബൂബക്കർ,നവാസ് ചെങ്കള,ജില്ലാ ട്രഷറർ നജ്മുദ്ദീൻ മങ്കട,സിവിഎം ബാവ വേങ്ങര,അമീർ കാവനൂർ,മുഹമ്മദ് വാണിമേൽ,യാക്കൂബ് തിരൂർ,മുഹമ്മദ് കുട്ടി ദാരിമി,ഫൈസൽ മുഹമ്മദ് വൈക്കം,നിയാസ് പുൽപ്പാടൻ,അബ്ദുൽ അസീസ് തൃക്കാക്കര,റഫീഖ് ശ്രീകണ്ഠപുരം,ഷഫീർ കോട്ടക്കൽ,മുർഷിദ് തങ്ങൾ, സുഹൈൽ എടപ്പാൾ പ്രസംഗിച്ചു. ജില്ലാ ജനറൽ സെക്രട്ടറി നജീബ് കുനിയിൽ സ്വാഗതവും സെക്രട്ടറി ഫിറോസ് പരപ്പനങ്ങാടി നന്ദിയും പറഞ്ഞു.



കെഎംസിസി വെൽഫെയർ സ്കീം അംഗമായിരിക്കെ മരിച്ച കണ്ണൂർ കല്ല്യാശ്ശേരി കുഞ്ഞിമംഗലം കെ.അസൈനാറിന്റെ കുടുംബത്തിനുള്ള ദുബൈ കെഎംസിസി വെൽഫയർ സ്കീമിന്റെ 10 ലക്ഷം രൂപ സഹായധനം ചെയർമാൻ ഒ.മൊയ്തു കുഞ്ഞിമംഗലം പഞ്ചായത്ത് കെഎംസിസി പ്രതിനിധികൾക്ക് കൈമാറുന്നു

### കുവൈത്തിൽ യുവ ശാക്തീകരണം

## നൈപുണ്യ വികസനത്തിന് സംരംഭങ്ങൾ അവതരിപ്പിച്ച് പബ്ലിക് അതോറിറ്റി ഫോർ യൂത്ത്

റഷീദ് പയന്തോങ്ങ്
കുവൈത്ത് സിറ്റി

നൂതന പരിശീലന പരിപാടികളിലൂടെയും വിവിധ പദ്ധതികളിലൂടെയും യുവാക്കളുടെ കഴിവുകൾ വർധിപ്പിക്കേണ്ടതിന്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞ് കുവൈത്ത് പബ്ലിക് അതോറിറ്റി ഫോർ യൂത്ത് ആക്ടിങ് ഡയരക്ടർ ജനറൽ നാസർ അൽ ശൈഖ്. ശാസ്ത്ര,സാങ്കേതിക വിദ്യകൾക്കായുള്ള 'യൂത്ത്‌വാലി' പദ്ധതി,പുതിയ ബിരുദധാരികൾക്കുള്ള 'വർക്ക്മേക്കേഴ്സ്',വളർന്നുവരുന്ന സംരംഭകർക്കുള്ള 'പ്രഫഷണൽ എന്റർപ്രണർ' പ്രോഗ്രാം,വിവിധ ക്രിയാത്മക മേഖലകൾക്കായുള്ള 'യൂത്ത് ക്രിയേറ്റിവിറ്റി ലീഗ്' തുടങ്ങിയ പ്രധാന സംരംഭങ്ങൾ അദ്ദേഹം എടുത്തു പറഞ്ഞു.

അക്കാദമി ഓഫ് ആർട്സ് ആന്റ് മീഡിയ ഫോർ യൂത്ത്, പരമ്പരാഗത കുവൈത്ത് കരകൗശല വിദഗ്ധ കോഴ്സുകളിൽ സീസണൽ പരിശീലനവും അതോറിറ്റി വാഗ്ദാനം ചെയ്യുന്നു. 'ഇംകാൻ' ഇലക്ട്രോണിക് പ്ലാറ്റ്ഫോമിൽ 75 ലധികം സൗജന്യ വികസന കോഴ്സുകളുടെ ലഭ്യതയും യൂത്ത് സെന്ററുകളിലൂടെയുള്ള വിവിധ പ്രവർത്തനങ്ങളെയും അദ്ദേഹം എടുത്തുപറഞ്ഞു. ഡോ. അംതൽ അൽ ഹുവൈലയുടെ പിന്തുണയോടെ യുവാക്കൾക്കിടയിൽ മികവിന്റെയും,സർഗാത്മകതയുടെയും സംസ്കാരം വളർത്തിയെടുക്കാനും രാജ്യത്തിന്റെ മാനവ മൂലധനം വർധിപ്പിക്കാനുമാണ് പദ്ധതിയുടെ ലക്ഷ്യം. സംസ്ഥാന ഏജൻസികൾ,സിവിൽ സൊസൈറ്റി,സ്വകാര്യ മേഖല എന്നിവയുൾപ്പെടെയുള്ള പങ്കാളികൾക്ക് നൽകിയ പിന്തുണയ്ക്ക് നാസർ അൽ ശൈഖ് നന്ദി പറഞ്ഞു.






നാസർ അൽ ശൈഖ്

## അനധികൃത ടാക്സികൾക്കെതിരെ കർശന നടപടിയുമായി അബുദാബി

അബുദാബി: അനധികൃത ടാക്സികൾക്കെതിരെ കർശന നടപടിയുമായി അബുദാബി പൊലീസ്. പൊതുജന സുരക്ഷക്ക് ഭീഷണിയാണെന്ന് പൊലീസ് അറിയിച്ചു. വിമാനത്താവളം, ബസ് സ്റ്റേഷൻ, ബസ് സ്റ്റാൻഡ് തിരക്കേറിയ നഗരങ്ങൾ എന്നിവ കേന്ദ്രീകരിച്ച് സമാന്തര ടാക്സി സേവനം വർധിച്ച പശ്ചാത്തലത്തിലാണ് പൊലീസ് നടപടി കർശനമാക്കിയത്. സ്വന്തമായി വാഹനമില്ലാത്തവർ ബസ്, ടാക്സി തുടങ്ങി പൊതുഗതാഗത സേവനമോ നിയമാനുസൃത കാർ പൂൾ പെർമിറ്റോ ഉപയോഗപ്പെടുത്തണമെന്നും ആവശ്യപ്പെട്ടു. നിയമലംഘകരെ കണ്ടെത്താൻ വിവിധയിടങ്ങളിൽ പൊലീസ് പരിശോധന ശക്തമാക്കി. പിടിക്കപ്പെട്ടാൽ വൻതുക പിഴ അടയ്ക്കേണ്ടിവരുമെന്നും മുന്നറിയിപ്പുണ്ട്. യാത്രക്കാരുടെ സുരക്ഷിതത്വത്തിന് ഭീഷണി ഉയർത്തുന്ന അനധികൃത ടാക്സി സേവനങ്ങൾ വച്ചുപൊറുപ്പിക്കില്ലെന്നും പൊലീസ് നേരത്തെ മുന്നറിയിപ്പു നൽകിയിരുന്നു. കൃത്യമായി അറ്റകുറ്റപ്പണി നടത്താത്ത കള്ളടാക്സികളിലെ യാത്രക്ക് സുരക്ഷിതത്വം ഉണ്ടാകില്ലെന്നും പൊലീസ് അറിയിച്ചു. അപകടം ഉണ്ടായാൽ അപരിചിതരായ ഡ്രൈവർ കടന്നുകളയും. ഇയാൾക്കെതിരെ നിയമ നടപടി സ്വീകരിക്കാനും സാധിക്കില്ല. ഇതുമൂലം ഇൻഷുറൻസ് പരിരക്ഷയോ നഷ്ടപരിഹാരമോ ലഭിക്കില്ല. നിസ്സാര ലാഭം നോക്കുന്നവർ സ്വന്തം സുരക്ഷ മറക്കരുതെന്നും പൊലീസ് ഓർമിപ്പിച്ചു. അപരിചിതരോട് അന്യായ യാത്രാക്കൂലി വാങ്ങുന്നവരും ധാരാളമുണ്ട്. മുൻകാലങ്ങളിൽ ദീർഘദൂര യാത്രയ്ക്കിടെ മരുഭൂമിയിലെ ഒഴിഞ്ഞ പ്രദേശങ്ങളിൽ കൊണ്ടുപോയി യാത്രക്കാരെ കൊള്ളയടിച്ച സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. പൊതുഗതാഗത സംവിധാനം ആശ്രയിച്ചാൽ ഇത്തരം പ്രശ്നങ്ങൾ ഒഴിവാക്കാം. സമാന്തര ടാക്സി സേവനം യുഎഇയിൽ നിയമവിരുദ്ധമാണ്. പിടിക്കപ്പെട്ടാൽ ഫെഡറൽ ഗതാഗത നിയമം അനുസരിച്ച് 3000 ദിർഹം പിഴയും 24 ബ്ലാക് പോയിന്റുമാണ് ശിക്ഷ. കൂടാതെ ഒരു മാസത്തേക്കു വാഹനം കണ്ടുകെട്ടും. കുറ്റം ആവർത്തിച്ചാൽ പിഴ 20,000 ദിർഹമായി വർധിക്കും. മൂന്നാമതും പിടിക്കപ്പെട്ടാൽ 40,000 ദിർഹമും നാലാമതും നിയമം ലംഘിച്ചാൽ 80,000 ദിർഹമാണ് പിഴ. കൂടാതെ മൂന്നു മാസത്തേക്ക് വാഹനം കണ്ടുകെട്ടും.

ടാക്സി ലൈസൻസ് എടുക്കാതെ സമാന്തര സേവനം നടത്തുന്നത് സാമൂഹിക, സാമ്പത്തിക, സുരക്ഷാ കുറ്റകൃത്യമാണ്. ഇക്കാര്യം വിശദീകരിക്കുന്ന വിഡിയോ, ഓഡിയോ സന്ദേശങ്ങൾ സമൂഹമാധ്യമങ്ങളിൽ പോസ്റ്റ് ചെയ്ത് ബോധവൽക്കരണം നടത്തുകയാണ്. മലയാളം ഉൾപ്പെടെ വിവിധ ഭാഷകളിലാണ് ബോധവൽക്കരണം നടത്തുന്നുണ്ട്. ജോലിയും താമസവും ഒരിടത്താണെങ്കിൽ ഒരു വാഹനത്തിൽ പോകുന്നതിന് നിയമവിധേയമായ മാർഗമാണ് കാർപൂൾ പെർമിറ്റ്. വാഹന ഉടമയോടൊപ്പം യാത്ര ചെയ്യുന്നവരുടെ പേരുവിവരങ്ങളും പുറപ്പെടുന്നതും എത്തപ്പെടുന്നതുമായ സ്ഥലങ്ങൾ, മൊബൈൽ നമ്പർ എന്നിവ സഹിതം റമ്യ.മല വെബ്സൈറ്റിൽ റജിസ്റ്റർ ചെയ്താൽ പെർമിറ്റ് ലഭിക്കും. കാർപൂളിങ് ലൈസൻസിനു മാത്രമല്ല ഒരേ ദിശയിലേക്കുള്ള യാത്രക്കാരെ ക്ഷണിക്കാനും വെബ്സൈറ്റിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്. അനധികൃത ടാക്സി സർവീസിനെതിരെ ദുബൈ റോഡ്സ് ആൻഡ് ട്രാൻസ്പോർട്ട് അതോറിറ്റി പരിശോധന കർശനമാക്കിയിരുന്നു. നിയമം ലംഘിച്ച് സമാന്തര ടാക്സി സേവനം നടത്തിയ 225 വാഹനങ്ങൾ ജൂൺ മാസത്തിൽ പിടിച്ചെടുത്തിരുന്നു.



## വിസാ കാലാവധി കഴിഞ്ഞ് മടങ്ങുന്നവർക്ക് എക്സിറ്റ് പെർമിറ്റ് നിർബന്ധം; ഫീസ് 350 ദിർഹം

ദുബൈ: വിസ കാലാവധി കഴിഞ്ഞ് യുഎഇയിൽ തുടരുന്നവർ നാട്ടിലേക്ക് മടങ്ങുമ്പോൾ പിഴയ്ക്കു പുറമെ എക്സിറ്റ് പെർമിറ്റോ ഔട്ട്പാസോ നേടിയിരിക്കണം. വിസ കാലാവധി കഴിഞ്ഞുള്ള ഓരോ ദിവസത്തിനും 50 ദിർഹമാണ് പിഴ. യുഎഇ റസിഡൻസ് വിസ, ഐഡി എന്നിവയുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾക്ക് 20,000 ദിർഹം വരെ പിഴ. ഓവർ സ്റ്റേ പിഴ അടക്കുന്നതിന് പുറമെയാണ് എക്സിറ്റ് പെർമിറ്റ് എടുക്കണമെന്ന നിബന്ധന. ഈ പെർമിറ്റ് ലഭിക്കുന്നതിന് പാസ്പോർട് സൈസ് ഫോട്ടോ, പാസ്പോർട് പകർപ്പ്, എൻട്രി അല്ലെങ്കിൽ റസിഡൻസ് വിസ എന്നിവ ആവശ്യമാണ്. എക്സിറ്റ് പെർമിറ്റ് നേടാൻ 350 ദിർഹമാണ് നിരക്ക്. ഇത് ക്രെഡിറ്റ് കാർഡ് വഴി ഓൺലൈനായി മാത്രമേ അടയ്ക്കാനാകൂ. അപേക്ഷാ ഫീസ് 200 ദിർഹം, ഇലക്ട്രോണിക് സർവീസ് ഫീസ് 150 എന്നിങ്ങനെയാണ് ചെലവ്. ദുബൈ ഒഴികെയുള്ള എമിറേറ്റുകളിൽ താമസിക്കുന്നവർ ടൈപ്പിങ് സെന്റർ വഴി എക്സിറ്റ് പെർമിറ്റിന് അപേക്ഷിക്കണം. ദുബൈയിൽ താമസിക്കുന്നവർ ആമർ സെന്ററുമായി ബന്ധപ്പെടണം. സ്വന്തമായി യൂസർ ഐഡി ഉപയോഗിച്ചു വെബ്സൈറ്റിലൂടെ വേണം അപേക്ഷ നൽകാൻ. വെബ്സൈറ്റിൽ ആവശ്യമായ സർവീസ് തിരഞ്ഞെടുക്കുക. ഡോക്യുമെന്റുകൾ അപ്‌ലോഡ് ചെയ്യുക. ഡോക്യുമെന്റുകൾ ഓൺലൈനായി തന്നെ വെരിഫൈ ചെയ്യുക. കുടിശികയുള്ള ഫീസുകൾ അടയ്ക്കുക. അപേക്ഷ സമർപ്പിക്കുക. പെട്ടെന്നു തന്നെ എക്സിറ്റ് പെർമിറ്റ് ലഭിക്കും.



മജീദ് കാഞ്ഞിരക്കോലിന് ഷാർജ കെഎംസിസി സംസ്ഥാന കമ്മിറ്റി നൽകിയ യാത്രയയപ്പിൽ ആക്ടിങ് പ്രസിഡന്റ് കബീർ ചാന്നാങ്കര ഉപഹാരം നൽകുന്നു

### മജീദ് കാഞ്ഞിരക്കോലിന്

## ഷാർജ കെഎംസിസി യാത്രയയപ്പ് നൽകി

ഷാർജ: നാലര പതിറ്റാണ്ട് നീണ്ട പ്രവാസജീവിതം അവസാനിപ്പിച്ച് നാട്ടിലേക്ക് പോകുന്ന ഷാർജ കെഎംസിസി സംസ്ഥാന വൈസ് പ്രസിഡന്റ് മജീദ് കാഞ്ഞിരക്കോലിന് ഷാർജ കെഎംസിസി സംസ്ഥാന കമ്മിറ്റി യാത്രയയപ്പ് നൽകി. മുൻ സംസ്ഥാന ജനറൽ സെക്രട്ടറി അബ്ദുല്ല മല്ലച്ചേരി ഉദ്ഘാടനം ചെയ്തു. പതിറ്റാണ്ടുകളുടെ സേവന പാരമ്പര്യമുള്ളവർ നാട്ടിലേക്ക് പോകുമ്പോൾ തലമുറുകളെ ബന്ധിപ്പിക്കുന്ന കണ്ണികൾ അറ്റുപോവുകയാണെന്ന് അദ്ദേഹം പറഞ്ഞു. ആക്ടിങ് പ്രസിഡന്റ് കബീർ ചാന്നാങ്കര അധ്യക്ഷനായി. യോഗത്തിൽ ഫസൽ തലശ്ശേരി സ്വാഗതം പറഞ്ഞു.

മുജീബ് തൃക്കണ്ണാപുരം,അബ്ദുല്ല ചേലേരി,സൈദ് മുഹമ്മദ്,ജമാൽ ബൈത്താൻ, സി.ബി കരീം,ഷാനവാസ്,ഫൈസൽ അഷ്ഫാക്ക്,നിസാർ വെള്ളികുളങ്ങര,ഷാഫി തച്ചങ്ങാട്,ഉമറുൽ ഫാറൂഖ്,അലി വടയം,ഹംസ തിരുന്നാവായ,അബ്ദുൽ ഖാദർ ചക്കനാത്ത്,റിസ ബഷീർ,അബ്ദുൽ ഹമീദ് മണലൂർ പ്രസംഗിച്ചു. സംസ്ഥാന കമ്മിറ്റിയുടെ ഉപഹാരം ആക്ടിങ് പ്രസിഡന്റ് കബീർ ചാന്നാങ്കര കൈമാറി. മജീദ് കാഞ്ഞിരക്കോൽ മറുപടി പ്രസംഗം നടത്തി. ട്രഷറർ അബ്ദുറഹ്മാൻ മാസ്റ്റർ നന്ദി പറഞ്ഞു.



മബെല ഏരിയ കെഎംസിസി അംഗങ്ങൾക്കുള്ള അൽ സലാമ പോളി ക്ലിനികിന്റെ ആദ്യ പ്രിവിലേജ് കാർഡ് ഡയരക്ടർമാരായ സിദ്ദീഖ്,ഡോ.റഷീദ് അലി എന്നിവർ വിതരണം ചെയ്യുന്നു

### മബെല കെഎംസിസി അംഗങ്ങൾക്ക്

## ചികിത്സാ ആനുകൂല്യങ്ങളുമായി അൽ സലാമ പോളിക്ലിനിക്

മസ്കത്ത്: മബെല ഏരിയ കെഎംസിസി അംഗങ്ങൾക്ക് മികച്ച ആരോഗ്യ സേവന ആനുകൂല്യങ്ങളുമായി അൽ സലാമ പോളി ക്ലിനിക്. വിഐപി ഹെൽത്ത് പ്രിവിലേജ് കാർഡ് വിതരണോദ്ഘാടനം മബെല അൽ സലാമ പോളി ക്ലിനിക്കിലെ മൾട്ടി പർപ്പസ് ഹാളിൽ നടന്ന ചടങ്ങിൽ അൽ സലാമ മാനേജ്മെന്റും മബെല കെഎംസിസി നേതാക്കളും ചേർന്ന് നിർവഹിച്ചു. ആദ്യ കാർഡ് വിതരണം അൽ സലാമ പോളി ക്ലിനിക് ഡയരക്ടർമാരായ സിദ്ദീഖ്,ഡോ.റഷീദ് അലി എന്നിവർ ചേർന്ന് നിർവഹിച്ചു. മസ്കത്ത് കെഎംസിസി കേന്ദ്ര കമ്മിറ്റി അംഗം അഷ്‌റഫ് പൊയ്ക്കര ചടങ്ങ് ഉദ്ഘാടനം ചെയ്തു. മബെല കെഎംസിസി പ്രസിഡന്റ് സലീം അന്നാര അധ്യക്ഷനായി. ജനറൽ സെക്രട്ടറി യാക്കൂബ് തിരൂർ പദ്ധതി വിശദീകരിച്ചു.സഫീർ അൽ സലാമ സ്വാഗതവും മുർഷിദ് ഹൈദ്രോസി നന്ദിയും പറഞ്ഞു.



നാട്ടിലേക്ക് മടങ്ങുന്ന കളത്തിൽ അബ്ദുൽ ഖാദറിനും അബൂബക്കർ സിദ്ദീഖിനും പെരിന്തൽമണ്ണ മണ്ഡലം അബുദാബി കെഎംസിസി യാത്രയയപ്പ് നൽകിയപ്പോൾ

## ഒമാനിൽ മത്സ്യക്ഷാമം രൂക്ഷം



മസ്കത്ത്: ഒമാനിൽ മത്സ്യക്ഷാമം രൂക്ഷം. ചൂട് വർധിച്ചതോടെ മത്സ്യങ്ങൾ ഉൾക്കടലിലേക്ക് വലിഞ്ഞതോടെ മത്സ്യലഭ്യത കുറഞ്ഞു. കനത്ത ചൂടിൽ മത്സ്യബന്ധനത്തിന് പോകാൻ കഴിയാത്തതും മത്സ്യക്ഷാമത്തിന് കാരണമായി. രാജ്യത്ത് താപനില 50 ഡിഗ്രിക്ക് അടുത്തെത്തിയെന്നാണ് കാലാവസ്ഥാ നിരീക്ഷകർ വ്യക്തമാക്കുന്നത്.

## യാത്രയയപ്പ് നൽകി

അബുദാബി: 42 വർഷത്തെ പ്രവാസ ജീവിതം അവസാനിപ്പിച്ചു നാട്ടിലേക്ക് മടങ്ങുന്ന പെരിന്തൽമണ്ണ മണ്ഡലം അബുദാബി കെഎംസിസി നേതാവ് പൂവത്താണി കളത്തിൽ അബ്ദുൽ ഖാദറിനും വർഷത്തെ പ്രവാസ ജീവിതത്തോട് വിടപറയുന്ന താഴെക്കോട് എക്സ്പാട്രിയേറ്റ് കൾച്ചറൽ സെന്റർ പ്രസിഡന്റ് ചേലക്കാട് അബൂബക്കർ സിദ്ദീഖിനും മണ്ഡലം അബുദാബി കെഎംസിസി ഇന്ത്യൻ ഇസ്‌ലാമിക് സെന്ററിൽ വെച്ച് യാത്രയയപ്പ് നൽകി. സെന്റർ ജനറൽ സെക്രട്ടറി ടി. ഹിദായത്തുല്ല പറപ്പൂർ ഉദ്ഘാടനം ചെയ്തു. ബഷീർ നെല്ലിപറമ്പ് അധ്യക്ഷനായി. ജില്ലാ,മണ്ഡലം ഭാരവാഹികളായ ഫൈസൽ പെരിന്തൽമണ്ണ,റഫീഖ് പൂവത്താണി,ഷഫീക് കട്ടുപാറ,ഫാഹിസ് വളപുരം,ഷൗക്കത്ത് ചോലമുഖത്ത്,അഭിലാഷ് അമ്മിനിക്കാട്,ഗഫൂർ മുതിരമണ്ണ,ലത്തീഫ് പീരാലി,സൈനുദ്ദീൻ കൊമ്പക്കൽകുന്ന് പ്രസംഗിച്ചു.

## രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു

മനാമ: വടകര സഹൃദയ വേദിയുടെ ആഭിമുഖ്യത്തിൽ സൽമാനിയ മെഡിക്കൽ കോംപ്ലക്സിൽ രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു. സഹൃദയ വേദി അംഗങ്ങൾക്ക് പുറമെ നിരവധി പേർ പങ്കെടുത്തു. ഇന്ത്യൻ സ്കൂൾ ചെയർമാൻ ബിനു മണ്ണിൽ മുഖ്യാതിഥിയായി. സാമൂഹ്യ,സാംസ്കാരിക ജീവകാരുണ്യ മേഖലയിൽ വടകര സഹൃദയ വേദി നടത്തി വരുന്ന പ്രവർത്തനം ശ്ലാഘനീയമാണെന്ന് അദ്ദേഹം പറഞ്ഞു. പ്രസിഡന്റ് ആർ.പവിത്രൻ,സെക്രട്ടറി എം.ശശിധരൻ,രക്ഷാധികാരി രാമത്ത് ഹരിദാസ്,എം.സി പവിത്രൻ,എം.പി വിനീഷ്,എം.പി അഷറഫ്,എം.എം ബാബു,വി.പി രഞ്ജിത്ത്,മുജീബ് റഹ്മാൻ, കെ.ശിവദാസ്,ഷാജി വളയം, രാജേഷ്, സത്യൻ പേരാമ്പ്ര നേതൃത്വം നൽകി.

## എസ്ഡിപിഐ-ബിജെപി ബന്ധം തിരിച്ചറിയണം

ദോഹ: ഉപതിരഞ്ഞെടുപ്പ് നടക്കുന്ന മൊഗ്രാൽ പുത്തൂർ പഞ്ചായത്തിലെ 3,14 വാർഡുകളിൽ എസ്ഡിപിഐയും ബിജെപിയും തമ്മിലുള്ള അവിശുദ്ധ ബന്ധം ജനങ്ങൾ തിരച്ചറിയണമെന്ന് ഖത്തർ മൊഗ്രാൽ പുത്തൂർ പഞ്ചായത്ത് കെഎംസിസി അഭിപ്രായപ്പെട്ടു. എസ്ഡിപിഐ സിറ്റിങ് സീറ്റ് നിലനിർത്താനാണ് ബിജെപിയുമായി രഹസ്യ ധാരണയുണ്ടാക്കിയിട്ടുള്ളത്. മൂന്നാം വാർഡ് കോട്ടക്കുന്നിൽ യു.ഡി.എഫും ബി.ജെ.പിയും നേരിട്ടാണ് ഏറ്റുമുട്ടുന്നത്. ഇവിടെ 1300 ഓളം വോട്ടുകളാണുള്ളത്. അതിൽ 800ഓളം മുസ്‌ലിം വോട്ടുകളാണ്. ഈ വോട്ടുകളിൽ വിള്ളലുണ്ടാക്കിയാൽ ബിജെപിക്ക് എളുപ്പത്തിൽ വിജയിക്കാൻ സാധിക്കും. കഴിഞ്ഞ തവണ ഇവിടെ കേവലം 11 വോട്ടുകൾക്കാണ് യുഡിഫ് വിജയിച്ചത്. എസ്ഡിപിഐ. സ്ഥാനാർത്ഥിയെ നിർത്തി ന്യൂനപക്ഷ വോട്ടുകൾ ഭിന്നിപ്പിക്കുകയും ബിജെപിയെ വിജയിപ്പിക്കാൻ സഹായിക്കുകയും ചെയ്യുന്നത് ജനാധിപത്യ വിശ്വാസികൾ തിരിച്ചറിയണം. കഴിഞ്ഞതെരഞ്ഞെടുപ്പിൽ രണ്ടാം വാർഡിൽ ഈ പരസ്പര സഹകരണം പരീക്ഷിച്ചു വിജയിച്ചതുമാണ്. പതിനാലാം വാർഡിൽ ബിജെപി ദുർബല സ്ഥാനാർത്ഥിയെ നിർത്തുകയും അവർക്കു സ്വീകാര്യനായ സ്ഥാനാർത്ഥിയെ തന്നെ എസ്ഡിപിഐ നിർത്തുകയും ചെയ്തതിലും ഈ രഹസ്യ ബാന്ധവം വെളിപ്പെടുന്നുണ്ട്. ഈ സഹകരണം വിജയിച്ചാൽ മൊഗ്രാൽ പുത്തൂർ ഭരണം ഇതേ സഹകരണത്തിലൂടെ പിടിച്ചെടുക്കാൻ സാധിക്കും എന്ന കണക്ക് കൂട്ടലിലാണ് എസ്ഡിപിഐ -ബിജെപി നേതൃത്വം. ഇതുതിരിച്ചറിഞ്ഞ് സമ്മതിദാനവകാശം വിനിയോഗിക്കാൻ മതേതര സമൂഹം ഒറ്റക്കെട്ടാകണമെന്നും ഖത്തർ കെഎംസിസി മൊഗ്രാൽ പുത്തൂർ പഞ്ചായത്ത് പ്രസിഡന്റ് അൻവർ കടവത്തും ജനറൽ സെക്രട്ടറി അബ്ദുൽ റഹ്മാൻ എരിയാലും ഓർമിപ്പിച്ചു.



വടകര സഹൃദയ വേദിയുടെ ആഭിമുഖ്യത്തിൽ ബഹ്റൈൻ സൽമാനിയ മെഡിക്കൽ കോംപ്ലക്സിൽ നടത്തിയ രക്തദാന ക്യാമ്പ്

# നിരീക്ഷണം

ജനങ്ങൾ നേട്ടത്തിന് ധൃതികൂട്ടുന്നതു പോലെ അവർക്ക് ദോഷം വരുത്തുന്ന കാര്യത്തിൽ അല്ലാഹു ധൃതികൂട്ടുകയായിരുന്നുവെങ്കിൽ അവരുടെ ജീവിതാവധി അവസാനിപ്പിക്കപ്പെടുക തന്നെ ചെയ്യുമായിരുന്നു. എന്നാൽ നമ്മെ കണ്ടുമുട്ടുമെന്ന് പ്രതീക്ഷിക്കാത്തവരെ അവരുടെ ധിക്കാരത്തിൽ വിഹരിച്ചു കൊള്ളാൻ നാം വിടുകയാകുന്നു.

(വിശുദ്ധ ഖുർആൻ: 10: 11)

ഗൾഫ് ചന്ദ്രിക
1446 മുഹറം 10 • 1199 കർക്കിടകം 01 •

## ഭരണകൂട അനാസ്ഥക്ക് ഒരു രക്തസാക്ഷികൂടി

തിരുവനന്തപുരം നഗരത്തിലെ ആമയിഴഞ്ചാൻ തോട് വൃത്തിയാക്കുന്നതിനിടെ മാലിന്യത്തിൽ കുരുങ്ങി മരണപ്പെട്ട മാരായമുട്ടം മലഞ്ചെരുവ് വീട്ടിൽ നേശമണിയുടെയും മേരിയുടെയും മകൻ എൻ. ജോയി ഭരണകൂട അനാസ്ഥയുടെ രക്തസാക്ഷിയാണെന്ന് ഖേദത്തോടെ പറയേണ്ടിവരികയാണ്. ശനിയാഴ്ച്ച രാവിലെ 11.30 ഓടെ കാണാതായ ജോയിക്കുവേണ്ടി എൻ.ഡി.ആർ.എഫും ഫയർഫോഴ്സും അടക്കം പരിശോധന നടത്തിക്കൊണ്ടിരിക്കുമ്പോൾ, നഗരസഭയുടെയും സംസ്ഥാന സർക്കാർ കാര്യാലയങ്ങളുടെയും കാൽച്ചുവട്ടിലൂടെ ഒഴുകിക്കൊണ്ടിരിക്കുന്ന ഈ മാലിന്യപ്പുഴയുടെ അവസ്ഥ കണ്ട് ജനം മൂക്കത്തുവിരൽ വെക്കുകയായിരുന്നു. ഇതിനേക്കാൾ നിസംഗതയോടെ ലോകത്തെവിടെയെങ്കിലും ഏതെങ്കിലും ഭരണകൂടത്തിന് പെരുമാറാൻ സാധിക്കുമോയെന്നാണ് കേരളം ഒറ്റക്കെട്ടായി ആലോചിച്ച് പോയത്. കൂറ്റൻ പാറക്കൂട്ടങ്ങളെ പോലെ ഒന്നനക്കാൻ പോലും കഴിയാതെ മാലിന്യങ്ങൾ കൂമ്പാരമായിക്കിടക്കുന്ന കാഴ്ച്ച തന്നെ വർഷങ്ങളായി ആമയിഴഞ്ചാൻ തോട്ടിലേക്ക് അധികൃതർ തിരിഞ്ഞു നോക്കിയിട്ടില്ലെന്നതിന്റെ സംസാരിക്കുന്ന തെളിവാണ്.

സ്വന്തം അനാസ്ഥ വരുത്തിവെച്ച ദുരന്തം കാരണം നാടൊന്നടങ്കം നെടുവീർപ്പിടുമ്പോൾ ഉത്തരവാദിത്തബോധത്തിന്റെ ഒരു കണികപോലും പ്രകടിപ്പിക്കാതെ പരസ്പരം കുറ്റപ്പെടുത്തി സായൂജ്യമടയുന്ന തിരുവനന്തപുരം കോർപറേഷന്റെയും സംസ്ഥാന സർക്കാറിന്റെയും റെയിൽവേയുടെയുമെല്ലാം തൊലിക്കട്ടി ഏതുമൃഗത്തോടുപമിച്ചാലും അത് ആ മൃഗത്തോടുള്ള അനീതിയായിപ്പോകും. പരസ്പരം പഴിപറയേണ്ട സാഹചര്യമല്ല ഇതെന്നും മാലിന്യ നിർമാർജ്ജനത്തിനും മനുഷ്യജീവനുകൾ രക്ഷിക്കുന്നതിനും വേണ്ടിയുള്ള സത്വര നടപടികളാണ് ഉണ്ടാകേണ്ടതെന്നും ഈ മൂന്നു വിഭാഗങ്ങളോടും സംസ്ഥാനത്തിന്റെ പരമോന്നത നീതിപീഠത്തിന് ദുരന്ത ഘട്ടത്തിൽ തന്നെ ഓർമിപ്പിക്കേണ്ടി വരികയുണ്ടായി. തോട് വൃത്തിയാക്കുന്നതിൽ റെയിൽവേ അലംഭാവം കാണിച്ചെന്നും ട്രാക്കിനടിയിലൂടെ കടന്നുപോകുന്ന ടണൽ വൃത്തിയാക്കാൻ അനുമതി ആവശ്യപ്പെട്ട് നൽകിയ കത്തിന് റെയിൽവേ മറുപടി പോലും നൽകിയില്ലെന്നും മേയർ പറയുമ്പോൾ മേയർ പറയുന്നത് പച്ചക്കള്ളമാണെന്നും ടണൽ വൃത്തിയാക്കാൻ കോർപറേഷന് ഒരു തടസവുമുണ്ടാകില്ലെന്നുമായിരുന്നു റെയിൽവേയുടെ മറുപടി. ഈ ആരോപണപ്രത്യാരോപണങ്ങൾ തന്നെ മതി ഇരു സംവിധാനങ്ങളുടെയും നിസംഗതക്ക് തെളിവായിട്ട്.

ഒരു ദുരന്തത്തിന് സാക്ഷ്യംവഹിക്കേണ്ടിവന്നതുകൊണ്ടു മാത്രമാണ് ആമയിഴഞ്ചാൻ തോടിന്റെ ഞെട്ടിപ്പിക്കുന്ന ചിത്രം പുറംലോകമറിയുന്നത്. എന്നാൽ ഗ്രാമ - നഗര വ്യത്യാസമില്ലാതെ സംസ്ഥാനത്തെ ഒട്ടുമിക്ക ജലസ്രോതസ്സുകളുടെയും അവസ്ഥ ഇതുതന്നെയാണ്. മാലിന്യ സംസ്കരണം ഹരിത കർമസേനപോലെയുള്ള ഏജൻസികളെ ഏൽപ്പിച്ച് കൈയ്യുംകെട്ടി നോക്കിനിൽക്കുകയാണ് സർക്കാർ സംവിധാനങ്ങൾ. ഇത്തരം ഏജൻസികൾ ശേഖരിക്കുന്ന മാലിന്യങ്ങൾ എന്തുചെയ്യുന്നുവെന്നോ സംസ്കരണ കേന്ദ്രങ്ങളിലേക്ക് അയക്കപ്പെടുന്നുണ്ടോ എന്നുപോലും ഭരണ കൂടങ്ങൾ അറിയുന്നില്ല. അതുകൊണ്ടുതന്നെ വഴിയോരങ്ങളും തോടുകളും പുഴകളുമെല്ലാം മാലിന്യ സംസ്കരണ കേന്ദ്രങ്ങളായി മാറുകയാണ്. കേരളം പനിക്കിടക്കയിൽ അമർന്നു കിടക്കുന്ന ഘട്ടത്തിൽ സാർവത്രികമായി മാറിയ ഈ മാലിന്യക്കൂമ്പാരങ്ങൾ സൃഷ്ടിക്കുന്ന സന്ദേഹങ്ങൾ ചെറുതല്ല. പക്ഷേ ഇക്കാര്യങ്ങളിലെല്ലാം വാചാടോപങ്ങൾക്കപ്പുറം നടപടികളൊന്നുമുണ്ടാകുന്നില്ല. വീഴ്ച്ചകളും പോരായ്മകളും ചൂണ്ടിക്കാട്ടുമ്പോൾ മറുപടി ധിക്കാരത്തിലും ധാർഷ്ട്യത്തിലുമൊതുക്കുകയാണ് ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാർ. കൊല്ലുന്ന രാജാവിന് തിന്നുന്ന മന്ത്രി എന്നതാണ് സംസ്ഥാനത്തെ അവസ്ഥ.

പതിവായി നടക്കാറുള്ള മഴക്കാല പൂർവശുചീകരണം പോലും ഇത്തവണ നടക്കുകയുണ്ടായില്ല. മെഡിക്കൽ കോളജുകൾ തൊട്ട് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ വരെ ഡോക്ടർമാരുടെ അഭാവവും സൗകര്യങ്ങളുടെ അപര്യാപ്തതയും നിരന്തരമായി റിപ്പോർട്ട് ചെയ്യപ്പെടുമ്പോഴും അതൊന്നും മുഖവിലക്കെടുക്കാനോ പ്രതീക്ഷക്കുവകനൽകുന്ന മറുപടി നൽകാനോ ആരോഗ്യവകുപ്പ് മന്ത്രി തയാറാകുന്നില്ല. സംസ്ഥാനം പകർച്ചവ്യാധികളാലും സാംക്രമിക രോഗങ്ങളാലും പ്രയാസപ്പെടുമ്പോൾ കാപ്പ പ്രതികൾക്കും ലഹരി വിൽപനക്കാർക്കുമെല്ലാം പൂമാല ചാർത്തുന്ന തിരക്കിലാണവർ. തിരുവനന്തപുരം മെഡിക്കൽകോളജിലെ കേടായ ലിഫ്റ്റിൽ ഒരു രോഗിയായ മനുഷ്യൻ ഒരു രാത്രിയും രണ്ടുപകലുമാണ് കുടുങ്ങിക്കിടന്നത്. ശനിയാഴ്ച്ച ഉച്ചയോടെ അകപ്പെട്ട അദ്ദേഹം പുറത്തുവരുന്നത് തിങ്കളാഴ്ച്ചപുലർച്ചെയാണ്. ഇത്രയും ഗുരുതരമായ സംഭവത്തിൽപോലും ഏതാനും ജീവനക്കാരെ സസ്പെന്റ് ചെയ്ത് തടിയൂരുകയാണ് വകുപ്പ് മന്ത്രി ചെയ്തിരിക്കുന്നത്. ഈ കപ്പൽ ആടിയുലയുകയാണെന്ന് ദിനംപത്രിയുണ്ടായിക്കൊണ്ടിരിക്കുന്ന സംഭവവികാസങ്ങൾ ആരോഗ്യവകുപ്പിനെയും സംസ്ഥാന ഭരണകൂടത്തെയും തെളിയിച്ചുകൊണ്ടിരിക്കുകയാണ്.

### അടിക്കുറിപ്പ്

എന്തിനുവേണ്ടിയെന്നുപോലും അറിയാതെയാണ് ശുചീകരണത്തൊഴിലാളിയായ ജോയ് മരണത്തിലേക്ക് ഇറങ്ങി നടന്നത്. തലസ്ഥാന നഗരത്തിലെ മാലിന്യ സംസ്കരണം കൃത്യമായി നടപ്പിലാക്കാത്തതിന്റെ ഫലമാണ് ജോയിയുടെ മരണം. ജോയിയെ കുരുതികൊടുത്തത് സർക്കാർ സംവിധാനങ്ങളാണ്. മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങളും മാനിന്യ നിർമാർജനവും കൃത്യമായി ചെയ്തിരുന്നെങ്കിൽ ഒരു ജീവൻ നഷ്ടപ്പെടില്ലായിരുന്നു. നഗരസഭയും സർക്കാരും റെയിൽവെയും പരസ്പരം കുറ്റംപറയുകയല്ലാതെ ഉത്തരവാദിത്തം വേണ്ട രീതിയിൽ നിറവേറ്റിയിരുന്നെങ്കിൽ...

–കെ.സി വേണുഗോപാൽ

### ചരിത്രത്തിൽ ഇന്ന്

1790 വാഷിങ്ടൺ, ഡി.സി. സ്ഥാപിതമായി.
1969 അപ്പോളോ 11 ഫ്ലോറിഡയിലെ കേപ്പ് കെന്നഡിയിൽ നിന്നും വിക്ഷേപിച്ചു. ചന്ദ്രനിലേക്ക് മനുഷ്യനേയും വഹിച്ചു കൊണ്ടു പോകുന്ന് ആദ്യവാഹനമായി അപ്പോളോ.
2005 ജെ.കെ. റൗളിംഗിന്റെ ഹാരിപോട്ടർ ആന്റ് ദ ഹാഫ് ബ്ലഡ് പ്രിൻസ് എന്ന ഗ്രന്ഥം പുറത്തിറങ്ങി. 9 ദശലക്ഷം കോപ്പികൾ 24 മണിക്കൂറിനുള്ളിൽ വിറ്റഴിഞ്ഞു

## ഉലമാ ഉമറാ ബന്ധത്തിന്റെ കാവലാൾ

**പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ**

ജനങ്ങൾക്കൊപ്പം നിന്ന പ്രമുഖ പണ്ഡിതനാണ് വല്ലപ്പുഴയിൽ അന്തരിച്ച സയ്യിദ് കെ.പി.സി തങ്ങൾ. സമസ്ത കേന്ദ്ര മുശാവറ അംഗം, സമസ്ത പാലക്കാട്ജില്ലാ പ്രസിഡണ്ട് എന്ന നിലയിൽ നിസ്വാർത്ഥമായ പ്രവർത്തനങ്ങളാണ് കാഴ്ച വെച്ചത്. പദവികളെ അലങ്കാരമായി കാണാതെ ജനങ്ങളോടൊപ്പം സഞ്ചരിച്ച പണ്ഡിതനെയാണ് സയ്യിദ് കെപിസി തങ്ങളുടെ നിര്യാണത്തോടെ നഷ്ടപ്പെട്ടത്. സയ്യിദെന്ന നിലയിലും പണ്ഡിതനെന്നനിലയിലും ആളുകളുടെ വലിയ ആദരവും ബഹുമാനവും നേടാൻ തങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. പാലക്കാട് ജില്ലയിൽ സമസ്തയുടെ സന്ദേശം പ്രചരിപ്പിക്കുന്നതിൽ വലിയ പങ്ക് വഹിച്ചു. മഹാന്മാരായ മുൻഗാമികളുടെ പാത പിന്തുടർന്നുകൊണ്ട് തന്നെയാണ് സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ പ്രവർത്തനങ്ങളെ ക്രോഡീകരിക്കുന്നതിൽ വിശ്രമരഹിതമായി കെ.പി.സി തങ്ങൾ ഇടപെട്ടത്.

വല്ലപ്പുഴ യതീംഖാന, അൻവരിയ്യ അറബിക് കോളജ്, വല്ലപ്പുഴ ദാറുന്നജാത്ത് സ്ഥാപനങ്ങളുടെ വളർച്ചയിൽ വലിയ പങ്ക് വഹിച്ചു.



സയ്യിദ് കെ.പി.സി തങ്ങൾ പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങളോടൊപ്പം (ഫയൽ)

സൂഫീവര്യനായിരുന്ന പറപ്പൂർ ബാപ്പുട്ടി മുസ്ലിയാരുൾപ്പെടെയുള്ളരോടൊരുമിച്ച് കാണാൻ സാധിച്ചിട്ടുണ്ട്. ഒന്നാം റാങ്കോടെ ഫൈസി ബിരുദം കരസ്ഥമാക്കിയ തങ്ങൾ കെകെ. അബൂബക്കർ ഹസ്രത്ത്, ഇ.കെ. അബൂബക്കർ മുസ്ലിയാർ, കോട്ടുമല അബൂബക്കർ മുസ്ലിയാർ എന്നിവരുടെ ശിഷ്യനാണ്. ദർസ് പഠനത്തെ ഏറെ പ്രോത്സാഹിപ്പിച്ച തങ്ങൾ വലിയ ശിഷ്യ സമ്പത്തിന് ഉടമയാണ്. സമുദായത്തിന്റെ ഐക്യത്തിനും കൂട്ടായ്മക്കും വേണ്ടി നിലകൊണ്ടു. സമുദായത്തിൽ ഭിന്നിപ്പുണ്ടാക്കുന്ന ശ്രമങ്ങൾക്കെതിരെ പ്രതികരിച്ചു. സമസ്ത കേരള ജംഇയ്യത്തുൽ ഉലമയും പോഷക ഘടകങ്ങളും കെട്ടിപ്പടുക്കുന്നതിൽ മുന്നിൽനിന്നു. മുസ്ലിംലീഗിന്റെ വളർച്ചയിലും വിവിധ പ്രവർത്തനങ്ങളിലും അടുത്ത്നിന്നു. ഉലമാ ഉമറ ഐക്യത്തിലൂടെ മാത്രമേ സമുദായത്തിന്റെ നേട്ടം സാധ്യമാകൂവെന്ന് കെ.പി.സി തങ്ങൾ ഉറച്ചുവിശ്വസിച്ചു.

ഉലമാ ഉമറാ ഐക്യത്തിനും സംഗമത്തിനും അദ്ദേഹം വളരെ പ്രയത്നിച്ചു. ഭിന്നതകളെ ഊതിക്കെടുത്തി സമുദായത്തിന്റെ ഐക്യം മുന്നിൽകണ്ടു. ഉന്നതപണ്ഡിതൻ, നേതാവ് എന്ന വിശേഷണങ്ങളുള്ളപ്പോഴും ലളിത ജീവിതം നയിച്ചു. പ്രയാസകരമായ ഭൂതകാലം ആരെയും അറിയിക്കാതെ തരണം ചെയ്തു. പഠന കാലത്തെ സാമ്പത്തിക പ്രയാസങ്ങൾ, ബുദ്ധിമുട്ടുകൾ അവഗണിച്ച് ഉന്നതമത വിദ്യാഭ്യാസം നേടി. ദർസ് വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിച്ചു. അഹങ്കാരം കാണിക്കാതെ, വലുപ്പ ചെറുപ്പ വ്യത്യാസമില്ലാതെ നല്ലനിലയിൽ ജീവിച്ച കെ.പി.സി തങ്ങൾ വലിയ മാതൃകകൾ തീർത്തു. തന്റെ പുത്രന്മാരെയെല്ലാം ദീനീപ്രബോധനത്തിന്റെ ഭാഗമാക്കി. തങ്ങളുടെ ജീവിതം സർവ്വശക്തൻ അനുഗ്രഹിക്കട്ടെ.

## ആമ മാത്രമല്ല, കേരളമിഴഞ്ചാൻ



**അഡ്വ. കെ.എൻ.എ ഖാദർ**

ആമയിഴഞ്ചാൻ തോട്ടിൽ ശുചീകരണ പ്രവർത്തനങ്ങൾ ക്കായി ഇറങ്ങി കാണാതായ ജോയിയുടെ മൃതദേഹം മൂന്നാം ദിവസം കണ്ടെത്തിയിരിക്കുന്നു. ഈ മൂന്നു ദിവസവും ലോകത്തു നടന്ന മറ്റൊരു സംഭവങ്ങളും മലയാളികളുടെ ദൃഷ്ടിയിലും അറിവിലും പെടുത്താൻ നമ്മുടെ അധിക ദൃശ്യ മാധ്യങ്ങൾക്കും സമയം കിട്ടിയിരുന്നില്ല. അത് പുതിയ കാര്യമല്ല. ഓരോ സംഭവങ്ങളും പ്രധാനം തന്നെയാണ്. എങ്കിലും ഇതാണ് അവരുടെ നീതിയും രീതിയും. അരിക്കൊമ്പൻ പടയപ്പാദി കൊമ്പൻ മാർ അവരുടെ വിഹാര രംഗങ്ങളിലെ മനുഷ്യരുടെ അധിനിവേശത്തിന് എതിരെ പ്രതിഷേധിക്കുവാനും ആഹാരത്തിനും കുടി നീരിനുമായി കാടു വിട്ട് നാട്ടിലേക്ക് വന്നാൽ പിന്നെ അവിടെയെത്തിയ ആനകൾ തിരിച്ചു പോകും വരെയൊ മയങ്ങി വീഴുകയോ മരിച്ചു വീഴുകയോ ചെയ്യുന്നതു വരെയൊ സകലമാന മലയാളികളെയും വികാര വിജ്രംഭിതരാക്കി നമ്മുടെ സൗകര്യവും സൗന്ദര്യവുമുള്ള ചാനലുകൾ തെയ്യാട്ടം തുടങ്ങും.

പിന്നെ ആന മടങ്ങുമ്പോൾ അവരുടെ പെരുന്നാളും വെടിമരുന്നുകളും തീരും. അതു പോലെ അപകടങ്ങൾ, ബലാൽ സംഗം, സ്ത്രീ പീഡനം, കോഴ, അഴിമതി, മന്ത്രവാദം, തട്ടിപ്പ്, വെട്ടിപ്പ്, ഉഡായിപ്പുകൾ ഇവകൾ ആഴ്ചയിൽ നാലുവീതം സംഘടിപ്പിച്ച് ജനങ്ങളെ ത്രസിപ്പിച്ചു നിർത്തും. സകലതും നെഗറ്റീവ് എനർജി പ്രസരിപ്പിക്കുന്ന വാർത്തകളും കഥകളും ആയിരിക്കും.അല്ലെങ്കിൽ അങ്ങിനെയാക്കും. സന്തോഷമോ സമാധാനമോ സംതൃപ്തിയോ കരുണയോ പരസ്പര പരിഗണനയോ ചുരുക്കിപ്പറഞ്ഞാൽ മൂല്യവത്തായ സന്ദേശങ്ങളോ പോസിറ്റീവ് എനർജിയോ പുതിയ അറിവുകളോ ലോകത്തെയും ഇന്ത്യിലെയും സംഭവ വികാസങ്ങളോ ശാസ്ത്രം കല തുടങ്ങിയവയൊ സമൂഹത്തിനു നൽകുന്ന മാധ്യമങ്ങൾ അപൂർവ്വം.

ശ്രോദ്ധാക്കളും പ്രേക്ഷകരും പോകുന്ന വഴിയിലൂടെ സഞ്ചരിച്ച് മാധ്യമ വ്യവസായം ലാഭകരമാക്കലാണ് തങ്ങളുടെ ജോലിയെന്നും നാടു നന്നാക്കലല്ല എന്നും അവർ പറയും. അതിലെ ചെറിയ ശരിയെ ഞാൻ നിരാകരിക്കുന്നില്ല. പണ്ടൊരിക്കൽ കൊല്ലത്തു നടന്ന ചലച്ചിത്രങ്ങളെക്കുറിച്ചുള്ള സെമിനാറിൽ നല്ല ആസ്വാദകനും വായനക്കാരനും സാഹിത്യ തൽപ്പരനുമായ എൻ.ഇ ബലറാം ജീവിത ഗന്ധിയായ സിനിമകൾ വേണമെന്നു പറഞ്ഞു വെച്ചു. അന്ന് പി ഭാസ്കരനാണെന്നാണ് ഓർമ്മ, 'അരക്കള്ളൻ മുക്കാൽ കള്ളൻ' ഇറങ്ങിയ കാലം അദ്ദേഹം പറഞ്ഞു നല്ല സിനിമകൾ നിർമിച്ചു തരാം, പക്ഷേ കാണാനുള്ള ജനങ്ങളെ ലോറി പിടിച്ചു തിയേറ്ററിലെത്തിക്കാൻ പാർട്ടി തയ്യാറാവണമെന്ന്. ഈ വാദം ചാനലുകൾക്കും പറയാൻ അവകാശമുണ്ട്. സമൂഹത്തിന്റെ നന്മ ലക്ഷ്യമാക്കി ഒരു നഷ്ട വിഹിതം അവർ സഹിക്കണമെന്നു എനിക്കു തോന്നി അത്ര മാത്രം.

മുഖ്യധാരാ മാധ്യമങ്ങളുടെ കഥയാണിത്. സാമൂഹ്യ മാധ്യമങ്ങൾ ഭീഭത്സവും ജുഗുപ്സാവഹവും ഭീതി ജനകവും നട്ടാൽ മുളക്കാത്ത നുണകളുടെ അസ്ഥിവാരത്തിൽ പണിതതുമായ വാർത്തകളാണ് പിന്തുടരുന്നത്. കാര്യമായ നിയന്ത്രണങ്ങളൊ ശിക്ഷയോ അവർക്കു നൽകാനോ തടയാനോ ഇവിടെ ആരുമില്ല. നിയമം നിർമിക്കുന്നവർ നുണക്കഥകളുടെ ഗുണഭോക്താക്കളാണ്. പിന്നെ എന്തു സംഭവിക്കും?. സൈബർ കുറ്റവാളികൾ ഇവിടെ ഉറഞ്ഞു തുള്ളുകയാണ്. ആ പൈശാചികമായ സാധ്യതകളെ പ്രയോജനപ്പെടുത്തി ആരെയും തകർക്കുന്ന വ്യവസായങ്ങൾ ഇവിടെ വളർന്നു കഴിഞ്ഞു. നല്ല പ്രതിഫലം വാങ്ങി വൻ രാഷ്ട്രീയ കക്ഷികൾക്കും കോർപ്പറേറ്റു കമ്പനികൾക്കും സമ്പന്നരായ ചില വ്യക്തികൾക്കും വേണ്ടി വിശ്വാസ യോഗ്യമെന്നു തോന്നിക്കാവുന്ന കള്ളക്കഥകൾ മെനഞ്ഞെടുത്ത പ്രചരിപ്പിക്കുന്ന വമ്പൻ വ്യവസായങ്ങൾ ഇവിടെ വളർന്നുകഴിഞ്ഞു. ധനികരായ രാഷ്ട്രീയ നേതാക്കളുടെ ഒരു വൻനിര തങ്ങളുടെ എതിരാളികളായി മുദ്ര ചാർത്തി ചിലരെ നശിപ്പിക്കുവാൻ ഈ തന്ത്രം എന്നോ പയറ്റി വരികയാണ്. ഉന്നത ഭരണാധികാരികൾ മുതൽ അധികാരത്തോടും പണത്തോടും ഒടുങ്ങാത്ത ആർത്തിയുള്ള ഭരണത്തിനു പുറത്തു നിൽക്കുന്നവരും സാമൂഹ്യ മാധ്യമ സൈന്യത്തെ പോറ്റി വളർത്തുന്നു. ചിന്താ ശൂന്യരും വൈകാരിക രാഷ്ട്രീയത്തിന്റെ അടിമകളും ഇത്തരം രാഷ്ട്രീയ കുതന്ത്ര ശാലികളെ ചുറ്റിപ്പറ്റി ഉപജീവിക്കുന്നവരും ഇത്തരം കള്ള വാർത്തകളുടെ പ്രചാരകരാണ്. മുഖ്യ ധാരാ മാധ്യമങ്ങൾ അത്ര മലിനമല്ല, അവർ ഭരിക്കുന്നവരുടെ കാലു നക്കുന്നവരാണെന്നു മാത്രം. അപൂർവ്വം ചിലർ സത്യത്തിന്റെയും നീതിയുടെയും തീപ്പന്തങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് രാജ്യത്തിനും ജനങ്ങൾക്കും നേർവഴി കാണിക്കുന്നുണ്ട്. ജീവൻ പണയപ്പെടുത്തിയാണ് അവർ ഈ പണിചെയ്യുന്നത്. പേരുകൾ പരാമർശിക്കുന്നില്ല.

ഉത്തരവാദിത്വമില്ലാത്ത ഒരു വിഭാഗം ജന പ്രതിനിധികളും ചില ഉദ്യോഗസ്ഥ ദുഷ്പ്രഭുക്കളും ചേർന്നു കേരളം കുട്ടിച്ചോറാക്കി കഴിഞ്ഞു. കടമകൾ തീരെ മാനിക്കാതെ അവകാശങ്ങളിൽ മാത്രം കേന്ദ്രീകരിച്ച വരാണ് ഈ നാട്ടിൽ നല്ലൊരു വിഭാഗം ജനങ്ങളും. കൂടിയ വിദ്യാഭ്യാസവും അറിവും കഴിവും ഉണ്ടെങ്കിലും കേരളീയർക്ക് അതിന്റെ ഗുണഭോക്താക്കളാവാൻ കഴിഞ്ഞുവോ?. ആമയിഴഞ്ചാൻ തോടിന്റെ അന്തരാളങ്ങളിലേക്ക് ചളിയും ജൈവ അജൈവ മാലിന്യങ്ങളും വൃത്തികെട്ട നുരയും പതയും വകവെക്കാതെ ആണ്ടിറങ്ങി ഒരു മനുഷ്യ ജീവനെ രക്ഷിക്കാൻ പ്രവർത്തിച്ചവരും നമ്മളിൽ പെട്ട മലയാളികളാണ്. അത്തരം മനുഷ്യ സ്നേഹികൾ ഇപ്പോഴും ഇവിടെ ബാക്കിയുള്ളതുകൊണ്ടാണ് ഈ നാട് കടലെടുത്തു പോവാത്തത്. ആ തോടിനെ ലോകത്തിലെ ഏറ്റവും വൃത്തികെട്ട തോടാക്കി മാറ്റിയ നമ്മളെ ഇപ്പോഴും സ്നേഹിക്കുന്ന നേർ വഴിയിലേക്കു വിളിക്കുന്ന ഒരു ദൈവമുണ്ടല്ലോ. അവനെ സ്തുതിച്ചു ശുദ്ധരാകാൻ ശ്രമിക്കാം.

കേരളീയരായ നാം വ്യക്തിഗത ശുദ്ധിയിൽ ഏറെ തൽപര്യമുള്ളവരാണ്. അതേ സമയം നാം നമ്മുടെ പരിസരങ്ങൾ മലിനമാക്കുന്നവരും കായലുകൾ, പുഴകൾ പൊതു കുളങ്ങൾ, തോടുകൾ, റോഡുകൾ, സർക്കാർ ബസ്സുകൾ, ട്രെയിനുകൾ, സ്കൂളുകൾ, ആശുപത്രികൾ, സർക്കാർ ആഫീസുകൾ, വെയ്റ്റിംഗ് ഷെഡുകൾ തുടങ്ങി സകലതും പൊതു സ്വത്താകയാൽ അവയെല്ലാം നമ്മുടെ സ്വന്തമല്ലെന്നു കരുതി നിഷ്കരുണം വൃത്തികേടാക്കുന്നു. നശിപ്പിക്കുന്നു. കയ്യേറുന്നു. 1989ലാണ് ഞാനാദ്യമായി യു.എ.ഇ സന്ദർശിച്ചത്. അന്ന് അവിടത്തെ പരിപാടികൾ പൂർത്തിയാക്കി മടങ്ങവെ ദുബായ് എയർ പോർട്ടിനോട് ചേർന്നുണ്ടായിരുന്നഅതി മനോഹരമായ പള്ളിയിൽ പ്രാർഥനക്കായി കയറി. അംഗശുദ്ധി വരുത്തുന്ന സ്ഥലത്ത് വളരെ വിലകുടിയ വസ്തുക്കൾ കൊണ്ട് നിർമ്മിച്ച ചുമരുകൾ പലതും എഴുതിവെച്ച് വൃത്തി കേടാക്കിയതായി കണ്ടു. ആരുടെയും നെഞ്ചു പൊട്ടിപ്പോവും. സുമാർ 90 രാജ്യക്കാർ ജോലിചെയ്യുന്ന ദുബായ് നഗരത്തിലെ ഈ ചുവരിൽ മലയാളത്തിൽ മാത്രമാണ് എഴുതിക്കണ്ടത്. വരച്ചും കോറിയും വല്ലാതെ ചുവർ നാശമാക്കിയിരിക്കുന്നു.'സുഹൃത്തെ ഞാനിവിടെ വന്നിട്ട് 3വർഷമായി ഇതുവരെ നല്ല ജോലിയൊന്നും കിട്ടിയില്ല ചാൻസുണ്ടെങ്കിൽ താഴെ കാണുന്ന നമ്പറിൽ വിളിക്കുമല്ലൊ'. താഴെ മറ്റൊരുത്തൻ ഞാൻ ഏഴു വർഷമായി ഒന്നും ശരിയായില്ല എന്നും. ഇതൊക്കെയാണ് വിഷയം. എല്ലാം മലയാളത്തിൽ മറ്റു ഭാഷകളിൽ ആരും എഴുതിക്കണ്ടില്ല.നമ്മുടെ ഈ മഹിമ കൂടപ്പിറപ്പാണ് .

സർക്കാർ ഉദ്യോഗസ്ഥരിൽ ഒരു ചെറിയ വിഭാഗമെങ്കിലും സ്വന്തം ഫയലുകളും സ്വന്തക്കാരുടെ ഫയലുകളും അതിവേഗം അനുകൂലമായി തീർപ്പാക്കുകയും മറ്റു ഫയലുകളെല്ലാം പരമാവധി വെച്ചു താമസിപ്പിക്കുകയോ പ്രതികൂലമായി തീർപ്പാക്കുകയോ ചെയ്യുന്നു. മറ്റു നിരവധി ഫയലുകൾ ഒരിക്കലും തീർപ്പാക്കാതെ ആമയിഴഞ്ചാൻ ഫയലുകളായി മാറ്റുന്നു. പൊതു സ്വത്തിന്റെ കാര്യത്തിൽ അതു തന്റേത് മാത്രമല്ലെങ്കിലും തന്റേത് കൂടിയാണെന്ന ബോധം ഇന്നും അധികം മലയാളികൾക്കില്ല. അതു ജനത്തിന്റെ പ്രശ്നം മാത്രമല്ല. അവരെ നയിക്കുന്ന നേതാക്കളിൽ പോലും പലർക്കുമില്ല. സ്വകാര്യ സ്വത്തുക്കളോട് വല്ലാത്ത ഭ്രമവും പൊതു മേഖലയോടും സ്വത്തുക്കളോടും വല്ലാത്തൊരു വിമുഖ വിദ്വേഷ നിലപാടും നാം വെച്ചു പുലർത്തുന്നു. അതിന്റെ നേർക്കാഴ്ചയാണ് ആമയിഴഞ്ചാൻ തോട് നമുക്ക് മൂന്നു ദിവസം തുടർച്ചയായി കാണിച്ചു തന്നത്. ഒന്നും ഒരിക്കലും നേരാക്കാനാവാത്ത വിധം കേരളത്തിന്റെ ഭരണ സംവിധാനം മൊത്തം ക്രമാനുഗതമായി മാലിന്യങ്ങൾ കുമിഞ്ഞു കൂടി തകിടം മറിഞ്ഞു പോയെന്നു സംശയിക്കണം. ആരംഭ ശൂരത്വം മാത്രമായി ഒന്നും പൂർത്തിയാക്കാത്തവരായി നേരെയാക്കാത്തവരായി ഒന്നും അവസാനിപ്പിക്കാതെ മാറ്റി വെച്ചും നാളെക്കു വെച്ചും ഉത്തരവാദിത്വങ്ങളിൽ നിന്നും ഒഴിഞ്ഞു മാറുന്നവരായി നാം മാറിയോ?. പരസ്പരം കുറ്റപ്പെടുത്തിയും വൃഥാ രാഷ്ട്രീയ കലഹങ്ങളിൽ ഏർപ്പെട്ടും താനാണ് ശരി താനാണ് ശരി എന്ന് സർവ്വരും വാദിച്ചു കൊണ്ടിരിക്കുന്നു. സ്വന്തം ശരികൾ പറഞ്ഞു ബോധ്യപ്പെടുത്താൻ പ്രയാസാകുമ്പോൾ അന്യരുടെ തെറ്റുകളിൽ തലയൊളിപ്പിച്ചു രക്ഷപ്പെടുന്നത് പുതിയ രീതി.

ഒരു ആമക്കു പോലും ഇഴയാൻ കഴിയാത്ത വിധം മാലിന്യം കുന്നു കൂടിയ ഈ തോട് ഇനിയെങ്കിലും ആരു വൃത്തിയാക്കുമെന്ന് വ്യക്തമായി തീരുമാനിക്കണം. അതു സമയ ബന്ധിതമായി ചെയ്യണം. നിർഭാഗ്യവതിയായ ഒരമ്മയുടെ കൂലിപ്പണിക്കാരനായ മകൻ ജോയിയുടെ ഓർമ്മക്കായി. ജോയി കനാൽ എന്നു ഇതിനു പേരിടുന്നതും കൊള്ളാം. ഇത്ര സങ്കീർണ്ണമായ ആമയിഴഞ്ചാൻ എന്ന പേര് ഇനിയും വേണ്ട. ആ മാലിന്യ കൂമ്പാരവും അങ്ങിനെ വിസ്മൃതമാവട്ടെ.

## ഉർദു സത്യപ്രതിജ്ഞയും അസഹിഷ്ണുതയും

**ഡോ: കെ.പി. ശംസുദ്ദീൻ തിരൂർക്കാട്**

ഇന്ത്യൻ മണ്ണിൽ പിറന്ന ഇന്ത്യൻ തനിമയുള്ള ഉർദു ഭാഷയോടുള്ള ചിലരുടെ വർഗീയമായ സമീപനവും അസഹിഷ്ണുതയും കുപ്രസിദ്ധമാണ്. ജനാധിപത്യത്തിന്റെ ഗോപുരവും ബഹുസ്വരതയുടെ പരിഛേദവുമായ ഇന്ത്യൻ പാർലമെന്റിനകത്തു പോലും ഇത്തരക്കാരായ ചിലരുടെ സാന്നിധ്യമുണ്ട് എന്നത് സങ്കടകരമാണ്. ഉർദുവിനോടുള്ള വെറുപ്പും വിദ്വേഷവും പരസ്യമായി പ്രകടിപ്പിച്ച ചില പാർലമെന്റംഗങ്ങൾ രാജ്യ സംസ്ക്കാരത്തെ പുഛിക്കുകയാണ് ചെയ്തിരിക്കുന്നത്.

പതിനെട്ടാം ലോക്സഭയിൽ സത്യപ്രതിജ്ഞാ വേളയിൽ പ്രതിജ്ഞയുടെ ഭാഷയെ ചൊല്ലി ഭരണ പ്രതിപക്ഷ അംഗങ്ങൾ തമ്മിൽ വാക്കേറ്റവും തർക്കവുമുണ്ടായത് അപമാനകരമായി. ഉത്തർപ്രദേശിലെ സംഭൽ സീറ്റിൽ നിന്ന് വിജയിച്ച സമാജ് വാദി പാർട്ടിയുടെ അംഗം സിയാഉ റഹ്മാൻ ബർഖ് ഉർദുവിലായിരുന്നു സത്യപ്രതിജ്ഞ ചൊല്ലിയത്. ശേഷം നൂറ് വർഷം മുമ്പ് ഹസ്റത്ത് മൊഹാനി ബ്രിട്ടീഷ് വിരുദ്ധ പോരാട്ടത്തിന് സമർപ്പിച്ച 'ഇൻക്വിലാബ് സിന്ദാബാദ് ' എന്ന വിപ്ലവ മുദ്രാവാക്യം മുഴക്കുകയും ചെയ്തു. അപ്പോഴായിരുന്നു ബി.ജെ.പി.യുടെ സഖ്യ കക്ഷിയായ അപ്നാ ദൾ പാർട്ടിയുടെ എം.പി. അനുപ്രിയ പട്ടേൽ വിഷം വമിക്കുന്ന വാക്കുകളുമായി എതിർപ്പ് അറിയിച്ചത്.

ഇന്ത്യൻ ഭരണഘടനയുടെ എട്ടാം ഷെഡ്യൂളിലുള്ള ഉർദു ഭാഷയിൽ സത്യപ്രതിജ്ഞ ചെയ്യുന്നത് തടയാനോ എതിർക്കാനോ ആർക്കും കഴിയില്ല. ഇന്ത്യൻ പാർലമെന്റിന്റെ അകത്തളം എത്രയോ തവണ ഘനഗംഭീരമായ ഉർദു പ്രഭാഷണങ്ങൾ കേട്ട് പ്രകമ്പനം കൊണ്ടിട്ടുണ്ട്. ഹിന്ദി പ്രഭാഷണമെന്ന് ധരിച്ചുവെച്ച പലതും ഉർദുവിലാണ് നിർവഹിക്കപ്പെട്ടിട്ടുള്ളത്. പല ഹിന്ദി പ്രഭാഷണങ്ങളിലും ഉദ്ധരിക്കാറുള്ളത് ഉർദു ഈരടികളായിരിക്കും. ഒരിക്കലും ഭരണപക്ഷ പ്രതിപക്ഷ ഭേദമില്ലാതെയാണ് ഈ പ്രഭാഷണങ്ങളെല്ലാം സഭാംഗങ്ങൾ ശ്രദ്ധിച്ചിരുന്നത്. 1994 ൽ ആദ്യമായി രാജ്യസഭാംഗമായ ഡോ. എം.പി.അബ്ദുസമദ് സമദാനി ഉർദുവിലായിരുന്നു സത്യപ്രതിജ്ഞ ചെയ്തത്. ഉർദുവിൽ സത്യപ്രതിജ്ഞ ചൊല്ലിയ ആദ്യ മലയാളിയും അദ്ദേഹമായിരുന്നു. പ്രതിജ്ഞക്ക് ശേഷം അദ്ദേഹം ആലപിച്ച അല്ലാമാ ഇഖ്ബാലിന്റെ ' ഫുനൂനെ ലത്തീഫ' കവിതയിലെ 'അയെ അഹ്‌ലെ നസർ സൗഖെ നസർ ഖൂബ് ഹൈ ലേക്കിൻ' പാർലമെന്റ് നിശ്ശബ്ദതയോടെയാണ് ആസ്വദിച്ചത്. അന്നത്തെ ഡപ്യൂട്ടി സ്പീക്കർ നജ്മ ഹെപ്ത്തുള്ള ഏറെ പ്രശംസിക്കുകയും വീണ്ടുമൊരിക്കൽ കൂടി പൂർണമായി ചൊല്ലാൻ ആവശ്യപ്പെടുകയും ചെയ്തു.

ഇങ്ങനെയായിരുന്നു പാർലമെന്റിൽ ഉർദു ഭാഷയെ പരിഗണിച്ചിരുന്നത്. പഴയ പാർലമെന്റ് മന്ദിരത്തിന്റെ ചുമരുകൾ ഉർദു ഈരടികളാൽ അലംകൃതമായിരുന്നു. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ ഏറ്റവും കൂടുതൽ പങ്കാളിത്തം വഹിച്ച ഭാഷയാണ് ഉർദു എന്ന കാര്യം അനുപ്രിയ പട്ടേലിനെ പോലുള്ളവർ മനസ്സിലാക്കാതെ പോയത് ദൗർഭാഗ്യകരമാണ്. മഞ്ഞക്കണ്ണട വെച്ച് ഉർദു ഭാഷയെ കാണുന്നവർ അജ്ഞരോ അജ്ഞത നടിക്കുന്നവരോ മാത്രമാണ്. സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത ഉർദു എഴുത്തുകാർ പത്രപ്രവർത്തകർ രാഷ്ട്രീയ നേതാക്കൾ എന്നിവരുടെ ചരിത്രം പഠിക്കാൻ എം.പി മാരായി സഭയിലെത്തുന്നവർ സന്നദ്ധരാകണം.


1942 ൽ ബ്രിട്ടീഷ് സൈന്യത്തെ നേരിടാൻ സുഭാഷ് ചന്ദ്രബോസ് രൂപീകരിച്ച സൈന്യത്തിന്റെ പേര് ആസാദ് ഹിന്ദ് ഫൗജ് എന്നായിരുന്നു. ഇഖ്ബാലിന്റെ സാരേ ജഹാൻ സെ അഛാ .... ഹിന്ദി കവി പ്രദീപിന്റെ ഉർദു ഗാനം 'അയെ മേരെ വത്തൻ കെ ലോഗോ .....' തുടങ്ങിയ ഗാനങ്ങൾ മുഹമ്മദ് റഫിയിലൂടെയും ലതാ മങ്കേഷ്കറിലൂടെയും ഇന്ത്യൻ പാർലമെന്റിൽ മുഴങ്ങി കേട്ടിട്ടുണ്ട്. നിരവധി അജണ്ടകൾക്കൊപ്പം ഒരു രാജ്യം ഒരു ഭാഷാ എന്ന പദ്ധതി നടപ്പാക്കി ഉർദുവിനെ നിഷ്ക്കാസനം ചെയ്യാമെന്ന വർഗീയ വാദികളുടെ സ്വപ്നം വ്യാമോഹമാണ്. ഇന്ത്യൻ ജനത മതേതര മുന്നണിയിലും ഭരണക്കാരെ വിറപ്പിച്ച രാഹുൽ ഗാന്ധിയിലും അർപ്പിച്ച വിശ്വാസം ഉർദു ഭാഷയിലുള്ള മതേതര സമൂഹത്തിന്റെ പ്രതീക്ഷയെയും ശക്തിപ്പെടുത്തും എന്ന കാര്യത്തിൽ സംശയമില്ല.

RNI 3018/1957 Vol No. 91. Issue No.184 Printed and Published by P K K Bava for The Muslim Printing and Publishing Company Limited, Kozhikode at Chandrika Press, Y M C A road, Kozhikode - 673 001.
Editor-Kamal Varadoor (responsible for selection of news under PRB Act). Phone: 0495-2766032, 2765122, Fax: 0495-2765950. Email-chandrika1000@gmail.com, chandadvt@gmail.com



## ജേക്കബ് തോമസ്: വിവരങ്ങൾ കൈമാറിയില്ല

ന്യൂഡൽഹി: മുൻ ഡി.ജി.പി. ജേക്കബ് തോമസിനെതിരായ ഡ്രഡ്ജർ അഴിമതി കേസിന്റെ അന്വേഷണത്തിൽ തേടിയ വിവരങ്ങൾ കേന്ദ്ര സർക്കാർ ഇതുവരെയും കൈമാറിയിട്ടില്ലെന്ന് കേരളം സുപ്രീംകോടതിയെ അറിയിച്ചു. കേസുമായി ബന്ധപ്പെട്ട് ഇതുവരെ നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട് സംസ്ഥാന സർക്കാർ സുപ്രീം കോടതിയിൽ ഹാജരാക്കി. ഈ റിപ്പോർട്ട് രണ്ട് ദിവസത്തിനുള്ളിൽ മുദ്രവെച്ച കവറിൽ കൈമാറാൻ ജസ്റ്റിസ് അഭയ് എസ്. ഓക അധ്യക്ഷനായ ബെഞ്ച് നിർദേശിച്ചു.



## കോർപറേറ്റ് നികുതി: ശതകോടീശ്വരൻമാരുടെ പോക്കറ്റിലെത്തിയത് രണ്ട് ലക്ഷം കോടി

ന്യൂഡൽഹി: കോർപറേറ്റ് നികുതി വെട്ടിക്കുറച്ചതിലൂടെ ശതകോടീശ്വരന്മാരുടെ പോക്കറ്റിലെത്തിയത് രണ്ട് ലക്ഷം കോടി രൂപയാണെന്ന് കോൺഗ്രസ്. വ്യക്തിഗത ആദായ നികുതി വരുമാനം കോർപറേറ്റ് നികുതിയെക്കാൾ വളരെയധികം വർധിച്ചതായ വിവരം സി.ബി.ഡി.ടി പുറത്തുവിട്ടതോടെയാണ് വിമർശനവുമായി കോൺഗ്രസ് രംഗത്തെത്തിയത്. കമ്പനികളെക്കാൾ കൂടുതൽ നികുതിഭാരം വ്യക്തികളിൽ അടിച്ചേൽപിക്കുകയാണ് ബി.ജെ.പി സർക്കാറെന്ന് കോൺഗ്രസ് ജനറൽ സെക്രട്ടറി ജയ്റാം രമേശ് 'എക്സി'ൽ കുറിച്ചു.

ഇന്ത്യ വാർത്തകൾ

### ചുരുക്കത്തിൽ

### ഗൗരവ് ഗൊഗോയ് ലോക്സഭാ ഉപനേതാവ്; കൊടിക്കുന്നിൽ ചീഫ് വിപ്പ്



ന്യൂഡൽഹി: അസമിൽ നിന്നുള്ള എംപി ഗൗരവ് ഗൊഗോയിയെ കോൺഗ്രസിന്റെ ലോക്സഭാ കക്ഷി ഉപനേതാവായി തിരഞ്ഞെടുത്തു. കോൺഗ്രസ് പാർലമെന്ററി പാർട്ടി നേതാവ് സോണിയ ഗാന്ധി പാർട്ടി നിയമനം അറിയിച്ച് ലോക്സഭാ സ്പീക്കർ ഓം ബിർളയ്ക്ക് കത്തയച്ചു. മാവേലിക്കര എംപി കൊടിക്കുന്നിൽ സുരേഷിനെ പാർട്ടി ചീഫ് വിപ്പായും തിരഞ്ഞെടുത്തു. മാണിക്കം ടാഗോർ, കിഷൻഗഞ്ജ് എന്നീ എംപിമാരെ പാർട്ടി വിപ്പുമാരായും നിയമിച്ചിട്ടുണ്ട്. ലോക്സഭയിലെ പ്രതിപക്ഷ നേതാവായി കോൺഗ്രസ് നേരത്തെ രാഹുൽ ഗാന്ധിയെ തിരഞ്ഞെടുത്തിരുന്നു. ലോക്സഭയിൽ രാഹുൽ ഗാന്ധിയുടെ നേതൃത്വത്തിൽ കോൺഗ്രസും ഇന്ത്യ കക്ഷികളും ഊർജസ്വലമായി ജനങ്ങളുടെ ആവശ്യങ്ങൾക്ക് വേണ്ടി പോരാടുമെന്ന് പുതിയ നിയമനങ്ങൾ അറിയിച്ചുകൊണ്ട് പാർട്ടി ജനറൽ സെക്രട്ടറി കെ.സി.വേണുഗോപാൽ അറിയിച്ചു.

### നിയന്ത്രണ രേഖയിൽ മൂന്നു ഭീകരരെ വധിച്ചു

കുപ്‌വാര: നിയന്ത്രണ രേഖ കടക്കാനുള്ള ഭീകരരുടെ ശ്രമം സൈന്യം തകർത്തു. ജമ്മുകശ്മീരിലെ ഖേരാൻ മേഖലയിൽ നിയന്ത്രണ രേഖ മുറിച്ചു കടക്കാനുള്ള ഭീകരരുടെ ശ്രമം തകർത്ത സൈന്യം മൂന്നു ഭീകരരെ വധിച്ചു. കൊല്ലപ്പെട്ട ഭീകരരിൽ നിന്നും നിരവധി ആയുധങ്ങൾ കണ്ടെടുത്തതായും സൈന്യം അറിയിച്ചു.

### അനധികൃത സ്വത്ത് സമ്പാദന കേസ്: ഡികെയുടെ ഹർജി സുപ്രീം കോടതി തള്ളി

ന്യൂഡൽഹി: അനധികൃത സ്വത്ത് സമ്പാദനക്കേസിൽ കർണാടക ഉപമുഖ്യമന്ത്രി ഡി.കെ ശിവകുമാറിന്റെ ഹർജി സുപ്രീം കോടതി തള്ളി. അനധികൃത സ്വത്ത് സമ്പാദനവുമായി ബന്ധപ്പെട്ട് സി ബി ഐ രജിസ്റ്റർ ചെയ്ത കേസ് റദ്ദാക്കണമെന്ന ഡികെയുടെ ഹർജി കോടതി തള്ളുകയായിരുന്നു. ക്ഷമിക്കണം, തള്ളുകയാണ് എന്ന് പറഞ്ഞുകൊണ്ടാണ് സുപ്രീം കോടതി ഡിവിഷൻ ബെഞ്ച് ഹർജി തള്ളിയത്.

ഇത് സംബന്ധിച്ച കർണാടക ഹൈക്കോടതിയുടെ ഉത്തരവിൽ ഇടപെടാൻ താൽപ്പര്യമില്ലെന്നും ജസ്റ്റിസുമാരായ ബേല എം ത്രിവേദി, എസ്.സി ശർമ എന്നിവരടങ്ങിയ ബെഞ്ച് വ്യക്തമാക്കി. 2020 സെപ്തംബർ 3 ന് സിബിഐ, എഫ്ഐആർ രജിസ്റ്റർ ചെയ്ത കേസിൽ ഡികെ ശിവകുമാർ വർഷങ്ങളായി നിയമപോരാട്ടത്തിലാണ്. സിബിഐ കേസ് റദ്ദാക്കണമെന്ന ശിവകുമാറിന്റെ ഹർജി 2023 ഒക്ടോബർ 19 ന് കർണാടക ഹൈക്കോടതി തള്ളിയിരുന്നു.

ഈ ഉത്തരവിനെതിരെയാണ് ഡി.കെ ശിവകുമാർ സുപ്രീം കോടതിയെ സമീപിച്ചത്. 2013 നും 2018 നും ഇടയിൽ ഡികെ ശിവകുമാർ അനധികൃതമായി സ്വത്ത് സമ്പാദിച്ചുവെന്നാണ് സി ബിഐ രജിസ്റ്റർ ചെയ്ത കേസ്. കേസിൽ ശിവകുമാറിന് തീഹാർ ജയിലിൽ കിടക്കേണ്ടി വന്നിരുന്നു.

പിന്നീട് പുറത്തിറങ്ങിയാണ് കർണാടക തിരഞ്ഞെടുപ്പിൽ മത്സരിച്ചതും ജയിച്ച് ഉപ മുഖ്യമന്ത്രിയായതും.

## മോദിയുടെ നേതൃത്വം ബി.ജെ.പി ടൈറ്റാനിക് പോലെ മുങ്ങുമെന്ന് സുബ്രഹ്മണ്യൻ സ്വാമി

ന്യൂഡൽഹി: നരേന്ദ്ര മോദിക്കും ബി.ജെ.പി നേതൃത്വത്തിനുമെതിരെ രൂക്ഷ വിമർശനവുമായി പാർട്ടി നേതാവ് സുബ്രഹ്മണ്യൻ സ്വാമി. മോദിയുടെ നേതൃത്വത്തിൽ ബി.ജെ.പി ടൈറ്റാനിക് മുങ്ങിയതു പോലെ മുങ്ങുമെന്ന് സാമൂഹിക മാധ്യമമായ എക്സിൽ സ്വാമി കുറിച്ചു.

ബി.ജെ.പി ടൈറ്റാനിക് മുങ്ങുന്നത് പോലെ മുങ്ങാനാണോ ബി.ജെ.പി ആഗ്രഹിക്കുന്നത്. എങ്കിൽ നയിക്കാൻ മോദിയാണ് ഏറ്റവും അനുയോജ്യൻ. എന്നെന്നേക്കുമായി മുങ്ങാൻ പോകുന്നുവെന്നതിന്റെ തെളിവാണ് ഉപതിരഞ്ഞെടുപ്പ് ഫലമെന്നും അദ്ദേഹം കുറിച്ചു. ഏഴ് സംസ്ഥാനങ്ങളിലെ 13 നിയമസഭാ സീറ്റുകളിലേക്ക് നടന്ന ഉപതിരഞ്ഞെടുപ്പിൽ ഇന്ത്യ സഖ്യം 10 ഇടത്ത് വിജയിച്ച് വൻ നേട്ടം കൊയ്തിരുന്നു. ഇതിന് പിന്നാലെയാണ് സ്വാമിയുടെ പ്രതികരണം. മോദിക്കും ആഭ്യന്തര മന്ത്രി അമിത് ഷായ്ക്കുമെതിരെ കുറച്ചു കാലമായി രൂക്ഷ പ്രതികരണവുമായി സ്വാമി രംഗത്തുണ്ട്. ജൂൺ 25 ഭരണഘടന ഹത്യദിനമായി ആചരിക്കാനുള്ള കേന്ദ്ര സർക്കാർ നീക്കത്തെയും നേരത്തെ സ്വാമി വിമർശിച്ചിരുന്നു. അടിയന്തരാവസ്ഥയെ എതിർക്കുന്നതിനായി മോദിയും ഷായും എന്തു നടപടിയാണ് സ്വീകരിച്ചതെന്നും അദ്ദേഹം ചോദിച്ചിരുന്നു. നേട്ടങ്ങൾ അടിച്ചെടുക്കുന്നത് മോശം അസുഖമാണെന്നും അദ്ദേഹം പറഞ്ഞിരുന്നു.

### അദാനി ഹിൻഡൻബർഗ്: പുന:പരിശോധന ഹർജി തള്ളി

ന്യൂഡൽഹി: അദാനി-ഹിൻഡൻബർഗ് കേസ് വിധിയിൽ പുനപരിശോധന ആവശ്യം സുപ്രീം കോടതി തള്ളി. അദാനി ഗ്രൂപ്പ് ഓഹരി വിപണിയിൽ കൃത്രിമത്വം കാണിച്ചുവെന്ന ഹിൻഡൻബർഗ് വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ എസ്.ഐ.ടിയെ കൊണ്ടോ സി.ബി.ഐയെ കൊണ്ടോ വിഷയം അന്വേഷിപ്പിക്കണമെന്ന ആവശ്യം 2024 ജനുവരി മൂന്നിന് സുപ്രീം കോടതി തള്ളിയിരുന്നു. നേരത്തെ വിധിച്ച വിധിയിൽ യാതൊരു തെറ്റുമില്ലെന്നും വിധി പുനപരിശോധിക്കേണ്ട ആവശ്യമില്ലാത്തതിനാൽ ഹർജി തള്ളുകയാണെന്ന് ചീഫ് ജസ്റ്റിസ് ഡി.വൈ ചന്ദ്രചൂഡ്, ജസ്റ്റിസുമാരായ ജെ.ബി പർദീവാല, മനോജ് മിശ്ര എന്നിവരടങ്ങുന്ന ബെഞ്ച് പറഞ്ഞു.

### വ്യക്തിനിയമം മതി; മതേതര നിയമമനുസരിച്ച് ജീവനാംശം വേണ്ട

# സുപ്രീംകോടതി വിധിക്കെതിരെ മുസ്‌ലിം വ്യക്തിനിയമ ബോർഡ്

- ഉത്തരാഖണ്ഡ് ഏകീകൃത സിവിൽകോഡിനെതിരെ ഹൈക്കോടതിയെ സമീപിക്കും
- ആരാധനാലയങ്ങളുടെ കാര്യത്തിൽ കീഴ്ക്കോടതികളുടെ ഇടപെടലിൽ ആശങ്ക

ന്യൂഡൽഹി: വിവാഹ മോചിതയായ മുസ്‌ലിം സ്ത്രീകൾക്ക് സിആർപിസി പ്രകാരം ജീവനാംശം ആവശ്യപ്പെടാമെന്ന സുപ്രീം കോടതി വിധിക്കെതിരെ മുസ്‌ലിം വ്യക്തിനിയമ ബോർഡ്. സുപ്രീം കോടതി വിധിയെ മറികടക്കാനുള്ള നടപടികൾ ആലോചിക്കുന്നതിന് പ്രസിഡന്റ് ഖാലിദ് സൈഫുള്ള റഹ്മാനിയയെ ബോർഡ് ചുമതലപ്പെടുത്തി. സുപ്രീം കോടതി വിധി ശരീഅത്ത് നിയമ വിരുദ്ധമാണെന്നും വ്യക്തി നിയമ ബോർഡ് ആരോപിച്ചു.

ഇതുസംബന്ധിച്ച പ്രമേയം പാസാക്കുകയും ചെയ്തു. വിവാഹ മോചിരായ സ്ത്രീകൾക്ക് മുസ്‌ലിം വ്യക്തി നിയമം അനുശാസിക്കുന്നതിൽ കൂടുതൽ കാലം ജീവനാംശം നൽകുന്നതിനെ എതിർക്കുന്ന മുസ്‌ലിം വ്യക്തിനിയമ ബോർഡ്, അരികുവൽക്കരിക്കപ്പെട്ട മുസ്‌ലിംകളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കേന്ദ്ര സർക്കാർ പരാജയപ്പെട്ടുവെന്നും ആരോപിക്കുന്നു. മതങ്ങൾക്കതീതമായ എല്ലാ നിയമങ്ങളും മുസ്‌ലിം സ്ത്രീകൾക്കും ബാധകമാണെന്നായിരുന്നു സുപ്രീം കോടതി പറഞ്ഞത്. നേരത്തെയും സമാനമായ വിധികൾ ഉണ്ടായിരുന്നു. ഷാബാനു കേസിൽ സമാനമായ വിധി മറികടക്കാനാണ് 1986 ൽ രാജീവ് ഗാന്ധി നിയമം കൊണ്ടുവന്നത്. ഇത് നിലനിൽക്കുമ്പോഴും പൊതുനിയമത്തിലെ വ്യവസ്ഥകളനുസരിച്ച് മുസ്‌ലിം സ്ത്രീകൾക്കു കോടതിയെ സമീപിക്കാമെന്നായിരുന്നു കഴിഞ്ഞ ദിവസം പുറത്തുവന്ന വിധി.

അല്ലാഹു ഏറ്റവും ദേഷ്യത്തോടെ കാണുന്നത് വിവാഹ മോചനത്തെയാണെന്നും ഏതുവിധേനയും വിവാഹബന്ധം തുടരുന്നതും നിലനിർത്തുന്നതുമാണ് അല്ലാഹു ആഗ്രഹിക്കുന്നതെന്നും പ്രവാചകനെ ഉദ്ധരിച്ചുകൊണ്ട് മുസ്‌ലിം വ്യക്തി നിയമ ബോർഡ് യോഗം വിലയിരുത്തി. വൈവാഹിക ജീവിതം ദുഷ്കരമാകുന്ന സാഹചര്യത്തിൽ ഒരു പരിഹാരമായാണ് വിവാഹമോചനത്തെ കാണേണ്ടതെന്നും വേദനാജനകമായ വിവാഹബന്ധങ്ങളിൽ നിന്ന് പുറത്തേക്കുവന്ന സ്ത്രീകളെ ഈ കോടതി വിധി കൂടുതൽ ബുദ്ധിമുട്ടിക്കുകയേയുള്ളൂവെന്നും മുസ്‌ലിം വ്യക്തിനിയമ ബോർഡ് അഭിപ്രായപ്പെട്ടു. വിവാഹം തന്നെ നിലനിൽക്കാത്ത സാഹചര്യത്തിൽ മുൻ ഭാര്യമാരുടെ ചുമതല പുരുഷൻ ഏറ്റെടുക്കണമെന്ന നിലപാടിനെ തങ്ങൾ അംഗീകരിക്കുന്നില്ലെന്നും ബോർഡ് പ്രവർത്തക സമിതി വിലയിരുത്തി. മുസ്‌ലിം വ്യക്തിനിയമ ബോർഡ് ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിനോടും പ്രതിപക്ഷത്തോടും സംസാരിക്കുമെന്നും അറിയിച്ചു. ജീവനാംശവുമായി ബന്ധപ്പെട്ട കാര്യം കൂടാതെ മറ്റു വിഷയങ്ങളും പ്രവർത്തക സമിതി ചർച്ച ചെയ്തു. അതിലൊന്ന് ഏകീകൃത സിവിൽ കോഡാണ്.

സിവിൽ കോഡുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ ഹർജി ഈ മാസം ഉത്തരാഖണ്ഡ് ഹൈക്കോടതിയിൽ സമർപ്പിക്കുമെന്നും ബോർഡ് അറിയിച്ചു. വെറുപ്പിന്റെ രാഷ്ട്രീയത്തോട് ജനങ്ങൾക്ക് വിയോജിപ്പുണ്ടെന്ന് തെളിയിക്കുന്നതാണ് ലോക്സഭാ തിരഞ്ഞെടുപ്പ് ഫലമെന്നും കേന്ദ്ര സർക്കാർ അരികുവൽക്കരിക്കപ്പെട്ട മുസ്‌ലിംകളുടെ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നതിൽ പരാജയപ്പെട്ടുവെന്നും പ്രവർത്തക സമിതി വിലയിരുത്തി. ഈ സ്ഥിതി തുടരുകയാണെങ്കിൽ രാജ്യം അരാജകത്വത്തിലേക്കു നീങ്ങുമെന്നും പ്രതിപക്ഷ പാർട്ടികളൊന്നും വിഷയം ഉയർത്തുകയോ ഇരകളായ മനുഷ്യരെ സന്ദർശിക്കാൻ കൂട്ടാക്കുകയോ ചെയ്തിട്ടില്ലെന്നും പ്രവർത്തക സമിതി വിലയിരുത്തി. 1991ലെ ആരാധനാലയ സംരക്ഷണ നിയമം (പ്ലേസ് ഓഫ് വർഷിപ് ആക്ട്) നേരിടുന്ന വെല്ലുവിളിയെക്കുറിച്ചായിരുന്നു മറ്റൊരു പ്രമേയം. ഗ്യാൻവാപി, മഥുരയിലെ ഷാഹി ഈദ് ഗാഹ് എന്നീ ആരാധനാലയങ്ങളുടെ കാര്യത്തിൽ ഇന്ത്യയിലെ കീഴ്ക്കോടതികൾ ഇടപെടുന്ന രീതിയിൽ ബോർഡ് ആശങ്ക പ്രകടിപ്പിച്ചു. ബാബരി മസ്ജിദ് വിധി പ്രസ്താവിച്ച സമയത്ത് ആരാധനാലയ സംരക്ഷണ നിയമത്തിന്റെ വാതിലുകളെല്ലാം ഇതോടുകൂടി അടഞ്ഞുവെന്നായിരുന്നു പറഞ്ഞത്.

പക്ഷേ ദൗർഭാഗ്യവശാൽ കാശിയിലും മഥുരയിലും മുസ്‌ലിംകൾക്കു തങ്ങളുടെ ഭാഗം പറയാൻ സാധിക്കാത്ത അവസ്ഥയാണെന്നും ബോർഡ് വിലയിരുത്തുന്നു. ഫലസ്തീൻ വിഷയത്തിലും ബോർഡ് പ്രമേയം പാസാക്കി. ഇന്ത്യ എപ്പോഴും ഫലസ്തീനൊപ്പം നിൽക്കുന്ന നിലപാടാണ് സ്വീകരിച്ചതെന്നും ഇസ്രാഈലിന് നൽകുന്ന എല്ലാ സൈനിക സഹായവും ഇന്ത്യ പിൻവലിക്കണമെന്നും ബോർഡ് പ്രമേയത്തിൽ ആവശ്യപ്പെട്ടു.

## വീണ്ടും ബുൾഡോസർ രാജ്: ഡൽഹിയിൽ ഒഴിപ്പിച്ചത് 250 കുടുംബങ്ങളെ

ന്യൂഡൽഹി: രാജ്യസ്ഥലത്താനത്ത് വീണ്ടും ബുൾഡോസർ വിളയാട്ടം. അനധികൃത കൈയേറ്റം ആരോപിച്ച് ഡൽഹി സിവിൽ ലൈനിലെ ഖൈബർ പാസിലെ കുടുംബങ്ങളെയാണ് സർക്കാർ ഒഴിപ്പിച്ചത്. കഴിഞ്ഞ ദിവസം 250 കുടുംബങ്ങളെയാണ് ഡൽഹി വികസന അതോറിറ്റി ഒഴിപ്പിച്ചത്. ഈ കുടുംബങ്ങൾ താമസിച്ചിരുന്ന സ്ഥലം കേന്ദ്ര വികസന അതോറിറ്റിയുടേതാണെന്ന് ചൂണ്ടികാണിച്ചാണ് നടപടി.

വീടുകൾ ഒഴിയാൻ നോട്ടീസ് പോലും നൽകാതെ കഴിഞ്ഞ ദിവസം പുലർച്ചെയാണ് വീടുകൾ ബുൾഡോസർ ഉപയോഗിച്ച് പൊളിച്ചു നീക്കിയത്. ഡൽഹി ലെഫ്. ഗവർണർ ഉൾപ്പടെയുള്ള ഉയർന്ന അധികൃതരുടെ അറിവോടെയാണ് ഈ ക്രൂര നടപടിയെന്ന് ഖൈബർ പാസ് നിവാസികൾ ആരോപിച്ചു. മോദി സർക്കാറിന്റെ അറിവോടെയാണ് വീടുകൾ പൊളിച്ച് നീക്കിയതെന്നും അവർ ആരോപിച്ചു. കുട്ടികളും, സ്ത്രീകളും, പ്രായമായവരും ഉൾപ്പടെ നിരവധി ആളുകളാണ് ഖൈബർ പാസിലുണ്ടായിരുന്നത്. രണ്ടു വർഷത്തിനിടെ ഒന്നര ലക്ഷത്തിലേറെ വീടുകൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ബുൾഡോസർ ഉപയോഗിച്ച് തകർത്തതായി തെളിയിക്കുന്ന കണക്കുകൾ കഴിഞ്ഞ ദിവസം പുറത്തു വന്നിരുന്നു. നിർബന്ധിത കുടിയൊഴിപ്പിക്കലിൽ 7.38 ലക്ഷം പേർ ഭവനരഹിതരായെന്നും തകർക്കപ്പെട്ട വീടുകൾ മിക്കതും മുസ്‌ലിംകളുടേതോ ദളിത് വിഭാഗത്തിന്റേതോ ആണെന്നും റിപ്പോർട്ട് വ്യക്തമാക്കുന്നുണ്ട്. 2022-23 വർഷത്തെ ഹൗസിങ് ആന്റ് ലാൻഡ് റൈറ്റ്സ് നെറ്റ്‌വർക്കിന്റെ (എച്ച് എൽആർഎൻ) കണക്കുകൾ ഉദ്ധരിച്ചായിരുന്നു റിപ്പോർട്ട്. ഇതുപ്രകാരം പ്രാദേശിക, സംസ്ഥാന, കേന്ദ്ര ഭരണകൂടങ്ങൾ 1,53,820 വീടുകളാണ് ബുൾഡോസർ ഉപയോഗിച്ച് തകർത്തത്. ഗ്രാമ, നഗര മേഖലയിൽ 7,38,438 പേർക്ക് കിടപ്പാടം നഷ്ടമായി. 2017 മുതൽ 2023 വരെ അഞ്ചു വർഷം 10.68 ലക്ഷം പേരെ ഇത്തരത്തിലുള്ള കുടിയൊഴിപ്പിക്കൽ ബാധിച്ചതായി റിപ്പോർട്ടിൽ പറയുന്നു. ഒഴിപ്പിക്കൽ വർഷംപ്രതി കൂടി വരുന്ന പ്രവണതയുമുണ്ട്. 2019ൽ 1,07,625 നിർബന്ധിത കുടിയൊഴിപ്പിക്കലാണ് നടന്നത്.

2022ൽ ഇത് 2,22,686 ആയി. 2023ൽ 5,15,752. ചേരി ഒഴിപ്പിക്കൽ, അനധികൃത നിർമാണം തകർക്കൽ, നഗര സൗന്ദര്യവൽക്കരണം തുടങ്ങിയ വിവിധ കാരണങ്ങളാണ് കുടിയൊഴിപ്പിക്കലിനായി സർക്കാറുകൾ ചൂണ്ടിക്കാട്ടിയിട്ടുള്ളത്. 2023ൽ ഇത്തരത്തിൽ നിർബന്ധിത ഒഴിപ്പിക്കൽ നടന്ന പ്രധാന പ്രദേശങ്ങൾ ഇവയാണ് മധ്യപ്രദേശിലെ ജിറാപൂർ ഗ്രാമം, ഉത്തർപ്രദേശിലെ പ്രയാഗ്രാജും സഹാറൻപൂരും, ഹരിയാനയിലെ നൂഹ്, ഡൽഹിയിലെ ജഹാൻഗിർപുരി. ഇവിടങ്ങളിലെ നിയമവിരുദ്ധ കൈയേറ്റങ്ങളാണ് ഒഴിപ്പിച്ചത് എന്നാണ് സർക്കാർ അവകാശപ്പെടുന്നത്. എന്നാൽ ന്യൂനപക്ഷ വിഭാഗങ്ങളിൽ നിന്നുള്ളവരുടെ കിടപ്പാടമാണ് ഈ പ്രദേശങ്ങളിൽ തകർത്തതെന്ന് റിപ്പോർട്ട് എടുത്തു പറയുന്നു.



ഡൽഹി ഖൈബർ പാസിൽ കെട്ടിടങ്ങൾ പൊളിച്ചു നീക്കുന്നു

## രാജ്യസഭയിലും അംഗബലം കുറഞ്ഞ് ബി.ജെ.പി

### ബില്ലുകൾ പാസാക്കാൻ മറ്റു പാർട്ടികളുടെ പിന്തുണ നിർണായകം

ന്യൂഡൽഹി: നാമനിർദേശം ചെയ്യപ്പെട്ട നാല് അംഗങ്ങളുടെ കാലാവധി പൂർത്തിയായതോടെ രാജ്യസഭയിൽ എൻ.ഡി.എയുടെ അംഗ സംഖ്യ കുറഞ്ഞു. രാകേഷ് സിൻഹ, രാം ഷകൽ, സൊനാൽ മാൻസിങ്, മഹേഷ് ജെഠ്മലാനി എന്നിവരുടെ കാലാവധിയാണ് ശനിയാഴ്ച പൂർത്തിയായത്.

നാല് അംഗങ്ങളുടെ കാലാവധി പൂർത്തിയായതോടെ രാജ്യസഭയിലെ ബി.ജെ.പിയുടെ അംഗസംഖ്യ 86 ആയും ബി.ജെ.പി. നയിക്കുന്ന എൻ.ഡി.എ. മുന്നണിയുടെ അംഗസംഖ്യ 101 ആയും കുറഞ്ഞു. രാജ്യസഭയിൽ ബില്ലുകൾ പാസാക്കാൻ 12 അംഗങ്ങളുടെ കുറവാണ് ഇപ്പോൾ എൻ.ഡി.എയ്ക്കുള്ളത്. 245 അംഗങ്ങളുള്ള രാജ്യസഭയിൽ നിലവിൽ 113 ആണ് ബില്ലുകൾ പാസാക്കാനാവശ്യമായ കേവലഭൂരിപക്ഷം. നിലവിൽ 225 അംഗങ്ങളാണ് രാജ്യസഭയിലുള്ളത്. കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള ഇന്ത്യ മുന്നണിക്ക് 87 അംഗങ്ങളാണുള്ളത്. ഇതിൽ 26 പേർ കോൺഗ്രസിൽ നിന്നും 13 പേർ തൃണമൂൽ കോൺഗ്രസുമാണ്. ആംആദ്മി പാർട്ടി, ഡി.എം.കെ. എന്നീ പാർട്ടികൾക്ക് 10 വീതം അംഗങ്ങളും, ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗിന് രണ്ട് അംഗങ്ങളും രാജ്യസഭയിലുണ്ട്.

തെലങ്കാന മുൻ മുഖ്യമന്ത്രി കെ. ചന്ദ്രശേഖർ റാവുവിന്റെ ബി.ആർ.എസ് ഉൾപ്പെടെ ബി.ജെ.പിയുമായോ കോൺഗ്രസുമായോ സഖ്യത്തിലില്ലാത്ത പാർട്ടികളുടെ അംഗങ്ങളും നാമനിർദേശം ചെയ്യപ്പെട്ടവരും സ്വതന്ത്രരുമാണ് ബാക്കിയുള്ളവർ. കേവല ഭൂരിപക്ഷമില്ലെങ്കിലും രാജ്യസഭയിൽ ബില്ലുകൾ പാസാക്കാൻ മറ്റു പാർട്ടികളുടെ സഹായം ബി.ജെ.പിക്ക് ലഭിക്കേണ്ടി വരും. ഇതിനായി ഒരുസഖ്യത്തിലുമില്ലാത്ത പാർട്ടികളെ ഒപ്പം കൂട്ടുക മാത്രമാണ് ബി.ജെ.പിക്ക് മുന്നിലുള്ള ഏകമാർഗം. തമിഴ്നാട്ടിലെ മുൻ സഖ്യകക്ഷിയായ എ.ഐ. എ.ഡി.എം.കെ, ആന്ധ്രപ്രദേശിലെ ജഗൻ മോഹന്റെ വൈ.എസ്.ആർ. കോൺഗ്രസ് എന്നിവ ഉൾപ്പെടെയുള്ള പാർട്ടികളെ ഒപ്പം നിർത്താൻ കഴിഞ്ഞാൽ ബി.ജെ.പിക്ക് ബില്ലുകൾ രാജ്യസഭ കടത്താം.

വൈ.എസ്.ആർ കോൺഗ്രസിന് 11 അംഗങ്ങളും എ.ഐ. എ.ഡി. എം.കെയ്ക്ക് 4 അംഗങ്ങളുമാണ് രാജ്യസഭയിലുള്ളത്. നേരത്തെ നിർണായക ഘട്ടങ്ങളിലെല്ലാം ബി.ജെ.പിക്കൊപ്പം ചേർന്നിരുന്ന നവീൻ പട്നായിക്കിന്റെ ബി.ജെ.ഡി നിയമസഭാ തിരഞ്ഞെടുപ്പോടെ ബി.ജെ.പി വിരുദ്ധ പ്രതിപക്ഷത്തായിരിക്കുമെന്ന് പ്രഖ്യാപിച്ചതും പാർട്ടിക്ക് തിരിച്ചടിയാണ്.

ഒമ്പത് എം.പിമാരാണ് ബി.ജെ.ഡിക്ക് രാജ്യസഭയിലുള്ളത്. നിലവിൽ രാജ്യസഭയിൽ 20 ഒഴിവുകളുണ്ട്. ഇതിൽ 11 സീറ്റുകളിൽ ഈ വർഷം തിരഞ്ഞെടുപ്പ് നടക്കും. മഹാരാഷ്ട്ര, അസം, ബിഹാർ രണ്ട് വീതം, ഹരിയാന, രാജസ്ഥാൻ, മധ്യപ്രദേശ്, തെലങ്കാന, ത്രിപുര എന്നിവിടങ്ങളിൽ ഒരു സീറ്റു വീതവുമാണ് ഒഴിവ്. ഇതിൽ നിലവിലെ സാഹചര്യത്തിൽ ബി.ജെ.പി സഖ്യത്തിന് ഏഴു സീറ്റുകളിൽ വിജയിക്കാനാവും.

നിയമസഭാ തിരഞ്ഞെടുപ്പ് നടക്കാത്ത ജമ്മുകശ്മീരിൽ നാലു സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്.

## അന്വേഷണ സമിതി മുമ്പാകെ എല്ലാം പറയും; വിവാദ ഐ.എ.എസ് ഓഫീസർ പൂജ ഖേദ്കർ

മുംബൈ: വ്യാജ സർട്ടിഫിക്കറ്റ് ആരോപണത്തിൽ മൗനം ഭേദിച്ച് മഹാരാഷ്ട്രയിലെ വിവാദ ഐ.എ.എസ്. ട്രെയിനി പൂജ ഖേദ്കർ. തനിക്കെതിരായ ആരോപണങ്ങൾ അന്വേഷിക്കുന്ന കേന്ദ്ര സമിതിക്ക് മുമ്പാകെ മൊഴി നൽകുമെന്നും അതോടെ സത്യം വിജയിക്കുമെന്നും പൂജ പറഞ്ഞു.

സർവീസിൽ പ്രവേശിക്കാനായി സമർപ്പിച്ച ഒ.ബി.സി. സർട്ടിഫിക്കറ്റും ഭിന്നശേഷിക്കാരിയാണെന്ന മെഡിക്കൽ സർട്ടിഫിക്കറ്റും വ്യാജമാണെന്നാണ് പൂജ ഖേദ്കറിനെതിരായ ആരോപണം. ആരോപണങ്ങൾ അന്വേഷിക്കുന്ന കേന്ദ്ര സമിതിക്ക് മുമ്പാകെ ഞാൻ മൊഴി നൽകും. ഞാനോ മാധ്യമങ്ങളോ ജനങ്ങളോ അല്ല, സമിതിയാണ് അന്തിമതീരുമാനമെടുക്കുക. സമിതിയുടെ തീരുമാനം എല്ലാവരും അംഗീകരിക്കുമെന്നാണ് ഞാൻ കരുതുന്നത്. ട്രെയിനി എന്ന നിലയിൽ ജോലി ചെയ്യുകയും പഠിക്കുകയുമാണ് ഞാനിവിടെ ചെയ്യുന്നത്. അക്കാര്യത്തിൽ എനിക്ക് കൂടുതലൊന്നും പറയാൻ സാധിക്കില്ല പൂജ ഖേദ്കർ പറഞ്ഞു.

സമിതിയുടെ തീരുമാനം എപ്പോഴാണ് പുറത്തുവരുന്നത്, അത് പൊതുസമൂഹത്തിന് മുമ്പിലുണ്ടാകും. ആർക്കും അത് വിശദമായി പരിശോധിക്കാം. എന്നാൽ ഇപ്പോൾ അന്വേഷണത്തെ കുറിച്ച് എനിക്ക് ഒന്നും പറയാനില്ല. കുറ്റം തെളിയിക്കപ്പെടുന്നതുവരെ നിങ്ങൾ നിരപരാധിയാണെന്നാണ് ഇന്ത്യൻ ഭരണഘടന പറയുന്നത്. അതിനാൽ മാധ്യമവിചാരണയിലൂടെ എന്നെ കുറ്റക്കാരിയാക്കുന്നത് ശരിയല്ല- പൂജ കൂട്ടിച്ചേർത്തു. പുനെ അസിസ്റ്റന്റ് കളക്ടറായിരുന്ന പൂജ സ്വകാര്യ കാറിൽ അനധികൃതമായി സർക്കാർ ബോർഡ് വെക്കുകയും ബീക്കൺ ലൈറ്റ് ഘടിപ്പിക്കുകയും ചെയ്തതോടെയാണ് വാർത്തകളിൽ നിറയുന്നത്. സ്വകാര്യ കാറിലെ സഞ്ചാരവും അഡീഷണൽ കളക്ടറുടെ ചേമ്പർ കയ്യേറിയതും വിവാദമായതോടെ ഇവരെ വാഷിം ജില്ലയിലക്ക് സ്ഥലം മാറ്റി. പിന്നാലെ പൂജ ഖേദ്കറിനെതിരെ തുടർച്ചയായ ആരോപണങ്ങൾ ഉയർന്നു. 2022 ബാച്ച് ഐ.എ.എസ്. ഉദ്യോഗസ്ഥയായ ഇവർ സർവീസിൽ പ്രവേശിക്കാനായി മെഡിക്കൽ സർട്ടിഫിക്കറ്റും ജാതി സർട്ടിഫിക്കറ്റും വ്യാജമായി നിർമ്മിച്ചുവെന്നാണ് പിന്നാലെ വന്ന ആരോപണം.

കാഴ്ചപരിമിതിയുണ്ടെന്ന് അവകാശപ്പെട്ടാണ് ഇവർ യു.പി.എസ്.സി. പരീക്ഷയെഴുതിയത്. ഒ.ബി.സി. വിഭാഗത്തിലെ പരീക്ഷാർഥിയായിരുന്നു പൂജ. ഐ.എ.എസ്. സെലക്ഷന് ശേഷം പൂജയെ മെഡിക്കൽ പരിശോധനയ്ക്കായി വിളിച്ചെങ്കിലും ഇവർ പല കാരണങ്ങൾ പറഞ്ഞ് ഹാജരായില്ലെന്നാണ് റിപ്പോർട്ട്. ഇതോടെയാണ് പൂജയുടെ യോഗ്യതകൾ അന്വേഷിക്കാൻ കേന്ദ്രം ഏകാംഗസമിതി രൂപവത്കരിച്ചത്. ഇതിന് പിന്നാലെ പൂജയുടെ അമ്മയ്ക്കെതിരെ പുണെ പൊലീസ് കേസെടുത്തിരുന്നു.

തോക്ക് ചൂണ്ടി കർഷകരെ ഭീഷണിപ്പെടുത്തുന്ന വീഡിയോ പ്രചരിച്ചതോടെയാണ് പൂജയുടെ അമ്മ മനോരമ ഖേദ്കറിനെതിരേ വിവിധ വകുപ്പുകൾ ചുമത്തി പൊലീസ് കേസെടുത്തത്. മോഷണക്കേസിൽ അറസ്റ്റിലായ പ്രതിയെ മോചിപ്പിക്കാൻ ഡി.സി.പി. റാങ്കിലുള്ള പൊലീസുദ്യോഗസ്ഥനെ സമ്മർദത്തിലാക്കാൻ പൂജാ ഖേദ്കർ ശ്രമിച്ചതായും വാർത്ത വന്നു.

നവിമുംബൈ പൊലീസ് മഹാരാഷ്ട്ര സർക്കാരിന് നൽകിയ റിപ്പോർട്ടിലാണ് ഇക്കാര്യം പറഞ്ഞത്. മേയ് 18ന് പൻവേൽ പൊലീസ് എടുത്ത കേസിലായിരുന്നു പൂജയുടെ ഇടപെടൽ.

### ത്രിപുരയിൽ ജനാധിപത്യ കശാപ്പെന്ന് കോൺഗ്രസ്

ന്യൂഡൽഹി: പഞ്ചായത്ത് തിരഞ്ഞെടുപ്പ് പ്രഖ്യാപനത്തിന് പിന്നാലെ ത്രിപുരയിൽ അക്രമം പൊട്ടിപ്പുറപ്പെട്ടതിൽ രൂക്ഷ വിമർശനവുമായി കോൺഗ്രസ്. ബി.ജെ.പി ഭരണത്തിൽ ജനാധിപത്യം പട്ടാപ്പകൽ കശാപ്പ് ചെയ്യപ്പെടുകയാണെന്ന് കോൺഗ്രസ് ആരോപിച്ചു. ത്രിപുരയിൽ ഇപ്പോൾ നടക്കുന്നതാണ് യഥാർഥ ഭരണഘടന ഹത്യയെന്നും കോൺഗ്രസ് നേതാവ് ജയറാം രമേശ് ആരോപിച്ചു. ത്രിപുരയിലെ ഇപ്പോഴത്തെ സംഭവങ്ങൾക്ക് പിന്നിൽ സ്വയം പ്രഖ്യാപിത ഡബിൾ എഞ്ചിൻ സർക്കാറാണെന്നും അദ്ദേഹം പറഞ്ഞു. അടുത്ത മാസം എട്ടിനാണ് ത്രിപുരയിൽ പഞ്ചായത്ത് തിരഞ്ഞെടുപ്പ്. 10ന് ഫലം പ്രഖ്യാപിക്കും. സംസ്ഥാനത്ത് പഞ്ചായത്ത് തിരഞ്ഞെടുപ്പ് പ്രഖ്യാപനം വന്നതിന് പിന്നാലെ പ്രതിപക്ഷ പാർട്ടി പ്രവർത്തകർക്കും ഓഫീസുകൾക്കും നേരെ വ്യാപക അക്രമം നടന്നിരുന്നു.

### ടി.പി വധം: കുഞ്ഞനന്തന്റെ ഭാര്യയുടെ ഹർജിയിൽ സർക്കാരിന് സുപ്രീം കോടതി നോട്ടീസ്

ന്യൂഡൽഹി: ടി.പി. ചന്ദ്രശേഖരൻ വധക്കേസിൽ ഹൈക്കോടതി വിധിക്കെതിരെ, അന്തരിച്ച സി.പി.എം. നേതാവ് പി.കെ. കുഞ്ഞനന്തന്റെ ഭാര്യ വി.പി. ശാന്തയുടെ ഹർജിയിൽ സംസ്ഥാന സർക്കാരിന് സുപ്രീം കോടതി നോട്ടീസ് അയച്ചു.

കേസിൽ കുഞ്ഞനന്തൻ കുറ്റക്കാരനാണെന്ന ഹൈക്കോടതി വിധിക്ക് എതിരെയാണ് ശാന്ത സുപ്രീം കോടതിയെ സമീപിച്ചിരിക്കുന്നത്. വിചാരണക്കോടതി കുഞ്ഞനന്തന് ഒരു ലക്ഷം രൂപ പിഴ വിധിച്ചിരുന്നു. കുഞ്ഞനന്തൻ മരിച്ചതിനാൽ ഈ തുക ശാന്ത നൽകണമെന്നും ഹൈക്കോടതി ഉത്തരവിട്ടിരുന്നു. ഈ ഉത്തരവ് റദ്ദാക്കണമെന്നാണ് ശാന്തയുടെ ആവശ്യം. ടി.പി. ചന്ദ്രശേഖരൻ വധക്കേസിൽ 13ാം പ്രതിയായിരുന്ന പി.കെ. കുഞ്ഞനന്തന് വിചാരണക്കോടതി വിധിച്ചത് ജീവപര്യന്തം തടവ് ശിക്ഷയും ഒരു ലക്ഷം രൂപ പിഴയുമാണ്. പിഴ അടക്കാത്ത സാഹചര്യത്തിൽ രണ്ട് വർഷംകൂടി തടവുശിക്ഷ അനുഭവിക്കണമെന്നും ഉത്തരവിട്ടിരുന്നു. വിധിക്കെതിരായ അപ്പീൽ കേരള ഹൈക്കോടതിയുടെ പരിഗണനയിലായിരുന്നു.

2020ലാണ് കുഞ്ഞനന്തൻ മരിച്ചത്. തുടർന്ന് കേസിൽ കുഞ്ഞനന്തന്റെ ഭാര്യ വി.പി. ശാന്തയെ ഹൈക്കോടതി കക്ഷിചേർക്കുകയായിരുന്നു. കുഞ്ഞനന്തൻ മരിച്ചെങ്കിലും അദ്ദേഹം ടി.പി. വധക്കേസിൽ കുറ്റക്കാരനാണെന്ന് ഹൈക്കോടതി വ്യക്തമാക്കി. വിചാരണക്കോടതി വിധിച്ച പിഴ ശാന്ത നൽകണമെന്നും ഹൈക്കോടതി നിർദേശിച്ചു. ഈ ഉത്തരവിനെതിരെയാണ് ശാന്ത സുപ്രീം കോടതിയിൽ ഹർജി ഫയൽചെയ്തിരിക്കുന്നത്. കേസിൽ ഹൈക്കോടതി വിധിച്ച ശിക്ഷയ്ക്കെതിരെ കെ.സി. രാമചന്ദ്രൻ, ട്രൗസർ മനോജ് എന്നിവർ നൽകിയ ഹർജിയിലും സുപ്രീം കോടതി നോട്ടീസ് അയച്ചു. സംസ്ഥാന സർക്കാർ, കെ.കെ രമ എന്നിവർ ഉൾപ്പടെയുള്ള എതിർ കക്ഷികൾക്കാണ് നോട്ടീസ് അയച്ചത്. ഹർജികൾ ഓഗസ്റ്റ് 20ന് വീണ്ടും പരിഗണിച്ചേക്കും

## ഒറ്റപ്പെട്ട ശക്തമായ മഴ തുടരും

കോഴിക്കോട് : കോഴിക്കോട് ജില്ലയിൽ മൂന്ന് ദിവസം കൂടി ഒറ്റപ്പെട്ട കനത്ത മഴക്ക് സാധ്യതയെന്ന് കാലാവസ്ഥാ നിരീക്ഷണ വകുപ്പ്. ഓറഞ്ച് അലർട്ടാണ് ജില്ലയിൽ പ്രഖ്യാപിച്ചിരിക്കുന്നത്. 24 മണിക്കൂറിനുള്ളിൽ 115 മുതൽ 204 മില്ലി മീറ്റർ വരെ മഴയുണ്ടാകും. അതേസമയ മലപ്പുറം, കണ്ണൂർ, കാസർകോട് ജില്ലയിൽ അതിശക്തമായ മഴക്കാണ് സാധ്യത. ഇവിടെ റെഡ് അലർട്ടാണ് പ്രഖ്യാപിച്ചിരിക്കുന്നത്. മഴക്കൊപ്പം ഒറ്റപ്പെട്ട പ്രദേശങ്ങളിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ട്. ഇതിനാൽ തന്നെ മരങ്ങൾക്കും പരസ്യ പലകയ്ക്കും മറ്റും താഴെ നിൽക്കുന്നവർ ശ്രദ്ധിക്കണം.

സംസ്ഥാനത്ത് കാലവർഷക്കാറ്റ് ശക്തമായതാണ് മഴ തുടരാൻ കാരണം. സമുദ്ര നിരപ്പിൽ നിന്ന് എട്ട് കിലോ മീറ്റർ ഉയരത്തിൽ വരെയുള്ള കാറ്റിന്റെ ദിശ കേരളത്തിന് ലംബമാണ്. ഇതോടൊപ്പം ന്യൂന മർദ്ദങ്ങൾ രൂപപ്പെടുന്നതും മഴ ശക്തമാവാൻ കാരണമാകുന്നു.

## ന്യൂനപക്ഷ ക്ഷേമവകുപ്പിൽ പ്രിൻസിപ്പൽ

തിരുവനന്തപുരം: സംസ്ഥാന ന്യൂനപക്ഷ ക്ഷേമവകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന തൊടുപുഴ, കൊടുങ്ങല്ലൂർ, വളാഞ്ചേരി, വേങ്ങര, തലശ്ശേരി എന്നിവിടങ്ങളിലെ ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങളിലെ പ്രിൻസിപ്പൽ തസ്തികകളിലേക്ക് താൽക്കാലികമായി ഒരു വർഷത്തെ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് യോഗ്യരായവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ യൂണിവേഴ്സിറ്റികൾ, ഗവൺമെന്റ്/ എയ്ഡഡ് കോളജുകൾ എന്നിവിടങ്ങളിൽ നിന്നും പ്രിൻസിപ്പൽ അല്ലെങ്കിൽ അധ്യാപക തസ്തികയിൽ നിന്നും വിരമിച്ചവരോ സർക്കാർ കോളജ്/യൂണിവേഴ്സിറ്റി അധ്യാപക നിയമനത്തിന് യു.ജി.സി/ എ.ഐ.സി.ടി.ഇ നിശ്ചയിച്ചിട്ടുള്ള യോഗ്യതയുള്ളവരോ ആയിരിക്കണം. കൂടുതൽവിവരങ്ങൾ ന്യൂനപക്ഷക്ഷേമവകുപ്പിന്റെ വെബ്സൈറ്റിൽ (www.minoritywelfare.keralagov.in) ലഭ്യമാണ്. ഫോൺ: 0471 2300523, 24.





പി.എസ്.സി കോഴക്കെതിരെ കോഴിക്കോട് ജില്ലാ മുസ്‌ലിം യൂത്ത് ലീഗ് നടത്തിയ വിചാരണ സദസ്സ് മുസ്‌ലിം യൂത്ത് ലീഗ് സംസ്ഥാന ട്രഷറർ പി ഇസ്മായിൽ ഉദ്ഘാടനം ചെയ്യുന്നു

# പി.എസ്.സി കോഴക്കെതിരെ യൂത്ത് ലീഗ് വിചാരണ സദസ്സ്

കോഴിക്കോട്: പി.എസ്.സി കോഴക്കെതിരെ കോഴിക്കോട് ജില്ലാ മുസ്‌ലിം യൂത്ത് ലീഗ് നടത്തിയ വിചാരണ സദസ്സ് സംസ്ഥാന ട്രഷറർ പി ഇസ്മായിൽ ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് മിസ്ഹബ് കീഴരിയൂർ അധ്യക്ഷത വഹിച്ചു. മുസ്‌ലിം ലീഗ് ജില്ലാ ജനറൽ സെക്രട്ടറി ടി.ടി ഇസ്മായിൽ, ആഷിക് ചെലവൂർ, ഷഫീക്ക് അരക്കിണർ, എം.പി ഷാജഹാൻ, എംടി സൈദ് ഫസൽ, എസ്.വി ഷൗലീക്ക്, ശുഐബ് കുന്നത്ത്, ഒ.എം നൗഷാദ്, സിറാജ് ചിറ്റേടത്ത്, സുനീർ കെ.പി, വി അബ്ദുൽ ജലീൽ, എ ഷിജിത്ത് ഖാൻ, ഹാരിസ് കൊത്തിക്കുടി, അർഷുൽ അഹമ്മദ്, അഫ്നാസ് ചോറോട്, പ്രസംഗിച്ചു. ജനറൽ സെക്രട്ടറി ടി മൊയ്തീൻ കോയ സ്വാഗതവും സീനിയർ വൈസ് പ്രസിഡന്റ് സി ജാഫർ സാദിക്ക് നന്ദിയും പറഞ്ഞു.

ഒകെ ഇസ്മായിൽ, റിഷാദ് പുതിയങ്ങാടി,അൻസീർ പനോളി, പി.സി സിറാജ്, കുഞ്ഞിമരക്കാർ, ശിഹാബ് കന്നാട്ടി, എം നസീഫ്, പി.എച്ച് ഷമീർ, കെ.കെ റിയാസ്, ഐ സൽമാൻ, സലാം ചേളന്നൂർ, നിസാർ പറമ്പിൽ, റിയാസ് മാസ്റ്റർ, സി.കെ ഷക്കീർ, സിറാജ് കിണാശ്ശേരി, അൻവർ ഷാഫി, റാഫി മുണ്ടുപാറ, ഷാഫി സക്കരിയ, ഇ.പി സലീം, റഹ്മത്ത് കടലുണ്ടി, പി.കെ ഹകീം മാസ്റ്റർ, റഫീഖ് മാസ്റ്റർ, പി അൻസാർ,കെ.എം സമീർ, കോയമോൻ, നിസാർ തോപ്പയിൽ, കെ ജാഫർ സാദിക്ക്, സുബൈർ വെള്ളിമാട്കുന്ന്, സത്താർ കീഴരിയൂർ, ഹാഫിസ് ഏറാമല, സമദ് നടേരി, ലത്തീഫ് നടുവണ്ണൂർ, സിദ്ധീക്ക് തെക്കയിൽ തുടങ്ങിയവർ സംബന്ധിച്ചു.

## നീലേശ്വരം സ്കൂളും ഡിഎസ്എ പൊന്നാനിയും ജേതാക്കൾ

മുക്കം: പത്താമത് മലബാർ റിവർ ഫെസ്റ്റിവൽ അന്താരാഷ്ട്ര കയാക്കിംഗ് ചാമ്പ്യൻഷിപ്പിന്റെ മുന്നോടിയായി മുക്കം നഗരസഭ സംഘടിപ്പിച്ച വി കുഞ്ഞാലിഹാജി സ്മാരക ട്രോഫിക്കു വേണ്ടിയുള്ള അഖില കേരള കബഡി ചാമ്പ്യൻഷിപ്പ് ആവേശം ജ്വലിച്ച കാഴ്ചയായി.ചാമ്പ്യൻഷിപ്പിൽ വനിതാ വിഭാഗത്തിൽ നീലേശ്വരം ഗവ. ഹയർ സെക്കൻഡറി സ്കൂളും പുരുഷ വിഭാഗത്തിൽ ഡി എസ് എ പൊന്നാനിയും ജേതാക്കളായി.

വനിതാ വിഭാഗത്തിൽ പാലക്കാട് വൈഎംജി യും പുരുഷ വിഭാഗ ത്തിൽ നീലേശ്വരം ഗവ. ഹയർ സെ ക്കൻഡറി സ്ക്കൂളുമാണ് റണ്ണേഴ്സ്‌ലിന്റോ ജോസഫ് എം എൽ എ മത്സരം ഉദ്ഘാടനം ചെയ്തു. നഗരസഭാ ചെയർമാൻ പി ടി ബാബു അധ്യക്ഷനായി. സ്ഥിരം സമിതി അധ്യക്ഷൻ ഇ സത്യനാരായണൻ, യുവജന ക്ഷേമ ബോർഡ് അംഗം ദിപു പ്രേംനാഥ്, അഡ്വഞ്ചർ ടൂറിസം പ്രമോ ഷൻ സൊസൈറ്റി സി ഇ ഒ ബിനു കുര്യാക്കോസ് , മുക്കം ഫയർ ഓഫീസർ അബ്ദുൾ ഗഫൂർ, കൗ ൺസിലർമാരായ ജോഷില സന്തോഷ് അശ്വതി സനൂജ്, എം ടി വേണു ഗോപാൽ, വിശ്വൻ നികുഞ്ജം യൂ ത്ത് കോഡിനേറ്റർ എം ആതിര എന്നിവർ സംസാരിച്ചു.

## ഐ.ടി.ഐ പ്രവേശനം

തിരുവനന്തപുരം: വിവിധ എൻ.സി.വി.ടി/എസ്.സി.വി.ടി ട്രേഡുകളിലേക്കുള്ള ഐ.ടി.ഐ പ്രവേശനത്തിനായുള്ള ഓൺലൈൻ അപേക്ഷകളുടെ വെരിഫിക്കേഷൻ സമയ പരിധി 15ന് അവസാനിക്കും. ഫീസ് ഒടുക്കാനും വെരിഫിക്കേഷൻ നടത്താനുമുള്ള അപേക്ഷകർ ജൂലൈ 15ന് മുൻപ് സമീപത്തുള്ള ഐ.ടി.ഐ സന്ദർശിച്ച് വെരിഫിക്കേഷൻ പൂർത്തിയാക്കണം.


പച്ചക്കറിക്കൃഷിയിൽ തുടർച്ചയായുണ്ടായ നഷ്ടത്തെത്തുടർന്ന് ബാങ്കുവായ്പകൾ തിരിച്ചടയ്ക്കാനാവാതെ മലമ്പുഴ ആനക്കൽ മുതിരംകുന്നിൽ ആത്മഹത്യ ചെയ്ത പി.കെ. വിജയന്റെ വീട് സന്ദർശിച്ച് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ കുടുംബാംഗങ്ങളെ ആശ്വാസിപ്പിക്കുന്നു

# സമഗ്ര കാർഷിക പാക്കേജും ഇൻഷൂറൻസും പ്രഖ്യാപിക്കാൻ സർക്കാർ തയാറാകണം

പാലക്കാട്: കടുത്ത വരൾച്ചയിലും പിന്നാലെ എത്തിയ മഴയിലും ആയിരം കോടിയിലധികം രൂപയുടെ കൃഷിനാശമാണ് സംസ്ഥാനത്തുണ്ടാത്. കാർഷിക മേഖലയിലുണ്ടായ പ്രതിസന്ധിക്ക് പരിഹാരം കാണാൻ സമഗ്ര കാർഷിക പാക്കേജും ഇൻഷൂറൻസും നടപ്പാക്കണമെന്നും പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ പറഞ്ഞു. കാർഷിക വിളകൾ നശിച്ച് കടക്കെണിയിലായതിനെ തുടർന്ന് ആത്മഹത്യ ചെയ്ത ആനക്കൽ മുതിരം കുന്നിൽ പി.കെ വിജയന്റെ വീട് സന്ദർശിച്ച ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. കുട്ടനാട് ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ കർഷകർ ആത്മഹത്യ ചെയ്യുകയാണ്. ഏലത്തിന്റെ വിലയിടിഞ്ഞു. പച്ചത്തേങ്ങ സംഭരണവും പരാജയപ്പെട്ടു. 50000 ടൺ സംഭരിക്കാൻ അനുമതി ലഭിച്ചിട്ടും 10000 ടൺ മാത്രമാണ് സംഭരിച്ചത്. അതേ സമയം തമിഴ്നാട് 75000 ടൺ തേങ്ങയാണ് സംഭരിച്ചത്. എല്ലാ കാർഷിക മേഖലകളും പ്രതിസന്ധിയിലാണ്. കഴിഞ്ഞ കുറെ വർഷങ്ങളായി തുടർച്ചയായി കൃഷിനാശം സംഭവിച്ചതിനെ തുടർന്നുള്ള കടക്കെണിയെ തുടർന്നാണ് മലമ്പുഴ ആനക്കൽ മുതിരംകുന്ന് സ്വദേശി വിജയൻ ആത്മഹത്യ ചെയ്തത്. ആത്മഹത്യ എന്ന് പറയുന്നത് ട്രെൻഡാകുമെന്നാണ് മന്ത്രി പറയുന്നത്. ആത്മഹത്യയെ അത്മഹത്യ എന്നല്ലാതെ എന്താണ് പറയേണ്ടത്.

ഉഷ്ണതരംഗത്തെ തുടർന്നുണ്ടായ വരൾച്ചയിലും അതിനു പിന്നാലെയുണ്ടായ മഴയിലും ആയിരംകോടി രൂപയിലധികം കൃഷിനാശമാണ് സംസ്ഥാനത്തുണ്ടായത്. ഉൽപന്നങ്ങൾക്ക് വിലയില്ലാത്തതും വളം, കീടനാശിനി എന്നിവയും വിലക്കയറ്റവും ഉണ്ടാക്കിയ പ്രതിസന്ധി നിലനിൽക്കെയാണ് കാലാവസ്ഥാമാറ്റവും കൃഷിക്കാരെ പ്രതികൂലമായി ബാധിച്ചത്. പൊതുവിപണിയിൽ തീവിലയാണെങ്കിൽ അതിന്റെ ഗുണം കർഷകർക്ക് ലഭിക്കുന്നില്ല. ഹോർട്ടികോർപ്, വി.എഫ്.സി.കെ എന്നിവയുടെ സംഭരണം പൂർണമായും പാരജയപ്പെട്ടു. ഇടുക്കിയിലെ വട്ടവടയിൽ പോലും സംഭരണം നടക്കുന്നില്ല. ഈ സർക്കാർ ഏജൻസികളും തമിഴ്നാട്ടിൽ നിന്നാണ് പച്ചക്കറി സംഭരിക്കുന്നത്. ഏജന്റുമാർ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് എത്തിക്കുന്ന പച്ചക്കറിയാണ് ഹോർട്ടികോർപ് ഔട്ട്ലെറ്റുകളിലൂടെ വിൽക്കുന്നത്. 51 കോടിയുടെ വിള ഇൻഷുറൻസ് നൽകേണ്ട സ്ഥാനത്ത് ആകെ 6 ലക്ഷം രൂപ മാത്രമാണ് നൽകിയത്. ഈ വിഷയങ്ങളൊക്കെ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. നെല്ല് സംഭരണത്തിന് പകരം നൽകുന്ന പാഡി റെസീപ്റ്റ് ഷീറ്റും കർഷകരെ പ്രതിസന്ധിയിലാക്കുന്നു. സർക്കാർ പണം നൽകാത്തതതിന് കർഷകരുടെ സിബൽ സ്കോറാണ് താഴേയ്ക്ക് പോകുന്നത്. ഇതേത്തുടർന്ന ലോൺ പോലും കിട്ടാത്ത അവസ്ഥയിലാണ് സർക്കാർ. ഒരു നിവൃത്തിയും ഇല്ലാത്തതു കൊണ്ടാണ് പലരും കാർഷികവൃത്തി തുടരുന്നതെന്നും വി.ഡി. സതീശൻ പറഞ്ഞു.

# എം.ടി യുടെ 91–ാം പിറന്നാൾ ആഘോഷമാക്കി കൊച്ചി

## ‘മനോരഥങ്ങളു’ടെ ട്രെയ്‌ലർ പുറത്തിറക്കി

കൊച്ചി: സാഹിത്യത്തിന്റെയും സിനിമയുടെയും വിസ്മയലോകത്തേക്ക് മലയാളികളെ നയിച്ച എം ടി വാസുദേവൻ നായരുടെ തൊണ്ണൂറ്റിയൊന്നാം പിറന്നാൾ ആഘോഷിച്ച് ആരാധകർ. എം ടിയുടെ ഒമ്പത് കഥകളുടെ ചലച്ചിത്രാവിഷ്കാരമായ ‘മനോരഥങ്ങളു’ടെ ട്രെയ്‌ലർ റിലീസ് അദ്ദേഹത്തിനുള്ള മനോഹരമായ പിറന്നാൾ സമ്മാനമായി.

കൊച്ചിയിൽ മലയാളത്തിന്റെ പ്രിയ നടൻ മമ്മൂട്ടിയുൾപ്പെടെയുള്ള താരങ്ങളുടെയും സംവിധായകരുടെയും സാമൂഹ്യസാംസ്കാരിക രാഷ്ട്രീയ രംഗത്തെ പ്രമുഖരുടെയും സാന്നിധ്യത്തിൽ എം ടി പിറന്നാൾ കേക്കും മുറിച്ചു. എംടിയുടെ കഥാപാത്രങ്ങളായി അഭിനയിക്കാൻ കഴിഞ്ഞത് ഭാഗ്യമെന്ന് നടൻ മോഹൻലാൽ പറഞ്ഞു. എംടിയുടെ ഒമ്പത് കഥകളുടെ ഒമ്പത് സിനിമകളാണ് മനോരഥങ്ങൾ. ഇതിൽ ഓളവും തീരവുമെന്ന സിനിമയിലാണ് താൻ അഭിനയിച്ചിരിക്കുന്നതെന്നും ഒത്തിരി പ്രത്യേകത ഈ ചിത്രത്തിനുണ്ടെന്നും ലാൽ ആശംസാ സന്ദേശത്തിൽ പറഞ്ഞു. എംടിയുടെ ചെറുപ്പം അദ്ഭുതപ്പെടുത്തുന്നുവെന്ന് നടൻ മമ്മൂട്ടി. എല്ലാകാര്യങ്ങളേയും കുറിച്ചുള്ള ഏറ്റവും പുതിയ അറിവുകളാണ് എംടിയുടെ ചെറുപ്പമെന്ന്മമ്മൂട്ടി പറഞ്ഞു.എം ടി കുടുംബാംഗമാണെന്ന് മധു. ധാരാളം കൃതികൾ ഇനിയും അദ്ദേഹത്തിൽ നിന്നും കിട്ടാനുണ്ടെന്നും അദ്ദേഹം പറഞ്ഞു. മന്ത്രി പി രാജീവ്, മനോരഥങ്ങൾ സംവിധാനം ചെയ്ത പ്രിയദർശൻ, ജയരാജ്, സിബി മലയിൽ, ബി ഉണ്ണികൃഷ്ണൻ, രഞ്ജിത്ത്, ശ്യാമ പ്രസാദ്, സന്തോഷ് ശിവൻ, മഹേഷ് നാരായണൻ, രതീഷ് അമ്പാട്ട്, താരങ്ങളായ ബിജു മേനോൻ, ഇന്ദ്രജിത്ത്, ആസിഫലി തുടങ്ങിയവരും ആശംസകൾ നേർന്നു. സീ ഫൈവ് ഒടിടി പ്ലാറ്റ്ഫോമിലൂടെയാണ് ചിത്രം ആഗസ്തിൽ പ്രേക്ഷകരിലേക്ക് എത്തുക.

# ‘ചരിത്ര സത്യങ്ങൾ തേടാൻ കൊതിക്കുന്ന രാഷ്ട്രീയ ആധുനികത’: സംവാദം വിത്യസ്തമായി

ശംസുദ്ധീൻ കൂടാളി
ബെംഗളൂരു

സാഹിത്യകാരൻ വിനോദ് കൃഷ്ണയുടെ ‘നയൻ എം.എം ബറേറ്റ’ നോവലിനെ അടിസ്ഥാനമാക്കി ‘ചരിത്ര സത്യങ്ങൾ തേടാൻ കൊതിക്കുന്ന രാഷ്ട്രീയ ആധുനികത’ എന്ന വിഷയത്തിൽ ബൊഗളൂർ മലയാളി റൈറ്റേഴ്സ് ആൻഡ് ആർട്ടിസ്റ്റ്സ് ഫോറവും ബെംഗളൂരു സെക്കുലർ ഫോറവും സംയുക്തമായി സർഗ സംവാദം സംഘടിപ്പിച്ചു. കവി കൽപറ്റ നാരായണൻ മുഖ്യപ്രഭാഷണം നിർവഹിച്ചു. എഴുത്തിൽ ഫിക്ഷൻ അശക്തമാവുകയും യഥാർഥ ജീവിതത്തിൽ ട്രോളുകളും നുണകളുംകൊണ്ട് ഫിക്ഷൻ ശക്തമാവുകയും ചെയ്യുന്ന കാലമാണിതെന്ന് അദ്ദേഹം നിരീക്ഷിച്ചു. കലയും സത്യവും തമ്മിലെ ഇണക്കം വിനോദ് കൃഷ്ണ ഈ നോവലിൽ നന്നായി വരച്ചിടുന്നു. ഫിക്ഷൻ രൂപത്തിൽ എഴുതിയ മനോഹരമായ ഗാന്ധി സ്മാരകമായി ഈ രചന മാറിയിട്ടുണ്ട്. ഈ കാലം അസത്യത്തിന്റെ കാലമാണെന്നും സത്യത്തെ ശക്തിപ്പെടുത്താൻ വേണ്ടി ജീവൻ ത്യജിച്ചയാളാണ് ഗാന്ധിജിയെന്നും അദ്ദേഹം പറഞ്ഞു.

സമകാലിക സാഹിത്യത്തിൽ ഏറെ ചർച്ച ചെയ്യപ്പെട്ട നയൻ എം.എം ബറേറ്റ നോവലിന്റെ ഔദ്യോഗികമായ നൂറാമത്തെ ചർച്ചയാണ് ബെംഗളൂരുവിൽ നടന്നത്. ഇന്ദിരാ നഗർ ഇ.സി.എ ഹാളിൽ വൈകീട്ട് നടന്ന പരിപാടിയിൽ കവയത്രി ഡോ. ബിലു സി നാരായണൻ നോവലിനെ പരിചയപ്പെടുത്തി. ചെറുകഥയായി മാറേണ്ടതിനെ ചരിത്രമായും യഥാർഥ ചരിത്രത്തെ വെറും കഥയായും ചിത്രീകരിക്കുന്ന പുതിയ കാലത്ത് സത്യത്തെ തീക്ഷ്ണതയോടെ പുതിയ കാല വായനക്കായി സമർപ്പിക്കാൻ നോവലിസ്റ്റിന് കഴിഞ്ഞതായി അവർ ചൂണ്ടിക്കാട്ടി.

ബാംഗ്ലൂർ റൈറ്റേഴ്സ് ആൻഡ് ആർട്ടിസ്റ്റ്സ് ഫോറം പ്രസിഡന്റ് ടി.എ. കലിസ്റ്റസ് അധ്യക്ഷത വഹിച്ചു. പ്രോഗ്രാം കോഓഡിനേറ്റർ ശാന്തകുമാർ എലപ്പുള്ളി അതിഥികളെ പരിചയപ്പെടുത്തി. നടനും നാടക പ്രവർത്തകനുമായ പ്രകാശ് ബാരെ ചർച്ച ഉദ്ഘാടനം ചെയ്തു. തങ്കച്ചൻ പന്തളം, സതീഷ് തോട്ടശ്ശേരി, സുദേവൻ പുത്തൻചിറ, ചന്ദ്രശേഖരൻ നായർ, തോമസ്, ആർ.വി. ആചാരി, ഡെന്നീസ് പോൾ, പ്രമോദ് വരപ്രത്ത്, വജീദ് എന്നിവർ സംസാരിച്ചു. ഒ.എൻ.വിയുടെ ‘ഗോതമ്പു മണികൾ’ എന്ന കവിത സൗദ റഹ്മാൻ ആലപിച്ചു. കൽപറ്റ നാരായണനെ ചടങ്ങിൽ പൊന്നാടയണിയിച്ച് ആദരിച്ചു. സി.പി.എ.സി അധ്യക്ഷൻ സി. കുഞ്ഞപ്പൻ സ്വാഗതവും ബാംഗ്ലൂർ റൈറ്റേഴ്സ് ആൻഡ് ആർട്ടിസ്റ്റ്സ് ഫോറം സെക്രട്ടറി മുഹമ്മദ് കുനിങ്ങാട് നന്ദിയും പറഞ്ഞു.

# സുബ്രതോ മുഖർജി;ഫുട്ബാൾ മത്സരങ്ങൾ സമാപിച്ചു

## കോഴിക്കോട്, എറണാകുളം, മലപ്പുറം ജേതാക്കൾ

ശ്രീകൃഷ്ണപുരം: മൂന്ന് ദിവസങ്ങളിലായി ശ്രീകൃഷ്ണപുരം ഹയർസെക്കന്ററി സ്കൂൾ മൈതാനിയിൽ നടന്ന സുബ്രതോ മുഖർജി സംസ്ഥാന സ്കൂൾ ടൂർണമെന്റ് സമാപിച്ചു. സമാപന സമ്മേളനം അഡ്വ.കെ.പ്രേംകുമാർ എം.എൽ. എ ഉദ്ഘാടനം ചെയ്തു. പൊതു വിദ്യാഭ്യാസ ഡയറക്ടർ എസ്.ഷാനവാസ് അധ്യക്ഷത വഹിച്ചു. പി.മമ്മിക്കുട്ടി എം.എൽ.എ സമ്മാനദാനം നിർവഹിച്ചു. സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് യു.ഷറഫലി മുഖ്യാതിഥിയായി.ഫുട്ബാൾ താരം ജിസ്മ മാത്യു സക്കറിയ നേതാക്കളെ അനുമോദിച്ചു. ബ്ലോക്ക്പഞ്ചായത്ത് പ്രസിഡന്റ് സുനിത ജോസഫ്, പഞ്ചായത്ത് പ്രസിഡന്റ് സി.രാജിക എന്നിവർ സംസാരിച്ചു. 17 വയസ്സിനു താഴെയുള്ള ആൺകുട്ടികളുടെ മത്സരത്തിൽ കോഴിക്കോട് ജില്ല ജേതാക്കളായി. മലപ്പുറം രണ്ടാമതെത്തി. എറണാകുളം മാർ ബേസിലെ അത്സാബിത്ത് 6 ഗോളുകൾ നേടി ടോപ് സ്കോററായി. എം.എസ്.പി.എച്ച് എസ്.എസ്സിലെ ഹാശ്മിലിനെ മികച്ച കളിക്കാരനായി തിരഞ്ഞെടുത്തു. പത്തനം തിട്ട റാന്നി എച്ച്. എസ്. എസിലെ അൽഫിൻ ഷാജിയെ മികച്ച ഗോൾ കീപ്പറായി തിരഞ്ഞെടുത്തു. 17 വയസ്സിനു താഴെയുള്ള പെൺകുട്ടികളുടെ മത്സരത്തിൽ എറണാകുളം ജേതാക്കളായി.കണ്ണൂർ രണ്ടാമതെത്തി.എറണാകുളം ജില്ലയിലെ അന്ന സുദർശൻ മികച്ച ഗോൾ വേട്ടക്കാരിയായി. തിരുവനന്തപുരം ജില്ലയിലെ മീനാക്ഷി മികച്ച കളിക്കാരിയായി. എറണാകുളത്തിന്റെ മരിയ ലീമ മികച്ച ഗോൾ കീപ്പറായി തിരഞ്ഞെടുത്തു. 15 വയസ്സിനു താഴെയുള്ള ആൺകുട്ടികളുടെ മത്സരത്തിൽ മലപ്പുറം ജില്ല തിരുവനന്തപുരത്തെ പരാജയപ്പെടുത്തി ജേതാക്കളായി.കാസർക്കോടിന്റെ മുഹമ്മദ് റഹയാൻ മികച്ച ഗോൾ വേട്ടക്കാരാനും, തിരുവനന്തപുരത്തിന്റെ റിമു മികച്ച കളിക്കാരനുമായി.തൃശൂരിന്റെ അലൻ അമൃത്‌രാജ് ആണ് മികച്ച ഗോൾ കാവൽക്കാരൻ.

# പമ്പ്ഡ് സ്റ്റോറേജ് ജലവൈദ്യുത പദ്ധതികളിൽ സ്വകാര്യ സംരംഭകർക്ക് അവസരം

തിരുവനന്തപുരം: പമ്പ്ഡ് സ്റ്റോറേജ് ജല വൈദ്യുത പദ്ധതികളിൽ സ്വകാര്യ സംരംഭകർക്ക് അവസരം നൽകുന്നത് പരിഗണിക്കുന്നതിന്റെ ഭാഗമായി പദ്ധതികളുടെ പ്രാരംഭ പഠന റിപ്പോർട്ട് ഉണ്ടാക്കുന്നതിനുള്ള കൺസൾട്ടന്റ്മാരുടെ താത്പര്യപത്രം ക്ഷണിച്ചു. വൈദ്യുതി അധികമുള്ള സമയങ്ങളിൽ അതുപയോഗിച്ച് വെള്ളം ഉയരത്തിലുള്ള റിസർവോയറിലേക്ക് പമ്പ് ചെയ്ത് സൂക്ഷിച്ച് പീക്ക് സമയങ്ങളിൽ പവർഹൗസ് പ്രവർത്തിപ്പിച്ച് വൈദ്യതി ഉത്പാദിപ്പിക്കാൻ പമ്പ്ഡ് സ്റ്റോറേജ് ജലവൈദ്യുത പദ്ധതി ഉപകരിക്കും. പീക്ക് സമയങ്ങളിലെ വർദ്ധിച്ച വൈദ്യുതി താരിഫ് പ്രശ്നത്തിലും ഫോസിൽ ഇന്ധനത്തിന്റെ അധിക ആശ്രിതത്തിലുള്ള വൈദ്യുതിയുടെ ആവശ്യകത കുറയ്ക്കുക, സൗരോർജ /കാറ്റാടി ഊർജ്ജശേഷിയുടെ കാര്യക്ഷമമായ ഉപയോഗം, ഗ്രിഡ് പരിപാലനം ഇവയിൽ മുതൽ കൂട്ടാകുന്നതാണ് ഇത്തരം പദ്ധതികൾ.

വലിയ നിക്ഷേപം ആവശ്യമായ സാഹചര്യത്തിൽ സ്വകാര്യ മേഖലയുമായി സഹകരിച്ച് പദ്ധതി പൂർത്തീകരിക്കുന്നതാണ്. നിലവിൽ സംരംഭം നടപ്പിൽ വരുത്തുന്നതിന് ഉതകുന്ന, കെ.എസ്.ഇ.ബി ഡാമുകൾ ഉൾപ്പെടാത്ത പത്തിടത്ത് പദ്ധതി സാധ്യത (മലങ്കര ഡാമിന് സമീപം 2 എണ്ണം, പോത്തുണ്ടി ഡാമിനടുത്ത് 2 എണ്ണം, മംഗലം ഡാമിനടുത്ത് 2 എണ്ണം, ചുള്ളിയാർ മലമ്പുഴ കരാപ്പുഴ ഡാമുകൾക്കടുത്ത് ഒന്ന് വീതം, മാങ്കുളം ഭാഗത്ത് ഒന്ന് എന്നിങ്ങനെയാണത്) ഇ.എം. സി കണ്ടെത്തിയിട്ടുണ്ട്. ഇതിനാവശ്യമായ സാധ്യത പഠനം നടത്തുന്നതിനുള്ള താത്പര്യ പത്രമാണ് ഇ. എം. സി ക്ഷണിച്ചത്. കൂടുതൽ വിവരങ്ങൾക്ക്: keralaenergy.gov.in, ഫോൺ: 0471 2594922, 2594924.



ആസ്റ്റർ മിംസുമായി ചേർന്ന് സൗജന്യ ഹൃദയ ശസ്ത്രക്രിയ ‘ലിറ്റിൽ ബീറ്റ്സ് ’ പദ്ധതി സംബന്ധിച്ച ധാരണപത്രം റോട്ടറി കാലിക്കറ്റ് സിറ്റിയും ആസ്റ്റർ മിംസും പരസ്പരം കൈമാറുന്നു.

# സൗജന്യ ഹൃദയ ശസ്ത്രക്രിയ പദ്ധതി പ്രഖ്യാപിച്ചു

കോഴിക്കോട്:റോട്ടറി കാലിക്കറ്റ് സിറ്റിയും ആസ്റ്റർ മിംസ് ആശുപത്രിയും സംയുക്തമായി കുട്ടികൾക്കായി നടത്തുന്ന സൗജന്യ ഹൃദയ ശസ്ത്രക്രിയ പദ്ധതി ‘ലിറ്റിൽ ബീറ്റ്സ്- സേവ് ദി ലിറ്റിൽഹാർട്ട്സ്’ പ്രഖ്യാപിച്ചു. റോട്ടറി കാലിക്കറ്റ് സിറ്റിയുടെ പത്താമത് സ്ഥാനാരോഹണ ചടങ്ങിൽ പദ്ധതിയുടെ പ്രഖ്യാപനം ആസ്റ്റർ മിംസ് ചീഫ് ഓപ്പറേറ്റിങ് ഓഫീസർ ലുഖ്മാൻ പൊന്മാടത്ത് നിർവ്വഹിച്ചു. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് ആശ്വാസമാകുന്ന ഒരു കോടിയോളം രൂപയുടെ വിവിധ ജീവകാരുണ്യ പദ്ധതികളാണ് ഒരു വർഷം കൊണ്ട് നടപ്പിലാക്കുന്നതെന്ന് റോട്ടറി ക്ലബ്ബ് ഭാരവാഹികൾ അറിയിച്ചു. ‘ലിറ്റിൽബീറ്റ്സ്-സേവ്ദിലിറ്റിൽ ഹാർട്ട്സ്’ പദ്ധതി സംബന്ധിച്ച ധാരണ പത്രത്തിലും റോട്ടറി ക്ലബിൽ അംഗങ്ങളായവർക്കും ബന്ധുക്കൾക്കും ലഭിക്കുന്ന ചികിൽസാ പ്രിവിലേജ് ‘ആസ്റ്റർ പരിവാർ’ പദ്ധതിയിലും റോട്ടറി കാലിക്കറ്റ് സിറ്റി പ്രസിഡന്റ് സജിൽ നരിക്കോടൻസ്, ആസ്റ്റർമിംസ് സി.ഒ.ഒ ലുഖ്മാൻ പൊന്മാടത്തും ചേർന്ന് ഒപ്പുവെച്ചു. പ്രസിഡൻറ് സജിൽ നരിക്കോടൻസ്, സെക്രട്ടറി എം.എസ് രാജീവ്, ട്രഷറർ ഡോ. രതീഷ് ലാൽ, റോട്ടറി മുൻ ഡിസ്ട്രിക്ട് ഗവർണർമാരായ കെ ശ്രീധരൻ നമ്പ്യാർ, ഡോ. രാജേഷ് സുഭാഷ്, സോണൽ കോർഡിനേറ്റർ ക്യാപ്റ്റൻ കെ.കെ ഹരിദാസ്, ജി.ജി.ആർ പി.കെ സുരേഷ്, റോട്ടറി അസി ഗവർണർ അഡ്വ. വി.വി ദീപു, ചാർട്ടർ പ്രസിഡന്റ് സി.എം ഉദയഭാനു, ഇലക്റ്റഡ് പ്രസിഡന്റ് ഇ.ബി രതീഷ് കുമാർ തുടങ്ങിയവർ പങ്കെടുത്തു.

## വിമാനം റദ്ദാക്കി

നെടുമ്പാശ്ശേരി: സാങ്കേതിക തകരാറിനെ തുടർന്ന് നെടുമ്പാശ്ശേരിയിൽ നിന്നുള്ള എയർ ഇന്ത്യ വിമാനം റദ്ദാക്കി. ഇന്നലെ രാവിലെ 11 മണിക്ക് ദുബൈയിലേക്ക് പുറപ്പെടേണ്ട വിമാനമാണ് പുറപ്പെടുന്നതിന് ഏതാനും സമയം മുൻപ് റദ്ദാക്കിയത്. പകരം സംവിധാനമാവശ്യപ്പെട്ട് യാത്രക്കാർ വിമാനത്താവളത്തിൽ ബഹളം വച്ചു. പിന്നീട് ഏതാനും പേരെ മറ്റു വിമാനങ്ങളിൽ ദുബായിലേക്ക് യാത്രയാക്കി. ചിലർ ടിക്കറ്റ് റദ്ദ് ചെയ്തു. ബാക്കിയുള്ള യാത്രക്കാരെ ഹോട്ടലുകളിലേക്ക് മാറ്റി, പകരം യാത്രാ സംവിധാനം ഒരുക്കും.

# സ്കോൾ കേരള: പ്ലസ് വൺ പ്രവേശനം പുനരാരംഭിച്ചു

തിരുവനന്തപുരം: താൽക്കാലികമായി നിർത്തി വച്ചിരുന്ന സ്കോൾ-കേരള മുഖേനയുള്ള ഹയർ സെക്കണ്ടറി 2024 25 ബാച്ചിലേക്ക് ഓപ്പൺ റെഗുലർ, പ്രൈവറ്റ് രജിസ്ട്രേഷൻ, സ്പെഷ്യൽ കാറ്റഗറി (പാർട്ട് III) വിഭാഗങ്ങളിലേക്കുള്ള ഒന്നാം വർഷ പ്രവേശനം പുനരാരംഭിച്ചു. പിഴ കൂടാതെ ജൂലൈ 31 വരെയും, 60 രൂപ പിഴയോടെ ഓഗസ്റ്റ് 16 വരെയും ഫീസടച്ച് www.scolekerala.org വഴി ഓൺലൈനായി രജിസ്റ്റർ ചെയ്യാം. ഫീസ് വിവരങ്ങളും രജിസ്ട്രേഷനുള്ള മാർഗനിർദ്ദേശങ്ങളും പ്രോസ്പെക്ടസും സ്കോൾ കേരളയുടെ വെബ്സൈറ്റിൽ ലഭിക്കും. ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കി രണ്ട് ദിവസത്തിനകം നിർദ്ദിഷ്ട രേഖകൾ സഹിതമുള്ള അപേക്ഷ അതത് ജില്ലാകേന്ദ്രങ്ങളിൽ നേരിട്ടോ, സ്പീഡ് / രജിസ്റ്റേർഡ് തപാൽ മാർഗമോ അയച്ചു കൊടുക്കണം. ജില്ലാകേന്ദ്രങ്ങളുടെ മേൽവിലാസം സ്കോൾ-കേരള വെബ്സൈറ്റിലുണ്ട്. സംസ്ഥാന ഓഫീസിൽ അപേക്ഷകൾ സ്വീകരിക്കില്ല. അന്വേഷണങ്ങൾക്ക് : 0471-2342950, 2342271, 2342369.


MF AQUA IONIZER ആദ്യ ഔട്ട്ലെറ്റ് തൃശൂർ പന്നിത്തടത്തിൽ പ്രശസ്ത ഫുട്ബോൾ താരവും MF AQUA IONIZER ബ്രാൻഡ് അംബാസിഡർകൂടിയായ ഐ.എം വിജയൻ ഉദ്ഘാടനം ചെയ്യുന്നു. മുഹമ്മദ് സ്വാലിഹ് അൻവരി ചേകനൂർ, മാനേജിംഗ് ഡയറക്ടർമാരായ മുഹമ്മദ് ഇർഫാൻ ശറഫുദ്ധീൻ ടി.കെ, കരീം പന്നിത്തടം, മുജീബ് റഹ്മാൻ, ഷിബിലി റഹ്മാൻ സമീപം.

# രാജ്യാന്തര ഹ്രസ്വചിത്രമേള ഡെലിഗേറ്റ് രജിസ്ട്രേഷൻ ഇന്നു മുതൽ

തിരുവനന്തപുരം: സംസ്ഥാന ചലച്ചിത്ര അക്കാദമി ജൂലൈ 26 മുതൽ 31 വരെ തിരുവനന്തപുരം കൈരളി, ശ്രീ, നിള തിയേറ്ററുകളിലായി സംഘടിപ്പിക്കുന്ന 16മത് രാജ്യാന്തര ഡോക്യുമെന്ററി, ഹ്രസ്വ ചിത്രമേള (ഐ.ഡി.എസ്.എഫ്.എഫ്.കെ)യിൽ പങ്കെടുക്കുന്നതിനുള്ള ഓൺലൈൻ ഡെലിഗേറ്റ് രജിസ്ട്രേഷൻ ജൂലൈ 16ന് രാവിലെ 10 മണിക്ക് ആരംഭിക്കും. www.idsffk.in എന്ന വെബ്സൈറ്റ് മുഖേന ഓൺലൈൻ ഡെലിഗേറ്റ് രജിസ്ട്രേഷൻ നടത്താവുന്നതാണ്. പൊതു വിഭാഗത്തിന് ജി.എസ്.റ്റി ഉൾപ്പെടെ 590 രൂപയും വിദ്യാർത്ഥികൾക്ക് 354 രൂപയുമാണ് ഡെലിഗേറ്റ് ഫീസ്. ജൂലൈ 16ന് രാവിലെ മുതൽ കൈരളി തിയേറ്ററിൽ സജ്ജീകരിച്ചിരിക്കുന്ന ഡെലിഗേറ്റ് സെൽ മുഖേന ഓഫ് ലൈൻ രജിസ്ട്രേഷൻ നടത്താവുന്നതാണ്. ആറു ദിവസങ്ങളിലായി നടക്കുന്ന മേളയിൽ ഡോക്യുമെന്ററി, ഹ്രസ്വചിത്ര വിഭാഗങ്ങളിലായി 300 ലധികം ചിത്രങ്ങൾ പ്രദർശിപ്പിക്കും.

## പോളിടെക്നിക് ഡിപ്ലോമ ലാറ്ററൽ എൻട്രി പ്രവേശനം: സ്പോട്ട് അഡ്മിഷൻ

തിരുവനന്തപുരം: 2024-25 അധ്യയന വർഷത്തിലെ സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ / എയ്ഡഡ് / ഐഎച്ച്ആർഡി / കേപ്പ് സ്വാശ്രയ പോളിടെക്നിക് കോളജുകളിലെ പോളിടെക്നിക് ഡിപ്ലോമ രണ്ടാം വർഷത്തിലേയ്ക്ക് നേരിട്ടുള്ള ലാറ്ററൽ എൻട്രി പ്രവേശനത്തിന്റെ സ്പോട്ട് അഡ്മിഷൻ ജൂലൈ 19 മുതൽ 20 വരെ അതാതു സ്ഥാപനങ്ങളിൽ നടത്തും. അപേക്ഷകർ ०००.ീഹ്യ മറാശശൈീി.ീൃഴ/ഹലഃ ൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഷെഡ്യൂളിൽ പ്രതിപാദിച്ചിരിക്കുന്ന സമയക്രമമനുസരിച്ച് സ്ഥാപനത്തിൽ നേരിട്ട് ഹാജരാകണം. സ്പോട്ട് അഡ്മിഷനിൽ അപേക്ഷകന് ഏത് സ്ഥാപനത്തിലേയും ഏത് ബ്രാഞ്ചുകളിലേയ്ക്കും പുതിയ ഓപ്ഷനുകൾ നൽകാം. നിലവിൽ ഇതു വരെ അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തവർക്കും ഓൺലൈനായോ നേരിട്ട് സ്ഥാപനത്തിൽ ഹാജരായോ അപേക്ഷ സമർപ്പിക്കാം. നിലവിൽ ലഭ്യമായ ഒഴിവുകൾ www. polyadmission. org/let ലെ വേക്കൻസി പൊസിഷൻ എന്ന ലിങ്ക് വഴി മനസ്സിലാക്കാം. നിലവിലെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർ അത് പരിശോധിച്ച് ഒഴിവുകൾ ലഭ്യമായ പോളിടെക്നിക് കോളജിൽ ഹാജരാകണം.



## ട്രംപിനെതിരെയുള്ള കേസ് തള്ളി

ഫ്ളോറിഡ: അമേരിക്കയുടെ ഔദ്യോഗിക രഹസ്യ രേഖകൾ അനധികൃതമായി കൈവശംവെച്ച കേസിൽ മുൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിനെതിരെയുള്ള ക്രിമിനൽ കേസ് ഫ്ളോറിഡ ജില്ലാ കോടതി ജഡ്ജി അയ്ലീൻ കാനൺ തള്ളി. കേസിൽ സ്പെഷ്യൽ കൗൺസൽ ജാക്ക് സ്മിത്തിന്റെ നിയമനം ഭരണഘടനാ വിരുദ്ധമാണെന്ന് കോടതി ചൂണ്ടിക്കാട്ടി. ട്രംപ് പ്രസിഡന്റായിരിക്കുമ്പോൾ നിയമിതയായ ജഡ്ജിയാണ് അദ്ദേഹത്തിനെതിരെയുള്ള കേസ് തള്ളിയിരിക്കുന്നത്. മുൻ പ്രസിഡന്റെന്ന നിലയിൽ ട്രംപിന് നിയമപരിരക്ഷക്ക് അർഹതയുണ്ടെന്ന് അദ്ദേഹത്തിന്റെ അഭിഭാഷകർ വാദിച്ചു. പ്രസിഡന്റ് പദം ഒഴിഞ്ഞ ശേഷം അനവധി കേസുകളിൽ കുടുങ്ങി കോടതികൾ കയറി ഇറങ്ങുന്ന ട്രംപിന് ഫ്ളോറിഡ കോടതി വിധി വലിയ ആശ്വാസമാണ്.

## മൊഗാദിഷുവിൽ സ്ഫോടനം; 9 മരണം

മൊഗാദിഷു: സോമാലിയൻ തലസ്ഥാനമായ മൊഗാദിഷുവിൽ ഒരു കഫേക്ക് പുറത്തുണ്ടായ ബോംബ് സ്ഫോടനത്തിൽ ഒൻപത് പേർ കൊല്ലപ്പെട്ടു. നിരവധി പേർക്ക് പരിക്കേറ്റു. ആളുകൾ ടിവിയിൽ യൂറോ കപ്പ് ഫൈനൽ കണ്ടുകൊണ്ടിരിക്കെയാണ് സ്ഫോടനമുണ്ടായത്. ആക്രണത്തിന്റെ ഉത്തരവാദിത്തം അൽ ഷബാബ് തീവ്രവാദികൾ ഏറ്റെടുത്തു. രാത്രി കഫേയിൽ തങ്ങുന്ന സർക്കാർ ഉദ്യോഗസ്ഥരെയും സുരക്ഷാ ഉദ്യോഗസ്ഥരെയും ലക്ഷ്യമിട്ടാണ് സ്ഫോടനം നടത്തിയതെന്ന് സംഘടന അറിയിച്ചു.

ഗൾഫ് ചന്ദ്രിക

### വിദേശ വാർത്തകൾ



ഗസ്സയിലെ ഖാൻ യൂനിസിൽ ഇസ്രാഈൽ ബോംബിട്ടു തകർത്ത യു.എൻ സ്കൂളിന്റെ അവശിഷ്ടങ്ങൾക്കിടയിൽ പരിക്കേറ്റ കുട്ടികൾ

# ഗസ്സ: 24 മണിക്കൂറിനിടെ എൺപത് മരണം

ഗസ്സ: സുരക്ഷിത മേഖലയായി പ്രഖ്യാപിച്ചിരുന്ന ദെയ്റുൽ ബലാഹ് ഉൾപ്പെടെ ഗസ്സയുടെ വിവിധ പ്രദേശങ്ങളിൽ ഇസ്രാഈൽ ബോംബാക്രമണം ശക്തമാക്കിയതോടെ ഒൻപത് മാസമായി തുടരുന്ന കൂട്ടക്കുരുതിയിൽ മരണം 38,664 ആയി. 24 മണിക്കൂറിനിടെ 80 പേർ കൊല്ലപ്പെടുകയും 216 പേർക്ക് പരിക്കേൽക്കുകയും ചെയ്തതായി ഗസ്സ ആരോഗ്യമന്ത്രാലയം പറയുന്നു. ദെയ്റുൽ ബലാഹിലെ ജനവാസ കേന്ദ്രത്തിൽ ഒരു പാർപ്പിട സമുച്ചയം ഇസ്രാഈൽ ബോംബിട്ടു തകർത്തു. ആക്രമണത്തിൽ പിഞ്ചു കുഞ്ഞടക്കം മൂന്ന് ഫലസ്തീനികൾ കൊല്ലപ്പെടുകയും നിരവധി പേർക്ക് പരിക്കേൽക്കുകയും ചെയ്തു. കഴിഞ്ഞയാഴ്ചയാണ് ദെയ്റുൽ ബലാഹിലേക്ക് പോകാൻ ഇസ്രാഈൽ സേന ഫലസ്തീനികളോട് ആവശ്യപ്പെട്ടത്.

ആക്രമണം പുനരാരംഭിച്ചതോടെ അഭയാർത്ഥികളായെത്തിയ ഫലസ്തീനികൾ പരിഭ്രാന്തരാണ്. ഖാൻ യൂനിസിൽ ഒരു കിൻഡർഗാർട്ടൻ ഇസ്രാഈൽ സേന തകർത്തു. നുസൈറത്ത് അഭയാർത്ഥി ക്യാമ്പിനുനേരെ ഷെല്ലാക്രണം പുനരാരംഭിച്ചിട്ടുണ്ട്. ബുറെയ്ജ് അഭയാർത്ഥി ക്യാമ്പിലെ അബു ഹുലു സ്കൂളിനുനേരെയുണ്ടായ ഷെല്ലാക്രമണത്തിൽ ഒരാൾക്ക് പരിക്കേറ്റു. റഫയിൽ ഇസ്രാഈലി ഹെലികോപ്ടറുകൾ നടത്തിയ മിസൈലാക്രമണത്തിൽ നിരവധി പേർ കൊല്ലപ്പെട്ടു. പതിനായിരങ്ങൾ ഇപ്പോഴും റഫയിൽ കുടുങ്ങിക്കിടക്കുകയാണ്. യു.എസ് നൽകുന്ന സൈനിക പിന്തുണയാണ് കൂട്ടക്കൊല തുടരാൻ ഇസ്രാഈലിന് ധൈര്യം പകരുന്നതെന്ന് ഗസ്സ ഭരണകൂടത്തിന്റെ മീഡിയ ഓഫീസ് കുറ്റപ്പെടുത്തി. നിരോധിത ആയുധങ്ങൾ പോലും അയച്ചുകൊടുക്കുന്ന യുഎസ് ഭരണകൂടത്തിനും ഗസ്സയിലെ വംശഹത്യയിൽ പങ്കാളിത്തമുണ്ട്. ഫലസ്തീൻ ജനതയോട് അമേരിക്ക ചെയ്തുകൊണ്ടിരിക്കുന്ന ക്രൂരകൃത്യങ്ങളെ അപലപിക്കാൻ ഗസ്സ ഭരണകൂടം ലോകത്തോട് ആവശ്യപ്പെട്ടു. അതേസമയം അധിനിവേശ വെസ്റ്റ്ബാങ്കിൽ ഇസ്രാഈൽ ഒരു സ്ത്രീയടക്കം 15 ഫലസ്തീനികലെ തട്ടിക്കൊണ്ടുപോയി. മുൻ തടവുകാരും അറസ്റ്റിലായവരിൽ പെടും. ഗസ്സയോടൊപ്പം വെസ്റ്റ്ബാങ്കിലും ഇസ്രാഈൽ ആക്രമണം ശക്തമാക്കിയിരിക്കുകയാണ്. ഒക്ടോബർ ഏഴിനശേഷം 9300 പേരെയാണ് ഇസ്രാഈൽ അറസ്റ്റ് ചെയ്തത്.

## ഒരാഴ്ചക്കിടെ ഇസ്രാഈൽ തകർത്തത് അഞ്ച് സ്കൂളുകൾ

ഗസ്സ: വംശഹത്യ തുടരുന്ന ഗസ്സയിൽ എട്ട് ദിവസത്തിനിടെ ഇസ്രാഈൽ ബോംബിട്ടു തകർത്തത് അഞ്ച് സ്കൂളുകൾ. യു.എൻ നിയന്ത്രണത്തിലുള്ള സ്കൂളുകളിൽ തമ്പടിച്ചിരുന്ന നൂറോളം പേർക്കാണ് ആക്രമണങ്ങളിൽ ജീവൻ നഷ്ടമായത്. ഞായറാഴ്ച നുസൈറത്ത് അഭയാർത്ഥി ക്യാമ്പിലെ അബു ഉറൈബാൻ സ്കൂളിൽ 17 പേർ കൊല്ലപ്പെടുകയും എൺപതോളം പേർക്ക് പരിക്കേൽക്കുകയും ചെയ്തു. കൊല്ലപ്പെട്ടവരിൽ ഏറെയും സ്ത്രീകളും കുട്ടികളുമാണ്.
ദെയ്റുൽ ബലാഹിലെ അൽ അഖ്സ ആശുപത്രിയിൽ മാരകമായി പൊള്ളലേറ്റ് നിരവധി പേരെ കൊണ്ടുവന്നതായി അൽജസീറ റിപ്പോർട്ടർ ഹാനി മഹ്മൂദ് പറയുന്നു. ഈ മാസം ഒമ്പതിന് ഖാൻ യൂനിസിലെ അൽ ഔദ സ്കൂളിനുനേരെയുണ്ടായ ആക്രമണങ്ങളിൽ 29 പേർ കൊല്ലപ്പെട്ടിരുന്നു. ഗസ്സ സിറ്റിയിൽ ക്രിസ്ത്യൻ പള്ളിയുടെ ഉടമസ്ഥതയിലുള്ള ഹോളി ഫാമിലി സ്കൂൾ ബോംബിട്ട് തകർത്ത് നാലുപേരെയാണ് ഇസ്രാഈൽ കൊലപ്പെടുത്തിയത്.
ശനിയാഴ്ച സുരക്ഷിത മേഖലയായി പ്രഖ്യാപിക്കപ്പെട്ടിരുന്ന അൽ മവാസിയിലുണ്ടായ വ്യോമാക്രമണത്തിൽ 90 പേർ കൊല്ലപെടുകയും 300ഓളം പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു. ഗസ്സയിൽ എല്ലായിടത്തും എല്ലാ ദിവസവും കൂട്ടക്കൊലകൾ നടക്കുന്നുണ്ടെന്ന് ബ്രിട്ടനിലെ ഫലസ്തീൻ അംബാസഡർ ഹസാം സംലോട്ട് അറിയിച്ചു. ഒക്ടോബർ ഏഴിന് ആക്രമണം തുടങ്ങിയ ശേഷം ഗസ്സയിൽ ഇസ്രാഈൽ 400ലേറെ സ്കൂളുകൾ തകർത്തിട്ടുണ്ട്. ഫലസ്തീനികളെ പുറത്തിറങ്ങാൻ പോലും അനുവദിക്കാതെ ഇസ്രാഈൽ ആക്രമണം തുടരുന്ന സാഹചര്യത്തിൽ 620,000 കുട്ടികൾ സ്കൂളിൽ പോകുന്നില്ല.

## ബെർലിനിൽ ഫലസ്തീൻ ഐക്യദാർഢ്യ റാലിക്കിടെ അക്രമം

ബെർലിൻ: ജർമൻ തലസ്ഥാനമായ ബെർലിനിൽ ഫലസ്തീൻ ഐക്യദാർഢ്യ റാലിക്കുനേരെ പൊലീസ് ആക്രമണം. സംഘർഷത്തിൽ പ്രതിഷേധക്കാരും പൊലീസും ഏറ്റുമുട്ടിയതിനെത്തുടർന്ന് നിരവധി പേർക്ക് പരിക്കേറ്റു. 28 പേരെ അറസ്റ്റ് ചെയ്തു. ഏഴ് പ്രതിഷേധക്കാർക്കും 17 പൊലീസുകാർക്കുമാണ് പരിക്കേറ്റത്. ഗസ്സയിലെ ഇസ്രാഈൽ ആക്രമത്തിനെതിരെ ബെർലിനിൽ ആഴ്ചതോറും പ്രതിഷേധ പരിപാടികൾ നടക്കുന്നുണ്ട്.

പശ്ചിമേഷ്യയിൽ ഇസ്രാഈലിന്റെ കടന്നാക്രമണങ്ങളെ പിന്തുണക്കുന്ന പ്രമുഖ രാജ്യങ്ങളിലൊന്നാണ് ജർമനി. അന്താരാഷ്ട്ര നീതിന്യായ കോടതിയിൽ ഇസ്രാഈലിനെതിരെ ദക്ഷിണാഫ്രിക്ക നൽകിയ വംശഹത്യാ കേസിൽ ജർമനിക്കെതിരെ വിമർശനമുയർന്നിരുന്നു. അതേസമയം ഗസ്സയിൽ എത്രയും വേഗം വെടിനിർത്തൽ പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ട് ജപ്പാനിലെ നാംബയിൽ നടന്ന ഫലസ്തീൻ ഐക്യദാർഢ്യ റാലിയിൽ നൂറുകണക്കിന് ആളുകൾ പങ്കെടുത്തു.



ഗസ്സയിൽ രണ്ടാഴ്ച നീണ്ട ഇസ്രാഈൽ ആക്രമണത്തിൽ തകർന്നടിഞ്ഞ ഷുജായഅ നഗരം. സൈനിക പിന്മാറ്റത്തിനുശേഷമുള്ള ദൃശ്യം

## കൊലയാളി കുറ്റം സമ്മതിച്ചു
## 42 സ്ത്രീകളെ കൊന്ന് മാലിന്യക്കൂമ്പാരത്തിൽ തള്ളി

നെയ്റോബി: കെനിയൻ തലസ്ഥാനമായ നെയ്റോബിയിൽ 42 സ്ത്രീകളെ കൊലപ്പെടുത്തി മൃതദേഹങ്ങൾ മാലിന്യക്കൂമ്പാരത്തിൽ തള്ളിയതായി അറസ്റ്റിലായ പ്രതിയുടെ കുറ്റസമ്മതം. സ്ത്രീകളെ വശീകരിച്ചുകൊണ്ടുപോയ ശേഷം കൊലപ്പെടുത്തി മൃതദേഹങ്ങൾ വെട്ടിനുറുക്കി പ്ലാസ്റ്റിക് ബാഗുകളിലാക്കി മാലിന്യക്കുഴിയിൽ തള്ളുകയായിരുന്നു. നെയ്റോബിക്ക് തെക്ക് മുകുറു ചേരിയിലാണ് മനുഷ്യ മന:സാക്ഷിയെ ഞെട്ടിക്കുന്ന ക്രൂരകൃത്യം നടന്നത്.
ഒൻപത് മൃതദേഹങ്ങൾ ഇതുവരെ കണ്ടെടുത്തിട്ടുണ്ട്. പൊലീസും ക്രിമിനൽ കുറ്റ അന്വേഷണ വിഭാഗവും സംയുക്തമായി നടത്തിയ അന്വേഷണത്തിനൊടുവിൽ ഒരു ബാറിന് സമീപത്തുനിന്നാണ് മുപ്പത്തിമൂന്നുകാരനായ പ്രതിയെ പിടികൂടിയത്. ഇത്രയേറെ സ്ത്രീകളെ കൊലപ്പെടുത്താൻ പ്രതിയെ പ്രേരിപ്പിച്ചത് എന്താണെന്ന് വ്യക്തമല്ല. കേസിൽ മറ്റൊരാളെക്കൂടി പൊലീസ് ചോദ്യം ചെയ്യുന്നുണ്ട്. സംഭവത്തെക്കുറിച്ച് അന്വേഷണം തുടരുകയാണ്. കെനിയയിൽ സർക്കാർ വിരുദ്ധ പ്രക്ഷോഭം തുടരുകയാണ്. അതിനിടെ സ്ത്രീകൾ കൂട്ടക്കൊല ചെയ്യപ്പെട്ടത് ജനങ്ങളെ കൂടുതൽ പ്രകോപിതരാക്കിയിട്ടുണ്ട്.

## ഇമ്രാൻ ഖാന്റെ പാർട്ടിയെ പാക് സർക്കാർ നിരോധിക്കുന്നു

ഇസ്ലാമാബാദ്: മുൻ പ്രധാനമന്ത്രി ഇമ്രാൻ ഖാൻ നേതൃത്വം നൽകുന്ന പാകിസ്താൻ തെഹ്രീകെ ഇൻസാഫ് (പി.ടി.ഐ) പാർട്ടിയെ നിരോധിക്കാൻ പദ്ധതി തയ്യാറാക്കിയതായി പാക് ഭരണകൂടം അറിയിച്ചു. രാജ്യദ്രോഹ പ്രവർത്തനങ്ങൾ ആരോപിച്ചാണ് പി.ടി.ഐ നിരോധിക്കുന്നത്. തെളിവുകളെല്ലാം പരിശോധിച്ച ശേഷമാണ് സർക്കാർ ഇത്തരമൊരു നീക്കംനടത്തുന്നതെന്ന് പാക് ഇൻഫർമേഷൻ മന്ത്രി അതാഉല്ല തരാർ പറഞ്ഞു.
ദേശീയ, പ്രവിശ്യാ അസംബ്ലികളിൽ സംവരണം ചെയ്ത സീറ്റുകളുടെ വിഹിതത്തിന് പി.ടി. ഐക്ക് അർഹതയുണ്ടെന്ന സുപ്രീംകോടതി വിധിക്കു പിന്നാലെയാണ് നിരോധന നീക്കമെന്നതും ശ്രദ്ധേയമാണ്. നിയമ പോരാട്ടത്തിൽ പി.ടി.ഐക്ക് വൻ വിജയം സമ്മാനിച്ച പരമോന്നത കോടതി വിധി സർക്കാരിനെ ആശങ്കയിലാഴ്ത്തിയിട്ടുണ്ട്. ജയിലിൽ കഴിയുന്ന ഇമ്രാൻ ഖാനെ സമീപ കാലത്ത് പല കേസുകളിലും കോടതികൾ കുറ്റമുക്തനാക്കിയിരുന്നു. ഇമ്രാൻ ഖാൻ അധികം വൈകാതെ ജയിലിൽനിന്ന് പുറത്തുകടന്നേക്കുമെന്ന റിപ്പോർട്ടുകൾക്കിടെ അദ്ദേഹത്തിനും പി.ടി.ഐയുടെ മറ്റ് രണ്ടു ഉന്നത നേതാക്കൾക്കുമെതിരെ രാജ്യദ്രോഹക്കുറ്റം ചുമത്താൻ സർക്കാർ ആലോചിക്കുന്നുണ്ട്. ദേശീയ, പ്രവിശ്യാ അസംബ്ലി സീറ്റുകളുടെ കാര്യത്തിൽ സുപ്രീം കോടതി വിധി പുന:പരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് സർക്കാർ അപ്പീൽ നൽകും.
കഴിഞ്ഞയാഴ്ച സുപ്രീം കോടതി പി.ടി.ഐയെ ഒരു രാഷ്ട്രീയ സംഘടനയായി അംഗീകരിച്ചിരുന്നു. തിരഞ്ഞെടുപ്പ് ചിഹ്നമില്ലാത്തത് സ്ഥാനാർത്ഥികളെ നിർത്താനുള്ള പാർട്ടിയുടെ അവകാശത്തെ ബാധിക്കില്ലെന്നും കോടതി ചൂണ്ടിക്കാട്ടി. ഭരണകൂടത്തിന്റെ പരിഭ്രാന്തിയാണ് വ്യക്തമാകുന്നതെന്ന് പി.ടി.ഐ പറയുന്നു.

## ട്രംപിനുനേരെയുള്ള വധശ്രമം: ഇരുട്ടിൽ തപ്പി അന്വേഷണ സംഘം

വാഷിങ്ടൺ: വധശ്രമത്തിൽ നിന്ന് അത്ഭുതകരമായി രക്ഷപ്പെട്ട മുൻ യു.എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് റിപ്പബ്ലിക്കൻ ദേശീയ കൺവെൻഷനിൽ പങ്കെടുക്കാൻ തയാറെടുപ്പ് തുടരുമ്പോൾ വെടിവെപ്പിനെക്കുറിച്ച് അന്വേഷണം ശക്തമാക്കി യു.എസ് ഏജൻസികൾ. റിപ്പബ്ലിക്കൻ പാർട്ടി അനുഭാവിയായ തോമസ് മാത്യു ക്രൂക്ക്സ് എന്ന ഇരുപതുകാരൻ എന്തിനാണ് ട്രംപിനെ വെടിവെച്ചതെന്ന് വ്യക്തമല്ല. ഇതുമായി ബന്ധപ്പെട്ട് സൂചനകളൊന്നും കിട്ടാതെ അന്വേഷണ ഏജൻസികൾ ഇരുട്ടിൽ തപ്പുകയാണ്.
ക്രൂക്ക്സിന്റെ സോഷ്യൽ മീഡിയ പോസ്റ്റുകളെല്ലാം അന്വേഷണ സംഘം പരിശോധിച്ചെങ്കിലും തുമ്പൊന്നും കിട്ടിയില്ലെന്നാണ് റിപ്പോർട്ട്. വെടിവെപ്പിൽ മറ്റാർക്കെങ്കിലും പങ്കുള്ളതായും സൂചനയില്ല. വധശ്രമത്തിന്റെ പശ്ചാത്തലത്തിൽ റിപ്പബ്ലിക്കൻ ദേശീയ കൺവെഷന് വൻ സുരക്ഷാ സന്നാഹങ്ങളാണ് യു.എസ് ഭരണകൂടം ഒരുക്കിയിരിക്കുന്നത്. അതേസമയം വംശീയവും പ്രതിലോമപരവുമായ അജണ്ടകളോടെയാണ് ട്രംപ് മുന്നോട്ടുപോകുന്നതെന്നും അദ്ദേഹത്തിനെതിരെ റിപ്പബ്ലിക്കൻ കൺവെൻഷനിൽ പ്രതിഷേധിക്കുമെന്നും കോലിഷൻ ടു മാർച്ച് നേതാവ് ഉമർ ഫ്ളോറസ് പറഞ്ഞു.



ഐ.എസ്. എം ഖുർആൻ വെളിച്ചം സംസ്ഥാന സംഗമം കോഴിക്കോട്ട് കെ.ജെ.യു സംസ്ഥാന സെക്രട്ടറി ഡോ: ജമാലുദ്ധീൻ ഫാറൂഖി ഉദ്ഘാടനം ചെയ്യുന്നു

## വിഭവ വിനിയോഗ സാക്ഷരത ആർജിക്കണം ഐഎസ്എം വെളിച്ചം സംസ്ഥാന സംഗമം

കോഴിക്കോട് : ദൈവീകവിഭവങ്ങളുടെ വ്യവസ്ഥാപിതവും ആനുപാതികവുമായ വിതരണക്രമം പ്രകൃതിയുടെ നിലനിൽപ്പിന് അനിവാര്യമാണെന്നും വിഭവവിനിയോഗത്തിലെ സൂക്ഷ്മത പ്രകൃതി സന്തുലനത്തെ ബലപ്പെടുത്തുമെന്നും ഐ എസ് എം സംസ്ഥാന സമിതി കോഴിക്കോട് ജെ ഡി ടി കാമ്പസിൽ സംഘടിപ്പിച്ച ഖുർആൻ വെളിച്ചം അന്താരാഷ്ട്ര പഠനപദ്ധതി സംസ്ഥാനതല സംഗമം അഭിപ്രായപ്പെട്ടു. സുസ്ഥിരവികസനം സാധ്യമാക്കാൻ ദൈവീക വിഭവവിനിയോഗ സാക്ഷരത ആർജ്ജിക്കാൻ ഓരോ വ്യക്തിക്കും സാധ്യമാകേണ്ടതുണ്ട്. വിഭവദാതാവായ ദൈവത്തിന്റെ മാർഗദർശനങ്ങൾ വിഭവവിനിമയത്തിലും വിതരണത്തിലും പാലിക്കാൻ മനുഷ്യർക്ക് കഴിയണം. അർഹർക്ക് പ്രാപ്യമല്ലാത്ത വിധം വിഭവങ്ങൾ കയ്യടക്കിവെക്കുന്ന പ്രവണത ഇല്ലാതാക്കണമെന്നും പങ്കുവെക്കലിന്റെ രീതിശാസ്ത്രം പ്രോൽസാഹിപ്പിക്കപ്പെടണമെന്നും വെളിച്ചം സംഗമം അഭിപ്രായപ്പെട്ടു
കെ ജെ യു സംസ്ഥാന സെക്രട്ടറി ഡോ. ജമാലുദ്ധീൻ ഫാറൂഖി സംഗമം ഉദ്ഘാടനം ചെയ്തു. പി ടി അബ്ദുൽമജീദ് സുല്ലമി അധ്യക്ഷത വഹിച്ചു. ഐ എസ് എം സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. കെ ടി അൻവർ സാദത്ത്, എം ജി എം സംസ്ഥാന പ്രസിഡന്റ് സൽമ അൻവാരിയ്യ, എം എസ് എം സംസ്ഥാന സെക്രട്ടറി ശഹീം പാറന്നൂർ, നവാസ് അൻവാരി, ഡോ. ജംഷീദ് ഉസ്മാൻ, ഡോ. ജാബിർ അമാനി, നൗഫൽ ഹാദി, ഫൈസൽ നന്മണ്ട, ഡോ. ഫുഖാർ അലി, അബ്ദുൽ ലത്തീഫ് വൈലത്തൂർ, അബ്ദു റസാഖ് മണ്ണാർക്കാട്, ഇസ്മായിൽ കുന്നുംപുറം, മിസ്ബാഹ് ഫാറൂഖി, നൗഷാദ് കാക്കവയൽ, ഇവി അബ്ബാസ് സുല്ലമി, ടി പി ഹുസൈൻ കോയ സംസാരിച്ചു. സമാപന സമ്മേളനം എം കെ രാഘവൻ എം പി ഉദ്ഘാടനം ചെയ്തു. അബദുൽ കരീം സുല്ലമി അധ്യക്ഷത വഹിച്ചു. സഹൽ മുട്ടിൽ, അഡ്വ. പി എം മുഹമ്മദ് ഹനീഫ്, ശാനിഫ് വാഴക്കാട്, അയ്യൂബ് എടവനക്കാട്, ശംസുദ്ധീൻ അയനിക്കോട്, കെ എൻ സുലൈമാൻ മദനി, ജിസാർ ഇട്ടോളി, അഷ്റഫ് തൊടികപ്പുലം, ശറഫുദ്ധീൻ കടലുണ്ടി, ഫാദിൽ പന്നിയങ്കര, നസിറാജ് തയ്യിൽ, നസീം മടവൂർ, അബ്ദുൽ സത്താർ ഫാറൂഖി സംസാരിച്ചു.

## എ.പി ഉണ്ണികൃഷ്ണൻ സഹവർത്തിത്വത്തിന്റെ സന്ദേശവാഹകൻ: ഡോ.എം.കെ മുനീർ

കോഴിക്കോട്: സ്വന്തം ജീവിതത്തിലൂടെ സഹവർത്തിത്വത്തിന്റെ സന്ദേശം പകർന്ന വ്യക്തിത്വമായിരുന്നു അന്തരിച്ച എ പി ഉണ്ണികൃഷ്ണനെന്ന് ഡോ: എം കെ മുനീർ. സെന്റർ ഫോർ എജ്യുക്കേഷണൽ & സോഷ്യൽ സർവ്വീസ് കോഴിക്കോട് ബാഫഖി യൂത്ത് സെന്ററിൽ സംഘടിപ്പിച്ച അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.സംഘടനാ പ്രവർത്തനത്തിലും തിരഞ്ഞെടുപ്പിന്റെ പോർമുഖങ്ങളിലും വിശ്രമമില്ലാത്ത പ്രവർത്തനങ്ങളിലൂടെ നിറഞ്ഞുനിന്ന അടുത്ത സഹപ്രവർത്തകനെയാണ് അദ്ദേഹത്തിന്റെ വിയോഗത്തോടെ നഷ്ടമായിരിക്കുന്നത്. മുസ്‌ലിം ലീഗ് പാർട്ടി പ്രതിസന്ധികൾ നേരിട്ട കാലത്തെല്ലാം വേദികളിൽ നിന്ന് വേദികളിലേക്കുള്ള ഓട്ടത്തിൽ ഉണ്ണികൃഷ്ണനും കൂടെയുണ്ടായിരുന്നു. കോഴിക്കോട് രണ്ടിലെ തിരഞ്ഞെടുപ്പ് രാഷ്ട്രീയത്തിലേക്കുള്ള അരങ്ങേറ്റം മുതൽ ഉണ്ണികൃഷ്ണനെ അറിഞ്ഞു തുടങ്ങി. പിന്നീട് മലപ്പുറം നിയമസഭാ മണ്ഡലത്തിൽ പാർട്ടി മൽസരിക്കാൻ അവസരം തന്നത് അദ്ദേഹവുമായി കൂടുതൽ ഇടപഴകാൻ അവസരങ്ങളുണ്ടാക്കി. അതൊരു ആത്മബന്ധമായി വളരുകയും ജീവിതാവസാനം വരെ നിലനിറുത്താനും സാധിച്ചു.



സെസ്സ് കോഴിക്കോട് സംഘടിപ്പിച്ച എ.പി ഉണ്ണികൃഷ്ണൻ അനുസ്മരണ സമ്മേളനം ഡോ. എം.കെ മുനീർ ഉദ്ഘാടനം ചെയ്യുന്നു


മതവും ജാതിയും സമൂഹത്തിൽ മതിലുകൾ തീർക്കുന്ന കാലത്ത് വാക്കുകളും പ്രവൃത്തികളും കൊണ്ട് ഉണ്ണികൃഷ്ണൻ തീർത്തത് വിശാലവും ഉദാത്തവുമായ മാതൃകകളാണ്. ഉത്തരേന്ത്യൻ ഗ്രാമങ്ങൾ കേന്ദ്രീകരിച്ച് സാമൂഹിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തി വരുന്ന സെന്റർ ഫോർ എജുക്കേഷണൽ & സോഷ്യൽ സർവ്വീസ് എന്ന കൂട്ടായ്മയിലൂടെ എ പി ഉണ്ണികൃഷ്ണൻ നടത്തിയ സേവനങ്ങളും നിലനിർത്തിയ ആത്മബന്ധങ്ങളും ചടങ്ങിൽ നേതാക്കൾ അനുസ്മരിച്ചു. 'സെസ്സ്' ജനറൽ കൺവീനർ പുള്ളാട്ട് ഷംസുദ്ധീൻ അധ്യക്ഷനായി. മുസ്‌ലിം ലീഗ് സംസ്ഥാന സെക്രട്ടറി യു സി രാമൻ മുഖ്യ പ്രഭാഷണം നടത്തി. ദലിത് ലീഗ് സംസ്ഥാന പ്രസിഡന്റ് ഇ.പി ബാബു, മുൻ എം.എൽ.എ എം.സി ഖമറുദ്ദീൻ, മലപ്പുറം ജില്ലാ പഞ്ചായത്ത് അംഗം ടി.പി.എം ബഷീർ, യൂത്ത് ലീഗ് ദേശീയ കമ്മിറ്റി വൈസ് പ്രസിഡന്റ് ആഷിഖ് ചെലവൂർ, എം.എസ്.എഫ് മലപ്പുറം ജില്ലാ പ്രസിഡന്റ് കബീർ മുതുപറമ്പ്, അഡ്മിൻമാരായ ഇ.കെ സുബൈർ മാസ്റ്റർ, സത്താർ കുറ്റൂർ, വിവിധ ജില്ലകളുടെ പ്രതിനിധികളായ ജബ്ബാർ കളത്തോട്, ഒ.സി ഹംസ, സത്താർ ആരിക്കടി, നാസർ മേപ്പാടി, സമദ് മാവൂർ, ഹുസൈൻ ഊരകം, ഷംസുദ്ദീൻ മണ്ണാർക്കാട്, ഉവൈസ് ഫൈസി ആലപ്പുഴ, ബീരാൻ ഹാജി വെങ്ങാട്, അലി മങ്കര, മുസ്തഫ മച്ചിനടുക്കാം, കെ.എം ഷാഫി വെള്ളിപ്പറമ്പ്, ഇബ്രാഹിം ആലമ്പാടി, ഗഫൂർ ഉളിയിൽ, എം. എ ഖലീൽ റഹ്മാൻ, വി.കെ അമീർ, വി.എ റഹീം കരുവഞ്ചാൽ, വി.പി ജസീം, ശിഹാബ് മേപ്പാടി, എ.കെ സിദ്ധീഖ്, വി.പി ഉനൈസ്, അദ്നാൻ പുളിക്കൽ, മുഹമ്മദ് ആറളം, സഫറുള്ള അരീക്കോട്, എം.കെ മുഹമ്മദ് വിളക്കോട്, നാസർ മേക്കറുമ്പിൽ, പഹീകറലി കരുവാങ്കല്ല് എന്നിവർ പ്രസംഗിച്ചു.

## നക്ഷത്ര ആമകളെ പിടികൂടി

ചെന്നൈ: വിദേശത്തേക്ക് പോകാനെത്തിയ യാത്രക്കാരന്റെ ബാഗിൽ നിന്ന് 138 നക്ഷത്ര ആമകളെ പിടികൂടി. ചെന്നൈ അന്താരാഷ്ട്ര വിമാനത്താവളത്തിലാണ് സംഭവം. കാർട്ടൺ ബോക്സിനുള്ളിൽ ഭദ്രമായി പായ്ക്ക് ചെയ്താണ് ഇത്രയധികം ആമകളെ ഇയാൾ കൊണ്ടുവന്നത്. പിടിയിലായ വ്യക്തി ഇന്ത്യൻ പൗരൻ തന്നെയാണെന്ന് ചെന്നൈ കസ്റ്റംസ് അധികൃതർ അറിയിച്ചിട്ടുണ്ട്. ക്വാലാലംപൂരിലേക്കുള്ള വിമാനത്തിൽ കയറാനെത്തിയതായിരുന്നു യാത്രക്കാരൻ.
യാത്ര പുറപ്പെടുന്നതിന് മുമ്പ് പരിശോധനകൾക്കിടെ ഇയാളെ സംശയം തോന്നിയതോടെയാണ് കസ്റ്റംസ് അധികൃതർ തടഞ്ഞുവെച്ച് വിശദമായ പരിശോധന നടത്തിയത്. കാർട്ടൺ ബോക്സ് തുറന്നപ്പോൾ ഭദ്രമായി പായ്ക്ക് ചെയ്ത നിലയിൽ 138 നക്ഷത്ര ആമകൾ.
വിമാനത്താവള അധികൃതർ വിവരം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ വൈൽഡ് ലൈഫ് കൺട്രോൾ ബ്യൂറോ ഉദ്യോഗസ്ഥർ വിമാനത്താവളത്തിലെത്തി. ഇവർക്ക് കൈമാറിയ ആമകളെ ഗിണ്ടി നാഷണൽ പാർക്കിലേക്കാണ് കൊണ്ടുപോയത്. ഇത് ആദ്യമായല്ല ചെന്നൈ വിമാനത്താവളത്തിൽ നക്ഷത്ര ആമകളെ കടത്താനുള്ള ശ്രമങ്ങൾ പിടിക്കപ്പെടുന്നത്. കഴിഞ്ഞ വ!ർഷം 369 ആമകളെയുമായി എത്തിയ ഒരു യാത്രക്കാരനും 20222ൽ 171 നക്ഷത്ര ആമകളുമായി മറ്റൊരു യാത്രക്കാരനും ഇവിടെ കസ്റ്റംസ് ഉദ്യോഗസ്ഥരുടെ പിടിയിലായിരുന്നു.

## തദ്ദേശ പ്രതിസന്ധി: മുസ്‌ലിം ലീഗ് ജനപ്രതിനിധികളുടെ കലക്ടറേറ്റ് ധർണ്ണക്ക് അന്തിമ രൂപമായി

കോഴിക്കോട് : തദ്ദേശസ്ഥാപനങ്ങൾക്കുള്ള ബജറ്റ് വിഹിതം തടഞ്ഞ സർക്കാർ നിലപാടിനെതിരെ ലോക്കൽ ഗവൺമെൻറ് മെമ്പേഴ്സ് ലീഗിന്റെ ആഭിമുഖ്യത്തിൽ 20ന് നടക്കുന്ന കലക്ടറേറ്റ് ധർണക്ക് വിപുലമായ ഒരുക്കങ്ങൾ. സർക്കാറിന്റെ സാമ്പത്തിക കുരുക്ക് മൂലം തദ്ദേശഭരണം ഗുരുതര പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിലാണ് ജനപ്രതിനിധികൾ പ്രക്ഷോഭ രംഗത്തിറങ്ങിയത്.
ധർണ്ണക്ക് അന്തിമരൂപം നൽകി. പരിപാടിയുടെ വിജയത്തിന് ജില്ലാ കമ്മിറ്റികൾ യോഗം ചേർന്ന് പരിപാടികൾ ആവിഷ്ക്കരിച്ചു. മുസ്‌ലിം ലീഗ് ദേശീയ ജനറൽ സെക്രട്ടറി പി കെ കുഞ്ഞാലിക്കുട്ടി മലപ്പുറത്തും സംസ്ഥാന ജനറൽ സെക്രട്ടറി പി എം എ സലാം കണ്ണൂരിലും പാർലമെന്ററി പാർട്ടി ഉപ നേതാവ് ഡോ. എം കെ മുനീർ കോഴിക്കോട്ടും സംസ്ഥാന ട്രഷറർ സി ടി അഹമ്മദലി കാസർകോടും ധർണ്ണ ഉൽഘാടനം ചെയ്യും. ഇടുക്കിയിൽ മുസ്‌ലിം ലീഗ് സംസ്ഥാന വൈസ് പ്രസിഡണ്ട് ടി എം സലീം , പാലക്കാട് സംസ്ഥാന സെക്രട്ടറി അഡ്വ എൻ ഷംസുദ്ദീൻ എം എൽ എ , തൃശൂരിൽ നജീബ് കാന്തപുരം എം എൽ എ ,വയനാട് മുസ് ലിം ലീഗ് സംസ്ഥാന സെക്രട്ടറി യു സി രാമൻ, എറണാകുളത്ത് സെക്രട്ടറി അഡ്വ മുഹമ്മദ് ഷാ, ആലപ്പുഴയിൽ എൽ ജി എം എൽ സംസ്ഥാന പ്രസിഡണ്ട് കെ ഇസ്മാഈൽ മാസ്റ്റർ, കോട്ടയത്ത് മുസ്ലിം ലീഗ് ജില്ലാ പ്രസിഡണ്ട് അസീസ് ബഡായി , കൊല്ലത്ത് മുസ്ലിം ലീഗ് ജില്ലാ പ്രസിഡണ്ട് നൗഷാദ് യൂനുസ് ,തിരുവനന്തപുരത്ത് മുസ്ലിം ലീഗ് ജില്ലാ പ്രസിഡണ്ട് ബീമാപള്ളി റഷീദ് എന്നിവരും ഉദ്ഘാടനം നിർവഹിക്കും.
എൽ.ജി.എം.എൽ സംസ്ഥാന ഭാരവാഹികളായ പി കെ ഷറഫുദീൻ ( കാസർഗോഡ്), വി വി മുഹമ്മദലി,ഗഫൂർ മാട്ടൂൽ (കണ്ണൂർ ), ശമീമ ടീച്ചർ ( വയനാട്), അഡ്വ. എ.കെ. മുസ്തഫ (കോഴിക്കോട്) സി മുഹമ്മദ് ബഷീർ,അഷ്റഫ് അമ്പലത്തിങ്ങൽ (മലപ്പുറം) കെ.പി വഹീദ (പാലക്കാട്) എം മുഹമ്മദ് ബഷീർ,അഡ്വ. വി.എ മുഹമ്മദ് ഗസ്സാലി ( തൃശൂർ) ആബിദ ശരീഫ (എറണാകുളം) നവാസ് മുണ്ടകത്ത് (ആലപ്പുഴ) എം എ കരീം (ഇടുക്കി) റിയാസ് പ്ലാമൂട്ടിൽ (കോട്ടയം) ശരീഫ് പറവൂർ (കൊല്ലം),സുഫൈജ അബൂബക്കർ, സുജല ചെത്തിൽ (തിരുവനന്തപുരം) പ്രഭാഷണം നടത്തും.




# മിശിഹക്ക് കപ്പ് നമ്പർ 45

## രാജ്യത്തിനായി ആറാമത് കിരീടം

മിയാമി: കപ്പുകൾ സ്വന്തമാക്കുന്നത് ഹരമാക്കിയ അർജൻറീനിയൻ ഇതിഹാസം ഇന്നലെ സ്വന്തമാക്കിയത് കരിയറിലെ 45-ാമത് കിരീടം. രാജ്യത്തിന് വേണ്ടി ആറാമത് കിരീടം. കോപ്പയിൽ നായകൻ മുത്തമിട്ടത് രണ്ടാം തവണ. 2021 ലെ കോപ്പയായിരുന്നു മെസിയുടെ ആദ്യ രാജ്യാന്തര കിരീടം. പിറകെ ഇറ്റലിയെ തകർത്ത് ഫൈനലിസിമ. തൊട്ട്പിറകെ ഖത്തറിൽ ഫ്രാൻസിനെ തകർത്ത് ഏറ്റവും വലിയ കിരീടമായ ലോകകപ്പ്. അതിന് ശേഷം ഇപ്പോൾ വീണ്ടും കോപ്പ. വർഷങ്ങൾക്ക് മുമ്പ് ഒളിംപിക് സ്വർണവും അണ്ടർ-19 ലോകകപ്പുമുണ്ടായിരുന്നു. മെസിക്ക് ക്ലബ് തലത്തിലുള്ളത് 39 കിരീടങ്ങൾ. കരിയറിന്റെ സിംഹ ഭാഗവും ബാർസിലോണയിൽ ചെലവഴിച്ച ഇതിഹാസം പത്ത് തവണയാണ് ലാലീഗ കിരീടത്തിൽ മുത്തം വെച്ചത്. കിംഗ്സ് കപ്പിൽ ഏഴ് തവണ. യുവേഫ ചാമ്പ്യൻസ് ട്രോഫിയിൽ നാല് തവണ. സ്പാനിഷ് സൂപ്പർ കപ്പ് ഉൾപ്പെടെ നിരവധി കിരീടങ്ങൾ. ബാർസ വിട്ട് ഫ്രഞ്ച് ക്ലബായ പി.എസ്.ജിയിലെത്തിയപ്പോൾ അവർക്കായി മൂന്ന് കിരീടങ്ങൾ. അവിടെ നിന്ന് അമേരിക്കൻ മേജർ സോക്കർ ലീഗിൽ ഇന്റർ മിയാമി നിരയിലും ഒരു കപ്പ്.

## ഹാരിക്ക് കപ്പില്ല



ബെർലിൻ: ഇംഗ്ലീഷ് നായകൻ ഹാരി കെയിൻ യൂറോപ്പിലെ വിലയേറിയ മുൻനിരക്കാരനാണ്. 2021 ൽ വെംബ്ലിയിൽ യൂറോ നഷ്ടമായ വേദനയിൽ ഹൃദയം നുറുങ്ങിയ താരത്തിന് ഇന്നലെ ബെർലിനിലും അതേ കാഴ്ച്ചകൾ കാണേണ്ടി വന്നു. മെസി രണ്ട് തവണ സ്വന്തം രാജ്യത്തിന് വൻകരാ കിരീടം സമ്മാനിച്ചപ്പോൾ ഹാരിയിലെ നായകന് ഇത് വരെ ഒരു കിരീടവും ഇംഗ്ലണ്ടിന് സമ്മാനിക്കാനായിട്ടില്ല. ഇന്നലെ വീണ്ടുമൊരു ഫൈനൽ തോൽവി. ഇത്തവണ യൂറോ ഹാരിക്ക് തിരിച്ചടികളായിരുന്നു. കഴിഞ്ഞ യൂറോയിൽ ഗോൾ വേട്ട നടത്തിയ ഹാരിക്ക് ഇത്തവണ മൂന്ന് ഗോളുകൾ നേടാനായി. ടോപ് സ്കോറർ പട്ടത്തിലെ ആറിൽ ഒരാൾ. നിർണായകമായ ഫൈനലിൽ ആദ്യ പകുതിയിൽ നിറം മങ്ങിയ നായകനെ കോച്ച് ഗ്യാരത്ത് സൗത്ത്ഗെയിറ്റ് രണ്ടാം പകുതിയുടെ തുടക്കത്തിൽ തന്നെ തിരിച്ചുവിളിച്ചു. മൽസരാവസാനത്തിൽ ഒസിർസബാലിന്റെ ഗോളിൽ സ്പെയിൻ കപ്പ് സ്വന്തമാക്കിയപ്പോൾ ആ കാഴ്ച്ചയും കാണാനായിരുന്നു സൂപ്പർ താരത്തിന്റെ വിധി.

# ചന്ദ്രിക സ്പോർട്സ്

*ലിയോ (മെസി) വേദന സഹിച്ച് കളിച്ചത് അദ്ദേഹത്തിന് ടീമിനോടുള്ള സ്നേഹം കൊണ്ടാണ്. വേണമെങ്കിൽ അദ്ദേഹത്തിന് മാറി നിൽക്കാം. പക്ഷേ അതിന് അദ്ദേഹത്തിന് കഴിയില്ല. അത്ര മാത്രം ടീമിനെ അദ്ദേഹം സ്നേഹിക്കുന്നു, ടീം അദ്ദേഹത്തെ സ്നേഹിക്കുന്നു. പരുക്കിൽ പുറത്തായ വേളയിലെ ആ സങ്കടം വേദനിക്കുന്ന കാഴ്ച്ചയായിരുന്നു. അത്തരത്തിൽ അദ്ദേഹത്തെ ഞാൻ കണ്ടിട്ടില്ല. അദ്ദേഹത്തിന്റെ സഹകളിക്കാർക്ക് അത് താങ്ങാനാവില്ല. അതാണ് ഞങ്ങളുടെ ടീം. സ്നേഹത്തിന്റെ മഹാസമുദ്രം*

**-ലയണൽ സ്കലോണി**



www.chandrikadaily.com

**BREAKING** സ്വിസ് ഫുട്ബോളർ ഷെർദാൻ ഷക്കീരി രാജ്യാന്തര ഫുട്ബോളിൽ നിന്നും വിരമിച്ചു, യൂറോയിൽ കളിച്ചിരുന്നു

# നീലാകാശം

## കോപ്പയിൽ അർജൻ്റീനയുടെ പതിനാറാമത് മുത്തം

## എയ്ഞ്ചലോ ഡി മരിയയും നിക്കോളാസ് ഓട്ടോമെൻഡിയും വിരമിച്ചു

മിയാമി: അധികസമയത്തിന്റെ രണ്ടാം പകുതിയിൽ സ്ട്രൈക്കർ ലത്തുറോ മാർട്ടിനസ് സ്വന്തമാക്കിയ തകർപ്പൻ ഗോളിൽ കൊളംബിയയെ കീഴ്പ്പെടുത്തി അർജന്റീന പതിനാറാം തവണയും കോപ്പ അമേരിക്ക കിരീടത്തിൽ മുത്തമിട്ടു. അസാധാരണ സാഹചര്യങ്ങളിൽ ഒന്നര മണിക്കൂറോളം വൈകി ആരംഭിച്ച കലാശക്കളിയിൽ ലോക ചാമ്പ്യന്മാർക്കെതിരെ മനോഹരമായി കളിച്ചിട്ടും അവസാനത്തിൽ കരയാനായിരുന്നു കൊളംബിയക്കാരുടെ വിധി. നിശ്ചിത സമയത്ത് ഗോളുകളുണ്ടായിരുന്നില്ല. ഫൈനലിൽ മാത്രം അനുവദിക്കപ്പെട്ട അധികസമയത്തിന്റെ ആദ്യ പകുതിയിലും ഗോൾ പിറന്നില്ല. ഒടുവിൽ 112-ാം മിനുട്ടിൽ ജിയോവനി ലാ സെൽസോ നൽകിയ ത്രൂബോൾ സ്വീകരിച്ചായിരുന്നു ലത്തുറോയുടെ കിടിലൻ ഷോട്ട്. കൊളംബിയക്കാർ ഓഫ് സൈഡ് പരാതി പറഞ്ഞപ്പോൾ വീഡിയോ അസിസ്റ്റൻഡ് റഫറിയുടെ തീരുമാനത്തിലാണ് ഗോളുറപ്പിച്ചത്. ഹാർഡ് റോക്ക് സ്റ്റേഡിയം ഉച്ചയോടെ തന്നെ ആരാധകരാൽ നിറഞ്ഞിരുന്നു. പക്ഷേ പുറത്ത് നിന്നുള്ള തിക്കിലും തിരക്കിലും ടിക്കറ്റ് സ്വന്തമാക്കിയ പലർക്കും അരികിലെത്താനാവാൻ കഴിയാത്ത സാഹചര്യത്തിൽ പൊലീസ് പലവട്ടം ഇടപ്പെട്ടു. ആദ്യ പകുതിയിൽ സുവർണാവസരം കിട്ടിയത് കൊളംബിയക്കാർക്കായിരുന്നു. ജോൺ കോർദോബ അർജൻറീനിയൻ കാവൽക്കാരൻ എമിലിയാനോ മാർട്ടിനസിനെ സാക്ഷിനിർത്തി അടിച്ച പന്ത് പോസ്റ്റിൽ തട്ടി പുറത്തായി. പതിനഞ്ചാം മിനുട്ടിൽ അർജൻറീനയുടെ നിക്കോളാസ് ടാഗ്ലിഫിസോ കൊളംബിയൻ വലയിൽ പന്ത് എത്തിച്ചിരുന്നു. പക്ഷേ ഓഫ് സൈഡ് വിധിക്കപ്പെട്ടു. രണ്ടാം പകുതിയിൽ അർജൻറീനക്ക് കനത്ത തിരിച്ചടിയേറ്റു. ആദ്യ പകുതിയിൽ ഫൗൾ ചെയ്യപ്പെട്ട ഇതിഹാസ നായകൻ ലിയോ മെസി പന്തിനെ പിന്തുടരവെ വീണ് കാര്യമായി പരുക്കേറ്റു. നിറകണ്ണുകളോടെ മെസി മൈതാനം വിട്ടത് വേദനാകാഴ്ച്ചയായി. അവസാന രാജ്യാന്തര മൽസരം കളിക്കുന്ന എയ്ഞ്ചലോ ഡി മരിയ സ്വതസിദ്ധമായ റെയ്ഡുകൾ നടത്തിയപ്പോഴും രണ്ടാം പകുതിയിലും ഗോളുകൾ കണ്ടില്ല. അധികസമയത്തിന്റെ ആദ്യ പകുതിയലും അർജൻറീനക്കാർ കരുത്ത് കാട്ടി. മൽസരം ഷൂട്ടൗട്ടിലേക്ക് പോവുമെന്ന ഘട്ടത്തിലായിരുന്നു ചാമ്പ്യൻഷിപ്പിലെ അഞ്ചാം ഗോളുമായി ലത്തുറോ മാർട്ടിനസ് വിജയശിൽപ്പിയായത്. ഗോൾ നേടിയ ശേഷം ലത്തൂറോ ആദ്യമെത്തിയത് മെസിക്ക് അരികിൽ. ഇരുവരും വാരിപ്പുണർന്ന കാഴ്ച്ചകൾ ടീമിലെ ഐക്യത്തിന്റെയും സന്തോഷത്തിന്റെയും വിളംബരമായി.



എയ്ഞ്ചലോ ഡി മരിയ, നിക്കോളാസ് ഓട്ടോമൻഡി എന്നിവർക്കൊപ്പം കോപ്പ കിരീടവുമായി നായകൻ ലിയോ മെസി



കൊളംബിയക്കെതിരായ കോപ്പ ഫൈനലിനിടെ പരുക്കേറ്റ് പുറത്തായ ലിയോ മെസി ഡഗൗട്ടിലെത്തി പൊട്ടിക്കരയുന്നു. പന്ത് പിന്തുടരുന്നതിനിടെ കാൽകുഴ തെറ്റി മെസി വീഴുകയായിരുന്നു. വീക്കം വന്ന കാൽപാദവും കാണാം.

## ആകാശനീലയിൽ ഇനി ആ രണ്ട് പേരുമില്ല

മിയാമി:എത്രയെത്ര മൽസരങ്ങൾ. എത്രയെത്ര ഗോളുകൾ... ഓർമയില്ലേ 2021 ലെ മരക്കാന കോപ്പ ഫൈനൽ. ബ്രസീൽ വലയിലേക്ക് പന്ത് തട്ടിയ എയ്ഞ്ചലോ ഡി മരിയയെ... ഖത്തർ ലോകകപ്പ് ഫൈനലിൽ ഫ്രാൻസിന്റെ വലയിലേക്ക് ഊളിയിട്ട് കയറിയ പന്തിനെ പായിച്ചയാളെ... ഇനി ആകാശ നീലക്കുപ്പായത്തിൽ അദ്ദേഹമില്ല. മറ്റൊരു കോപ്പ കിരീടം കൂടി രാജ്യത്തിന് സമ്മാനിച്ച് അദ്ദേഹം മടങ്ങുന്നത് ചരിത്രത്തിലേക്ക്. ഇന്നലെ കപ്പ് ഏറ്റുവാങ്ങാനായി മെസി എയ്ഞ്ചലിനെയും വിരമിക്കുന്ന മറ്റൊരു സീനിയർതാരം നിക്കോളാസ് ഓട്ടോമെൻഡിയെയും വിളിച്ചപ്പോൾ അത് ഇരുവർക്കുമുള്ള വലിയ അംഗീകാരവുമായി.

## ഒന്നര മണിക്കൂർ വൈകി, റോഡ്രിഗസ് മികച്ച താരം

മിയാമി: കോപ്പ ഫൈനൽ വൈകിയത് ഒന്നര മണിക്കൂർ. ഇന്ത്യൻ സമയം പുലർച്ചെ 5-30ന് ഷെഡ്യൂൾ ചെയ്ത മൽസരം ഏഴ് മണിയും കഴിഞ്ഞാണ് ആരംഭിച്ചത്. ടിക്കറ്റില്ലാതെ എത്തിയ നൂറ് കണക്കിന് ആരാധകർ ഹാർഡ് റോക്ക് സ്റ്റേഡിയത്തിന് മുന്നിൽ ബഹളം വെച്ചതിനെ തുടർന്ന് വലിയ തുകക്ക് ടിക്കറ്റ് സ്വന്തമാക്കിയവർക്ക് അകത്ത് കയറാൻ കഴിയാത്ത സാഹചര്യമായിരുന്നു. മിയാമിയിലെ കനത്ത ചൂടിൽ മണിക്കൂറുകളോളം ടിക്കറ്റുള്ളവർ അനുഭവിച്ചത് പ്രയാസങ്ങളായിരുന്നു. ടിക്കറ്റെടുത്ത മുഴുവൻ പേരെയും സ്റ്റേഡിയത്തിനകത്ത് പ്രവേശിപ്പിച്ച ശേഷമായിരുന്നു മൽസരം ആരംഭിച്ചത്. പല തവണകളിലായി ആരാധകരും പൊലീസും തമ്മിൽ ഏറ്റുമുട്ടി. നിരവധി പേരെ അറസ്റ്റ് ചെയ്തു. ഇടവേളയിലും 25 മിനുട്ട് നഷ്ടമായി. കൊളംബിയൻ പോപ് ഗായിക ഷക്കീറയുടെ സംഗീത പരിപാടി നടന്നതിനാലാണ് ഇടവേളയും ദീർഘിച്ചത്. കോപ്പ അമേരിക്കയിലെ മികച്ച താരമായി തെരഞ്ഞെടുക്കപ്പെട്ടത് കൊളംബിയൻ നായകൻ ഹാമിഷ് റോഡ്രിഗസ്. ആറ് അസിസ്റ്റുകളും ഒരു ഗോളുമായിരുന്നു അദ്ദേഹത്തിന്റെ സംഭാവന. അഞ്ച് ഗോളുകൾ സ്കോർ ചെയ്ത അർജന്റീനയുടെ ലത്തുറോ മാർട്ടിനസിനാണ് സുവർണ പാദുകം. ക്വാർട്ടറിൽ ഇക്വഡോറിനെതിരെ ഷൂട്ടൗട്ടിൽ മികവ് പ്രകടിപ്പിച്ച അർജൻറീനയുടെ എമിലിയാനോ മാർട്ടിനസാണ് മികച്ച കാവൽക്കാരൻ. ഫെയർ പ്ലേ പുരസ്ക്കാരം കൊളംബിയൻ സംഘത്തിനാണ്.



ബെസ്റ്റ് പ്ലെയർ പുരസ്ക്കാരവുമായി ഹാമിഷ് റോഡ്രിഗസ്

## പൊട്ടിക്കരഞ്ഞ് ഇതിഹാസം

മിയാമി: രണ്ട് വർഷത്തോളമായി മിയാമിക്കാരനാണ് ലിയോ മെസി. ഇന്നലെ കോപ്പ അമേരിക്ക ഫൈനൽ നടന്ന വേദിയിൽ നിന്നും മെസിയുടെ ക്ലബായ ഇന്റർ മിയാമിയിലേക്ക് ഇരുപത് മൈൽ മാത്രം. സൂപ്പർ താരത്തിന്റെ കളി കാണാൻ ആരാധകർ ഒഴുകിയെത്തിയ കാഴ്ച്ചയിൽ ഫൈനൽ വൈകിയത് ഒന്നര മണിക്കൂർ. പക്ഷേ മെസിക്ക് നല്ല ദിവസമായിരുന്നില്ല. ആദ്യ പകുതിയിൽ കൊളബിയക്കാരുടെ ഫൗളിൽ വേദനയിൽ പുളഞ്ഞ താരം രണ്ടാം പകുതിയിൽ പന്ത് പിന്തുടരവെ വീണു. കാര്യമായി പരുക്കേറ്റ അദ്ദേഹം മൽസരത്തിൽ നിന്ന് പിൻവാങ്ങുകയും ചെയ്തു. ബൂട്ട് വലിച്ചെറിഞ്ഞായിരുന്നു മെസി സങ്കടം പ്രകടിപ്പിച്ചത്. ഡഗൗട്ടിൽ ഇരുന്നപ്പോൾ മെസിയുടെ കണ്ണീർ ലോകം കണ്ടു. വിതുമ്പുകയായിരുന്നു അദ്ദേഹം. പിന്നെ അർജൻറീനയുടെ പോരാട്ടം അദ്ദേഹത്തിന് വേണ്ടിയായി. ലത്തുറോയും സംഘവും സർവം മറന്നു. മെസിയെ സാക്ഷിയാക്കി അവർ കൊളംബിയൻ ഗോൾമുഖത്ത് അലമാലകളായി. പക്ഷേ ഗോൾ മാത്രം അകന്നു. മൽസരം അധികസമയത്തേക്ക് പോയപ്പോൾ ഷൂട്ടൗട്ടാണ് പ്രതീക്ഷിക്കപ്പെട്ടത്. അതിനിടെ ജിയോവനി സെൽസോയുടെ സുന്ദരമായ ത്രൂബോൾ. അതിനെ പറന്ന് പിടിച്ച് ലത്തുറോയുടെ ഷോട്ട്. പന്ത് വലയിൽ. ലത്തുറോ പറന്നെത്തിയത് നായകന് അരികിലേക്ക്. ലോംഗ് വിസിലനൊപ്പം ആഹ്ലാദം. വേദന മറന്നും മെസി മൈതാനത്ത് കൂട്ടുകാർക്കൊപ്പം. കപ്പ് സ്വന്തമാക്കാൻ വിളിച്ചപ്പോൾ പ്രിയമിത്രം എയ്ഞ്ചലോ ഡി മരിയയെയും നിക്കോളാസ് ഓട്ടോമെൻഡിയെയും കൂടെ കൂട്ടി. പിന്നെ ആഘോഷം. 2021 ൽ കോപ്പ സ്വന്തമാക്കും വരെ മെസിയെ പലരും കുറ്റം പറഞ്ഞിരുന്നു. രാജ്യത്തിന് വേണ്ടി ഒന്നും സമ്മാനിക്കാത്തവൻ എന്ന് പറഞ്ഞ് നടന്നവർക്ക് മുന്നിൽ മൂന്ന് വർഷത്തിനകം അദ്ദേഹം സ്വന്തമാക്കിയത് ലോകകപ്പും രണ്ട് തവണ കോപ്പയും ഫൈനലിസിമ കിരീടവുമെല്ലാം. പരുക്കിൽ തളരുന്ന താരം അടുത്ത ലോകകപ്പ് വരെ തുടരണമെന്നതാണ് സോക്കർ ലോകത്തിന്റെ ആവശ്യം. പക്ഷേ ഇന്നലെ മിയാമിയിലെ ഡഗൗട്ടിൽ വീർത്ത കാലുമായി ഇരുന്ന ഇതിഹാസം കരിയറിനെ സംബന്ധിച്ച് ഒന്നും പറഞ്ഞില്ല. ഡി മരിയയെ കെട്ടിപിടിക്കുമ്പോൾ അദ്ദേഹത്തിന്റെ കണ്ണുകൾ നിറഞ്ഞിരുന്നു.

# അർമാദം

## അപരാജിതരായി സ്പാനിഷ് കുതിപ്പ്

ബെർലിൻ: ആദ്യ മൽസരത്തിൽ ക്രൊയേഷ്യക്കാരെ മൂന്ന് ഗോളിന് തകർത്ത് തുടങ്ങിയ അപരാജിത യാത്രയിൽ സ്പെയിനിന് യൂറോ കിരീടം. അവസാന മൽസരത്തിൽ ഇന്നലെ കരുത്തരായ ഇംഗ്ലണ്ടിനെ തകർത്താണ് സ്പാനിഷ് അർമാദം ലോകത്തോളം ഉയർന്നത്. 58 വർഷമായി യൂറോ കിരീടത്തിനായി കാത്തിരിക്കുന്ന ഫുട്ബോൾ തറവാട്ടുകാരായ ഇംഗ്ലണ്ട് ഇന്നലെ വീണത് നിശ്ചിത സമയ മൽസരത്തിന്റെ അവസാനത്തിൽ സ്പാനിഷ് സ്ട്രൈക്കർ മൈക്കൽ ഓസിർസബാൽ നേടിയ ഗോളിൽ. വിരസമായ ആദ്യപകുതിക്ക് ശേഷം 22-കാരനായ നികോ വില്ല്യംസ് 47-ാമത് മിനുട്ടിൽ സ്പെയിനിന് നിർണായക ലീഡ് സമ്മാനിച്ചു. ചാമ്പ്യൻഷിപ്പിലെ ഏറ്റവും മികച്ച യുവതാരമായി തെരഞ്ഞെടുക്കപ്പെട്ട ലമീൻ യമാൽ സുന്ദരമായി നൽകിയ ക്രോസ് ഉപയോഗപ്പെടുത്തിയായിരുന്നു നിക്കോയുടെ ഗോൾ. ഈ ഗോളിൽ സ്പെയിൻ കിരീടത്തിലേക്ക് പോകവെയായിരുന്നു 73-ാമത് മിനുട്ടിൽ ജൂഡ് ബെല്ലിങ്ഹാം നൽകിയ ക്രോസിൽ കോൾ പാമർ ഇംഗ്ലീഷ് രക്ഷകനായത്. മൽസരം 1-1 ൽ അധികസമയത്തേക്ക് നീങ്ങുമെന്ന ഘട്ടത്തിൽ മാർക് കുർകുറേല ഇടത് വിംഗിൽ നിന്നും നൽകിയ ക്രോസ് ഭംഗിയായി ഉപയോഗപ്പെടുത്തി മൈക്കൽ ഒസിർസബാൽ ജോനാഥൻ പിക്ഫോർഡ് കാത്ത വലയിൽ വീണ്ടും പന്ത് എത്തിക്കുമ്പോൾ ലോംഗ് വിലിസിന് നാല് മിനുട്ട് മാത്രം ബാക്കി. ജർമൻ ആസ്ഥാനത്ത് നടന്ന ഫൈനലിൽ പ്രതീക്ഷിക്കപ്പെട്ടത് പോലെ സ്പെയിനിന് തന്നെയായിരുന്നു വ്യക്തമായ മുൻത്തൂക്കം. ഇരു വിംഗുകളിലുമായി യമാലും വില്ല്യംസും ഇവർക്ക് മുന്നിൽ അൽവാരോ മോറാത്തയും പിറകിൽ ഡാനി ഒൽമോയുമായി പതിവ് ഗെയിമായിരുന്നു സ്പെയിനിന്റേത്. ആദ്യ പകുതിയിൽ ഇവരുടെ കടന്നാക്രമണത്തെ ചെറുക്കാൻ ഇംഗ്ലീഷ് പ്രതിരോധത്തിനായി. എന്നാൽ ഇടവേളക്ക് ശേഷം കാര്യങ്ങൾ മാറി. വില്ല്യംസ്-യമാൽ സഖ്യം പതിവ് കരുത്തിൽ പ്രഹരിച്ചു. നായകൻ ഹാരി കെയിൻ ഒരിക്കൽ കൂടി നിറം മങ്ങിയ കാഴ്ച്ചയിൽ കോച്ച് ഗ്യാരത്ത് സൗത്ത്ഗെയിറ്റ് യുവതാരങ്ങളെ രംഗത്തിറക്കി. അതിന് മാറ്റവുമുണ്ടായി. പാമറുടെ ഗോൾ ടീമിന് ഊർജ്ജമാവുമെന്ന് കരുതിയെങ്കിൽ സ്പാനിഷ് റീസർവ് ബെഞ്ചിലെ കരുത്ത് ഒരിക്കൽകൂടി അവർക്ക് വിലങ്ങായി. സ്ലോവാക്യ, സ്വിറ്റ്സർലൻഡ്, നെതർലൻഡ്സ് എന്നിവർക്കെതിരെ പിറകിൽ നിന്നുമാണ് ഇംഗ്ലണ്ട് തിരികെ വന്നത്. അത് പോലെ അവർ തിരികെ വരുമെന്ന് കരുതിയെങ്കിൽ സ്പെയിൻ ആത്മവിശ്വാസത്തിന്റെ വലിയ അടയാളമായിരുന്നു. മൽസരാവസാനത്തിൽ ഡെക്ലാൻ റൈസ്, മാർക് ഗുയേ എന്നിവരുടെ ഹെഡ്ഡറുകൾ ഗോൾ ലൈനിൽ നിന്നുമാണ് സ്പെയിൻ രക്ഷപ്പെടുത്തിയത്.



യൂറോ കിരീടവുമായി നായകൻ അൽവാരോ മൊറാത്തയുടെ നേതൃത്വത്തിൽ സ്പാനിഷ് ടീമിന്റെ വിജയാഘോഷം

### യമാൽ മികച്ച യുവതാരം

ബെർലിൻ: യൂറോയിൽ ഇത്തവണ ഏറ്റവും മികച്ച താരം സ്പാനിഷ് മധ്യനിരക്കാരൻ റോഡ്രിഗോ. മികച്ച യുവതാരവും സ്പെയിനിൽ നിന്ന്- ലാമിൻ യമാൽ. പക്ഷേ സ്വർണ പാദുകത്തിന് ആറ് പേർ. മൂന്ന് ഗോളുകൾ വീതം സ്വന്തമാക്കിയ ഹാരി കെയിൻ, സ്പെയിനിന്റെ ഡാനി ഒൽമോ, ജോർജ്ജിയയുടെ ജോർസ് മികതഡ്സെ, നെതർലൻഡ്സിന്റെ കോഡി ഗാക്പോ, സ്ലോവാക്യയുടെ ഇവാൻ ഷറൻസ്, ജർമനിയുടെ ജമാൽ മുസിയാല എന്നിവർ.

## യൂത്താണ് സ്പാനിഷ് വസന്തമുഖം

ബെർലിൻ: സ്പെയിനിന് സ്വപ്നകിരീടം സമ്മാനിച്ചത് രണ്ട് യുവ താരങ്ങൾ. ക്രൊയേഷ്യക്കെതിരായ ആദ്യ മൽസരം മുതൽ വിംഗുകളിലൂടെ പറന്ന് കയറിയവർ. പ്രതിയോഗികൾക്ക് തീരാ തലവേദനയായവർ. ഇന്നലെ ഫൈനലിൽ ഇംഗ്ലണ്ടുകാരും വിയർത്തു ആ പ്രതിഭകൾക്ക് മുന്നിൽ. ലുക് ഷായെ പോലുള്ള സീനിയർ പ്രതിരോധക്കാരെ അണിനിരത്തി രണ്ട് പേരെയും നിയന്ത്രിക്കാനായിരുന്നു ഇംഗ്ലീഷ് കോച്ച് ഗ്യാരത്ത് സൗത്ത്ഗെയിറ്റ് പദ്ധതിയിട്ടത്. ആദ്യ 45 മിനുട്ടിൽ ഇത് വിജയിക്കുകയും ചെയ്തു. പക്ഷേ രണ്ടാം പകുതിയിൽ ഇരുവരും വിംഗുകൾ മാറി. ഇതോടെ ഇംഗ്ലീഷുകാരും പതറി. രണ്ട് മിനുട്ടിനകം അതാ ഗോളുമെത്തി. പന്ത് നൽകിയത് പതിനാറുകാരൻ. ഗോളാക്കായിത് 22 - കാരൻ. ഫൈനലിന് തലേ ദിവസമായിരുന്നു ആ പതിനാറുകാരൻ പതിനേഴുകാരനായത്. അതേ സമയത്താണ് 21-കാരൻ 22 കാരനായത്. ഫ്രാൻസിനെതിരെ നേടിയ അസാമാന്യ ഗോളിൽ ലോകത്തോളം ഉയർന്ന കൗമാരക്കാരൻ ആർക്കും പിടി നൽകാതെ കുതിക്കുകയായിരുന്നു. സ്പാനിഷ് കോച്ച് ലുയിസ് ഡി ലാ ഫ്ളുവൻഡെയെ സമ്മതിക്കണം- ഈ രണ്ട് പേരെയും വിശ്വസിച്ചതിന്. ഇവർക്ക് തുടർച്ചയായി അവസരങ്ങൾ നൽകിയതിന്. യൂറോയുടെ താരങ്ങൾ ഈ യുവ പ്രതിഭകളാണ്. ലമിൻ യമാലും നികോ വില്ല്യംസും.



യൂറോ കിരീടവുമായി സ്പാനിഷ് സംഘത്തിലെ യുവ പ്രതിഭകളായ ലമിൻ യമാലും നികോ വില്ല്യംസും. ഇന്നലെ യമാൽ നൽകിയ ക്രോസിലായിരുന്നു വില്ല്യംസ് ആദ്യ ഗോൾ നേടിയത്

## ജില്ലയിൽ ഇന്ന് ഓറഞ്ച് അലർട്ട്

കൽപറ്റ: ജില്ലയിൽ കാലവർഷം ശക്തി പ്രാപിച്ച സാഹചര്യത്തിൽ കേന്ദ്ര കാലാവസ്ഥ നിരീക്ഷണ വകുപ്പ് ഇന്ന് ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചു. പൊതുജനങ്ങൾ ജാഗ്രത പാലിക്കണമെന്നും ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു.

## വൈദ്യുതി മുടങ്ങും

മാനന്തവാടി: വൈദ്യുത ലൈനിൽ അറ്റകുറ്റ പണി നടക്കുന്നതിനാൽ മാനന്തവാടി സെക്ഷനു കീഴിൽ കട്ടക്കളം, പാണ്ടിക്കടവ്, തഴയങ്ങാടി ഭാഗങ്ങളിൽ ഇന്ന് രാവിലെ ഒൻപത് മുതൽ വൈകുന്നേരം 5.30 വരെ വൈദ്യുതി മുടങ്ങും.

## മഴ ക്യാമ്പ് നടത്തി

മാനന്തവാടി: പഴശ്ശി ഗ്രന്ഥാലയത്തിൽ പ്രവർത്തിക്കുന്ന പരിസ്ഥിതി സംഘടനയായ ഗ്രീൻലവേഴ്സിന്റെ നേതൃത്വത്തിൽ മേപ്പാടി മുണ്ടക്കൈ ഗവ.എൽ.പി. സ്കൂളിൽ വച്ച് ദ്വിദിന മഴ ക്യാമ്പ് നടത്തി.

ഗ്രീൻ ലവേഴ്സ് അഡ്വൈസർ നീതു വിൻസെന്റ് അധ്യക്ഷത വഹിച്ചു. മേപ്പാടി പഞ്ചായത്ത് പ്രസിഡണ്ട് ബാബു ക്യാമ്പ് ഉദ്ഘാടനം ചെയ്തു. റിട്ടേ.വനം വിജിലൻസ് ഉദ്യോഗസ്ഥൻ പ്രഭാകരൻ മുഖ്യപ്രഭാഷണം നടത്തി. പി. ടി. എ. വൈസ് പ്രസിഡണ്ട് അലിസ് വാഫി, വിഷ്ണു എൻ. എം സംസാരിച്ചു.



# പൊതുവാർത്തകൾ

## ഹിജ്റ സംഗമം സംഘടിപ്പിച്ചു

മടക്കിമല: ഹിദായത്തുൽ ഇസ്ലാം സെക്കണ്ടറി മദ്രസ മടക്കിമല ഹിജ്റ സംഗമം സംഘടിപ്പിച്ചു.ഹിജ്റ വർഷത്തിന്റെ മഹത്വത്തെ വിളംബരപ്പെടുത്തുന്നതായിരുന്നു പരിപാടി. മഹല്ല് പ്രസിഡന്റ് മുഹമ്മദലി മങ്കേറ്റികര പരിപാടി ഉദ്ഘാടനം ചെയ്തു.പി.ടി.എ പ്രസിഡണ്ട് നൗഷാദ് പി.പി യോഗ അധ്യക്ഷനായും മഹല്ല് സെക്രട്ടറി ഇസ്മായിൽ പൊത്തൻകോടൻ തുടങ്ങിയവർ സംസാരിച്ചു. ഹിജ്റ വർഷത്തിന്റെ പ്രാധാന്യം എന്ന വിഷയത്തിൽ ഉസ്താദ് ഗഫൂർ റഹ്മാനി വിദ്യാർത്ഥികളുമായി സംവദിച്ചു. എസ്.ബി.വി പ്രസിഡന്റ് അദ്നാൻ വിദ്യാർത്ഥികൾക്ക് മുഹറം പ്രതിജ്ഞ ചൊല്ലി കൊടുത്തു. മുഹമ്മദ് സാദിഖ് ഫൈസി,അബ്ദുറഹീം ഫൈസി,അബ്ദുല്ല മുസ്ലിയാർ,മൻസൂർ മൗലവി, റസാഖ് മൗലവി, സഫ്വാൻ മൗലവി, മോയിൻ കരിമ്പനക്കൽ, അബ്ദുൽ ഖാദർ, യഅ്കൂബ് സംബന്ധിച്ചു.

## പഠനോപകരണങ്ങൾ വിതരണം ചെയ്തു

കൽപ്പറ്റ: എലസ്റ്റൺ എസ്റ്റേറ്റിലെ തൊഴിലാളികളുടെ കുട്ടികൾക്ക് ബാംഗ്ലൂർ പ്രവാസി കോൺഗ്രസ്സ് കമ്മിറ്റിയുടേയും, ആയുഷ് ഇൻസ്റ്റിറ്റ്യൂട്ടിന്റേയും, എം.എൽ.എകെയറിന്റേയും നേതൃത്വത്തിൽ പഠനോപകരണങ്ങൾ വിതരണം ചെയ്തു. കഴിഞ്ഞ കുറച്ച് മാസങ്ങളായി എസ്റ്റേറ്റ് അടച്ചിട്ട സാഹചര്യത്തിൽ സാമ്പത്തികമായി ഏറെ പ്രയാസമനുഭവിക്കുകയാണ് തൊഴിലാളികൾ. ഈ പശ്ചാത്തലത്തിലാണ് കൽപ്പറ്റ നിയോജകമണ്ഡലം എം.എൽ.എ അഡ്വ. ടി.സിദ്ധിഖ് മുൻകൈയെടുത്ത് എസ്റ്റേറ്റിലെ നൂറിലധികം കുട്ടികൾക്കാണ് പഠനോപകരണങ്ങൾ വിതരണം ചെയ്തത്. അഡ്വ.സത്യൻ പുത്തൂർ അദ്ധ്യക്ഷത വഹിച്ചു. അഡ്വ. ടി.സിദ്ധിഖ് എം.എൽ.എ ഉദ്ഘാടനം ചെയ്തു. ആയുഷ് ഗ്രൂപ്പ് ഓഫ് കമ്പനീസ് മാനേജിംഗ് ഡയറക്ടർ ഡോ. ആദർശ്, ഡോ.നകുൽ, പി പി ആലി, ഗിരീഷ് കൽപ്പറ്റ, നജീബ് കരണി, നഗരസഭ മെമ്പർമാരായ രാജാറാണി, സുഭാഷ് പി.കെ സംസാരിച്ചു.

## ക്ഷീരലയം പദ്ധതി: അപേക്ഷ ക്ഷണിച്ചു

കൽപ്പറ്റ: ക്ഷീര വികസന വകുപ്പ് മിൽക്ക് ഷെഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ക്ഷീരലയം (പശു വളർത്തൽ) പദ്ധതിക്ക് അപേക്ഷ ക്ഷണിച്ചു.

കാപ്പി, റബ്ബർ, തേയില എസ്റ്റേറ്റുകളിലെ ലയങ്ങളിൽ താമസിക്കുന്ന 10 തൊഴിലാളികൾക്ക് കമ്മ്യൂണിറ്റി കാറ്റിൽ ഷെഡ് നിർമ്മിച്ച് പശുക്കളെ വാങ്ങി പരിപാലിക്കുന്നതിന് താത്പര്യമുള്ള എസ്റ്റേറ്റ് മാനേജർമാർക്ക് അപേക്ഷിക്കാം. പദ്ധതിക്ക് 80 ശതമാനം ധനസഹായം ലഭിക്കും. അപേക്ഷകൾ സുൽത്താൻ ബത്തേരി, കൽപ്പറ്റ, മാനന്തവാടി, പനമരം ക്ഷീര വികസന സേവന യൂണിറ്റ് ഓഫീസുകളിൽ ജൂലൈ 20 ന് വൈകിട്ട് അഞ്ചിനകം നൽകണം. ഫോൺ- കൽപ്പറ്റ - 9400206167, ബത്തേരി- 9447773180, പനമരം- 7338290215, മാനന്തവാടി- 9847432817.

## എക്സൈസ് ഉദ്യോഗസ്ഥർക്ക് നിയമ പരിജ്ഞാന ക്ലാസ്

കൽപ്പറ്റ: ഇന്ത്യൻ ശിക്ഷാ നിയമം, ക്രിമിനൽ നടപടിക്രമം, ഇന്ത്യൻ തെളിവ് നിയമം എന്നിവയ്ക്ക് പകരമായി രാജ്യത്ത് ജൂലൈ മാസം ഒന്നാം തീയതി മുതൽ നിലവിൽ വന്ന ഭാരതീയ ന്യായ സംഹിത, (ഐ.പി.സി) ഭാരതീയ നാഗരിക സുരക്ഷ സംഹിത(ബി.എൻ.എസ്.എസ്), ഭാരതീയ സാക്ഷ്യ അധീനിയം എന്നീ നിയമങ്ങളെ സംബന്ധിച്ച് വയനാട് ജില്ലയിലെ എക്സൈസ് ഉദ്യോഗസ്ഥർക്ക് നിയമ പരിജ്ഞാന ക്ലാസ് സംഘടിപ്പിച്ചു.സംസ്ഥാനത്ത് ആദ്യമായാണ് ജില്ലയിലെ എക്സൈസ് ഉദ്യോഗസ്ഥർക്ക് നിയമ പരിജ്ഞാന ക്ലാസ് സംഘടിപ്പിച്ചത്. പരിജ്ഞാന ക്ലാസ് അഡീഷണൽ ഡിസ്ട്രിക്ട് ആൻഡ് സെഷൻസ് കോടതി ജഡ്ജ് അനസ്.വി ഉദ്ഘാടനം ചെയ്തതു. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ രാജേഷ് എം അധ്യക്ഷത വഹിച്ചു. വയനാട് ജില്ല വിമുക്തി മാനേജരും അസിസ്റ്റന്റ് കമ്മീഷണറും ആയ ഷാജി എ.ജെ സ്വാഗതം ആശംസിച്ചു. അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ സുധീർ. റ്റി. എൻ സംസാരിച്ചു.

## വിദ്യാഭ്യാസ ധനസഹായത്തിൽ അപേക്ഷിക്കാം

മാനന്തവാടി: താലൂക്കിലെ പ്ലസ് വൺ, ഡിഗ്രി, പിജി പ്രവേശനം നേടിയ പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർഥികൾക്ക് വിദ്യാഭ്യാസ ധനസഹായത്തിന് അപേക്ഷിശ്രാം. അപേക്ഷകർ 2024-25 അധ്യയന വർഷത്തിൽ പ്രവേശനം നേടിയവരും വാർഷിക വരുമാനം 50,000 രൂപയിൽ അധികരിക്കാത്തവരുമായിരിക്കണം.

മറ്റ് ജില്ലകളിൽ പ്രവേശം നേടിയവർക്കും താമസസ്ഥലത്തു നിന്നും ദൂരെയുള്ള സ്ഥാപനങ്ങളിൽ പ്രവേശനം ലഭിച്ചവർക്കും മുൻഗണന. അപേക്ഷയോടൊപ്പം എസ്എസ്എൽസി മാർക്ക് ലിസ്റ്റ്, ജാതി, വരുമാന സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പ്, സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം, ബേങ്ക് പാസ്ബുക്കിന്റെ പകർപ്പ് സഹിതം ജൂലൈ 25 നകം മാനന്തവാടി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിലോ കുഞ്ഞോം, തവിഞ്ഞാൽ, കാട്ടിക്കുളം, മാനന്തവാടി, പനമരം ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളിലോ നൽകണം. ഫോൺ- 04935 240210, മാനന്തവാടി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ് - 9496070376, മാനന്തവാടി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് - 9496070377, തവിഞ്ഞാൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് - 9496070378, കാട്ടിക്കുളം ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് - 9496070379, പനമരം ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് - 9496070375

# വാളത്തൂർ ക്വാറി: കോൺഗ്രസ്സ് സമരത്തിലേക്ക്



വാളത്തൂർ ജനവാസ മേഖലയിലെ ക്വാറി പ്രദേശം അഡ്വ. ടി.സിദ്ധിഖ് എം.എൽ.എ സന്ദർശിക്കുന്നു

കൽപ്പറ്റ: മൂപ്പൈനാട് ഗ്രാമപഞ്ചായത്തിലെ വാളത്തൂർ ജനവാസ മേഖലയിലെ ക്വാറിക്കെതിരെ കോൺഗ്രസ്സ് സമരവുമായി മുന്നോട്ട് പോകുമെന്ന് മൂപ്പൈനാട് മണ്ഡലം കോൺഗ്രസ്സ് കമ്മിറ്റിയുടെ ജനറൽ ബോഡി യോഗത്തിൽ കൽപ്പറ്റ നിയോജകമണ്ഡലം എം.എൽ.എ അഡ്വ. ടി.സിദ്ധിഖ് അറിയിച്ചു. നേരത്തെ ഈ ക്വാറിയുമായി ബന്ധപ്പെട്ട് വില്ലേജ് ഓഫീസിലും, വിവിധങ്ങളായ സമരങ്ങൾ നടന്നിരുന്നു.

ക്വാറി അവിടെ വരുന്നതിന് മുമ്പ് തന്നെ ജനങ്ങൾക്ക് തടസ്സമാകുന്ന സാഹചര്യം ഉണ്ടാവരുതെന്നും ആവശ്യപ്പെട്ടിരുന്നു. നിലവിൽ ക്വാറിക്ക് അനുകൂലമായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഹൈക്കോടതിയിൽ നൽകിയ സത്യവാങ്മൂലം പ്രദേശത്ത് ദുരന്തം ക്ഷണിച്ച് വരുത്താൻ കാരണമാകും. റെഡ്സോണിൽ ഉൾപ്പെട്ട പ്രദേശവും, തൊഴിലുറപ്പ് പണി നടക്കാത്ത പ്രദേശവും, ക്വാറിയിൽ നിന്നും 50 മീ.അകലം പോലുമില്ലാതെ വീടുകളും നൂറ് കണക്കിന് ആളുകൾ ഉപയോഗിക്കുന്ന കുടിവെള്ള ടാങ്കും ഉൾക്കൊള്ളുന്ന അതീവ പരിസ്ഥിതിലോല പ്രദേശവുമാണ്.

ഗ്രാമസഭയും പഞ്ചായത്ത് ഭരണസമിതിയും എതിർത്തിട്ടും ക്വാറിക്ക് വേണ്ടി ഉദ്യോഗസ്ഥർ നിലകൊള്ളുന്നതും ജനങ്ങളോടുള്ള വെല്ലുവിളിയാണെന്നും ക്വാറി പ്രദേശം സന്ദർശിച്ച് കൊണ്ട് എം.എൽ.എ പറഞ്ഞു.

മൂപ്പൈനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി.എൻ ശശീന്ദ്രന്റെ നേതൃത്വത്തിൽ പ്രദേശത്ത് സർവ്വകക്ഷി യോഗം വിളിച്ച് പഞ്ചായത്ത് അടിയന്തിര നടപടികൾ കൈകൊള്ളുമെന്നും എം.എൽ.എ കൂട്ടിച്ചേർത്തു. ബി.സുരേഷ്ബാബു, ജഷീർ പള്ളിവയൽ, ആർ.ഉണ്ണികൃഷ്ണൻ, ജോസ് കണ്ടത്തിൽ, ശിഹാബ് ടി.എം.എ, ജോയി വഞ്ചിത്താനം, കമറുദ്ദീൻ, മോളി റിപ്പൺ സന്ദർശന വേളയിൽ ഉണ്ടായിരുന്നു.

## വിദ്യാർത്ഥികൾക്ക് തെങ്ങുകയറ്റ പരിശീലനം

സുൽത്താൻ ബത്തേരി: പരമ്പരാഗത തൊഴിലുകളോട് കുട്ടികൾക്ക് ആഭിമുഖ്യം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ കുട്ടികൾക്ക് തെങ്ങുകയറ്റ പരിശീലനം നൽകി. ബത്തേരി നിർമ്മല മാതാ പബ്ലിക് സ്കൂൾ വിദ്യാർത്ഥികൾക്കാണ് പരിശീലനം നൽകിയത്. സ്വന്തം ആവശ്യങ്ങൾ നിറവേറ്റാനും പ്രകൃതിയോട് ഇണങ്ങി ജീവിക്കുവാനും കുട്ടികളെ പ്രാപ്തരാക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമാക്കുന്നതെന്ന് സ്കൂൾ അധികൃതർ പറഞ്ഞു. കേരളത്തിന്റെ ഔദ്യോഗിക വൃക്ഷമായ തെങ്ങിനെക്കുറിച്ചും തെങ്ങ് ഉൽപ്പന്നങ്ങളെക്കുറിച്ചും അതിന്റെ പ്രാധാന്യത്തെക്കുറിച്ചും പ്രിൻസിപ്പൽ ഡോ. ഗീതാ തമ്പി കുട്ടികൾക്ക് അവബോധം നൽകി. ചടങ്ങിൽ സ്കൂൾ മാനേജർ ഫാദർ ലിൻസ് ചെറിയാൻ,പ്രിൻസിപ്പൽ ഡോക്ടർ ഗീത തമ്പി എന്നിവർ സംസാരിച്ചു. സ്കൂളിലെ രക്ഷിതാവായ പി.ഡി റിനോഷ് കുട്ടികൾക്ക് പരിശീലനം നൽകി.ആദ്ധ്യാപകരായ ഹിൽഡാ തോമസ് ലിനെറ്റ് ജേക്കബ് എന്നിവർ ചടങ്ങുകൾക്ക് നേതൃത്വം നൽകി.



വിദ്യാർത്ഥികൾക്കായി നടത്തിയ തെങ്ങുകയറ്റ പരിശീലനം.

### താത്കാലിക നിയമനം

മാനന്തവാടി: പി കെ കാളൻ മെമ്മോറിയൽ കോളേജ് ഓഫ് അപ്ലയ്ഡ് സയൻസിൽ അസിസ്റ്റന്റ് പ്രൊഫസർ ഹിന്ദി താത്കാലിക നിയമനം നടത്തുന്നു. ഉദ്യോഗാർത്ഥികൾ യോഗ്യത തെളിയിക്കുന്ന അസ്സൽ രേഖകളുമായി ജൂലൈ 18 ന് രാവിലെ 9.30 ന് കൂടിക്കാഴ്ചക്ക് എത്തണം. ഫോൺ-04935 245484



ഓൾ കേരള കാറ്ററേഴ്സ് അസോസിയേഷൻ ജില്ലാ വാർഷിക ജനറൽ ബോഡി സംസ്ഥാന പ്രസിഡണ്ട് പ്രിൻസ് ജോർജ് ഉദ്ഘാടനം

## കാറ്ററേഴ്സ് അസോസിയേഷൻ ജനറൽ ബോഡി

കൽപ്പറ്റ: ഓൾ കേരള കാറ്ററേഴ്സ് അസോസിയേഷൻ ജില്ലാ വാർഷിക ജനറൽ ബോഡിയും കൂട്ട് കുടുംബ സംഗമവും സംസ്ഥാന പ്രസിഡണ്ട് പ്രിൻസ് ജോർജ് ഉദ്ഘാടനം ചെയ്തു. എസ്എസ്എൽസി, പ്ലസ്ടു തുടങ്ങി വിവിധ പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ മെമ്പർമാരുടെ മക്കളെ ചടങ്ങിൽ അനുമോദിച്ചു. ജില്ലാ പ്രസിഡണ്ട് സി എൻ ചന്ദ്രൻ അധ്യക്ഷത വഹിച്ചു. ജില്ല, സംസ്ഥാന നേതാക്കളായ ജിജിൻ മത്തായി, ബാദുഷ കടലുണ്ടി,കബീർ കെ. കെ,പ്രശാന്ത് ആതിര, പ്രേംചന്ദ് വള്ളിൽ മാത്യു പൂവേലി,കെ സി ജയൻ, ഷിജിത് കുമാർ, സുജേഷ് ചന്ദ്രൻ സംസാരിച്ചു.

## പഠനോപകരണങ്ങൾ വിതരണം ചെയ്തു

കൽപ്പറ്റ: എൽസ്റ്റൺ എസ്റ്റേറ്റിലെ തൊഴിലാളികളുടെ കുട്ടികൾക്ക് ബാംഗ്ലൂർ പ്രവാസി കോൺഗ്രസ് കമ്മിറ്റിയുടേയും, ആയുഷ് ഇൻസ്റ്റിറ്റ്യൂട്ടിന്റേയും, എം എൽ എ കെയറിന്റേയും നേതൃത്വത്തിൽ പഠനോപകരണങ്ങൾ വിതരണം ചെയ്തു. മാസങ്ങളായി എസ്റ്റേറ്റ് അടച്ചിട്ട സാഹചര്യത്തിൽ സാമ്പത്തികമായി ഏറെ പ്രയാസമനുഭവിക്കുകയാണ് തൊഴിലാളികൾ. ഈ പശ്ചാത്തലത്തിലാണ് അഡ്വ. ടിസിദ്ദിഖ് എം എൽ എ മുൻകൈയെടുത്ത് എസ്റ്റേറ്റിലെ നൂറിലധികം കുട്ടികൾക്കാണ് ചടങ്ങിൽ പഠനോപകരണങ്ങൾ വിതരണം ചെയ്തത്.

ചടങ്ങിൽ അഡ്വ.സത്യൻ പുത്തൂർ അധ്യക്ഷത വഹിച്ചു. കൽപ്പറ്റ നിയോജകമണ്ഡലം എം എൽ എ അഡ്വ. ടി സിദ്ദിഖ് ഉദ്ഘാടനം ചെയ്തു. ആയുഷ് ഗ്രൂപ്പ് ഓഫ് കമ്പനീസ് മാനേജിംഗ് ഡയറക്ടർ ഡോ. ആദർശ്, ഡോ.നകുൽ, പി പി ആലി, ഗിരീഷ് കൽപ്പറ്റ, നജീബ് കരണി, നഗരസഭ മെമ്പർമാരായ രാജാറാണി, പി കെ സുഭാഷ് തുടങ്ങിയവർ സംസാരിച്ചു.



പഠനോപകരണങ്ങളുടെ വിതരണോദ്ഘാടനം ടി സിദ്ദിഖ് എം എൽ എ നിർവഹിക്കുന്നു

## ഉമ്മൻചാണ്ടി അനുസ്മരണം നാളെ

കൽപ്പറ്റ: കോൺഗ്രസ് നേതാവ് ഉമ്മൻചാണ്ടിയുടെ ചരമവാർഷിക ദിനത്തിൽ ഐ എൻ ടി യുസി ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ അനുസ്മരണ സമ്മേളനം സംഘടിപ്പിക്കും. 17 ഉച്ചക്ക് മൂന്ന് മണിക്ക് കൽപ്പറ്റ ചന്ദ്രഗിരി ഓഡിറ്റോറിയത്തിൽ വെച്ച് നടക്കുന്ന അനുസ്മരണ പരിപാടി എ ഐ സി സി ജനറൽ സെക്രട്ടറി കെ സി വേണുഗോപാൽ എം.പി ഉദ്ഘാടനം ചെയ്യും. ഐ എൻ ടി യു സി സംസ്ഥാന പ്രസിഡണ്ട് ആർ ചന്ദ്രശേഖരൻ അധ്യക്ഷത വഹിക്കും. കെ പി സി സി പ്രസിഡണ്ട് കെ സുധാകരൻ എം പി ഉമ്മൻചാണ്ടി അനുസ്മരണ പ്രഭാഷണം നടത്തും. ഐ എൻ ടി യു സി ജില്ലാ കമ്മിറ്റി ഉമ്മൻചാണ്ടിയുടെ സ്മരണാർഥം ഏർപ്പെടുത്തിയ മികച്ച ജീവകാരുണ്യ സാമൂഹ്യപ്രവർത്തകക്കുള്ള ഉമ്മൻചാണ്ടി പുരസ്കാരം നർഗീസ് ബീഗത്തിന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ സമ്മാനിക്കും. രമേശ് ചെന്നിത്തല, എം എം ഹസ്സൻ എന്നിവർ ചേർന്ന് നിർധന രോഗികൾക്കുള്ള ചികിത്സാ ധനസഹായ വിതരണം നിർവഹിക്കും.

## അപേക്ഷ ക്ഷണിച്ചു

കൽപ്പറ്റ: കൽപ്പറ്റ ഐ.സി.ഡി.എസ് പ്രൊജക്ട് ഓഫീസിന്റെ പരിധിയിലുള്ള വെങ്ങപ്പള്ളി, കോട്ടത്തറ ഗ്രാമപഞ്ചായത്തുകളിലെ അങ്കണവാടികളിൽ വർക്കർ, ഹെൽപ്പർ തസ്തികകളിലെ പ്രതീക്ഷിത ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ജൂലായ് 31 വരെ അപേക്ഷകൾ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾ കൽപ്പറ്റ ഐ.സി.ഡി.എസ് ഓഫീസിൽ നിന്നും ലഭിക്കും. ഫോൺ 04936 20701

## പ്രവേശനം ആരംഭിച്ചു

കൽപ്പറ്റ: സുൽത്താൻ ബത്തേരി കെൽട്രോൺ നോളജ് സെന്ററിൽ പി.ജ ി.ഡി.സി.എ, പ്രൊഫഷണൽ ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ടീച്ചേഴ്സ് ട്രെയിനിങ് കോഴ്സ്, ഡി.സി.എ, കമ്പ്യൂട്ടർ ഓപ്പറേറ്റിംഗ് ആൻഡ് ഡേറ്റാ എൻട്രി, ഡിപ്ലോമ ഇൻ ടാലി ആൻഡ് അക്കൗണ്ടിംഗ് മാനേജ്മെന്റ് പ്രോഗ്രാമിങ് കോഴ്സുകളിലേക്ക് പ്രവേശനം ആരംഭിച്ചു. താൽപര്യമുള്ളവർ യോഗ്യതാ സർട്ടിഫിക്കറ്റുകളുമായി സെന്ററിൽ നേരിട്ട് എത്തണം. ഫോൺ- 7902281422, 8606446162

## സ്പോട്ട് അഡ്മിഷൻ

മാനന്തവാടി: മേരി മാതാ കോളജിൽ ബിരുദ പ്രോഗ്രാമുകളിലെ ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. കണ്ണൂർ യൂണിവേഴ്സിറ്റിയിൽ രജിസ്റ്റർ ചെയ്ത് മേരി മാതാ കോളേജ് ഓപ്റ്റ് ചെയ്തതിനു ശേഷം ഇതുവരെ അഡ്മിഷൻ ലഭിക്കാത്തവർക്കും മറ്റ് കോളജുകളിൽ അഡ്മിഷൻ എടുത്തവർക്കും, പങ്കെടുക്കാവുന്നതാണ്. 9605747835,94003 81087.

## ലാബ് ടെക്നീഷ്യൻ നിയമനം

മൂപ്പൈനാട്: കുടുംബാരോഗ്യ കേന്ദ്രത്തിൽ ലാബ് ടെക്നീഷ്യനെ നിയമിക്കുന്നു. ഡിഎംഎൽടി/ബിഎസ് സി എംഎൽടി യോഗ്യതയുള്ളവർ ജൂലൈ 17 ന് രാവിലെ 10 ന് മൂപ്പൈനാട് ഗ്രാമപഞ്ചായത്ത് കോൺഫറൻസ് ഹാളിൽ അഭിമുഖത്തിന് എത്തണം. ഫോൺ- 04936 294370

# ഗതാഗത കുരുക്കിലമർന്ന് മേലെ ഗൂഡല്ലൂർ

ഗൂഡല്ലൂർ: ഗൂഡല്ലൂർ-ഊട്ടി ദേശീയപാതയിലെ മേലെ ഗൂഡല്ലൂരിൽ ഗാതഗത കുരുക്ക് രൂക്ഷം. ഇത് വാഹനങ്ങൾക്കും, വഴിയാത്രകാർക്കും ദുരിതമാകുന്നു. റോഡിന് വീതി കുറഞ്ഞത് കാരണം പ്രദേശത്തുണ്ടാകുന്ന ഗതാഗതകുരുക്ക് വാഹനങ്ങൾക്കും, ജനങ്ങൾക്കും ഒരു പോലെ തീരാശാപമായി മാറിയിരിക്കയാണ്.

ഈ പാതയിലൂടെ ദിനംപ്രതി നൂറുകണക്കിനു വാഹനങ്ങളാണ് ഓടികൊണ്ടിരിക്കുന്നത്. റോഡിന്റെ വീതി കുറവാണ് ഗതാഗതകുരിക്കിനുള്ള പ്രധാന കാരണം. ഊട്ടി-ഗൂഡല്ലൂർ ദേശീയപാത വീതി കൂട്ടുന്ന പ്രവൃത്തി ജോലി തൊണ്ണൂർ ശതമാനവും പുരോഗമിച്ചു കഴിഞ്ഞിട്ടുണ്ട്. വിനോസഞ്ചാര കേന്ദ്രങ്ങളായ ഊട്ടി, കുന്നൂർ, കോത്തഗിരി തുടങ്ങിയ പ്രദേശങ്ങളിലേക്ക് കേരള, കർണാട സംസ്ഥാനങ്ങളുടെ വിവിധ ഭാഗങ്ങളിൽ നിന്നും വരുന്ന ടൂറിസ്റ്റ് വാഹനങ്ങൾക്ക് പുറമെ കേരള, കർണാടക, തമിഴ്നാട് സംസ്ഥാനങ്ങളുടെ ട്രാൻസ്പോർട്ട് ബസുകൾക്കും, മറ്റുള്ള വാഹനങ്ങൾക്കും കടന്നുപോകുവാനുള്ള ഏക മാർഗം ഇതു വഴിയാണ്. റോഡിന്റെ വീതി കുറവ് കാരണം ഇവിടെയുണ്ടാകുന്ന വെച്ചുണ്ടാകുന്ന ഗതാഗത കുരുക്കിനു കയ്യും കണക്കുമില്ല. ദേശീയപാതയിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാനായി റോഡ് വീതികൂട്ടുകയോ, അല്ലെങ്കിൽ ബദൽസംവിധാനം കൊണ്ട് വരണമെന്ന ആവശ്യം ഉയർന്നിരിക്കയാണ്.



ദേശീയപാതയിലെ മേലെഗൂഡല്ലൂർ റോഡിൽ വീതി കുറഞ്ഞഭാഗം

# കൽപ്പറ്റ വെറ്ററിനറി ഹോസ്പിറ്റൽ ഉപരോധിച്ചു



ക്ഷീര കർഷകരുടെ നേതൃത്വത്തിൽ കൽപ്പറ്റ വെറ്ററിനറി ഹോസ്പിറ്റൽ ഉപരോധിക്കുന്നു.

കൽപ്പറ്റ: കൽപ്പറ്റ ചീഫ് വെറ്റിനറി ഹോസ്പിറ്റലിലെ ഡോക്ടർമാരുടെ അനാസ്ഥ കാരണം സൈതലവി ചൊക്ലി എന്ന ക്ഷീര കർഷകന്റെ പശു ചത്തതിൽ പ്രതിഷേധിച്ച് ക്ഷീര കർഷകരുടെ നേതൃത്വത്തിൽ കൽപ്പറ്റ ചീഫ് വെറ്ററിനറി ഹോസ്പിറ്റൽ ഉപരോധിച്ചു.

കർഷകരുടെ കന്നുകാലികൾക്ക് ചികിത്സ ആവശ്യമായി വരുന്ന ഘട്ടത്തിൽ ഡോക്ടർമാരുടെ സേവനം ലഭിക്കുന്നില്ലെന്ന് ഉപരോധക്കാർ ആരോപിച്ചു. ഈ സ്ഥാപനത്തിലെ ചില ജീവനക്കാരുടെ പ്രവർത്തനങ്ങളിൽ പ്രതിഷേധിച്ച് ഇതിനുമുമ്പും കർഷകർ സമരം നടത്തിയിരുന്നു. ചീഫ് വെറ്ററിനറി ഓഫീസറുടെ ചാർജ് വഹിക്കുന്ന ഡോക്ടർ മനോജുമായി സമരക്കാർ ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ പശു നഷ്ടപ്പെട്ട ക്ഷീര കർഷകന് നഷ്ടപരിഹാരം നൽകുമെന്നും, കർഷകരുടെ പരാതികൾ പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമെന്നും അദ്ദേഹം ഉറപ്പു നൽകിയതിന്റെ അടിസ്ഥാനത്തിൽ ഉപരോധം അവസാനിപ്പിച്ചു. ഉപരോധ സമരം ഐഎൻടിയുസി ജില്ലാ പ്രസിഡണ്ട് പി പി ആലി ഉദ്ഘാടനം ചെയ്തു. പി കെ മുരളി അധ്യക്ഷത വഹിച്ചു. ഗിരീഷ് കൽപ്പറ്റ, അലവി വടക്കേതിൽ, അരുൺദേവ്, ബിജു കരിമത്തിൽ, എം എം മാത്യു, ബാബു മാത്യു, നാസർ വെങ്ങപ്പള്ളി, എം.എം കാർത്തികേയൻ ടി,സാദത്ത്, ഷാജഹാൻ മുണ്ടേരി സംസാരിച്ചു.

## സീറ്റൊഴിവ്

പെരിയ:കേരള കേന്ദ്ര സർവകലാശാലയിൽ എം.എ. കന്നഡയിൽ ഒഴിവുകളുള്ള സീറ്റുകളി ലേക്ക് ജൂലൈ 22നും 29നും സ്പോട്ട് അഡ്മിഷൻ നടത്തുന്നു. താത്പര്യമുള്ളവർ അന്നേ ദിവസങ്ങളിൽ രാവിലെ 9.30ന് പെരിയ ക്യാമ്പസ്സി ലുള്ള പഠന വകുപ്പിൽ എത്തിച്ചേരേണ്ടതാണ്. ഫോൺ: 9964022582. കേരള കേന്ദ്ര സർവകലാശാലയിൽ എം.എസ്.സി. ജിനോമിക് സയൻസിൽ എസ്.ടി. വിഭാഗത്തിൽ സീറ്റുകൾ ഒഴിവുണ്ട്. താത്പര്യമുള്ളവർ ജൂലൈ 22ന് രാവിലെ 10.30ന് പെരിയ ക്യാമ്പസ്സിലെ പഠന വകുപ്പിൽ നടക്കുന്ന സ്പോട്ട് അഡ്മിഷന് ഹാജരാകേണ്ടതാണ്. ഫോൺ: 0467 2309325.

## ഹോമിയോ മെഡിക്കൽ കേമ്പ്

ഉദുമ: മാങ്ങാട് അംബാപുരം യുവധാര കലാ കായിക വേദി,കളനാട്ഗവ. ഹോമിയോ ആശുപത്രി അലർജി ആസ്ത്മ സ്പെഷ്യൽ ക്ലിനിക്കിന്റെയും സഹകരണത്തോടെ സൗജന്യ മെഡിക്കൽ കേമ്പ് സംഘടിപ്പിച്ചു. ബോധവൽക്കരണ ക്ലാസും എഇസി രക്ത പരിശോധനയുമുണ്ടായിരുന്നു. പഞ്ചായത്ത് പ്രസിഡന്റ് പി ലക്ഷ്മി ഉദ്ഘാടനം ചെയ്തു. വി ഗോപാലകൃഷ്ണൻ അധ്യക്ഷനായി. പഞ്ചായത്ത് സ്ഥിരം സമിതി ചെയർമാൻ
എം ബീബി, ഡോ: ഇകെ സോയ, ഡോ. എൻ ഷേർളി ജോൺ, ജാബിർ എന്നിവർ സംസാരിച്ചു. ജി മോഹനൻ സ്വാഗതം പറഞ്ഞു.



# മൊഗ്രാൽ തീരത്ത് കടലാക്രമണം

## നാങ്കിയിൽ കടൽ ഭിത്തിക്കായി തീരത്ത് അടുക്കിവെച്ച കല്ലുകളും കടലെടുത്തു

മൊഗ്രാൽ:ഒടുവിൽ തീര ദേശവാസികൾ പറഞ്ഞതു പോലെതന്നെ സംഭവിച്ചു. ചെറിയ കരിങ്കല്ലുകൾ കൊണ്ടുള്ള കടൽഭിത്തി നിർമ്മാണം കടലാക്രമണത്തെ ചെറുക്കാനാകില്ലെന്ന പ്രദേശവാസികളുടെ അഭിപ്രായം ശരിവെക്കുന്നതാണ് മൊഗ്രാൽ നാങ്കി യിലെയും, പെറുവാട് കടപ്പുറത്തെയും രൂക്ഷ മായ കടലാക്രമണം അധികൃതരോട് വിളിച്ചു പറയുന്നത്.
മൊഗ്രാൽ നാങ്കി കടപ്പു റത്ത് കടൽ ഭിത്തി നിർമ്മാണത്തിനായി രണ്ടുവർഷം മുമ്പ് കൊണ്ടിറക്കിയ കരിങ്ക ല്ലുകൾ ചെറുതാണെന്ന് കാണിച്ച് അന്നുതന്നെ പ്രദേശവാസികൾ എതിർപ്പുമായി രംഗത്തുവന്നിരുന്നു. വർഷാവർഷം വെറുതെ ഖജനാവിന്റെ പണം കടലിലിട്ട് ഒഴുക്കരുതെന്ന് അന്നേ നാട്ടുകാർ അധി കൃതരോട് പറഞ്ഞിരുന്നതു മാണ്. ഇതിനെ തുടർന്ന് അധികൃതർ പദ്ധതി ഉപേക്ഷിക്കുകയായിരുന്നു. കൊണ്ടുവന്ന കല്ലുകൾ നാങ്കി തീരത്ത് അടക്കി വെച്ചിരുന്നുവെങ്കിലും അതും ഇപ്പോൾ കട ലെടുക്കുന്ന കാഴ്ചയാണ് കാണുന്നത്. പെർവാഡ് കടപ്പുറത്ത് ശേഷിച്ച ഒരു ഭാഗം കടൽ ഭിത്തിയും ഇപ്പോൾ കടലെടുത്തു കൊണ്ടിരിക്കുന്നു.


കടൽ ഭിത്തി നിർമ്മാണത്തിനായി നാങ്കി തീരത്ത് അടുക്കിവെച്ചിരുന്ന കരിങ്കല്ലുകൾ

ഇനി തീരസംരക്ഷണത്തിന് വേണ്ടത് ശാസ്ത്രീയമായ വലിയ പദ്ധതികളാണ്. മഞ്ചേശ്വരം മുതൽ മൊഗ്രാൽ വരെയുള്ള തീരദേശ മേഖലയിൽ രൂക്ഷമായ കടലാക്രമണ മാണ് നേരിടുന്നത്. കടലാക്രമണത്തെ ചെറുക്കാൻ നാമമാത്രമായ ഫണ്ടുകൾ ഉപയോഗിച്ചുള്ള പദ്ധതികൾ ഫലം കാണുന്നുമില്ല. ഇതിന് വലിയ തോതിലുള്ള കേന്ദ്രസർക്കാർ പദ്ധതികളാണ് വേണ്ടത്. ഇത് കേരള നിയമസഭയിൽ എകെ എം അഷ്റഫ് എംഎൽഎ സൂചിപ്പിക്കു കയും ചെയ്തിട്ടുണ്ട്. ശാസ്ത്രീയമായ പദ്ധതിക്കായി സംസ്ഥാന സർക്കാറിന്റെയും, എംപിമാരുടെയും വലിയ തോതിലുള്ള ഇടപെടലുകളും ഇതിന് അനിവാര്യമാണ്.

# വയോധികയെ ശ്വാസം മുട്ടിച്ച് കൊലപ്പെടുത്തിയ കേസിൽ മകന്റെ ഭാര്യക്ക് ജീവപര്യന്തം കഠിനതടവ്

കാസർകോട്: വീടിന്റെ ചായ്പിൽ ഉറങ്ങുകയാ യിരുന്ന വയോധികയെ ശ്വാസം മുട്ടിച്ച് കൊലപ്പെടു ത്തിയ കേസിൽ പ്രതിയായ മകന്റെ ഭാര്യക്ക് കോടതി ജീവപര്യന്തം കഠിനതടവ് വിധിച്ചു. കൊളത്തൂർ ചേപ്പനടുക്കത്തെ പി. അംബിക(49)യെയാണ് കാസർകോട് ജില്ലാ അഡീഷണൽ സെഷ ൻസ്(ഒന്ന്) കോടതി ജഡ്ജി എ. മനോജ് ജീവപര്യന്തം കഠിനതടവിന് ശിക്ഷിച്ചത്.

302 ാം വകുപ്പ് പ്രകാരം ജീവപര്യന്തം കഠിനതടവും രണ്ട് ലക്ഷം രൂപ പിഴയു മാണ് ശിക്ഷ. പിഴയടച്ചില്ലെങ്കിൽ രണ്ടു വർഷം അധിക തടവ് അനുഭവിക്കണം. തെളിവ് നശിപ്പിക്കാൻ ശ്രമിച്ചതിന് 201ാം വകുപ്പ് പ്രകാരം പ്രതിക്ക് അഞ്ച് വർഷം തടവും ഒരു ലക്ഷം രൂപ പിഴയും വിധിച്ചു.
പിഴയച്ചില്ലെങ്കിൽ ഒരുവ ർഷം അധികതടവ് അനുഭവിക്കണം. പരേതനായ നാരായണൻ നായരുടെ ഭാര്യ പുക്കളത്ത് അമ്മാളുവമ്മ(68)യെ കൊലപ്പെടുത്തിയ കേസി ൽ തിങ്കളാഴ്ച വൈകിട്ട് മൂന്ന് മണിയോടെയാണ് ഒന്നാം പ്രതിയായ



ജീവപര്യന്തം കഠിന തടവിന് ശിക്ഷിച്ച അംബിക

അംബിക ക്കുള്ള ശിക്ഷ കോടതി വിധിച്ചത്. കേസിലെ രണ്ടും മൂന്നും പ്രതികളായ അമ്മാളുവമ്മയുടെ മകൻ കമലാക്ഷൻ(57), ചെറുമകൻ ശരത് (21) എന്നിവരെ നേരത്തെ കോടതി വിട്ടയച്ചിരുന്നു. കൊലപാതകത്തിനും തെളിവ് നശിപ്പിക്കാനും കൂട്ടുനിന്നുവെന്നതിനാണ് ഇവരെ കേസിൽ കൂട്ടുപ്രതികളാക്കിയിരുന്നത്. എന്നാൽ കമലാക്ഷനും ശരതിനുമെതിരായ കുറ്റം തെളിയിക്കാൻ പ്രോസി ക്യൂഷന് സാധിക്കാതിരുന്നതിനാലാണ് ഇവരെ വിട്ടയച്ചത്. 2014 സെപ്തംബറിൽ വീടിന്റെ ചായ്പിൽ ഉറങ്ങുകയായിരുന്ന അമ്മാളുവമ്മയെ അംബിക കഴുത്ത് ഞെരിച്ചും തലയണ കൊണ്ട് മുഖം അമർത്തിയും നൈലോൺ കയർ കൊണ്ട് കഴുത്ത് മുറുക്കിയും കൊലപ്പെടുത്തിയെന്നാണ് കേസ്. കൊലപാതകം ആത്മഹത്യയാണെന്ന് വരുത്തിതീർക്കാൻ മൃതദേഹം ചായ്പിൽ കെട്ടിത്തൂക്കുകയായിരുന്നു. അമ്മാളുവമ്മയുടെ പേരിലുള്ള സ്ഥലം വിറ്റ് പ്രതികളുടെ പേരിൽ സ്ഥലം വാങ്ങിയിരുന്നു. ഈ സ്ഥലം തിരിച്ചെഴുതി തരണമെന്ന് അമ്മാളുവമ്മ ആവശ്യപ്പെട്ടതിലുള്ള വിരോധമാണ് കൊലപാതകത്തിന് കാരണമെന്നാണ് കുറ്റപത്രത്തിൽ വ്യക്തമാക്കിയിരുന്നത്. ബേഡകം പൊലീസ് രജിസ്റ്റർ ചെയ്ത കേസിൽ അന്നത്തെ സബ് ഇൻസ്പെക്ടർ കെ. ആനന്ദനാണ് പ്രാഥമികാന്വേഷണം നടത്തിയത്. ആദൂർ ഇൻസ്പെക്ടറായിരുന്ന എ. സതീഷ്കുമാറാണ് അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചത്. പ്രോസിക്യൂഷന് വേണ്ടി അഡ്വ. ഇ. ലോഹിതാക്ഷൻ ഹാജരായി.

## ദേശീയപാത നിർമ്മാണവുമായി ബന്ധപ്പെട്ട വെള്ളക്കെട്ട്; 18ന് യോഗം ചേരും

കാസർകോട്:കാലവർഷ ശക്തമായി തുടരുന്ന സാഹചര്യത്തിൽ കാസർകോട് ജില്ലയിലെ ദേശീയപാത നിർമ്മാണവുമായി ബന്ധപ്പെട്ട പ്രദേശങ്ങളിൽ വെള്ള ക്കെട്ടുണ്ടാകാനുള്ള സാഹചര്യം നിലനിൽക്കുന്നതിനാൽ വിഷയം ചർച്ച ചെയ്ത് മുൻകരുതൽ നടപടികൾ സ്വീകരിക്കാൻ ജൂലൈ 18ന് ഉച്ചയ്ക്ക് രണ്ടിന് കളക്ടറേറ്റ് മിനി കോൺഫറൻസ് ഹാളിൽ ചേരുമെന്ന് ജില്ലാ കലക്ടർ കെ. ഇമ്പശേഖർ അറിയിച്ചു. ജനപ്രതിനിധികളും കരാർ കമ്പനി പ്രതിനിധികളും വിവിധ വകുപ്പ് ജില്ലാതല ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുക്കും.

## ചന്ദ്രഗിരി പാലത്തിന്റെ ഇരു വശങ്ങളിൽ കമ്പിവേലി സ്ഥാപിക്കണം

### നഗരസഭാ ചെയർമാന് മുസ്‌ലിംലീഗ് നിവേദനം നൽകി

ചെമ്മനാട്: ചന്ദ്രഗിരി പാലത്തിൽ നിന്ന് പുഴയിലോട്ട് ചാടി ആത്മഹത്യ ചെയ്യു ന്നത് തുടർ സംഭവമായതിനാൽ അതു തടയു ന്നതിനായി ചന്ദ്രഗിരി പാലത്തിന്റെ ഇരു വശങ്ങളിൽ കമ്പി വേലി സ്ഥാപിക്കുന്നതിനും, ചന്ദ്രഗിരി പാലം മുതൽ പ്രസ്ക്ലബ് ജംഗ്ഷൻ വരെ രാത്രികാലങ്ങളിൽ വെളിച്ച ക്കുറവ് കാരണം പൊതു ജനങ്ങൾക്ക് നടന്നു പോകാൻ കഴിയാത്തതിനാൽ ചന്ദ്രഗിരി പാലം മുതൽ പ്രസ്ക്ലബ് ജംഗ്ഷൻ വരെ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് ആവശ്യപെട്ട് ചെമ്മനാട് വാർഡ് മുസ് ലിം ലീഗ് കമ്മിറ്റി കാസർകോട് നഗരസഭാ ചെയർമാൻ അബ്ബാസ് ബീഗത്തിന് നിവേദനം നൽകി. പ്രസിഡന്റ് പി കെ താഹ നിവേദനം കൈമാറി. പഞ്ചായത്ത് മുസ് ലിം ലീഗ് വൈസ് പ്രസിഡന്റ് സിഎം മുസ്തഫ,വാർഡ് ജനറൽ സെക്രട്ടറി സിഎച്ച് സാജു, കെ മുഹമ്മദ് കുഞ്ഞി, കെ സമീർ എന്നിവർ സംബന്ധിച്ചു


ചന്ദ്രഗിരി പാലത്തിന്റെ ഇരു വശങ്ങളിൽ കമ്പിവേലി സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് ചെമ്മനാട് വാർഡ് മുസ്‌ലിംലീഗ് കമ്മിറ്റിയുടെ നിവേദനം പ്രസിഡന്റ് പികെ താഹ കാസർകോട് നഗരസഭാ ചെയർമാൻ അബ്ബാസ് ബീഗത്തിന് സമർപ്പിക്കുന്നു

# സാമൂഹ്യ മാധ്യമങ്ങളിൽ സ്ത്രീത്വത്തെ അപമാനിക്കുന്നതിനെതിരെ കർശന നിലപാട് സ്വീകരിക്കും

കാസർകോട്:സാമൂഹ്യ മാധ്യമങ്ങളിലൂടെ സ്ത്രീക ളെ അപകീർത്തി പ്പെടുത്തു ന്നത് വർധിച്ചു വരുകയാ ണെന്നും ഇത്തരം പരാതി കളിൽ കർശന നിലപാട് സ്വീകരിക്കുമെന്നും കേരള വനിതാ കമ്മിഷൻ അംഗം അഡ്വ. പി. കുഞ്ഞായിഷ പറഞ്ഞു. കാസർകോട് കലക്ടറേറ്റ് കോൺഫറ ൻസ് ഹാളിൽ നടത്തിയ ജില്ലാതല അദാലത്തിന് ശേഷം സംസാരിക്കു ക യായിരുന്നു വനിതാ കമ്മിഷൻ അംഗം.
തെരഞ്ഞെടുക്കപ്പെട്ട വനിതാ ജനപ്രതിനിധിക ളെയടക്കം സമൂഹ മാധ്യമങ്ങളിലൂടെ അപമാനിക്കുന്നത് സംബന്ധിച്ച പരാതികൾ വനിതാ കമ്മിഷന് മുൻപാകെ എത്തുന്നുണ്ട്. കാസർകോട് ജില്ലയിൽ നടത്തിയ അദാലത്തിൽ ഇത്തരത്തിലുള്ള രണ്ടു പരാതികൾ ലഭിച്ചിട്ടുണ്ടെ ന്നും കമ്മിഷൻ അംഗം പറഞ്ഞു. കലാലയങ്ങളിലും സ്കൂളു കളിലും വിദ്യാർഥികൾ ക്കായി നടത്തുന്ന കാമ്പ യിനുകളിലും തദ്ദേശ സ്ഥാപനതലത്തിലെ ജാഗ്രതാ സമിതികളിലും ഗാർഹിക പീഡന നിയമം, സ്ത്രീധന നിരോധന നിയമം എന്നിവ സംബ ന്ധിച്ച അവബോധ ക്ലാസുകൾ നടത്താറുണ്ട്. സാമൂഹ്യ മാധ്യമങ്ങളി ലൂടെയുള്ള അപകീർത്തി കരമായ പ്രചാരണങ്ങളെ നിയമപരമായി നേരിടുന്ന തിനുള്ള ബോധവൽക്കരണം സ്ത്രീകൾക്ക് നൽകുന്നുണ്ട്. സ്കൂൾ, കോളജ് വിദ്യാർഥികൾക്കായി നിരവധി ബോധവൽക്കരണ പരിപാടികൾ വനിതാകമ്മിഷൻ നടത്തി ക്കഴിഞ്ഞു.
ഇത്തരം ബോധ വൽക്കരണ പരിപാടികൾ തുടരുമെന്നും വനിതാ കമ്മിഷൻ അംഗം പറഞ്ഞു. അദാലത്തിൽ നാല് പരാതികൾ തീർപ്പാക്കി. നാല് പരാതിയിൻമേൽ പൊലീസ് റിപ്പോർട്ട് തേടി. 22 പരാതികൾ അടുത്ത അദാലത്തിലേക്ക് മാറ്റിവച്ചു. ആകെ 30 പരാതികളാണ് പരിഗ ണിച്ചത്. വുമൺസെൽ എഎസ്ഐ ടി. ശൈലജ, സിപിഒ എ.കെ. ജയശ്രീ, അഡ്വ. എം. ഇന്ദിരാവതി, ഫാമിലി കൗൺസിലർ രമ്യ തുടങ്ങിയവർ പങ്കെടുത്തു.



കാസർകോട് കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടത്തിയ ജില്ലാതല അദാലത്തിൽ വനിതാ കമ്മിഷൻ അംഗം അഡ്വ. പി. കുഞ്ഞായിഷ പരാതി കേൾക്കുന്നു.

# വേലാശ്വരത്ത് മരം പൊട്ടിവീണ് വീടിന് നാശനഷ്ടം

കാഞ്ഞങ്ങാട് :ശക്തമായ മഴയിലും കാറ്റിലും ചിത്താ രി വില്ലേജിലെ വേലാശ്വര ത്ത് മരം പൊട്ടി വീണ് വീടിന് നാശനഷ്ടം. വേലാശ്വരം ശിവക്ഷേത്രത്തിന് സമീപം താമസിക്കുന്ന വാണിയം വീട്ടിൽ കുഞ്ഞിരാമന്റെ വീടിനുമേൽ പ്ലാവുമരം പൊട്ടി വീണാണ് ഭാഗികമായി തകർന്നത്.

ശനിയാഴ്ച രാത്രിയിൽ വീട്ടിൽ ഇവർ കിടന്നുറങ്ങുമ്പോഴാണ് മരം വീടിനുമേൽ പതിച്ചത്. വേറൊരു മുറിയിൽ കിടന്നതുകൊണ്ട് രക്ഷപ്പെടാൻ സാധിച്ചു. രാത്രി വലിയൊരു ശബ്ദം കേട്ട് ഉണർന്ന് നോക്കിയപ്പോഴാണ് വീടിനുമുകളിൽ മരം പതിച്ചത് കണ്ടതെന്ന് കുഞ്ഞിരാമൻ പറഞ്ഞു.

കുഞ്ഞിരാമനെ കൂടാതെ ഭാര്യയും വേലാശ്വരം ഗവ. യു.പി. സ്കൂൾ വിദ്യാർത്ഥി യായ മകളുമാണ് ഇവിടെ താമസിക്കുന്നത്. അജാനൂർ പഞ്ചായത്ത് അധികൃതരും ചിത്താരി വില്ലേജ് അധികൃതരും സ്ഥലത്തെത്തി നാശ നഷ്ടങ്ങൾ വിലയിരുത്തി. ഏകദേശം 25000 രൂപയുടെ നഷ്ടം കണക്കാക്കുന്നു.


ചിത്താരി വേലാശ്വരം ശിവ ക്ഷേത്രത്തിന് സമീപം വാണിയം വീട്ടിൽ കുഞ്ഞിരാമന്റെ വീടിനു മുകളിൽ പ്ലാവുമരം പൊട്ടിവീണപ്പോൾ

## ഒരു ദിവസം പ്രായമുള്ള കുഞ്ഞിനെ സ്കൂൾ വരാന്തയിൽ ഉപേക്ഷിച്ച നിലയിൽ

ആദൂർ: ഒരുദിവസം പ്രായമുള്ള പെൺ കുഞ്ഞി നെ സ്കൂൾ വരാന്തയിൽ ഉപേക്ഷിച്ച നിലയിൽ കണ്ടെത്തി. പൊലീസ് ഇടപെട്ട് കുഞ്ഞിനെ കാസർകോട് ജനറൽ ആസ്പത്രിയിലെത്തിച്ചു. ഞായറാഴ്ച ഉച്ചയോടെ യാണ് പഞ്ചിക്കൽ ശ്രീകൃഷ്ണമൂർത്തി എ.യു.പി സ്കൂൾ വരാന്തയിൽ കുഞ്ഞിനെ ഉപേക്ഷിച്ച നിലയിൽ കണ്ടത്. കുഞ്ഞിന്റെ കരച്ചിൽ കേട്ട് സമീപവാസികൾ ആദൂർ പൊലീസിൽ വിവരമ റിയിക്കുകയായിരുന്നു.

ആദൂർ എസ്.ഐ വിനോദിന്റെ നേതൃത്വ ത്തിലുള്ള പൊലീസ് സംഘം എത്തി കുഞ്ഞിനെ കസ്റ്റഡിയിലെടുക്കുകയും കാസർ കോട് സി.ഡബ്ല്യുസിയെ ഏൽപ്പിക്കുകയും ചെയ്തു. തുടർന്ന് കുഞ്ഞിനെ ആസ്പത്രിയിലേക്ക് മാറ്റി. കുഞ്ഞിനെ ഉപേക്ഷിച്ച സംഭവത്തിൽ പൊലീസ് കേസെടുത്ത് അന്വേഷണം തുടങ്ങി.

## ലൈഫ് ഭവനസമുച്ചയം രണ്ട് മാസത്തിനകം പൂർത്തിയാകും

കാസർകോട്: ലൈഫ് ഭവന പദ്ധതിയിലെ മൂന്നാം ഘട്ട ത്തിൽ ഉൾപ്പെടുത്തി ചെമ്മനാട് ഗ്രാമപഞ്ചായ ത്തിൽ പുരോഗമിക്കുന്ന ഭവന സമുച്ചയം രണ്ട് മാസത്തിനകം നിർമ്മാണം പൂർത്തിയാകുമെന്ന് നവകേരള കർമ്മപദ്ധതി 2 അവലോകന യോഗം വിലയിരുത്തി. നവംബർ മാസത്തോടെ കുടി വെള്ള കണക്ഷൻ വാട്ടർ അതോറിറ്റി ഉറപ്പ് നൽകിയിട്ടുണ്ടെന്ന് ലൈഫ് മിഷൻ കോഓർഡിനേറ്റർ പറഞ്ഞു. സംസ്ഥാന ലൈഫ് മിഷൻ നേരിട്ട് ഏകോപനം നടത്തുന്ന പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം നടത്തുന്നത് ഹൈദരാബാദ് ആസ്ഥാനമായി പ്രവർത്തിക്കുന്ന സ്ഥാപനമാണ്. ഈ പദ്ധതിയിലേക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടില്ല. ഒന്നാംഘട്ടത്തിലും രണ്ടാം ഘട്ടത്തിലും ഉൾപ്പെട്ടതും നിലവിൽനിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലാത്തതുമായ വീടുകളിൽ ലൈഫ് മിഷൻ പ്രതിനിധികൾ നേരിട്ടെത്തി വിലയിരുത്തിയ ശേഷം പ്രത്യേക യോഗം ചേരാനും നിർമ്മാണ പ്രവൃത്തി വേഗത്തിലാക്കാനുള്ള പ്രവർത്തനങ്ങൾ നടത്താനും തീരുമാനിച്ചു.


കനത്ത മഴയിലും കാറ്റിലും കരിന്തളം കൊല്ലമ്പാറ തലയടുക്കത്തെ കുന്നുമ്മൽ രാഘവന്റെ വീടിനു മുകളിൽ മരം പൊട്ടിവീണു. വീട് പൂർണമായി തകർന്നു. പേടിച്ച് പുറത്തേക്കോടിയ ഇദ്ദേഹത്തിന്റെ ഭാര്യ കെ.വി. തമ്പായിക്ക് (62) വീണ് പരിക്കേറ്റു. തെങ്ങുകയറ്റ തൊഴി ലാളിയായ രാഘവനും ഭാര്യയും മാത്രമേ വീട്ടിൽ ഉണ്ടായിരുന്നുള്ളൂ. അസുഖബാധിതയാണ് തമ്പായി. ഇരുവർക്കും ഇഎംഎസ് ഭവനപദ്ധതിയിൽ കിട്ടിയ വീടാണ് തകർന്നത്. രണ്ട് ലക്ഷം രൂപയുടെ നഷ്ടം കണക്കാക്കുന്നു.


പുതിയകോട്ട ടൗണിൽ ഹോസ്ദുർഗ് സർവീസ് സഹകരണ ബാങ്കിന് മുൻവശത്തെ തണൽ മരം മുറിഞ്ഞ് വീണപ്പോൾ

## വാഹനാപകടത്തിൽ പരിക്കേറ്റ് ആശുപത്രിയിലെത്തിയ രണ്ട് യുവാക്കളിൽ നിന്ന് എം.ഡി.എം.എ കണ്ടെത്തി

കാസർകോട്: വാഹനാപകടത്തിൽ പരിക്കേറ്റ് ആശുപത്രിയിൽ പ്രവേശിപ്പിച്ച രണ്ട് യുവാക്കളിൽ നിന്ന് എം.ഡി.എം. എ മയക്കുമരുന്ന് കണ്ടെത്തി. കാസർകോട് എസ്.ഐ ചന്ദ്രൻ കാട്ടൂർ വീടിന്റെ നേതൃത്വത്തിൽ ഇവരുടെ അറസ്റ്റ് രേഖപ്പെടുത്തി. ചെങ്കള നാലാംമൈൽ റഹ്മത്ത് നഗർ മണിയടുക്കയിലെ സി.സെഡ് നൂഹ്മാൻ (23), എറണാ കുളം കോതമംഗലത്തെ ജോയൽ ജോസഫ് (23) എന്നിവരാണ് അറസ്റ്റിലായത്.
ഞായറാഴ്ച ഉച്ചയോടെ ചൗക്കിയിലു ണ്ടായ വാഹനാപകടത്തിൽ പരിക്കേറ്റ ഇരുവരെയും കാസർകോട് ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. ചികിത്സക്ക്ശേഷം ഇവരുടെ പെരുമാറ്റത്തിൽ അസ്വാഭാവികത തോന്നി ജനറൽ ആശുപത്രിയുടെ കാഷ്വാലിറ്റിക്ക് മുന്നിൽ വെച്ച് പൊലീസ് ദേഹ പരിശോധന നടത്തിയപ്പോഴാണ് നുഹ്മാന്റെ കൈവശം 1.18 ഗ്രാം എം.ഡി.എം.എയും ജോയലിന്റെ കൈവശം 0.73 ഗ്രാം എം.ഡി.എം.എയും കണ്ടെത്തിയത്. വിൽപ്പനക്കും ഉപയോഗത്തിനുമായാണ് ഇവ കൊണ്ടുനടന്നതെന്ന് പൊലീസ് അന്വേഷണത്തിൽ വ്യക്തമായി.


നൂഹ്മാൻ


ജോയൽ ജോസഫ്

## മാഹി മദ്യം വിളമ്പുന്നതിനിടയിൽ പിടിയിൽ

തലശേരി: മാഹി മദ്യം തെരുവോരത്ത് എത്തിച്ച് ആവശ്യക്കാർക്ക് ഗ്ലാസിൽ പകർന്നുനൽകുന്ന വയോധികനെ തലശ്ശേരി എസ്ഐ വിവി ദീപ്തിയും സംഘവും കൈയോടെ പിടികൂടി. കോട്ടയം ഈരാറ്റുപേട്ട പന്തംകുന്ന് കോളനിയിലെ ഷാജി എന്ന പൂട ഷാജിയാണ് (58)അറസ്റ്റിലായത്. ഇയാളിൽ നിന്ന് 4,350 രൂപയും കണ്ടെടുത്തു. എൻ.സി.സി റോഡിലെ കടകൾക്ക് പരിസരത്ത് മറഞ്ഞിരുന്നാണ് ഷാജി മദ്യം വിളമ്പുന്നത്.

## നാല് കിലോ കഞ്ചാവുമായി പിടിയിൽ

പുതിയതെരു: ബൈക്കിൽ വിൽപ്പനക്കായി കൊണ്ടുപോകവെ കഞ്ചാവുമായി യുവാക്കൾ പിടിയിൽ. എക്സൈസ് എൻഫോഴ്സ്മെന്റ് ആന്റ് ആന്റി നർകോട്ടിക് സ്പെഷ്യൽ സ്ക്വാഡ്, ഐബി ആന്റ് ഇആർഒ സംഘവും ചേർന്നാണ് ചിറക്കൽ കൊല്ലറത്തിക്കലിൽ നിന്ന് നാല് കിലോ കഞ്ചാവുമായി കൊല്ലറത്തിക്കൽ സ്വദേശി കെ.കെ മഹ്സൂക് (27), എ സാജിദ് (34) എന്നിവരെ പിടികൂടിയത്. ബൈക്കും കസ്റ്റഡിയിലെടുത്തു. എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ടി ഷറഫുദ്ദീൻ, പ്രിവന്റീവ് ഓഫീസർ പി അനിൽകുമാർ, കെ ഷജിത്ത്, പി.സി പ്രഭുനാഥ്, പ്രിവന്റീവ് ഓഫീസർ ഗ്രേഡ് ഖാലിദ്, ടി സജിത്ത്, റോഷി, ഗണേഷ്, ബാബു, ജി.ആർ അജിത്ത്, സീമ എന്നിവരും പരിശോധന സംഘത്തിലുണ്ടായിരുന്നു.

## സീറ്റൊഴിവ്

പെരിയ:കേരള കേന്ദ്ര സർവകലാശാലയിൽ എം.എ. കന്നഡയിൽ ഒഴിവുകളുള്ള സീറ്റുകളി ലേക്ക് ജൂലൈ 22നും 29നും സ്പോട്ട് അഡ്മിഷൻ നടത്തുന്നു. താത്പര്യമുള്ളവർ അന്നേ ദിവസങ്ങളിൽ രാവിലെ 9.30ന് പെരിയ ക്യാമ്പസ്സി ലുള്ള പഠന വകുപ്പിൽ എത്തിച്ചേരേണ്ടതാണ്. ഫോൺ: 9964022582. കേരള കേന്ദ്ര സർവകലാശാലയിൽ എം.എസ്.സി. ജിനോമിക് സയൻസിൽ എസ്.ടി. വിഭാഗത്തിൽ സീറ്റുകൾ ഒഴിവുണ്ട്. താത്പര്യമുള്ളവർ ജൂലൈ 22ന് രാവിലെ 10.30ന് പെരിയ ക്യാമ്പസ്സിലെ പഠന വകുപ്പിൽ നടക്കുന്ന സ്പോട്ട് അഡ്മിഷന് ഹാജരാകേണ്ടതാണ്. ഫോൺ: 0467 2309325.

**കണ്ണൂർ വാർത്തകൾ**

# തോരാമഴ

# കെടുതിയിൽ നാട്

കണ്ണൂർ: തോരാമഴയിൽ കെടുതിയിലായി ജില്ല. കലിതുള്ളും കാലവർഷത്തിൽ നാടാകെ നാശനഷ്ടം.

രണ്ട് ദിവസമായി പെയ്യുന്ന മഴയിലാണ് കെടുതികളും കൂടുന്നത്. മരങ്ങൾ കടപുഴകി വീണും കെട്ടിടങ്ങളുടെ തകർച്ചയും ജില്ലയിൽ നാശനഷ്ടങ്ങൾ വിതക്കുകയാണ്. പഴയങ്ങാടി മേഖലയിൽ റോഡുകൾ തകരുന്നതിനൊപ്പം ഗർത്തങ്ങളും രൂപപ്പെട്ടിട്ടുണ്ട്. പലയിടത്തും മരങ്ങൾ കടപുഴകി വീണു.

കനത്ത നാശനഷ്ടമാണ് ഈ മേഖലയിൽ ഉണ്ടായിരിക്കുന്നത്. പുതിയങ്ങാടിയിൽ സുൽത്താൻ തോട് റോഡിലും വെങ്ങര വെൽഫെയർ സ്കൂൾ റോഡിലുമാണ് ഗർത്തങ്ങൾ രൂപപ്പെട്ടത്.

ഇതുവഴി റോഡ് യാത്രയ്ക്ക് താൽക്കാലിക നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ ദിവസം രാത്രിയിൽ ഏഴോം പഞ്ചായത്തിലെ നംഗലം പ്രദേശത്ത് ശക്തമായ കാറ്റിലും മഴയിലും മരങ്ങൾ പൊട്ടി കമ്പികളിൽ വീണു. കണ്ണോം കോട്ടക്കയിൽ പൂക്കുളങ്ങര ഭഗവതി ക്ഷേത്ര ഗുളികൻ തറയുടെ ചെമ്പകം കാറ്റിൽ നിലം പതിച്ചു. മാടായി ആറാം വാർഡിലും മരങ്ങൾ നിലംപതിച്ചു.


ഏഴോം നംഗലത്ത് വൈദ്യുതി കമ്പിയിൽ മരം പൊട്ടിവീണപ്പോൾ


കതിരൂരിൽ വീട്ടുകിണർ ഇടിഞ്ഞുതാഴ്ന്ന നിലയിൽ

## പയ്യന്നൂരിൽ രണ്ട് വീടുകൾ തകർന്നു

പയ്യന്നൂർ: കിഴക്കെ കണ്ടങ്കാളിയിലെ പടിഞ്ഞാറപുരയിൽ തങ്കമണിയുടെയും പുഞ്ചക്കാട് കിഴക്ക് പനക്കീൽ കുഞ്ഞിക്കണ്ണന്റെയും വീടാണ് തകർന്നത്. ശക്തമായ മഴയിൽ പുലർച്ചെ 5.30 ഓടെയാണ് തങ്കമണിയുടെ വീട് തകർന്നത്. തങ്കമണിയും രണ്ട് മക്കളും വീടിനോട് ചേർന്ന മറ്റൊരു മുറിയിൽ ഉറങ്ങുകയായിരുന്നു. ആളപായമില്ല. വീട്ടുപകരണങ്ങൾ നശിച്ചു. കുഞ്ഞിക്കണ്ണന്റെ ഓടുമേഞ്ഞ വീടിന്റെ അടുക്കളഭാഗം പൂർണമായും തകർന്നു. വീട്ടുപകരണങ്ങൾ നശിച്ചിട്ടുണ്ട്. നഗരസഭ ചെയർപേഴ്സൺ കെ.വി ലളിത, എഞ്ചിനിയർ കെ. ഉണ്ണി, ഹെൽത്ത് സൂപ്പർവൈസർ എ.വി. മധുസൂദനൻ, കെ. ശ്യാമള എന്നിവരുടെ നേതൃത്വത്തിൽ തകർന്ന വീടുകൾ സന്ദർശിച്ചു.


പയ്യന്നൂരിൽ തകർന്ന വീട്


പുതിയങ്ങാടി ബീച്ച് റോഡിൽ വീടിന്റെ മേൽക്കൂരയിൽ വീണ തെങ്ങ്

## വീടിന് മുകളിൽ തെങ്ങുവീണു ഉറക്കത്തിലായിരുന്ന കുടുംബം രക്ഷപ്പെട്ടത് ഭാഗ്യത്തിന്

പുതിയങ്ങാടി ബീച്ച് റോഡ് ബാപ്പൂട്ടി കോർണറിന് സമീപം താമസിക്കുന്ന തെക്കൻ ശ്രീരഞ്ജിനിയുടെ ഓടുമേഞ്ഞ വീട്ടിന്റെ മേൽക്കൂര ഇന്നലെ പുലർച്ചെയുണ്ടായ ശക്തമായ കാറ്റിൽ തകർന്നു. അടുത്ത വീട്ടിലെ വലിയ തെങ്ങും മരവും പൊട്ടി വീണും നാശനഷ്ടമുണ്ടായി. അപകടസമയത്ത് മകനും മകന്റെ ഭാര്യയും കുട്ടിയും മറ്റൊരു മുറിയിൽ ഉറക്കത്തിലായിരുന്നു. വീടിന്റെ ഹാളിലേക്കാണ് ഓടും മരവും തെങ്ങും തേങ്ങകളും പതിച്ചത്. വൈദ്യുതി കമ്പികളിൻമേൽ തെങ്ങ് വീണ് കമ്പികൾ മുറിഞ്ഞ് വീടിന് ചുറ്റും കിടക്കുന്ന വെള്ളത്തിൽ വീണിരിക്കുകയാണ്. തത്സമയത്ത് വൈദ്യുതി ബന്ധം വിച്ഛേദിച്ചതിനാൽ വൻദുരന്തമാണ് ഒഴിവായത്. ഏറെക്കാലമായി അസുഖ ബാധിതയായി കിടക്കുകയാണ് ശ്രീരഞ്ജിനി. വർഷകാലത്ത് വീടിന് ചുറ്റും വെള്ളം ഒഴുകിപ്പോകാൻ വഴിയില്ലാതെ കെട്ടിക്കിടക്കുന്നത് വീടിന് തന്നെ ഭീഷണിയായി മാറിയിരിക്കുകയാണ്. അടിയന്തരമായി വീടിന് മുകളിൽ പതിച്ച തെങ്ങ് മുറിച്ചുമാറ്റി താമസ യോഗ്യമാക്കി തരണമെന്നാണ് അധികൃതരോട് ഈ നിർധന കുടുംബത്തിന്റെ ആവശ്യം.

## കതിരൂരിൽ വീട്ടുകിണർ ഇടിഞ്ഞുതാഴ്ന്നു

തലശ്ശേരി: ശക്തമായ മഴയിൽ വീട്ടുകിണർ ഇടിഞ്ഞുതാഴ്ന്നു. കതിരൂർ ചോയ്യാടത്താണ് വീട്ടുകിണർ ആൾമറയിൽ നിന്നു വേർപെട്ട് മണ്ണിൽ താഴ്ന്നത്. കതിരൂർ കെഎസ്ഇബി ഓഫിസിന് സമീപം മടപ്പള്ളി വിനോദിന്റെ വീടിനോട് ചേർന്ന കിണറാണ് കഴിഞ്ഞ ദിവസം രാത്രി ഇടിഞ്ഞുതാഴ്ന്നത്. കിണറിന്റെ ആൾമറയ്ക്ക് കേടുപാടുകൾ സംഭവിച്ചിട്ടില്ല. ടാങ്കിൽ വെള്ളം നിറയ്ക്കാൻ മോട്ടോർ പ്രവർത്തിപ്പിച്ചിട്ടും വെള്ളം കയറാത്തതിനെ തുടർന്ന് വീട്ടുകാർ പരിശോധിച്ചപ്പോഴാണ് കിണർ താഴ്ന്നത് ശ്രദ്ധയിൽപ്പെട്ടത്. 28കോൽ ആഴമുള്ള വീട്ടുകിണറിന്റെ ആറ് അടിയോളം ഭൂമിക്കടിയിലാണ്. വീടിനോട് ചേർന്ന കിണറായതിനാൽ അപകട സാധ്യതയേറിയതിനാൽ ഭീതിയിലാണ് വീട്ടുകാർ.

## റോഡിൽ ഗർത്തങ്ങൾ

സുൽത്താൻ തോട് റോഡിലും വെങ്ങരയിലുമാണ് ഗർത്തം രൂപപ്പെട്ടത്. വെങ്ങര വെൽഫെയർ സ്കൂളിന് സമീപത്തെ റോഡിൽ ഗർത്തമുണ്ടാകാൻ കാരണം സമീപത്തെ സ്വകാര്യ വ്യക്തി സ്ഥലം മണ്ണിട്ടുനികത്തി മതിൽ കെട്ടിയടച്ചതിനാലാണ്. ഇതുവഴി വെള്ളം ഒഴുകിപോകുന്നതും നിലച്ചിട്ടുണ്ട്. ഇതേതുടർന്നാണ് റോഡിൽ ഗർത്തം രൂപംകൊണ്ടതെന്ന് നാട്ടുകാർ പറഞ്ഞു.

## ഗർത്തം; കല്ലൂർ റോഡിൽ അപകട ഭീഷണി

മട്ടന്നൂർ: കല്ലൂർ റോഡ് കനാലിന് സമീപം റോഡിൽ ഗർത്തം. ഇതോടെ അപകട ഭീഷണിയിലാണ് കല്ലൂർ കീച്ചേരി റോഡ്. കനാലിന് സമീപമാണ് വലിയ ഗർത്തം രൂപപ്പെട്ടത്. ഇറിഗേഷൻ വകുപ്പ് ആറ് മാസം മുമ്പ് പണിത ഓവുചാലിന് സമീപത്തെ മണ്ണ് മഴയത്ത് അമർന്നതോടെയാണ് വലിയ രൂപത്തിൽ ഗർത്തം രൂപപ്പെട്ടത്. സ്കൂൾ വാഹനങ്ങൾ ഉൾപ്പെടെ നിരവധി വാഹനങ്ങൾ കടന്നുപോകുന്ന റോഡാണിത്. ഇപ്പോൾ ചെറിയ വാഹനത്തിന് മാത്രം കടന്നുപോകാൻ മാത്രമേ വഴിയുള്ളൂ. സമീപത്ത് കനാലും നിരവധി വീടുകളും ഉള്ളതിനാൽ അപകട ഭീഷണിയിലാണ് പ്രദേശം. കൗൺസിലർമാരായ പി.പി ജലീൽ, അജിത് കുമാർ, ഇറിഗേഷൻ ഫീൽഡ് ഓഫീസർ ജയേഷ് എന്നിവർ സ്ഥലം സന്ദർശിച്ചു.


കല്ലൂർ റോഡിൽ രൂപപ്പെട്ട ഗർത്തം കൗൺസിലർമാർ സന്ദർശിച്ചപ്പോൾ


പ്രസിഡന്റ്


സെക്രട്ടറി


ട്രഷറർ

## സമസ്ത പ്രവാസി സെൽ അസ്‌ലം തങ്ങൾ പ്രസിഡന്റ്

കണ്ണൂർ: സമസ്തയുടെ പോഷക ഘടകമായ സമസ്ത പ്രവാസി സെൽ ജില്ലാ സംഗമം ദാലിൽ പ്രവാസി സെൽ ജില്ലാ ആസ്ഥാനത്ത് ചേർന്നു. സയ്യിദ് അസ് ലം തങ്ങൾ അൽമശ്ഹൂർ അദ്ധ്യക്ഷനായി. ഭാരവാഹികൾ: സയ്യിദ് അസ്‌ലം തങ്ങൾ അൽമശ്ഹൂർ (പ്രസി), മൊയ്തു നിസാമി (വർ. പ്രസി), ഒ.പി മൂസാൻ ഹാജി, എംകെ മുഹമ്മദ് വിളക്കോട് (വൈസ്.പ്രസി), റസാഖ് ഹാജി പാനൂർ (ജന സെക്ര), മനാഫ് ഹാജി കാലടി (വർ.സെക്ര), അഷ്റഫ് ഹാജി പാലത്തായി, റഫീക്ക് എടയന്നൂർ, സഅദ് നദ്‌വി (ജോ. സെക്ര), എൻസി മുഹമ്മദ് (ട്രഷ). സംസ്ഥാന സെക്രട്ടറി എ.കെ അബ്ദുൽ ബാഖി തെരഞ്ഞെടുപ്പിനു നേതൃത്വം നൽകി.

## അങ്കണവാടി നിയമനം; നഗരസഭാ യോഗം ബഹിഷ്കരിച്ച് യു.ഡി.എഫ്

മട്ടന്നൂർ: അങ്കണവാടി ജീവനക്കാരുടെ നിയമന പട്ടിക റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് യു.ഡി.എഫ് നഗരസഭാ കൗൺസിൽ യോഗം ബഹിഷ്കരിച്ചു. അർഹതപ്പെട്ടവരെ ഒഴിവാക്കി പക്ഷപാതപരമായാണ് പട്ടിക തയ്യാറാക്കിയതെന്നാണ് ആരോപണം. സി.പി.എം. പ്രാദേശിക നേതാക്കളുടെയും മുൻ കൗൺസിലർമാരുടെയും ബന്ധുക്കളാണ് പട്ടികയിൽ മുന്നിൽ വന്നതെന്ന് യു.ഡി.എഫ് നേതാക്കൾ അറിയിച്ചു. കൗൺസിലിൽ അടിയന്തരമായി വിഷയം ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷ നേതാവ് പി രാഘവൻ നോട്ടീസ് നൽകി. പട്ടിക റദ്ദാക്കാനും ചട്ടങ്ങളും മാനദണ്ഡങ്ങളും പാലിച്ച് വീണ്ടും അഭിമുഖം നടത്തി പുതിയ പട്ടിക തയാറാക്കാനും വനിതാ ശിശു വികസന വകുപ്പിനോട് നഗരസഭ ആവശ്യപ്പെടണമെന്ന് പ്രമേയത്തിൽ ആവശ്യപ്പെട്ടു. എന്നാൽ പട്ടിക തയാറാക്കിയതുമായി നഗരസഭക്ക് ബന്ധമില്ലെന്ന് ചെയർമാൻ എൻ ഷാജിത്ത് അറിയിച്ചു. തുടർന്നാണ് കൗൺസിൽ യോഗം ബഹിഷ്കരിച്ച് യു.ഡി.എഫ് കൗൺസിലർമാർ ഇറങ്ങിപ്പോയത്. പട്ടികയിൽ ക്രമക്കേട് ആരോപിച്ച് യു.ഡി.എഫ് കൗൺസിലർമാർ ഐ.സി.ഡി.എസ് ഓഫീസിലുമെത്തി പ്രതിഷേധിച്ചു. കൗൺസിലർമാരായ പി രാഘവൻ, പി.പി ജലീൽ, വി.എൻ മുഹമ്മദ്, കെ അഭിനേഷ്, അജിത്ത് കുമാർ, എം അഷ്റഫ്, ഉമൈബ കീച്ചേരി, പി പ്രജില, കെ പ്രിയ, മിനി രാമകൃഷ്ണൻ, പി രജിന, സുജിത, അനിത പങ്കെടുത്തു.



മുസ്‌ലിംലീഗ് അഴീക്കോട് മണ്ഡലം കമ്മിറ്റി പുതിയതെരുവിൽ സംഘടിപ്പിച്ച പ്രതിഷേധ സായാഹ്ന കൂട്ടായ്മ അബ്ദുൽകരീം ചേലേരി ഉദ്ഘാടനം ചെയ്യുന്നു

## ദേശീയപാതയിലെ ദുരിതയാത്ര

## പ്രതിഷേധമുയർത്തി മുസ്‌ലിംലീഗ് സായാഹ്ന കൂട്ടായ്മ

പുതിയതെരു: ദേശീയപാതയിൽ പുതിയതെരു മുതൽ റോഡിൽ രൂപപ്പെട്ട കുഴികൾ ദുരിതത്തിനിടയാക്കുന്ന സാഹചര്യത്തിൽ നടപടി സ്വീകരിക്കാത്ത അധികാരികളുടെയും സർക്കാറിന്റെയും നടപടിയിൽ ഉയരുന്നു ജനരോഷം. പ്രതിഷേധമുയർത്തി മുസ്‌ലിം ലീഗ് സായാഹ്ന കൂട്ടായ്മ.

മുസ്‌ലിംലീഗ് അഴീക്കോട് മണ്ഡലം കമ്മിറ്റിയാണ് പുതിയതെരുവിൽ പ്രതിഷേധ കൂട്ടായ്മയും പ്രകടനവും നടത്തിയത്. ജില്ലാ പ്രസിഡന്റ് അബ്ദുൽ കരീം ചേലേരി ഉദ്ഘാടനം ചെയ്തു. കാലവർഷം ശക്തിപ്രാപിച്ചതോടെ ആയിരങ്ങൾ ദിനംപ്രതി യാത്രചെയ്യുന്ന ദേശീയപാതയിൽ ഗതാഗതം ദുസഹമായിരിക്കുകയാണെന്ന് അബ്ദുൽ കരീം ചേലേരി പറഞ്ഞു.

ഭരണകൂടവും മണ്ഡലം എംഎൽഎ.യും ഉദ്യോഗസ്ഥരും കാഴ്ചക്കാരായി മാറിയിരിക്കുകയാണ്. ഇത് ജനങ്ങളോടുള്ള വെല്ലുവിളിയാണെന്നും കരീം ചേലേരി സൂചിപ്പിച്ചു.

ആശുപത്രികളിലും ഓഫീസുകളിലും എത്തേണ്ട ജീവനക്കാരുൾപ്പെടെ സാധാരണക്കാർ യഥാസമയം എത്താനാകാതെ പ്രയാസപ്പെടുകയാണ് പാപ്പിനിശ്ശേരി മുതൽ പുതിയതെരു വരെ ഗതാഗത കുരുക്കിലും തകർന്ന റോഡിലും. പുതിയതെരുവിൽ ബൈക്ക് യാത്രികൻ റോഡിലെ ഗർത്തത്തിൽ വീണ് മരിച്ചത് ആഴ്ചകൾക്ക് മുമ്പാണ്. ഗുരുതരമായ സാഹചര്യത്തിലും മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന എംഎൽഎ നോക്കുകുത്തിയായി നിൽക്കുകയാണ്.

ഉദ്യോഗസ്ഥരാണെങ്കിൽ ദേശീയപാത നവീകരണവുമായി ബന്ധപ്പെട്ട കരാറുകാർക്കാണ് പഴയ റോഡിന്റെ അറ്റകുറ്റപണി ചുമതലയെന്ന് പറഞ്ഞ് ഉത്തരവാദിത്തത്തിൽ നിന്ന് ഒഴിഞ്ഞു മാറുകയാണെന്നും കരീം ചേലേരി പറഞ്ഞു. മണ്ഡലം ട്രഷറർ എൻ.എ ഗഫൂർ അധ്യക്ഷനായി. ജില്ലാ സെക്രട്ടറി ബി.കെ അഹമ്മദ്, ജില്ലാ കമ്മിറ്റി അംഗം കെ.വി ഹാരിസ്, യൂത്ത് ലീഗ് മണ്ഡലം പ്രസിഡന്റ് വി.കെ മുഹമ്മദലി, കെ.ടി ഹാഷിം, വാസിൽ ചാലാട്, മണ്ഡലം ജനറൽ സെക്രട്ടറി സി.പി റഷീദ്, സിദ്ദിഖ് പുന്നക്കൽ പ്രസംഗിച്ചു.

പ്രകടനത്തിന് യൂത്ത് ലീഗ് ജില്ലാ സെക്രട്ടറി കെ.കെ ഷിനാജ്, നസീർചാലാട്, ഹാരിസ് പൂതപ്പാറ, ഒ.കെ മൊയ്ദീൻ, അഷ്റഫ് ഹാജി കാട്ടാമ്പള്ളി, ബി അബ്ദുൽ കരീം, കെ.പി.എ സലീം, എം.ടി മുഹമ്മദ്, അഷ്കർ കണ്ണാടിപറമ്പ്, എം മുഹമ്മദ്, കെ.പി അഷ്റഫ്, അജ്മൽ, ജലാലുദ്ദീൻ അറഫാത്ത്, കെ മഹമൂദ്, സി.പി മുസ്തഫ, എം.കെ പി സിറാജ്, മിഥ്‌ലാജ് വളപട്ടണം, നസീർ അത്താഴക്കുന്ന്, കെ ഹംസ, കെ.പി ഷഫീഖ്, സി.പി ജലാൽ, സുബൈർ കക്കാട് നേതൃത്വം നൽകി.


കണ്ണൂർ താവക്കരയിലെ കെട്ടിടത്തിൽ മാലിന്യം കൂട്ടിയിട്ട നിലയിൽ

## നഗരത്തിൽ മാലിന്യം കൂട്ടിയിട്ട നാല് സ്ഥാപനങ്ങൾക്ക് പിഴ

കണ്ണൂർ: കണ്ണൂർ നഗരത്തിൽ പ്ലാസ്റ്റിക് മാലിന്യം അലക്ഷ്യമായി കൂട്ടിയിട്ട നാല് സ്ഥാപനങ്ങൾക്കെതിരെനടപടി. താവക്കര കോംപ്ലക്സിൽ പ്രവർത്തിക്കുന്ന നാല് സ്ഥാപനങ്ങൾക്കാണ് 5000രൂപ വീതം ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡ് പിഴ ചുമത്തിയത്.

അലക്ഷ്യമായി മാലിന്യം കൈകാര്യം ചെയ്തതിന് ബിൽഡിംഗ് ഉടമയ്ക്കുമെതിരെയും നടപടി സ്വീകരിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ ഏണിപ്പടികൾക്ക് സമീപം പ്ലാസ്റ്റിക് മാലിന്യങ്ങൾ വൻതോതിൽ കൂട്ടിയിട്ടെന്ന പരാതിയെ തുടർന്നാണ് ജില്ലാ എൻഫോഴ്സ്മെന്റ് പരിശോധന നടത്തിയത്.

പരിശോധനയിലാണ് ഇവിടെ പ്രവർത്തിക്കുന്ന നാല് സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചത്.ഡെക്കാൻ ട്രേഡേഴ്സ്,കാനനൂർ ബാറ്ററി ഹൗസ്, ബയോ ഡ്രോപ്സ് ആന്റ് ഗ്ലോബൽ ഫാർമസിട്ടിക്കൽസ്,ഗ്രാമ സ്വരാജ് ഫൗണ്ടേഷൻ എന്നീ സ്ഥാപനങ്ങൾക്കാണ് 5000 രൂപ വീതം പിഴ ചുമത്തിയത്.

കൂട്ടിയിട്ട മാലിന്യങ്ങൾ സ്ഥാപനങ്ങളുടെ ചെലവിൽ തന്നെ നീക്കം ചെയ്യാനും തുടർ നടപടി സ്വീകരിക്കാനും കോർപ്പറേഷന് ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡ് നിർദേശം നൽകി. പരിശോധനക്ക് സ്ക്വാഡ് ലീഡർ ഇ പി സുധീഷ് നേതൃത്വം നൽകി.

## അനധികൃത മണൽകടത്ത് ലോറി പിടിയിൽ

പുതിയതെരു: അനധികൃത മണൽകടത്തിനിടെ ടിപ്പർ ലോറിയും ഡ്രൈവറും പൊലീസ് പിടിയിൽ. ആന്തൂർ തളിയിൽ സ്വദേശി പി.പി ഷമീറിനെ(42)യാണ് എസ്ഐ.കെ ശൈലേന്ദ്രനും സംഘവും പിടികൂടിയത്. കല്യാശേരി മരച്ചാപ്പയിൽ വെച്ചാണ് അനധികൃതമായി മണൽ കടത്തവെ കെഎൽ 49 എ 6360 നമ്പർ ടിപ്പർ ലോറി പൊലീസ് പിടികൂടിയത്. മണൽലോറി പൊലീസ് കസ്റ്റഡിയിലെടുത്തു. അറസ്റ്റിലായ പ്രതിയെ റിമാന്റ് ചെയ്തു.



## അംഗത്വ കാർഡുകൾ വിതരണം ചെയ്തു

അമ്പലപ്പുഴ: ആലപ്പുഴ മെഡിക്കൽ കോളജ് ആശുപത്രി കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ജനകീയ ജാഗ്രത സമിതിയുടെ അംഗത്വ കാർഡുകൾ വിതരണം ചെയ്തു. യോഗത്തിൽ ജാഗ്രത സമിതി പ്രസിഡന്റ് അഡ്വ. പ്രദീപ് കൂട്ടാല അധ്യക്ഷത വഹിച്ചു. കെ.ആർ തങ്കജി, ഹംസ എ. കുഴുവേലി, അനിൽ വെള്ളൂർ, അജിത് കൃപ, ഡി.സദറുദ്ദീൻ യു.എം. കബീർ,സൈഫ് മോറിസ്, സജിമോൻ, പി.ജി, ഷൈജു ദിവാകരൻ, ജബ്ബാർ പനച്ചുവട്, പി.കെ രാജീവ്, എ. എസ്. സുരേഷ്, ഹസൻ പൈങ്ങാമഠം പ്രസംഗിച്ചു.

## റെഗുലർ ഹോളിഡേ ബാച്ചിൽ സീറ്റൊഴിവ്

കായംകുളം: സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിൽ ചൂനാട്, മങ്ങാരത്ത് പ്രവർത്തിക്കുന്ന ന്യൂനപക്ഷ യുവജനങ്ങൾക്കായുള്ള പരിശീലന കേന്ദ്രത്തിലെ റെഗുലർ ഹോളിഡേ ബാച്ചിലേക്ക് സീറ്റ് ഒഴിവുണ്ട്. 18നും 39നും ഇടയിൽ പ്രായമുള്ള ഉദ്യോഗാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റും രണ്ട് ഫോട്ടോയുമായി സെന്ററിൽ നേരിട്ട് വന്ന് അഡ്മിഷൻ ഉറപ്പാക്കണം. ഫോൺ : 94470 36509, 9656992731

# പ്രാദേശിക വാർത്തകൾ

### ബോട്ടുകൾ മാറ്റി പാർക്ക് ചെയ്യണം

ആലപ്പുഴ: ഓഗസ്റ്റ് 10ന് പുന്നമടയിൽ നടക്കുന്ന 70-ാമത് നെഹ്റുട്രോഫി ജലോത്സവമത്സര വള്ളംകളിക്ക് മുന്നോടിയായി മത്സര ട്രാക്ക് ആഴം കൂട്ടി ക്ലിയർ ചെയ്യുന്നതിനും മത്സരത്തിനുള്ള ട്രാക്ക് കുറ്റികൾ അടിക്കുന്നതിനും പുന്നമട ഫിനിഷിംഗ് പോയിന്റിലുള്ള എല്ലാ ഹൗസ് ബോട്ടുകളും സ്റ്റേറ്റ് വാട്ടർ ട്രാൻസ്പോർട്ട് വകുപ്പിന്റെ ബോട്ടുകൾ ഉൾപ്പെടെ ഇന്ന് രാവിലെ എട്ട് മണി മുതൽ ആഗസ്റ്റ് 10 വൈകിട്ട് ഏഴ് മണി വരെ മാറ്റി പാർക്ക് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആലപ്പുഴ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറും എൻ. ടി.ബി. ആർ. ഇൻഫ്രാസ്ട്രക്ചർ കമ്മറ്റി കൺവീനറുമായ എം.സി.സജീവ്കുമാർ അറിയിച്ചു.

# നെഹ്റുട്രോഫി ടിക്കറ്റ് വിൽപനക്ക് തുടക്കം



ആലപ്പുഴ: ഓഗസ്റ്റ് 10ന് പുന്നമട കായലിൽ നടക്കുന്ന 70-ാ മത് നെഹ്റു ട്രോഫി വള്ളംകളിയുടെ ടിക്കറ്റ് വിൽപന ആലപ്പുഴ റവന്യൂ ഡിവിഷൻ ഓഫീസിൽ പി.പി. ചിത്തരഞ്ജൻ എം.എൽ.എ. ഉദ്ഘാടനം ചെയ്തു. റമദാ ഹോട്ടൽ ജനറൽ മാനേജർ അജയ് രാമൻ ആദ്യ ടിക്കറ്റ് ഏറ്റുവാങ്ങി. എൻ.ടി.ബി.ആർ. സെക്രട്ടറിയായ സബ് കലക്ടർ സമീർ കിഷൻ, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം ആർ.കെ. കുറുപ്പ്, സീനിയർ സൂപ്രണ്ട് ഷാജി ബേബി, ജൂനിയർ സൂപ്രണ്ട് ബി. പ്രദീപ്, കെ.ജി. വിനോദ് കുമാർ തുടങ്ങിയവർ പങ്കെടുത്തു.

ആലപ്പുഴ ആർ.ഡി. ഓഫീസിൽ നിന്നും ടിക്കറ്റുകൾ ലഭിക്കും. കൂടാതെ, വിവിധ താലൂക്കുകളിലേക്കുള്ള ടിക്കറ്റ് വിതരണവും ചടങ്ങിൽ നടന്നു.

ജില്ലയിലെ എല്ലാ താലൂക്ക് ഓഫീസുകളിലും തിരുവല്ല താലൂക്ക് ഓഫീസിലും ആലപ്പുഴ കോട്ടയം ഡി.ടി.പി.സി. ഓഫീസുകളിലും സപ്ലൈ ഓഫീസുകളിലും ആർ.ടി.ഒ, ജോയിന്റ് ആർ.ടി.ഒ., സെയിൽ ടാക്സ് തുടങ്ങിയ സർക്കാർ ഓഫീസുകളിലും ടിക്കറ്റ് ലഭിക്കും. 3000 രൂപയുടെ ഗോൾഡ്, 2500 രൂപയുടെ സിൽവർ, 1500 രൂപയുടെ റോസ്, 500, 400, 200, 100 രൂപയുടെ ടിക്കറ്റുകളാണ് ലഭ്യമായിത്തുടങ്ങിയത്.



വള്ളംകളിയുടെ ടിക്കറ്റ് വിൽപന പി.പി ചിത്തരഞ്ജൻ എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു


കായംകുളം, പെരുങ്ങാല ഗവൺമെന്റ് എൽ.പി.എസിലെ പ്രീ പ്രൈമറിയുടെയും (വർണ്ണ കൂടാരം) ,പി.ടി.എയുടെ നേതൃത്വത്തിൽ നിർമിച്ച ഓപ്പൺ എയർ ഓഡിറ്റോറിയത്തിന്റെയും ഉദ്ഘാടനം പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി നിർവഹിക്കുന്നു

## വർണകൂടാരം ഉദ്ഘാടനം

കായംകുളം: പ്രീ പ്രൈമറി തലം മുതൽ ഹയർസക്കൻഡറി തലം വരെയുള്ള വിദ്യാഭ്യാസം കാലോചിതമായി പരിഷ്കരിക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി പറഞ്ഞു. കായംകുളം പെരിങ്ങാല ഗവൺമെന്റ് എൽ.പി. സ്കൂളിൽ പുതുതായി നിർമ്മിച്ച മാതൃക പ്രീ പ്രൈമറി (വർണകൂടാരം) ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

പി.ടി.എ.യുടെ നേതൃത്വത്തിൽ പൊതുജന പങ്കാളിത്തത്തോടെ നിർമ്മിച്ച ഓപ്പൺ ഓഡിറ്റോറിയവും മന്ത്രി ഉദ്ഘാടനം ചെയ്തു.ചടങ്ങിൽ യു പ്രതിഭ എം.എൽ.എ. അധ്യക്ഷയായി. വാർഡ് കൗൺസിലർ രേഖാ മുരളീധരൻ, കായംകുളം എ. സിന്ധു, ഹെഡ്മിസ്ട്രസ് എസ്. ആർ. ജയന്തി, കായംകുളം ബിപിസി ദീപ, എസ്.എം.സി. ഭാരവാഹികളായ പൂജ വേണുഗോപാൽ, ശൈലേഷ് തുടങ്ങിയവർ സംസാരിച്ചു.

## ക്യാപ്റ്റൻസ് മീറ്റ് 29ന്

ആലപ്പുഴ: ആഗസ്റ്റ് 10ന് നടക്കുന്ന 70-ാമത് നെഹ്റു ട്രോഫി ജലോത്സവ മത്സര വള്ളംകളിക്ക് മുന്നോടിയായുള്ള ക്യാപ്റ്റൻസ് മീറ്റിംഗ് ജൂലൈ 29ന് നടക്കും. തിങ്കളാഴ്ച വൈ.എം.സി.എ പാലത്തിന് സമീപമുള്ള ഹാളിൽ രാവിലെ 10 മണിക്ക് ജില്ലാ കലക്ടർ അലക്സ് വർഗ്ഗീസ് ഉദ്ഘാടനം നിർവഹിക്കും. ഈ വർഷത്തെ ജലോൽസവത്തിന്റെ നിബന്ധനകളും, നിർദ്ദേശങ്ങളും അറിയിക്കും. എല്ലാ ടീമുകളെയും പരിചയപ്പെടുത്തും. യോഗത്തിൽ ഈ വർഷം നെഹ്റുട്രോഫി ജലോത്സവത്തിന് ആലപ്പുഴ റവന്യൂ ഡിവിഷൻ ഓഫീസിൽ നിന്നും രജിസ്ട്രേഷൻ ഫോം കൈപ്പറ്റിയിരിക്കുന്ന എല്ലാ ചുണ്ടൻ വള്ളങ്ങളുടെയും മറ്റ് കളി വള്ളങ്ങളുടെയും ക്യാപ്റ്റൻമാരും ലീഡിംഗ് ക്യാപ്റ്റൻമാരും നിർബന്ധമായും പങ്കെടുക്കണം. നെഹ്റുട്രോഫി ജലോത്സവത്തിൽ പങ്കെടുക്കുന്നതിനുള്ള രജിസ്ട്രേഷൻ ഉറപ്പിക്കുന്നത് ക്യാപ്റ്റൻസ് മീറ്റിംഗിൽ ക്യാപ്റ്റനും ലീഡിംഗ് ക്യാപ്റ്റനും ഹാജരായി ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ സൂഷ്മപരിശോധനയ്ക്ക് ശേഷം മാത്രമായിരിക്കും. യോഗത്തിൽ പങ്കെടുക്കാത്ത വള്ളങ്ങളുടെ ക്യാപ്റ്റനും ലീഡിംഗ് ക്യാപ്റ്റനും ഉണ്ടെങ്കിൽ ആ ക്ലബുകളുടെ ബോണസിൽ 50 ശതമാനം കുറവു വരുത്തുന്നതാണ്. മത്സരത്തിൽ പങ്കെടുക്കുന്ന ചുണ്ടൻ വള്ളങ്ങളിലെ തുഴച്ചിൽകാർക്കുള്ള ഫോം ആലപ്പുഴ സബ് കലകറുടെ കാര്യാലയത്തിൽ നിന്നും വിതരണം ചെയ്യും.29ന് മുമ്പ് ആലപ്പുഴ, ഇറിഗേഷൻ ഡിവിഷൻ, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ എത്തിക്കണമെന്ന് ആലപ്പുഴ, ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

## കുട്ടികളെയും രക്ഷിതാക്കളെയും ആദരിച്ചു

കായംകുളം:പുതുപ്പള്ളി ഗോവിന്ദ മുട്ടം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സേഫ് ആന്റ് കെയർ സ്നേഹ കൂട്ടായ്മ എല്ലാമാസവും നടത്തി വരുന്ന സൗജന്യ മെഡിക്കൽ ക്യാമ്പിന്റെ ഭാഗമായി കഴിഞ്ഞ പത്ത്, പന്ത്രണ്ട് ക്ലാസ് പരീക്ഷകളിൽ ഉന്നത വിജയം കൈവരിച്ച കുട്ടികളെയും അവരുടെ രക്ഷിതാക്കളെയും ആദരിക്കുന്ന ചടങ്ങ് സംസ്ഥാന വിവരാവകാശ കമ്മിഷണർ ഡോ. എ.എ ഹക്കീം ഉദ്ഘാടനം ചെയ്തു.

ചടങ്ങിൽ സേഫ് ആന്റ് കെയർ ട്രസ്റ്റ് പ്രസിഡന്റ് കെ.എസ് ശിവരാമൻ അധ്യക്ഷത വഹിച്ചു.

## മെറിറ്റ് ഇവനിംഗ്

മണ്ണഞ്ചേരി: ഒരു വട്ടം കൂടി-95 മണ്ണഞ്ചേരി ഗവ. ഹൈസ്കൂളിൽ സംഘടിപ്പിച്ച മെറിറ്റ് ഇവനിംഗ് പി.പി ചിത്തരഞ്ജൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു. കൂട്ടായ്മ ചെയർമാൻ ടി.എ. അലിക്കുഞ്ഞ് ആശാൻ അധ്യക്ഷത വഹിച്ചു.

സി.ജി. മധു കാവുങ്കൽ മുഖ്യപ്രഭാഷണം നടത്തി. വിരമിച്ച പ്രധാന അധ്യാപിക എം.കെ. സുജാതകുമാരിക്ക് ആദരവ് നൽകി. എസ്.എസ്.എൽ.സി. ഉൾപ്പെടെയുള്ള വിവിധ പരീക്ഷകളിലും വിവിധ മത്സരങ്ങളിലും വിജയിച്ചുവരെ അനുമോദിച്ചു. പി.ടി.എ. പ്രസിഡന്റ് സി.എച്ച്. റഷീദ്, അധ്യാപകൻ ദിലീപ്, വി.കെ.ബിനുമോൻ, ഗിരീഷ്, റിയാസ് മജീദ്, സനൽ, ജോബിഷ്, മാഹീൻ, ഷിനു അടിവാരം, നഹാസ് തുടങ്ങിയവർ പങ്കെടുത്തു.

വൈസ് ചെയർമാൻ അഡ്വ.പി.എസ്. അജ്മൽ സ്വാഗതവും കൺവീനർ ഷരീഫ് നന്ദിയും പറഞ്ഞു.

### അപേക്ഷ ക്ഷണിച്ചു

ആലപ്പുഴ: പട്ടികജാതി വികസന വകുപ്പു നടപ്പാക്കി വരുന്ന പ്ലസ് വൺ പഠനത്തോടൊപ്പം മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതിപ്രകാരം 2024-25 വർഷത്തേക്ക് അപേക്ഷ ക്ഷണിച്ചു.ഫോൺ: 9539502562.


ഒരു വട്ടം കൂടി 95 മണ്ണഞ്ചേരി ഗവ. ഹൈസ്കൂളിൽ സംഘടിപ്പിച്ച മെറിറ്റ് ഇവനിംഗ്


പാണ്ടനാട് ഗ്രാമ പഞ്ചായത്ത് കേന്ദ്രമാക്കിയ ഉമ്മൻ ചാണ്ടി സ്മൃതി കേന്ദ്രം ചാരിറ്റബിൾ സൊസൈറ്റി വി.എം സുധീരൻ ഉദ്ഘാടനം ചെയ്യുന്നു

## ഉമ്മൻചാണ്ടി അനുസ്മരണം

പാണ്ടനാട് :പാണ്ടനാട് ഗ്രാമ പഞ്ചായത്ത് കേന്ദ്രമാക്കി ഉമ്മൻ ചാണ്ടി സ്മൃതി കേന്ദ്രം ചാരിറ്റബിൾ സൊസൈറ്റി വി.എം സുധീരൻ ഉദ്ഘാടനം ചെയ്തു. വാക്കും പ്രവൃത്തിയും ഒന്നായി ലളിത ജീവിതവും ആദർശ ശുദ്ധിയും തന്റെ കർമ്മ പഥത്തിലൂടെ ജനങ്ങൾക്ക് ബോദ്ധ്യപ്പെടുത്തിയ വിശുദ്ധനായ മനുഷ്യനും സ്നേഹത്തിന്റെ പര്യായവുമായിരുന്നു ഉമ്മൻ ചാണ്ടിയെന്ന് അദ്ദേഹം പറഞ്ഞു.ഉമ്മൻ ചാണ്ടി സ്മൃതി കേന്ദ്രം പ്രസിഡന്റ് കെ.ബി.യശോധരന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കെ.പി.സി.സി സെക്രട്ടറി അഡ്വ. എബി കുര്യാക്കോസ് ഉമ്മൻ ചാണ്ടി അനുസ്മരണ പ്രഭാഷണം നടത്തി. സ്മൃതി കേന്ദ്രം പ്രവർത്തന രേഖ ജനറൽ സെക്രട്ടറി ജോജി പിണ്ഡംകോട് അവതരിപ്പിച്ചു. ഡി.സി.സി ജനറൽ സെക്രട്ടറി അഡ്വ. ഹരി പാണ്ടനാട്, ഫാ. സാമുവേൽ സാമുവൽ, സുജിത് ശ്രീരംഗം, അഡ്വ നാഗേഷ് കുമാർ, വിനീത് തോമസ്, മാത്യു ജേക്കബ്, എം ബി പ്രദീപ്, ജയ്സൺ ചാക്കോ, വി.എൻ സതീഷ്, റോയ് കണ്ടത്തിൽ, എൽസി കോശി, സണ്ണി പുഞ്ചമണ്ണിൽ, അമ്മാളുകുട്ടി, ജോസ് വല്യാനൂർ, എൻ എ ജോസഫ്, ജോളി ഫിലിപ്പ്, ശിവൻ കുട്ടി ഐലാരത്തിൽ, അഡ്വ കുരുവിള ജേക്കബ്, ടി.ഡി മോഹൻ, ബിന്ദു കലാധരൻ, ഹരി കുട്ടമ്പേരൂർ, ടി ഡി മാത്യു, ജോൺ മാത്യു, ജോമോൻ, ജെയിംസ് കടവിൽ, എം.ആർ.ചന്ദ്രൻ, പി എസ് കലാധരൻ, സി കെ രത്നകല, സന്തോഷ് ഇന്ദ്രപ്രസ്ഥം, സന്തോഷ് കുത്തിയതോട്, വി സി കൃഷ്ണൻ കുട്ടി, ചന്ദ്രൻ ചെറുവെഞ്ചാൽ തുടങ്ങിയവർ പ്രസംഗിച്ചു.

## ഇന്ദിരാ ഗാന്ധി പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സൊസൈറ്റി വാർഷിക പൊതുയോഗം

കായംകുളം : ഇന്ദിരാ ഗാന്ധി പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സൊസൈറ്റിയുടെ നാലാമത് വാർഷിക പൊതുയോഗം കായംകുളം അർബൻ സഹകരണ സംഘം കോൺഫറൻസ് ഹാളിൽ നടന്നു. യോഗം മുൻ പി.എസ്.സി മെമ്പർ അഡ്വ. തോമസ് എം. മാത്തുണ്ണി ഉദ്ഘാടനം ചെയ്തു. ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡ്സ് 2024 അംഗീകാരം നേടിയ കായംകുളം താലൂക്ക് ആശുപത്രി പാലിയേറ്റിവ് നഴ്സ് ഷിൽഡാ സെബാസ്റ്റ്യന് ചടങ്ങിൽ വച്ച് സൊസൈറ്റിയുടെ അവാർഡ് നൽകി ആദരിച്ചു. പാലിയേറ്റീവ് സൊസൈറ്റി പ്രസിഡന്റ് അഡ്വ: യു.മുഹമ്മദ് അധ്യക്ഷത വഹിച്ചു. യോഗത്തിൽ ഭാരവാഹികളായ സുഷമ തങ്കപ്പൻ, ഏ. സലീം, അഡ്വ പി.എസ്. സമീർ, യാസർ കാവേരി, കെ.റഹ്മത്ത് അലിഖാൻ, സി എച്ച്. ഷുക്കൂർ, എസ്. അബ്ദുൽ ലത്തീഫ്, കെ.വി റജികുമാർ, വൈ.ഹാരീസ്, പി.എസ് സാബു, എൻ. മുരുകദാസ്, അനിതാ സത്യൻ, മിനി അഛൻ കുഞ്ഞ്, ജോമോൾ, ഷാഹിന അഷ്റഫ്, സഫിയത്ത്, ആർ. അമ്പിളി, സുജ ജേക്കബ്ബ് എന്നിവർ പ്രസംഗിച്ചു.

## രാമായണ മാസാചരണം

ചെങ്ങന്നൂർ : വണ്ടിമല ദേവസ്ഥാനത്തിൽ രാമായണ മാസാചരണം കർക്കിടം ഒന്ന് മുതൽ ഒരു മാസക്കാലം നടക്കും. ഓഗസ്റ്റ് 15ന് സമാപന സമ്മേളനം. ഉന്നത വിദ്യാഭ്യാസം നേടിയ കുട്ടികളെ ആദരിക്കൽ, ഔഷധക്കഞ്ഞി വിതരണം, രാമായണ പ്രശ്നോത്തിരി, സമ്മാന വിതരണം എന്നിവ നടക്കുമെന്ന് പ്രസിഡന്റ് റ്റി.സി. ഉണ്ണികൃഷ്ണൻ, സെക്രട്ടറി പി.എൻ. കുമാരസ്വാമി, ട്രഷറർ എം. മനുകൃഷ്ണൻ, ഗിരീഷ് നടരാജൻ എന്നിവർ അറിയിച്ചു.

## വനിത സംഘം നേതൃയോഗം

മാന്നാർ എസ്.എൻ.ഡി.പി യൂണിയൻ പ്രൈവറ്റ് ബസ് സ്റ്റാൻഡിന് സമീപം നിർമ്മിക്കുന്ന കെട്ടിട നിർമ്മാണ സമുച്ചയത്തിന് യൂണിയൻ വനിതാ സംഘം 25 ലക്ഷം രൂപ നൽകുവാൻ വനിതാ സംഘം നേതൃയോഗം തീരുമാനിച്ചു. ഇതിനായി ഏർപ്പെടുത്തിയ ഭാഗ്യശ്രീ സമ്മാന പദ്ധതിയിലൂടെയാണ് പണം സ്വരൂപിക്കുന്നത്. ഗാന്ധിജയന്തി ദിനത്തിൽ എസ്.എൻ.ഡി.പി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശന്റെ സാന്നിധ്യത്തിൽ യൂണിയൻ ഭാരവാഹികൾക്ക് തുക നൽകുമെന്ന് വനിതാ സംഘം യൂണിയൻ ചെയർപേഴ്സൺ ശശികല രഘുനാഥ്, വൈസ് ചെയർപേഴ്സൺ ബിനി സതീശൻ, കൺവീനർ പുഷ്പ ശശികുമാർ, ട്രഷറർ പ്രവദ രാജപ്പൻ എന്നിവർ അറിയിച്ചു. യോഗത്തിന്റെ ഉദ്ഘാടനം യൂണിയൻ ചെയർമാൻ കെ എം ഹരിലാൽ നിർവഹിച്ചു. വനിതാ സംഘം യൂണിയൻ ചെയർപേഴ്സൺ ശശികല രഘുനാഥ് അധ്യക്ഷത വഹിച്ച യോഗത്തിൽ യൂണിയൻ കൺവീനർ അനിൽ പി ശ്രീരംഗം മുഖ്യപ്രഭാഷണം നടത്തി. ചെന്നിത്തല, മാന്നാർ, ബുധനൂർ,ഗ്രാമം എന്നീ നാല് മേഖലയുടെയും നേതൃയോഗം രാവിലെയും ഉച്ചയ്ക്കുമായി നടന്നു. യൂണിയൻ അഡ്.കമ്മറ്റി അംഗങ്ങളായ രാജേന്ദ്രപ്രസാദ് അമൃത, ഹരി പാലമൂട്ടിൽ, രാധാകൃഷ്ണൻ പുല്ലാമഠത്തിൽ, മേഖല ചെയർപേഴ്സൺ മാരായ വിജയശ്രീ സന്തോഷ്, വിജയശ്രീ പാവുക്കര, രജിത പ്രസാദ്, മിഥു ശിവദാസൻ,വനിതാ സംഘം യൂണിയൻ വൈസ്. ചെയർപേഴ്സൺ,ട്രഷറർ, യൂണിയൻ എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങളായ സിന്ധു സുഭാഷ്, സിന്ധു സോമരാജൻ, വിജയശ്രീ, ലേഖ വിജയകുമാർ, വസന്ത കുമാരി പ്രസംഗിച്ചു.



ശിലാഫലകം അക്രമാസക്തർ തല്ലിത്തകർത്ത നിലയിൽ

## ശിലാഫലകം നശിപ്പിച്ചു: കോൺഗ്രസ് പ്രതിഷേധിച്ചു

ചേപ്പാട് : ചേപ്പാട് പഞ്ചായത്തിലെ മുക്കാട്ട് നാല്പത് വർഷങ്ങൾക്ക് മുൻപ് അന്നത്തെ ഗ്രാമവികസന മന്ത്രിയും നിലവിലെ എം.എൽ.എയുമായ രമേശ് ചെന്നിത്തല അനാഛാദനം ചെയ്ത ശിലാഫലകം അക്രമാസക്തരായ ഒരുകൂട്ടം ആൾക്കാർ തല്ലിത്തകർത്തു. ഈ പ്രദേശത്തെ സാമൂഹികവും സാമ്പത്തികവുമായി ബുദ്ധിമുട്ടനുഭവിച്ചിരുന്ന പത്ത് കുടുംബങ്ങൾക്ക് നാല്പത് വർഷം മുൻപ് വീടുകൾ നിർമിച്ച് നൽകിയ പദ്ധതിയുടെ ഉദ്ഘാടന വേളയിൽ പദ്ധതി പ്രദേശത്ത് സ്ഥാപിച്ചിരുന്ന ശിലാഫലകമാണ് നശിപ്പിക്കപ്പെട്ടത്.ഇതോടൊപ്പം ജോൺ തോമസ് ജില്ലാപഞ്ചായത്തിന്റെ പദ്ധതി വിഹിതമുപയോഗിച്ച് വെള്ളപ്പൊക്കക്കെടുതിയിൽ നിന്നും ഈ പ്രദേശത്തെ സംരക്ഷിക്കാനായി മണലിട്ടുയർത്തിയ പദ്ധതിയുടെ ഉദ്ഘാടനത്തിന് സ്ഥാപിച്ച ശിലാഫലകവും നശിപ്പിക്കപ്പെട്ടുമുക്കാട്ട് നടന്ന അക്രമത്തിൽ ചേപ്പാട് മണ്ഡലം കോൺഗ്രസ് കമ്മിറ്റി നേതാക്കൾ സംഭവസ്ഥലം സന്ദർശിക്കുകയും അക്രമത്തെ ശക്തമായ ഭാഷയിൽ അപലപിക്കുകയും ചെയ്തു. പൊതുജനങ്ങൾക്ക് യാതൊരു ബുദ്ധിമുട്ടുമില്ലാതെ ഇത്രയും കാലം നിലനിന്നിരുന്ന ശിലാഫലകങ്ങൾ അക്രമത്തിന്റെ മറവിൽ മനപ്പൂർവം നശിപ്പിക്കപ്പെട്ടതാണെന്ന് സംശയിക്കുന്നതായി ഹരിപ്പാട് ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റ് കെ കെ സുരേന്ദ്രനാഥും ചേപ്പാട് മണ്ഡലം കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റ് പ്രൊഫ. ഡോ. ബി ഗിരിഷ് കുമാറും സംയുക്തപ്രസ്താവനയിൽ ആരോപണം ഉന്നയിച്ചു. എം കെ മണികുമാർ, എം മണിലേഖ,മാത്യു ഉമ്മൻ,രാജേഷ് രാമകൃഷ്ണൻ, ഷംസുദീൻ, നൗഷാദ്,പ്രസാദ്, ഗൗതംരാജ്,വിവേക് ആർ വസന്ത്,ഹരികുമാർ കൊട്ടാരം,പാർഥൻ, ജയശ്രീ സജികുമാർ,സുനിൽ കുമാർ, ബിനു കടമ്പാട്ട്,അഭിലാഷ് ഭാസി, രതീഷ്കുമാർ മണ്ണാംപറമ്പിൽ,ശ്രീരാജ്,ബാലചന്ദ്രൻ, ഗീതാ ബാലചന്ദ്രൻ സംസാരിച്ചു.

## ലയൺസ് ക്ലബ് ഓഫ് ആലപ്പി സൗത്ത് ജനക്ഷേമപദ്ധതി

മുഹമ്മ: ലയൺസ് ക്ലബ് ഓഫ് ആലപ്പി സൗത്ത് നടപ്പാക്കുന്ന ജനക്ഷേമപദ്ധതികളുടെ ഉദ്ഘാടനം വർണ്ണാഭമായ ചടങ്ങുകളോടെ ആലപ്പുഴ പഗോഡ റിസോർട്ടിൽ നടന്നു. ലയൺസ് മൾട്ടിപ്പിൾ ഡിസ്ട്രിക്ട് ജിഎൽ ടി കോഓർഡിനേറ്റർ ആർ.ജി ബാലസുബ്രഹ്മണ്യം പിഎം ജെ എഫ് ചടങ്ങ് ഉദ്ഘാടനം ചെയ്തു. ജനോപകാര പ്രവർത്തനങ്ങളിലൂടെ സമൂഹമനസിൽ ഇടം നേടാൻ കഴിഞ്ഞ ക്ലബ്ബാണ് ലയൺസ് ക്ലബ് ഓഫ് ആലപ്പി സൗത്ത് എന്ന് അദ്ദേഹം പറഞ്ഞു. വിവിധ പ്രൊജക്റ്റുകളുടെ ഉദ്ഘാടനം ശ്രീജിത്ത് സുകുമാരൻ, ജോസ് അരത്തുമ്പള്ളി., പ്രൊഫ. പ്രിയകുമാർ പ്രിയകുമാർ നന്ദഗിരി , ഡോ. പ്രകാശൻ എന്നിവർ നിർവഹിച്ചു. പുതിയ ഭാരവാഹികളായി ലയൺ കിഷോർ ചാറ്റർജി (പ്രസിഡന്റ്) ലയൺ ടോമി സി റ്റി ( സെക്രട്ടറി) ലയൺ ജിബു കെ ദേവസ്യ (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു.

### അപേക്ഷ ക്ഷണിച്ചു

ആലപ്പുഴ: ജില്ല ടി.ബി.കേന്ദ്രത്തിൽ മരുന്നുകൾ, ലബോറട്ടറി സാമഗ്രികൾ എന്നിവ വിതരണം ചെയ്യുന്നതിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ ജുലൈ 22ന് ഉച്ചക്ക് ഒന്നുവരെ സ്വീകരിക്കും.


ലയൺസ് ക്ലബ് ഓഫ് ആലപ്പി സൗത്തിന്റെ ജനക്ഷേമ പദ്ധതികളുടെ ഉദ്ഘാടനം ആർ .ജി ബാലസുബ്രഹ്മണ്യം നിർവഹിക്കുന്നു


ആധുനിക കയർപിരി യൂണിറ്റുകളുടെ സ്വിച്ച് ഓൺ കർമ്മം ടി എം എം സി കമ്പിനി മാനേജിംഗ് ഡയറക്ടർ വി.ആർ പ്രസാദ് നിർവഹിക്കുന്നു

## അനുമോദന സമ്മേളനം

ചേർത്തല: സമുദായംഗങ്ങളുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്കായി ജനനം മുതൽ മരണം വരെ താങ്ങും തണലുമായി കൂടെയുണ്ടാകുന്ന പ്രസ്ഥാനമാണ് എൻ.എസ്.എസ് എന്ന് ചേർത്തല താലൂക്ക് യൂണിയൻ അംഗം വി. ശ്രീകുമാർ പറഞ്ഞു. ചാരമംഗലം വടക്ക് 4413 നമ്പർ എൻ.എസ്.എസ് കരയോഗം നേതൃത്വത്തിൽ സംഘടിപ്പിച്ച അനുമോദന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു. പ്രസിഡന്റ് സതീഷ് ബാബു അധ്യക്ഷ ത വഹിച്ചു.ഓഡിറ്റ് ഇൻസ്പെക്ടർ നിഖിൽ വേണു പഠനോപകരണ വിതരണം നടത്തി.തുടർന്ന് വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകൾ വിതരണം ചെയ്തു.സെക്രട്ടറി കെ.പി തുളസിദാസ്, വനിതാസമാജം പ്രസിഡന്റ് ജി.രാജലക്ഷ്മി, ട്രഷറർ കെ.കെ പ്രസന്നകുമാർ, വൈസ് പ്രസിഡന്റ് ടി.ജയൻ ,സുരേഷ് കുമാർ, ശിവാനന്ദ കറുപ്പ് ,സി.എൻ ഗോപകുമാർ ,രമാ ശ്രീകുമാർ, മിനി, രജിത എന്നിവർ പ്രസംഗിച്ചു.

## സ്പിന്നിംഗ് യൂണിറ്റ് പരിശീലന പരിപാടി

കണിച്ചുകുളങ്ങര: കയർപിരി മേഖലയുടെ നവീകരണത്തിന് സർക്കാർ മുൻഗണന നൽകുമെന്ന് കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ കെ.കെ ഗണേശൻ പറഞ്ഞു .ആലപ്പുഴ കയർ ക്ലസ്റ്റർ ഡവലപ്പ്മെന്റ് സൊസൈറ്റിയുടെ കണിച്ചുകുളങ്ങര കയർ പാർക്കിൽ സ്ഥാപിച്ച സ്പിന്നിംഗ് യൂണിറ്റിലെ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു.

ആധുനിക കയർപിരി യൂണിറ്റുകളുടെ സ്വിച്ച് ഓൺ കർമ്മം ടി എം എം സി കമ്പിനി മാനേജിംഗ് ഡയറക്ടർ വി.ആർ പ്രസാദ് നിർവഹിച്ചു. പ്രസിഡന്റ് പി.എൻ സുധീർ അധ്യക്ഷത വഹിച്ചു.

എം പി പവിത്രൻ, ട്രഷറർ വി.എ ജോസഫ്, പ,ഞ്ചായത്തംഗം സീമാ ദിലീപ് ,സി.കെ സുരേന്ദ്രൻ ,എക്സിക്യൂട്ടീവ് ഡയറക്ടർ കെ.പി അനിൽ കുമാർ ,ഉണ്ണികൃഷ്ണൻ ,ജോമോൻ ജേക്കബ് എന്നിവർ പ്രസംഗിച്ചു.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂലൈ 16 ചൊവ്വ



## ബസ് റോഡരികിലേക്ക് ഇടിച്ചിറങ്ങി

മാനന്തവാടി: മാനന്തവാടി തോണിച്ചാൽ ഇരുമ്പ് പാലത്തിന് സമീപം വെച്ച് നിയന്ത്രണം വിട്ട കെഎസ്ആർടിസി ബസ് റോഡരികിലേക്ക് ഇടിച്ചിറങ്ങി. മാനന്തവാടിയിൽ നിന്നും തലശ്ശേരിക്ക് ഇന്നലെവൈകിട്ട് 5.30ന് സർവ്വീസ് നടത്തുന്ന തലശ്ശേരി ഡിപ്പോയുടെ ഫാസ്റ്റ് പാസഞ്ചർ ബസ്സാണ് അപകടത്തിൽപ്പെട്ടത്. എതിരെ വന്ന സ്വകാര്യ ബസ്സിന് അരിക് നൽകുമ്പോഴാണ് റോഡിൽ നിന്നും ബസ് തെന്നിമാറിയത്. ബസിൽ യാത്രക്കാരുണ്ടായിരുന്നെങ്കിലും ആർക്കും പരിക്കില്ല

## റിസോഴ്സ് അധ്യാപക നിയമനം

കൽപ്പറ്റ: സർക്കാർ പ്രൈമറി സ്കൂളിൽ ഇംഗ്ലീഷ് എന്റിച്ച്മെന്റ് പ്രോഗ്രാം പദ്ധതി നടപ്പാക്കുന്നതിന് മൂന്ന് ഉപജില്ലകളിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ റിസോഴ്സ് അധ്യാപകരെ നിയമിക്കുന്നു. ബി എ ഇംഗ്ലീഷ്(കമ്മ്യൂണിക്കേറ്റീവ്, ലിറ്ററേച്ചർ, ഫങ്ഷണൽ), ഇംഗ്ലീഷിൽ ടി ടി സി, ബിഎഡ്, ഡി എഡ്, ഡി ഇ ഐ ഇ ഡി യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. ഉദ്യോഗാർഥികൾ ജൂലൈ 22 ന് രാവിലെ 11 ന് അസൽ സർട്ടിഫിക്കറ്റുമായി ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ അഭിമുഖത്തിന് എത്തണം.

## വയനാട് വാർത്തകൾ

# കാട്ടാന ആക്രമണം: നാട്ടുകാർ ദേശീയ പാത ഉപരോധിച്ചു

സുൽത്താൻ ബത്തേരി: കാട്ടാനയുടെ ആക്രമണത്തിൽ പരിക്കേറ്റ കല്ലുമുക്ക് മാറോട് കോളനിയിലെ രാജു (52) വിന്റെ നില ഗുരുതരമായി തുടരുന്നു. രണ്ട് കാലുകൾക്കും നെഞ്ചത്തും കുത്തേറ്റ രാജുവിനെ ഉടൻ ബത്തേരിയിലെ ആശുപത്രിയിലെത്തിച്ചു. തുടർന്നു കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിലേക്ക് മാറ്റുകയായിരുന്നു. രാജുവിന്റെ ആരോഗ്യസ്ഥിതി ഗുരുതരമായി തുടരുകയാണ്.

കഴിഞ്ഞ ദിവസം രാത്രി എട്ട് മണിയോട് കൂടിയാണ് സമീപത്തെ ബന്ധു വീട്ടിൽ പോയി തിരികെ വരുകയായിരുന്ന രാജുവിനെ കാട്ടാന ആക്രമിച്ചത്. വയലിലൂടെയുള്ള റോഡിന് താഴെ വശത്തുള്ള ഞാറിൽ നിൽക്കുകയായിരുന്ന കാട്ടാന ചിന്നം വിളിച്ചു കൊണ്ട് ഓടിയടുക്കുകയായിരുന്നു. കൊലവിളിയുമായ ആന വരുന്നത് കണ്ട് ഓടി രക്ഷപ്പെടാൻ ശ്രമിച്ചങ്കിലും വയലിലിട്ട് ആക്രമിക്കുകയായിരുന്നു. ആനയുടെ അലർച്ചയും രാജുവിന്റെ കരച്ചിലും കേട്ട് ഭാര്യ പുഷ്പ വീട്ടിൽ നിന്ന് ഓടിയെത്തി. ഇവരുടെ കരച്ചിലും സമീപപ്രദേശങ്ങളിൽ നിന്നുള്ള ആളുകളുടെ ഒച്ചയും കേട്ടതോടെ ആന മാറി പോവുകയായിരുന്നു.

രാജുവിന് ഗുരുതരമായി പരുക്കേൽക്കാനിടയായ സംഭവത്തിൽ പ്രതിഷേധിച്ച് നാട്ടുകാർ കല്ലൂരിൽ ദേശീയപാത ഉപരോധിച്ചു. കഴിഞ്ഞ ഒരാഴ്ചയായി കല്ലുമുക്ക് മാറോട് ഭാഗത്ത് കാട്ടാന ശല്യം അതിരൂക്ഷമായിട്ടും വനം വകുപ്പ് അധികൃതർ യാതൊരു നടപടിയും സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ചായിരുന്നു സമരം. രണ്ട് മണിക്കൂറോളം ഉപരോധം നീണ്ടുനിന്നു.



പരുക്കേറ്റ രാജുവിന്റെ മുഴുവൻ ചികിത്സാ ചെലവുകളും വനം വകുപ്പ് വഹിക്കും, അടിയന്തിര സഹായമായി ഒരു ലക്ഷം രൂപ നൽകും, വന്യമൃഗശല്യത്തിന് അടിയന്തിരമായി പരിഹാരം കാണും എന്നീ ഉറപ്പിൻമേലാണ് ഉപരോധ സമരം പിൻവലിച്ചത്.

കഴിഞ്ഞ ദിവസം കാട്ടാനയുടെ ആക്രമണമുണ്ടായതോടെ രോക്ഷാകുലരായ ജനങ്ങൾ സർവ്വകക്ഷി ആക്ഷൻ കമ്മറ്റിയുടെ നേതൃത്വത്തിൽ ദേശീയ പാത ഉപരോധിക്കുകയായിരുന്നു. വനം വകുപ്പിന്റെ ഉന്നത ഉദ്യോഗസ്ഥർ സ്ഥലത്തെത്തി നാട്ടുകാരുടെ ആവശ്യങ്ങൾ അംഗീകരിക്കാതെ ഉപരോധ സമരം അവസാനിപ്പിക്കുകയില്ലെന്ന് ജനങ്ങൾ വ്യക്തമാക്കി. ബത്തേരി സ്റ്റേഷനിൽ നിന്നുള്ള പോലീസ് സംഘം സ്ഥിതിഗതികൾ വിലയിരുത്തി സ്ഥലത്ത് നിലയുറപ്പിച്ചു. മുക്കൽ മണിക്കൂറിന് ശേഷം എ ഡി സി എഫ് സുരജ് ബെന്നിന്റെ നേതൃത്വത്തിലുള്ള വനപാലക സംഘം സ്ഥലത്തെത്തി. പോലീസിന്റെയും റവന്യു അധികൃതരുടെയും നേതൃത്വത്തിൽ 'ജനപ്രതിനിധികളും, നാട്ടുകാരുമായും ചർച്ച നടത്തി. ഇതിൽ നൽകിയ ഉറപ്പിൻമേലാണ് സമരം അവസാനിപ്പിച്ചത്. വന്യമൃഗ ശല്യമുള്ള മേഖലയിൽ ആവശ്യത്തിന് വാച്ചർമാരെയും ഫെൻസിംഗ് ഉള്ള പ്രദേശങ്ങളിൽ അത് കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ വേണ്ട നടപടിയും സ്വീകരിക്കാമെന്നും വനം വകുപ്പ് ഉറപ്പ് നൽകി. ഉപരോധ സമരം നൂൽപ്പുഴ പഞ്ചായത്ത് പ്രസിഡന്റ് ഷീജ സതീഷ് ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്ത് മെമ്പർ അമൽ ജോയി, മനോജ് അമ്പാടി, പി കെ ശ്രീജൻ, ഐസക്ക് പുതുശേരി, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് എൻ എ ഉസ്മാൻ, കനകരാജ്, വൽസരാജൻ പ്രസംഗിച്ചു.



വന്യമൃഗശല്യത്തിന് ശാശ്വത പരിഹാരം കാണണമെന്നാവശ്യപ്പെട്ട് സർവ്വകക്ഷിയുടെ നേതൃത്വത്തിൽ ദേശീയ പാത ഉപരോധിക്കുന്നു.

# മഴ കനക്കുന്നു; ദുരിതങ്ങളും

## റോഡിന്റെ അരിക് ഇടിഞ്ഞു; അപകടമുനമ്പിൽ യാത്ര

പനമരം: മഴവെള്ളം കുത്തി ഒഴുകിയതിനാൽ റോഡിന്റെ അരിക് ഇടിഞ്ഞ് ഗർത്തമായി സംരക്ഷണ ഭിത്തിക്കും ഭീഷണി, റോഡിന് താമസിക്കുന്ന വീട്ടുകാർക്കും മഴവെള്ളം ഭീഷണിയാകുന്നു. പനമരം കോഴിക്കോട് റോഡിലാണ് മഴ വെള്ളത്തിന്റെ കുത്തൊഴുക്കിൽ റോഡിന്റെ ഒരു വശം ഗർത്തമായി മാറിയത്.

പനമരം പഴയ വിവറേജ് കെട്ടിടത്തിന്റെ എതിർവശത്തുള്ള റോഡിലാണ് കുഴി. ശക്തമായ മഴയിൽ വെള്ളം സംഭക്ഷണ ഭിത്തിയിയുടെ ഇടയിലൂടെ ഒലിച്ചിറങ്ങുന്നതിനാൽ സംരക്ഷണ ഭിത്തിയിയുടെ ചിലയിടങ്ങളിൽ വലിയ വിടവ് സംഭവിച്ചിട്ടുണ്ട്. കൂടാതെ റോഡിന്റെ താഴ്ഭാഗത്തുള്ള വീടുകളിൽ മലിനജലം എത്തുന്നത് വിട്ടുകാർക്കും ദുരിതമാവുകയാണ്. ഓവ്ചാൽ ഇല്ലാത്തതാണ് കാരണം. രാത്രികാലങ്ങളിൽ വാഹനങ്ങളിലെ ഡ്രൈവർമാർക്ക് റോഡിൽ അപകടം പതിഞ്ഞിരിക്കുന്നത് മനസ്സിലായില്ലെങ്കിൽ വൻ അപകടത്തിന് വഴിക്കുമെന്ന് തീർച്ചയാണ്. പൊതുവെ ഇവിടെ വീതികുറഞ്ഞ സ്ഥലമായതിനാൽ വാഹനങ്ങൾ റോഡിന്റെ അരിക് ചെർന്നാണ് പോകുന്നത്. അത് കൊണ്ട് തന്നെ അപകടസാധ്യതയും ഏറെയാണ്.



പനമരം പഴയ ബിവേറേജ് പാത്ത് എതിർവശം റോഡ് സൈഡ് ഇടിഞ്ഞ നിലയിൽ

## പാൽവെളിച്ചത്ത് മരം വീണ് ഹോട്ടൽ തകർന്നു

മാനന്തവാടി: അയൽവാസിയുടെ മരം കടപുഴകി ഹോട്ടൽ തകർന്നു. മാനന്തവാടി നഗരസഭ 13-ാം വാർഡിൽ താമസിക്കുന്ന പാൽവെളിച്ചം കുറുവ തിപ്പല്ലൂർ തുളസീധരന്റെ വീടിനോടു ചേർന്നുള്ള ശ്രീദുർഗ ഹോട്ടലാണ് തകർന്നത്. തുളസീധരന്റെ ഭാര്യ ശോഭയും അയൽവാസിയായ മോളിയും ഉപജീവനമാർഗമായി നടത്തുന്ന ഹോട്ടലാണിത്.

ഞായറാഴ്ച വൈകീട്ടു മൂന്നോടെയാണ് അയൽവാസിയായ ചന്ദ്രന്റെ പറമ്പിലുള്ള തേക്കുമരം ഹോട്ടലിനു മുകളിലേക്ക് പതിച്ചത്. ഹോട്ടലിന്റെ അടുക്കളഭാഗം പൂർണമായും തകർന്നു. വീടിനും ഹോട്ടലിനും അപകടഭീഷണിയായ മരം മുറിച്ചുമാറ്റാൻ മുമ്പ് അയൽവാസിയോടു ആവശ്യപ്പെട്ടിരുന്നെങ്കിലും അദ്ദേഹം അതിനു തയ്യാറായില്ലെന്നു തുളസീധരന്റെ മകൻ ദിപീഷ് പറഞ്ഞു. മാനന്തവാടി നഗരസഭാ ട്രീ കമ്മിറ്റിക്കു നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ മരം മുറിപ്പിക്കാൻ നഗരസഭാ അധികൃതർ ശ്രമിച്ചെങ്കിലും അതിനും തയ്യാറായില്ല. വീടിനു സമീപത്തുള്ള മരം അപകട ഭീഷണിയാണെന്നുള്ള തുളസീധരന്റെ മകൻ ദിപീഷിന്റെ

പരാതി ലഭിച്ചിരുന്നതായി വാർഡ് കൗൺസിലർ ടിജി ജോൺസൺ പറഞ്ഞു. സ്ഥലം ഉടമയോടു നിരവധി തവണ ആവശ്യപ്പെട്ടിട്ടും പലകാര്യങ്ങൾ പറഞ്ഞു ഒഴിഞ്ഞുമാറുകയായിരുന്നു. ദിവസങ്ങൾക്കു മുമ്പ് വിളിച്ചപ്പോൾ നിഷേധാത്മക സമീപനമാണുണ്ടായത്. നഗരസഭ ഇടപെട്ട് മരക്കൊമ്പ് മുറിച്ചുമാറ്റി സ്ഥലമുടമയിൽ നിന്നു അതിന്റെ ചെലവു ഈടാക്കാനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയായിരുന്നെന്നും കൗൺസിലർ പറഞ്ഞു.



മരം വീണ് കേട്പാടുകൾ സംഭവിച്ച ഹോട്ടൽ

### വീടിന് മുകളിൽ മരം കടപുഴകി വീണു

മാനന്തവാടി: വീടിന് മുകളിൽ മരം കടപുഴകി വീണു. എടവക കാരക്കുനിയിലെ കൂരൻ താഴത്ത് പറമ്പിൽ ഏലിയാമ്മ മത്തായിയുടെ വീടിന് മുകളിലാണ് മരം കടപുഴകി വീണത്. വീടിന് ഭാഗികമായി കേടുപാടുകൾ സംഭവിച്ചു.



## ഊട്ടി റോഡിൽ മണ്ണിടിഞ്ഞു

ഗൂഡല്ലൂർ: നീലഗിരി ജില്ലയിൽ തുടരുന്ന കനത്ത മഴയിൽ ഊട്ടി-ഗൂഡല്ലൂർ ദേശീയ പാതയിലെ നടുവട്ടത്തിനു സമീപം റോഡി മണ്ണിടിഞ്ഞു. ഇന്നലെ ഉച്ചക്ക് ശേഷമാണ് സംഭവം. മഴ തുടരുകയാണെങ്കിൽമണ്ണിടിച്ചൽ കൂടുവാൻ സാധ്യതയുണ്ട്. നീലഗിരിയിൽ പ്രത്യേകിച്ച് ഗൂഡല്ലൂർ, പന്തല്ലൂർ താലൂക്കുകളിൽ കനത്ത മഴ തുടരുകയാണ്. ചരിഞ്ഞ പ്രദേശങ്ങളിൽ താമസിക്കുന്നവർ മണ്ണിടിച്ചൽ ഭീഷണിയിൽ വീടുകളിൽ കഴിയുകയാണ്.



നടുവട്ടത്തിനു സമീപം റോഡി മണ്ണിടിഞ്ഞ നിലയിൽ

## മരം വീണു സ്കൂൾ മതിൽ തകർന്നു

പടിഞ്ഞാറത്തറ :തെങ്ങുംമുണ്ട ഗവ. എൽ. പി. സ്കൂൾ മുറ്റത്തെ മരം വീണു സ്കൂൾ ചുറ്റുമതിൽ പൂർണമായും തകർന്നു. ഇന്ന് രാവിലെ 9 മണിക്ക് ആയിരുന്നു സംഭവം. ജില്ലയിൽ വിദ്യാലയങ്ങൾക്ക് അവധി ആയതിനാൽ അപകടം ഒഴിവായി. സ്കൂൾ കിണറിനോടു ചേർന്ന ഭാഗത്തെ മതിൽ തകർന്നതിനാൽ കിണറും അപകടാവസ്ഥയിലാണ്.



## എഫ്.സി.ഐ. ഗോഡൗൺ മതിൽ ഇടിഞ്ഞു

മാനന്തവാടി: മാനന്തവാടി കോഴിക്കോട് റോഡിലെ എഫ്.സി.ഐ.ഗോഡൗണിന്റെ മതിൽ തകർന്നു. രണ്ട് മീറ്ററിലേറെ ഉയരമുള്ള കരിങ്കല്ല് കൊണ്ട് നിർമ്മിച്ച സംരക്ഷണഭിത്തിയാണ് മൂന്ന് മീറ്ററോളം നീളത്തിൽ ഇടിഞ്ഞ് വീണത്. മതിലും മണ്ണും ഇടിഞ്ഞ് വീണതിനാൽ ഡ്രൈനേജ് മൂടപ്പെട്ടു. മഴവെള്ളം റോഡിലൂടെയാണ് ഒഴുകിയത്.പിന്നീട് ഡ്രൈനേജിലെ കല്ലും മണ്ണും നീക്കം ചെയ്തു. മാസങ്ങൾക്ക് മുൻപ് റോഡ് വീതി കൂട്ടുന്നതിന്റെ ഭാഗമായി സംരക്ഷണഭിത്തിയോട് ചേർന്നുള്ള മണ്ണും നീക്കം ചെയ്തിരുന്നു. മണ്ണ് നീക്കം ചെയ്തതാണ് സംരക്ഷണ ഭിത്തി തകരാനിടയാക്കിയതത്രേ.



## സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു

നായ്ക്കെട്ടി: നൂൽപ്പുഴ പഞ്ചായത്ത് മുസ്ലിം യൂത്ത് ലീഗ് കമ്മിറ്റിയും സുൽത്താൻ ബത്തേരി ഇഖ്റ ഹോസ്പിറ്റലും സംയുക്തമായി സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. ജില്ലാ മുസ്ലിം ലീഗ് ജനറൽ സെക്രട്ടറി ടി മുഹമ്മദ് ക്യാമ്പ് ഉത്ഘാടനം ചെയ്തു. ഇഖ്റ മാനേജർ നവാസ് മുഖ്യപ്രഭാഷണം നടത്തി. മുഹമ്മദ് ആഷിഖ് അധ്യക്ഷത വഹിച്ചു.

സുൽത്താൻ ബത്തേരി നിയോജക മണ്ഡലം മുസ്ലിം ലീഗ് പ്രസിഡന്റ് എം എ അസൈനാർ, പഞ്ചായത്ത് മുസ്ലിം ലീഗ് പ്രസിഡന്റ് ടി അവറാൻ, നൂൽപ്പുഴ ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൻ എ ഉസ്മാൻ, റസാഖ് ഐ വേൾഡ്, എൻ എം ഇസ്മായിൽ, റിയാസ് കൈനാട്ടി, സി കെ മുസ്തഫ, ഷബീർ പി എം, വി എം അബൂബക്കർ, അലി ഇബ്രാഹിം, നിയാസ് സിയു, റിസാൻ, ഫൈസൽ, ജംഷീർ,ഫാരിസ് സംസാരിച്ചു. സഹീർ അഹമ്മദ് സ്വാഗതവും അനസ് അവറാൻ നന്ദിയും പറഞ്ഞു.



നൂൽപ്പുഴ പഞ്ചായത്ത് മുസ്ലിം യൂത്ത് ലീഗ് കമ്മിറ്റിയും ബത്തേരി ഇഖ്റ ഹോസ്പിറ്റലും സംയുക്തമായി സംഘടിപ്പിച്ച സൗജന്യ മെഡിക്കൽ ക്യാമ്പ് ജില്ലാ ലീഗ് ജനറൽ സെക്രട്ടറി ടി മുഹമ്മദ് ഉത്ഘാടനം ചെയ്യുന്നു

## സ്റ്റാർട്ട് അപ്പ് സംരംഭം ആരംഭിക്കാൻ വായ്പ

കൽപ്പറ്റ: സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ഒ ബി സി വിഭാഗക്കാരായ പ്രൊഫഷണലുകൾക്ക് സ്റ്റാർട്ട് അപ്പ് സംരംഭം ആരംഭിക്കാൻ വായ്പാ പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. പരമാവധി 20 ലക്ഷം രൂപ വരെ വായ്പയായി അനുവദിക്കും. കുടുംബവാർഷിക വരുമാനം മൂന്ന് ലക്ഷം രൂപ അധികരിക്കാത്ത ഒ.ബി.സി വിഭാഗക്കാർക്ക് അപേക്ഷിക്കാം. അപേക്ഷകർ എംബിബിഎസ്, ബിഡിഎസ്, ബിഎഎംഎസ്, ബിഎസ്എംഎസ്, ബിടെക്, ബിഎച്ച്എംഎസ്, ബിആർക്, വെറ്റിനറി സയൻസ്, ബി.എസ്.സി അഗ്രികൾച്ചർ, ബിഫാം,

ബയോടെക്നോളജി, ബിസിഎ, എൽഎൽബി, എംബിഎ, ഫുഡ് ടെക്നോളജി, ഫൈൻ ആർട്സ്, ഡയറി സയൻസ്, ഫിസിക്കൽ എഡ്യൂക്കേഷൻ, ഫോട്ടോഗ്രഫി, വീഡിയോഗ്രാഫി വിജയകരമായി പൂർത്തികരിച്ചവരായിരിക്കണം. പ്രായം 40 കവിയരുത്. താത്പര്യമുള്ളവർ കോർപ്പറേഷന്റെ ബന്ധപ്പെട്ട ജില്ലാ/ഉപജില്ലാ ഓഫീസുകളിൽ നിന്ന് ലഭിക്കുന്ന അപേക്ഷാ ഫോറം പൂരിപ്പിച്ച് ആവശ്യമായ രേഖകൾ സഹിതം നൽകണം. കൂടുതൽ വിവരങ്ങൾ www.ksbc-dc.com ൽ ലഭിക്കും.



ചാർട്ടേഡ് അക്കൗണ്ടന്റ് ഫൈനൽ പരീക്ഷയിൽ വിജയം നേടിയ എടത്തിൽ മുഹമ്മദ് ഇഹ്സാന് യൂത്ത് ലീഗ് കണിയാമ്പറ്റ പഞ്ചായത്ത് കമ്മിറ്റിയുടെ ഉപഹാരം സംസ്ഥാന ട്രഷറർ പി ഇസ്മായിൽ കൈമാറുന്നു.

## വായ്പ പദ്ധതിയിലേക്ക് അപേക്ഷിക്കാം

കൽപ്പറ്റ: പട്ടികജാതി-പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ ദേശീയ പട്ടികവർഗ്ഗ ധനകാര്യ വികസന കോർപ്പറേഷന്റെ സഹായത്തോടെ 'ആദിവാസി മഹിളാ ശാക്തീകരൺ യോജന' പദ്ധതിയിൽ വായ്പക്ക് അപേക്ഷ ക്ഷണിച്ചു. 18 നും 55 നും ഇടയിൽ പ്രായമുള്ള പട്ടികവർഗ്ഗ വിഭാഗക്കാരായ തൊഴിൽ രഹിത യുവതികൾക്ക് അപേക്ഷിക്കാം. കുടുംബ വാർഷിക വരുമാനം 300000 രൂപയിൽ അധികരിക്കരുത്. ഫോൺ- 04936 202869, 9400068512



വാമോസ്... കോപ്പ അമേരിക്ക ഫുട്ബാൾ ഫൈനൽ മത്സരത്തിൽ കൊളംബിയക്കെതിരെ 113-ാം മിനുട്ടിൽ അർജന്റീനൻ താരം ലൗറ്റാരോ മാർട്ടിനസ് വിജയഗോൾ നേടിയപ്പോൾ കോഴിക്കോട് നൈനാൻവളപ്പിലെ ആരാധകരുടെ ആഹ്ലാദം

## കുറുക്കന്റെ കടിയേറ്റ് പരിക്ക്

നടുവണ്ണൂർ: കുറുക്കന്റെ കടിയേറ്റ് നാലു പേർക്ക് പരിക്ക്. കാവുന്തറ സ്വദേശികളായ ഇരുണപ്പുറത്ത് മിനി (42), ബാവു (65),കറ്റാർ കണ്ടി രാജൻ (62), ഷൈജു എന്നിവരെ മെഡി.കോളജിൽ പ്രവേശിപ്പിച്ചു. കുറുക്കനെ പിടി കൂടാൻ കഴിഞ്ഞിട്ടില്ല.

# കോഴിക്കോട് വാർത്തകൾ

## യു.ഡി.എഫ് മെമ്പർമാരെ അയോഗ്യരാക്കിയതിന് സ്റ്റേ



കുന്ദമംഗലം: ഗ്രാമ പഞ്ചായത്തു യു.ഡി.എഫ് മെമ്പർമാരായ കൗലത്തു, ജിഷ എന്നിവരെ അയോഗ്യരാക്കിയ മുൻസിഫ് കോടതി വിധി ജില്ലാ കോടതി സ്റ്റേ ചെയ്തു. 2011 12ലെ വാർഷിക പദ്ധതിയിലെ ഓഡിറ്റ് ഒബ്ജക്ഷൻ അനുസരിച്ച് 40259 രൂപ വീതം ആ കാലയളവിലെ മുഴുവൻ മെമ്പർമാരിൽ നിന്നും ഈടാക്കാൻ തീരുമാനിച്ചിരുന്നു. ഇതിനെതിരെ ഹൈക്കോടതിയെ സമീപിച്ചതോടെ മേൽ തീരുമാനം സ്റ്റേ ചെയ്തു. 2020 ൽ ഗ്രാമ പഞ്ചായത്തിലേക്ക് മത്സരിച്ച പി. കൗലത്തു, ജിഷ ചോലക്കമണ്ണിൽ എന്നിവരുടെ നോമിനേഷൻ പ്രസ്തുത കാരണം പറഞ്ഞ് തള്ളിക്കുന്നതിന് ഇടതുപക്ഷം കഠിനമായ ശ്രമം നടത്തിയിരുന്നെങ്കിലും സംസ്ഥാന ഇലക്ഷൻ കമ്മീഷൻ നിർദ്ദേശ പ്രകാരം റിട്ടേണിങ്ങ് ഓഫീസർ അവസാന നിമിഷം നോമിനേഷൻ സ്വീകരിക്കുകയും രണ്ടു പേരും മൽസരിച്ച് വിജയിക്കുകയും ചെയ്തു. ഇതിനെതിരെ പരാജയപ്പെട്ട എൽ.ഡി എഫ് സ്ഥാനാർത്ഥികൾ മുൻസിഫ് കോടതിയിൽ പരാതി നൽകി. കോടതി ഇരുവരുടെയും തെരഞ്ഞെടുപ്പ് റദ്ദാക്കിഎതിർ സ്ഥാനാർത്ഥികളേയും വിജയികളായി പ്രഖ്യാപിച്ചു. ഇതിനെതിരെയുള്ള അപ്പീലിലാണ് കീഴ്കോടതി വിധി സ്റ്റേ ചെയ്തത്.

## എം.കെ മുനീർ എം.എൽ.എയുടെ സത്യാഗ്രഹ സമരം 19 മുതൽ
## യു.ഡി.എഫ് അന്തിമ രൂപം നൽകി

കോഴിക്കോട്: ജില്ലയിൽ പ്ലസ് ടു അധിക ബാച്ച് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ഡോ.എം.കെ മുനീർ എം.എൽ.എ 19 മുതൽ നടത്തുന്ന അനിശ്ചിത കാല സത്യാഗ്രഹ സമരത്തിന് ജില്ലാ യു.ഡി.എഫ് യോഗം അന്തിമ രൂപം നൽകി. കോഴിക്കോട് ഡി.ഡി.ഇ ഓഫീസിന് മുന്നിൽ പ്രത്യേകം ഒരുക്കുന്ന സമര പന്തലിൽ വെള്ളിയാഴ്ച വൈകിട്ട് മൂന്നിന് ആരംഭിക്കുന്ന സമരം പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ ഉദ്ഘാടനം ചെയ്യും. ഉപ നേതാവ് പി.കെ കുഞ്ഞാലിക്കുട്ടി മുഖ്യ പ്രഭാഷണം നിർവഹിക്കും.

ഓരോ ദിവസവും സമര പന്തലിൽ വിവിധ നിയോജക മണ്ഡലങ്ങളിൽ നിന്നുള്ള പ്രവർത്തകർ പങ്കാളികളാവും. 19 ന് കോഴിക്കോട് സൗത്ത്, 20 ന് പകൽ കുന്ദമംഗലം, വൈകീട്ട് കോഴിക്കോട് നോർത്ത്, 21 ന് പകൽ വടകര, വൈകീട്ട് ബേപ്പൂർ, 22 ന് പകൽ തിരുവമ്പാടി, വൈകീട്ട് കൊടുവള്ളി, 23 ന് പകൽ നാദാപുരം, വൈകീട്ട് കൊയിലാണ്ടി, 24 ന് പകൽ കുറ്റ്യാടി, വൈകീട്ട് ബാലുശ്ശേരി, 25 ന് പകൽ പേരാമ്പ്ര, വൈകീട്ട് എലത്തൂർ. ഇതു കൂടാതെ വിവിധ നിയോജക മണ്ഡലങ്ങളിൽ നിന്നായി തിരഞ്ഞെടുക്കപ്പെട്ട സ്ഥിരാംഗങ്ങൾ സമരത്തിലുടനീളമുണ്ടാവും.

കോഴിക്കോട് ലീഗ് ഹൗസിൽ ചേർന്ന യു.ഡി.എഫ് ജില്ലാ ലൈസൺ കമ്മിറ്റി അംഗങ്ങളുടേയും, നിയോജക മണ്ഡലം ചെയർമാൻ കൺവീനർമാരുടേയും യോഗം മുസ്‌ലിം ലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ് എം.സി മായിൻ ഹാജി ഉദ്ഘാടനം ചെയ്തു. കെ ബാലനാരായണൻ അദ്ധ്യക്ഷത വഹിച്ചു. ടി.ടി ഇസ്മായിൽ സ്വാഗതവും അഷ്റഫ് മണക്കടവ് നന്ദിയും പറഞ്ഞു. ഡി,സി.സി പ്രസിഡന്റ് ഇൻ ചാർജ്ജ് കെ.പി ബാബു, സൂപ്പി നരിക്കാട്ടേരി, കെ.എം ഉമ്മർ, രാധാകൃഷ്ണൻ കെ.പി, ജയരാജ് മൂടാടി, കെ.എ ഖാദർ മാസ്റ്റർ, ഹാഷിം മനോളി, അഡ്വ. എ.വി അൻവർ, കെ.കെ ആലിക്കുട്ടി, കെ.വി കൃഷ്ണൻ, മുഹമ്മദ് ഹസ്സൻ വി, അർഷുൽ അഹമ്മദ്, വി.എം മുഹമ്മദ് മാസ്റ്റർ, പി മൊയ്തീൻ മാസ്റ്റർ, മഠത്തിൽ നാണു മാസ്റ്റർ, നിസാർ ചേലേരി, സി രാജൻ, എൻ.പി അബ്ദുള്ള ഹാജി സംസാരിച്ചു.

### യു.ഡി.എഫ് പ്രത്യേക നേതൃയോഗം ഇന്ന്

കോഴിക്കോട്: ഡോ.എം.കെ മുനീർ എം.എൽ.എയുടെ സത്യഗ്രഹ സമരം വിജയിപ്പിക്കുന്നതിനായി ഇന്ന് രാവിലെ 11 മണിക്ക് ജന പ്രതിനിധികൾ, യു.ഡി.എഫ് ഘടക കക്ഷികളുടെ വിദ്യാർത്ഥി യുവജന വനിതാ, തൊഴിലാളി, അധ്യാപക, സർവീസ്, കർഷക, ദളിത്, പ്രവാസി, പെൻഷൻ, സംഘടനകളുടെ ജില്ലാ നേതൃ യോഗം ലീഗ് ഹൗസിൽ ചേരും. നാളെ യു.ഡി.എഫ് നിയോജക മണ്ഡലം യോഗങ്ങൾ ചേർന്ന് പ്രവർത്തകരെ പങ്കെടുപ്പിക്കാനുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകും.

## തലസ്ഥാനത്തെ അപകടം കോഴിക്കോട്ട് മുമ്പു സംഭവിച്ചതിന് സമാനം
# ദുരന്തമുഖമായി അടഞ്ഞ ഡ്രൈനേജുകൾ

കോഴിക്കോട്: ആറ് വർഷം മുമ്പ് കോഴിക്കോട് റെയിൽവെ സ്റ്റേഷൻ റോഡിൽ സംഭവിച്ച ദുരന്തത്തിനു സമാനമായതാണ് ഇപ്പോൾ തിരുവനന്തപുരത്ത് ഒരാളുടെ ജീവനെടുത്തിരിക്കുന്നത്. നഗരത്തിലെ പല ഭാഗങ്ങളിലെയും വെള്ളക്കെട്ടുകളിലും അടഞ്ഞുകിടക്കുന്ന ഓടകളിലും വലിയ ദുരന്തങ്ങളാണ് പതിയിരിക്കുന്നത്. മാനാഞ്ചിറ റെയിൽവേ സ്റ്റേഷൻ റോഡിൽ പഴയ തീയേറ്ററിന് മുൻവശം ഓപ്പൺ ഡ്രൈനേജിൽ വീണ് ഒഴുകിപ്പോയാണ് ആറ് വർഷം മുമ്പ് കിണാശ്ശേരിക്കാരിയായ സ്ത്രീ മരണപ്പെട്ടത്. ഇവർ കൊച്ചുമകളോടൊപ്പം ഒരു വിവാഹ പരിപാടിയിൽ പങ്കെടുത്ത് തിരിച്ചു വരുമ്പോഴാണ് ദുരന്തം സംഭവിച്ചത്.

തിരുവനന്തപുരത്തെ പോലെ തന്നെ റെയിൽവേ ട്രാക്കിന് അടിയിലൂടെയുള്ള ഡ്രൈനേജ് ആണ് ഇവിടെയും അപകടകാരിയായത്. ട്രാക്കിനിടിയിലൂടെ കടന്നുപോയി 150മീ അപ്പുറമുള്ള ഫ്രാൻസിസ് റോഡിലെ പള്ളിക്ക് സമീപം ഡ്രൈനേജിൽ കുടുങ്ങിയ നിലയിലാണ് പിന്നീട് ഈ സ്ത്രീയുടെ മൃതദേഹം കണ്ടെത്തിയത്. റെയിൽവേ ട്രാക്കിനു അടിയിലൂടെയുള്ള ഡ്രൈനേജ് ക്ലീൻ ചെയ്യാൻ റെയിൽവേയുടെ അനുമതി കിട്ടണമെങ്കിൽ വലിയ കടമ്പകൾ കടക്കണം. അതുകൊണ്ടുതന്നെ കോർപ്പറേഷൻ ശുചീകരണ വിഭാഗം ആ കാര്യത്തിൽ ശ്രദ്ധിക്കാറില്ല. കിഴക്ക് കിഴക്ക് ഭാഗത്തെ ഡ്രെയിനേജിൽ നിന്ന് പടിഞ്ഞാറ് ഭാഗത്തേക്കു ശക്തമായ ഒഴുക്കാണ്. നേരത്തെ 2 അണ്ടർ ഗ്രൗണ്ട് ഡ്രൈനേജുകൾ ഈ ഭാഗത്ത് ഉണ്ടായിരുന്നുവെങ്കിൽ ഇപ്പോൾ ഒരു ഡ്രെയിനേജ് റെയിൽവേ അടച്ചു. നഗരത്തിലെ പല ഭാഗത്തും വെള്ളക്കെട്ടുകൾ കഴിഞ്ഞ ദിവസങ്ങളിൽ വ്യാപകമാണ്. പല വെള്ളക്കെട്ടുകളും ഡ്രൈനേജുകൾ അടഞ്ഞുകിടക്കുന്നതു കൊണ്ട് സംഭവിക്കുന്നതാണ്. മാനാഞ്ചിറ കിഡ്സൺ കോർണറിനു എതിർവശം സ്പോർട്സ് കൗൺസിൽ ഹാളിന് സമീപത്തെ വെള്ളക്കെട്ട് രൂക്ഷമായി തുടരുന്നതിനിടെ ഇവിടുത്തെ ഡ്രൈനേജ് സംവിധാനവും അപകടക്കെണിയായി തുടരുകയാണ്.

വെള്ളക്കെട്ടിന് പരിഹാരം കാണാൻ ഓവുചാൽ തുറന്ന് തടസ്സം നീക്കണമെങ്കിൽ 150 മീറ്റർ നീളത്തിൽ ഓവുചാൽ വൃത്തിയാക്കണം. നടപ്പാതയിലെ ഇന്റർലോക്കുകൾ ഇളക്കി മാറ്റി ഓവുചാലിന്റെ സ്ലാബ് തുറന്ന് വേണം പണിയെടുക്കാൻ. ഒരു മഴപെയ്യുമ്പോഴേക്കും ചെളിവെള്ളം നിറയുന്ന എൽ.ഐ.സി. ബസ് സ്റ്റോപ്പ്, സ്പോർട്സ് കൗൺസിലിന് സമീപമുള്ള റോഡ് എന്നിവിടങ്ങളിലെ പ്രശ്നം ഈ ഓവുചാലുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. നിലവിൽ നടപ്പാതയുടെ അടിയിലുള്ള ഓവുചാൽ ആഴവും വീതിയുമില്ലാത്തതാണ്. മാനാഞ്ചിറ പടിഞ്ഞാറെ കവാടത്തിന്റെ സമീപത്തുനിന്ന് ഈ ഓവുചാൽ മൈതാനത്തിനുള്ളിലൂടെയാണ് പോകുന്നത്. അത് ബി.ഇ.എം. സ്കൂളിന്റെ ഭാഗത്താണ് ചെന്നെത്തുന്നത്.



കോഴിക്കോട് നഗരത്തിൽ മാനാഞ്ചിറക്ക് സമീപം ഓടയടഞ്ഞ് രൂപപ്പെട്ട വെള്ളക്കെട്ട്

# മഴക്കെടുതി വ്യാപകം; വൻ നാശനഷ്ടം

കോഴിക്കോട്: തിങ്കളാഴ്ചത്തെ ശക്തമായ മഴയിൽ വ്യാപക നാശനഷ്ടം. കുന്നുമ്മൽ വില്ലേജിൽ അനോറമ്മൽ പ്രേംജിത് എന്നയാളുടെ വീടിനു മുകളിൽ മരം വീണ് ഭാ ഗികമായ നഷ്ടം സംഭവിച്ചു. കഴിഞ്ഞദിവസം റിപ്പോർട്ട് ചെയ്ത മരണം (എബിൻ സണ്ണി) മുട്ടിനു താഴെ മാത്രം വെള്ളമുള്ള കാനയിൽ ആണ് മരിച്ച നിലയിൽ കണ്ടെത്തിയത്. ചെങ്ങോട്ടുകാവ് എടക്കുളം നാരായണൻ മുതുവാട്ട് എന്ന ആളുടെ വീടിന് മുകളിൽ തെങ്ങു കടപുഴകി വീണ് വീടിനു നാശനഷ്ടം സംഭവിച്ചു. കൊഴുക്കല്ലൂർ വില്ലേജിൽ പിലാത്തോട്ടത്തിൽ കുഞ്ഞിരാമൻ എന്നയാളുടെ വീടിന് ഭാഗികമായ നാശം സംഭവിച്ചു. കാവിലുംപാറ വില്ലേജിലെ കലയത്തിനാൽ ശാന്ത എന്നവരും മകനും ഭാര്യയും രണ്ട് കുട്ടികളും അടങ്ങുന്ന കുടുംബം മുറ്റത്തെപ്ലാവിലുള്ള സൗഭാഗ്യ കുടുംബശ്രീ വക കെട്ടിടത്തിലേക്ക് മാറിത്താമസിച്ചിട്ടുണ്ട്. കൊഴുക്കല്ലൂർ വില്ലേജിൽ വിളയാട്ടൂർ കണാരൻ നെല്ലിക്കുന്നുമ്മൽ എന്നയാളുടെ വീടിന് ഭാഗികമായ നാശം സംഭവിച്ചു. പയ്യോളി വില്ലേജിൽ കീഴൂർ രാഘവൻ ചെറിയെരിക്കണ്ടി എന്നയാളുടെ വീടിനു മേൽ മരം വീണ് വീടിനു ഭാഗികമായ കേടുപറ്റി.

കോട്ടൂർ വില്ലേജിൽ ബാലഗോപാലകുറുപ്പ് എന്നയാളുടെ വീടിനു മേലെ കവുങ്ങ് വീണ് നാഷനഷ്ടം ഉണ്ടായി. ഒഞ്ചിയം വില്ലേജ് കണ്ണൂക്കര, മടക്കര പാണ്ടികശാല വളപ്പിൽ സതീശൻറീത്ത ദമ്പതിമാർ താമസിക്കുന്ന വീട് ഇന്ന് രാവിലെ ഭാഗികമായി തകർന്നു. നീലേശ്വരം വില്ലേജിൽ ചോത്താല അനുപമ എന്നവരുടെ വീടിനോട് ചേർന്ന് കിടക്കുന്ന സംരക്ഷണഭിത്തി ഇടിയുകയും അവരുടെ വിടിന്റെ അടിത്തറയ്ക്ക് ഭീഷണിയാവുകയും ചെയ്തിട്ടുണ്ട്. വീട്ടുകാരോട് ബന്ധുവീട്ടിലേക്ക് മാറി താമസിക്കാൻ നിർദ്ദേശം നൽകി. പെരുവയൽ വില്ലേജിൽ കൊടശ്ശേരി താഴത്ത് മലാപറമ്പത്ത് അരവിന്ദൻ എന്നയാളുടെ വീട് ഞായറാഴ്ച രാത്രിയിലെ ശക്തമായ മഴയിൽ ഭാഗികമായി തകർന്നു.

നീലേശ്വരം വില്ലേജിൽ അനുപമ ചോത്താല എന്നവരുടെ വീടിനോട് ചേർന്ന് കിടക്കുന്ന സംരക്ഷണഭിത്തി ഇന്നുണ്ടായ ശക്തമായ മഴയിൽ ഇടിയുകയും വീടിന്റെ അടിത്തറക്ക് ഭീഷണിയാവുകയും ചെയ്തിട്ടുണ്ട്. വീട്ടുകാരോട് ബന്ധുവീട്ടിലേക്ക് മാറി താമസിക്കാൻ നിർദ്ദേശിച്ചു. പുതുപ്പാടി വാർഡ് രണ്ടിൽ ദേവദാസ് മമ്പള്ളിക്കര എന്നയാളുടെ വീട് മഴയിൽ ഭാഗികമായി തകർന്നു. ചാലിയത്ത് കനത്തമഴയിൽ കുന്നുമ്മൽ അങ്കണവാടിക്ക് സമീപം മൊയ്തീൻ കോയ എനയാളുടെ വീടിന്റെ വിറകു പുര ഇടിഞ്ഞുവീണ് സമീപത്ത് നിർത്തിയിട്ടിരുന്നു ഓട്ടോറിക്ഷ തകർന്നു. പന്തലായനി വില്ലേജിൽ കുറുവങ്ങാട് വരകുന്ന് നഗറിൽ മുസ്തഫയുടെ കൈവശത്തിലുള്ള പ്ലാവ് അടുത്ത വീടിന്റെ മുറ്റത്തേക്ക് വീണു. കൊയിലാണ്ടി ഫയർഫോഴ്സ് എത്തി മുറിച്ചു മാറ്റി. നാശനഷ്ടങ്ങളില്ല. രാമനാട്ടുകര വില്ലേജിൽ മുട്ടുംകുന്നിൽ മതിലിടിഞ്ഞു. ഷാജേഷ് കരുവങ്ങാട്ട് കുഴി എന്നവരുടെ മതിൽ അയൽവാസിയായ സോമൻ പൂഞ്ചോല എന്ന വരുടെ വീടിനു മുകളിലക്ക് വീണു.

## പ്രകൃതിക്ഷോഭ സമയത്ത് ഉണർന്നിരിക്കേണ്ട
# വില്ലേജ് ഓഫീസുകളിൽ ആവശ്യത്തിന് ജീവനക്കാരില്ല

പി അബ്ദുൽ ലത്തീഫ്

കോഴിക്കോട്: പ്രകൃതി ക്ഷോഭ സമയത്ത് സർവ്വസജ്ജരായി ഉണർന്നിരിക്കേണ്ട ജില്ലയിലെ വില്ലേജ് ഓഫീസുകളിൽ ആവശ്യത്തിന് സ്റ്റാഫുകളില്ല. വില്ലേജ് ഓഫീസർ, സ്പെഷ്യൽ വില്ലേജ് ഓഫീസർ, വില്ലേജ് അസിസ്റ്റന്റ്, രണ്ട് ഫീൽഡ് അസിസ്റ്റന്റുകൾ എന്നിങ്ങനെ അഞ്ച് ജീവനക്കാരാണ് വില്ലേജ് ഓഫീസിൽ വേണ്ടത്. എന്നാൽ അഞ്ചിനു പകരം നാലും മൂന്നും ജീവനക്കാരാണ് പല വില്ലേജ് ഓഫീസുകളിലുമുള്ളത്. ജനസംഖ്യ പൊതുവെ കുറഞ്ഞ ചില മലയോര പ്രദേശങ്ങളിൽ രണ്ട് ജീവനക്കാർ മാത്രമുള്ള വില്ലേജ് ഓഫീസുകളുമുണ്ട്.

വില്ലേജ് ഓഫീസുകളിൽ ആവശ്യത്തിന് നിയമനം നടക്കാത്തതാണ് ജീവനക്കാർ കുറയുന്നതിന് കാരണം. റിട്ടയർമെന്റും പ്രമോഷനും നടക്കുന്നതോടെ വില്ലേജ് ഓഫീസുകളിലെ ജീവനക്കാർ ഓരോ വർഷവും കുറയുന്നുണ്ട്. ജീവനക്കാരുടെ ഷഫ്ളിംഗും കാര്യമായി നടക്കുന്നില്ല. ഓഫീസുകൾ കമ്പ്യൂട്ടർവത്കരിച്ചതോടെ അറ്റന്റുമാരെയും ടൈപ്പിസ്റ്റുകളെയും വില്ലേജ് ഓഫീസുകളിൽ പുനർ വിന്യസിക്കാനുള്ള നടപടി പുരോഗമിക്കുകയാണ്. അറ്റന്റുമാരെ ഫീൽഡ് അസിസ്റ്റന്റുമാരായും ടൈപ്പിസ്റ്റുകളെ ക്ലാർക്കുമാരായുമാണ് പുനർവിന്യസിക്കുന്നത്. ഇവരെ നിയമിച്ച് സ്റ്റാഫിന്റെ കുറവ് വിന്യസിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്നതിനാലാണ് പുതിയ നിയമനങ്ങളൊന്നുമില്ലാത്തത്. ആകെ 117 വില്ലേജുകളാണ് കോഴിക്കോട് ജില്ലയിലുള്ളത്.

പ്രകൃതി ക്ഷോഭ സമയത്ത് വില്ലേജ് ഓഫീസ് ജീവനക്കാർക്ക് പൊതുവെ ജോലി കൂടാറുണ്ട്. പ്രകൃതി ക്ഷോഭത്തെ കുറിച്ച് ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുക, ദുരന്തത്തിന് സാധ്യതയുള്ള പ്രദേശങ്ങളിൽ ജനങ്ങളെ മാറ്റി പ്പാർപ്പിക്കുക, പ്രകൃതി ക്ഷോഭം ഉണ്ടാകുന്നിടത്ത് നേരിട്ട് ചെന്ന് നഷ്ട പരിഹാരത്തിന്റെ കണക്കുകൾ ശേഖരിക്കുക, ക്യാമ്പുകൾ തുറക്കുക തുടങ്ങി നിരവധി ജോലികളാണ് വില്ലേജ് ഓഫീസ് ജീവനക്കാർക്കുള്ളത്. വില്ലേജ് ഓഫീസിലെ മറ്റു ജോലികളും ജീവനക്കാരുടെ കുറവ് കാരണം തടസ്സപ്പെടുന്നുണ്ട്. ജീവനക്കാരെ പുനർ വിന്യസിക്കുന്ന ജോലി വേഗത്തിൽ പൂർത്തിയാക്കണമെന്നാണ് ആവശ്യമുയരുന്നത്.

### കൂടുതൽ താലൂക്കുകൾ വേണം

പ്രകൃതിക്ഷോഭങ്ങൾ നേരിടുന്നതിനുൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് കൂടുതൽ താലൂക്കുകൾ വേണമെന്ന ആവശ്യം വീണ്ടുമുയരുന്നു. നിലവിൽ കോഴിക്കോട്, കൊയിലാണ്ടി, വടകര, താമരശ്ശേരി എന്നീ നാല് താലൂക്കുകളാണ് കോഴിക്കോട് ജില്ലയിലുള്ളത്. കൊയിലാണ്ടി താലൂക്ക് വിഭജിക്കണമെന്ന ആവശ്യം ദീർഘകാലമായി ഉയരുന്നുണ്ട്. നേരത്തെ കോഴിക്കോട്, കൊയിലാണ്ടി, വടകര എന്നീ താലൂക്കുകൾ മാത്രമാണ് ഉണ്ടായിരുന്നത്. താമരശ്ശേരി താലൂക്ക് ആണ് അവസാനമായി രൂപീകരിക്കപ്പെട്ടത്. താമരശ്ശേരി താലൂക്ക് രൂപീകരിച്ച സമയത്ത് പുതിയ ഒരു താലൂക്ക് കൂടി രൂപീകരിക്കപ്പെടുമെന്ന് പൊതുവെ കരുതിയിരുന്നു. എന്നാൽ അതുണ്ടായില്ല. മറ്റു ജില്ലകളുമായി താരതമ്യം ചെയ്യുമ്പോൾ കോഴിക്കോട് അഞ്ച് താലൂക്കുകളെങ്കിലും വേണ്ടതാണെന്ന് റവന്യൂ ജീവനക്കാർ ചൂണ്ടിക്കാട്ടുന്നു. പുതിയ താലൂക്കുകൾ രൂപീകരിക്കപ്പെടുമ്പോൾ പുതിയ ഒരു തഹസിൽദാരും ഓഫീസും ജീവനക്കാരുമൊക്കെയുണ്ടാകും.

### മലയോര പ്രദേശങ്ങളിൽ വേണം കൂടുതൽ ജാഗ്രത

തുടർച്ചയായി പെയ്യുന്ന സാഹചര്യത്തിൽ മലയോര പ്രദേശങ്ങളിൽ കൂടുതൽ ജാഗ്രത വേണമെന്ന് ആവശ്യമുയരുന്നു. കോഴിക്കോട് ജില്ലയിലെ കിഴക്കൻ മലയോര പ്രദേശങ്ങളിൽ പല തവണ ഉരുൾ പൊട്ടലും മണ്ണിടിച്ചിലുമുണ്ടായിട്ടുണ്ട്. നിരവധി പേർക്ക് ജീവഹാനിയും ലക്ഷങ്ങളുടെ നാശനഷ്ടവുമുണ്ടായിട്ടുണ്ട്. ഇടവേളക്ക് ശേഷം ശക്തമായ മഴ കനത്ത നാശമാണ് വിതയ്ക്കുന്നത്. നാദാപുരത്ത് കഴിഞ്ഞ ദിവസം ആളൊഴിഞ്ഞ കെട്ടിടം നിലംപൊത്തിയിരുന്നു. ആൾപ്പെരുമാറ്റം കുറഞ്ഞ നേരമായതിനാൽ സ്ഥലത്ത് മറ്റുപ്രശ്നങ്ങളൊന്നുമുണ്ടായില്ല. വടകര മീത്തലങ്ങാടിയിൽ കുന്നിടിഞ്ഞതോടെ സമീപത്തെ വീടുകൾ ഭീഷണിയിലായിട്ടുണ്ട്. മടപ്പള്ളി മാച്ചിനാരിയിൽ ദേശീയപാതയുടെ മതിൽ ഇടിഞ്ഞു വീഴുകയുമുണ്ടായി. സോയിൽ നെയിലിങ് നടത്തിയ ഭാഗമാണ് മഴയിൽ കുതിർന്നു വീണത്.



റവന്യൂ ജില്ലാ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ടി ബൈജുവിന് കെ.എസ്.ടി.യു ജില്ലാ പ്രസിഡന്റ് വി.കെ മുഹമ്മദ് റഷീദ് അവകാശ പത്രിക നൽകുന്നു

## കെ.എസ്.ടി.യു അവകാശ പത്രിക സമർപ്പിച്ചു

കോഴിക്കോട്: വിദ്യാഭ്യാസ രംഗത്തെ അക്കാദമികവും സർവീസ് പരവുമായ പ്രശ്നങ്ങൾക്ക് പരിഹാരം തേടി കെ.എസ്.ടി.യു റവന്യൂ ജില്ലാ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ടി ബൈജുവിന് കെ.എസ്.ടിയു റവന്യൂ ജില്ലാ പ്രസിഡന്റ് വി.കെ മുഹമ്മദ് റഷീദ് അവകാശ പത്രിക നൽകി. ജന.സെക്രട്ടറി ടി ജമാലുദീൻ, ബഷീർ വടക്കയിൽ, വിദ്യാഭ്യാസജില്ലാ പ്രസിഡണ്ട് കെപി സാജിദ്, സിറ്റി സബ് ജില്ല പ്രസിഡണ്ട് ടി.കെ ഫൈസൽ സംബന്ധിച്ചു.

## അണ്ടർ 11 ചെസ് ചാമ്പ്യൻഷിപ്പ് 21ന്

കോഴിക്കോട്: ഓൾ കോഴിക്കോട് ചെസ് അസോസിയേഷൻ 21 ന് രാവിലെ 9.30 ന് ചേവരമ്പലം, ജിഎൽപി സ്കൂളിൽ അണ്ടർ 11 ചെസ് ചാമ്പ്യൻഷിപ്പ് നടത്തുന്നു. തെരഞ്ഞെടുക്കപ്പെടുന്നവർ സംസ്ഥാന ചാമ്പ്യൻഷിപ്പിൽ ജില്ലയെ പ്രതിനിധാനം ചെയ്യും. 2013 ജനുവരി 1 മുതൽ ജനിച്ചവർക്ക് പങ്കെടുക്കാം. 19ന് വൈകിട്ട് അഞ്ചിനകം രജിസ്റ്റർ ചെയ്യണം. ഫോൺ: 8848 621 993.

## കലി തുള്ളുന്ന മഴയിൽ കലിയനെ വരവേറ്റു

ബാലുശ്ശേരി: തോരാമഴ രാപ്പകലില്ലാതെ കലി തുള്ളുന്ന മിഥുനാറുതിയിൽ കലിയനെ വരവേറ്റ് നാട്. കർഷക മനസ്സിലെ ആധിയും വ്യാധിയുമെല്ലാം സടകുടയുന്ന കർക്കിടക കഷ്ടപ്പാടുകളും ദുരിതങ്ങളും തീർത്തു തരാനും പഞ്ഞ മാസത്തിൽ വിശപ്പടക്കാൻ ചക്കയും മാങ്ങയും തരണേ എന്ന് വിളിച്ചു കൂകിയാണ് കലിയൻ കൊണ്ടാടിയത്. ബാലുശ്ശേരി വൈകുണ്ഠം നോർത്ത് റെസിഡൻസ് അസോസിയേഷന്റെ നേതൃത്വത്തിൽ കലിയനെ വരവേറ്റു. ആല, പശുകുട്ടി, ഏണി എന്നിവയുടെ രൂപങ്ങളും ചൂട്ടും കത്തിച്ചു കൊണ്ട് നഗരം ചുറ്റി. എംഎം ഹരീന്ദ്രനാഥ്, എം.വി ഗണേഷ് വാര്യർ, എംഎം തുളസി ദാസ്, എം.എം രാജേന്ദ്രൻ, സത്യൻ തെങ്ങുള്ളതിൽ, എം.എം ജയകൃഷ്ണൻ, കെ.കെ ബലരാമൻ, രാഹുൽ കുഞ്ചു നേതൃത്വം നൽകി. മഴയെ കൂസാതെ തെങ്ങോലച്ചൂട്ടിന്റെ പ്രഭയിൽ കലിയനാഘോഷം പുതുതലമുറക്ക് നവ്യാനുഭവമായി.

## ബി.വി അബ്ദുള്ള കോയ രാഷ്ട്രീയ പ്രവർത്തകരുടെ മാതൃക: എം.സി മായിൻ ഹാജി




ബി.വി ഫൗണ്ടേഷന്റെ ബി.വി. അബ്ദുള്ള കോയ അനുസ്മരണം മുസ്‌ലിം ലീഗ് സംസ്ഥാന വൈസ് പ്രസിഡണ്ട് എം.സി മായിൻ ഹാജി ഉദ്ഘാടനം ചെയ്യുന്നു

കോഴിക്കോട്: ജീവിതത്തിൽ നിഷ്കർശതയും കൃത്യതയും, പാലിച്ച് മുപ്പത് വർഷം പാർലിമെന്റിൽ രാജ്യസഭാ എം.പ യായി പ്രവർത്തിച്ച രാഷ്ട്രീയ നേതാവും, പുതുതലമുറ മാതൃകയാക്കേണ്ട പൊതു പ്രവർത്തകനുമായിരുന്നു ബി.വി അബ്ദുള്ള കോയയെന്ന് മുസ്‌ലിം ലീഗ് സംസ്ഥാന വൈസ് പ്രസിഡണ്ട് എം.സി മായിൻ ഹാജി അനുസ്മരിച്ചു. മുസ്‌ലിം ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറിയും, തുടർച്ചയായി മുപ്പത് വർഷം രാജ്യസഭാ എം.പി യുമായിരുന്ന ബി.വി. അബ്ദുള്ളക്കോയയുടെ കാലാവധി മറികടക്കാൻ ഇക്കാലമത്രയും ഒരാൾക്കും സാധിച്ചിട്ടില്ലെന്നും അനുസ്മരിച്ചു. ബി.വി ഫൗണ്ടേഷൻ സംഘടിപ്പിച്ച ഇരുപത്തി 'ആറാമത് അനുസ്മരണ പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു മായിൻ ഹാജി. വൈസ് പ്രസിഡണ്ട് പാളയം പി മമ്മത് കോയ അദ്ധ്യക്ഷത വഹിച്ചു.

ബി.വി അബ്ദുള്ളക്കോയയുടെ പേരിലുള്ള ഒൻമ്പതാമത് അവാർഡ് ഓഗസ്റ്റ് അവസാന വാരം നടത്തുന്നതിന് സംഘാടക സമിതി രൂപീകരിച്ചു. കെ.മൊയ്തീൻ കോയ, അഡ്വ.എസ്.വി. ഉസ്മാൻ കോയ, അഡ്വ.എം.രാജൻ, കെ.കോയ കോട്ടുമ്മൽ, ബി.വി.യുടെ മകൻ കെ. അബൂബക്കർ, ഫൈസൽ പള്ളിക്കണ്ടി, സി.പി ഉസ്മാൻ, എം.എം കാതിരി കോയ, എൻ.വി.ഷാകോയ മോൻ, ഏ.ടി മൊയ്തീൻ കോയ, ഇ.പി.അശറഫ്, സീ.ടി സക്കീർ ഹുസൈൻ, പി.എം. ഇഖ്ബാൽ, എം.പി. കോയട്ടി, സി.പി. ഇഖ്ബാൽ, അനസ് പരപ്പിൽ, കെ.വി. അശറഫ്, കെ.വി.ബഷീർ, എൻ സുബൈർ, വി.പി ഉസ്മാൻ എന്നിവർ പ്രസംഗിച്ചു.

# വി.ഐ.പി പദവി നഷ്ടപ്പെട്ട് മത്തി
## ചെമ്മീനും നെത്തോലിയും ഇഷ്ടം പോലെ

കോഴിക്കോട്: കീശ പൊള്ളിച്ച് ഉയർന്നു നിന്ന മത്സ്യവില ചാകര വന്നതോടെ കുറഞ്ഞു. ഏതാണ്ട് എല്ലായിനം മത്സ്യങ്ങൾക്കും ഇപ്പോൾ വില കുറഞ്ഞിട്ടുണ്ട്. വലിയ തുക നൽകിയാലും ആവശ്യത്തിന് മത്സ്യം കിട്ടാത്ത സ്ഥിതിയായിരുന്നു മാസങ്ങളായി. എന്നാൽ ഇതിന് വലിയ മാറ്റമാണ് ഉണ്ടായിരിക്കുന്നത്. ട്രോളിംഗ് നിരോധനത്തിന് ശേഷം മത്സ്യവില വീണ്ടും ഉയർന്നിരുന്നു. എന്നാൽ ഏതാനും ദിവസങ്ങളായി എല്ലായിനം മത്സ്യങ്ങൾക്കും വില കുറഞ്ഞിട്ടുണ്ട്.

കിലോയ്ക്ക് 350400 വരെ ഉയർന്ന് പെട്ടെന്ന് വി.ഐ.പി മത്സ്യമായി മാറിയ മത്തിക്ക് വില 200 രൂപയായി കുറഞ്ഞിട്ടുണ്ട്. രണ്ടു മാസത്തോളം നീണ്ടു നിന്ന ട്രോളിംഗ് നിരോധന കാലത്ത് ചെറു വള്ളങ്ങൾക്ക് മാത്രമാണ് മത്സ്യബന്ധനത്തിന് അനുമതി ഉള്ളത്. ചെറുവള്ളങ്ങളിൽ എത്തിക്കുന്ന മത്തിക്ക് 400 രൂപയിലധികം വിലയായത് സാധാരണക്കാർക്ക് തിരിച്ചടിയായിരുന്നു. മത്തി, അയല, ചെമ്മീൻ, അയക്കൂറ, നെത്തോലി എന്നീ മത്സ്യങ്ങളാണ് ഇപ്പോൾ കൂടുതലായി ലഭിക്കുന്നത്. നെത്തോലി, ചെമ്മീൻ എന്നിവക്ക് വില കുത്തനെ താഴ്ന്നു.

300 രൂപയിലായിരുന്ന അയലക്കിപ്പോൾ 230 രൂപയാണ്. 1000ത്തിനു മുകളിൽ പോയ അയക്കൂറ 700 രൂപയ്ക്ക് ലഭിക്കും. കിലോഗ്രാമിന് 300 രൂപ മുതൽ 400 രൂപ വരെ ലഭിച്ചിരുന്ന ചെമ്മീന് 90 രൂപയായി കുറഞ്ഞിരുന്നു. ഇപ്പോൾ വില അൽപം കൂടിയിട്ടുണ്ട്. പൂവാലന് വില കുറഞ്ഞതോടെ, ചെറിയ ചെമ്മീൻ വിഭാഗത്തിലുള്ള തെള്ളി ഉൾപ്പെടെ എല്ലാത്തരം ചെമ്മീനുകൾക്കും വില കുറഞ്ഞു. 200 രൂപ വിലയായിരുന്ന നെത്തോലിക്ക് 70 രൂപയിലെത്തി.

തമിഴ്നാട്, കർണാടക, ഗോവ, ആന്ധ്രപ്രദേശ് എന്നീ അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള മീനിന്റെ വരവ് വർദ്ധിച്ചിട്ടുണ്ട്. അയൽസംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്ന മത്സ്യം പലപ്പോഴും കൃത്യമായി ശീതീകരിക്കാത്തവയും വലിയ അളവിൽ രാസവസ്തുക്കൾ ചേർത്തവയും ആയിരിക്കും. ഇവ കഴിക്കുന്നത് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകും. വയറിളക്കം, ഛർദ്ദി എന്നിവയുണ്ടാക്കാം. ലോറികളിൽ കൊണ്ടുവരുന്നതിന് പുറമേ ഇപ്പോൾ ട്രെയിനിൽ പോലും അന്യസംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് മത്സ്യം കൊണ്ടുവരുന്നുണ്ടെന്നാണ് കണ്ടെത്തൽ.

## വുഷു ചാമ്പ്യൻഷിപ്പിൽ കോഴിക്കോടിന് ഓവറോൾ

പെരിന്തൽമണ്ണ: രണ്ട് ദിവസമായി പെരിന്തൽമണ്ണയിൽ സംഘടിപ്പിച്ച സംസ്ഥാന വുഷു ചാമ്പ്യൻ ഷിപ്പിൽ കോഴിക്കോട് ജില്ല 208 പോയിന്റുമായി ഓവറോൾ ചാമ്പ്യന്മാരായി. 167 പോയിന്റ് നേടിയ മലപ്പുറം രണ്ടും, 51 പോയിന്റ് നേടിയ തിരുവനന്തപുരം മൂന്നാംസ്ഥാനവും നേടി. ഷാൻശു വിഭാഗത്തിൽ കോഴിക്കോട് (86 പോയിന്റ്), മലപ്പുറം (32), എറണാകുളം (32) യഥാക്രമം ഒന്നും, രണ്ടും മൂന്നും സ്ഥാനം നേടി. താഓവു വിഭാഗത്തിൽ കോഴിക്കോട് ജില്ല (122), മലപ്പുറം (94), തിരുവനന്തപുരം (32) പോയിന്റ് നേടി. സമാപന ചടങ്ങിൽ സംസ്ഥാന സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് യു ഷറഫലി മുഖ്യാതിഥിയായി. വിജയികൾക്ക് ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് വി.പി അനിൽകുമാർ ട്രോഫി സമ്മാനിച്ചു.

## പോളിങ് ഉദ്യോഗസ്ഥരെ ആദരിച്ചു

മലപ്പുറം: ലോക്സഭാ തിരഞ്ഞെടുപ്പിന് ജില്ലയിലെ പോളിങ് ബൂത്തുകളിൽ മാതൃകാപരമായി ഡ്യൂട്ടി നിർവഹിച്ച ഭിന്നശേഷിക്കാരായ പോളിങ് ഉദ്യോഗസ്ഥരെ ജില്ലാ തിരഞ്ഞെടുപ്പു വിഭാഗത്തിന്റെ നേതൃത്വത്തിൽ ആദരിച്ചു. ജില്ലാ കലക്ടർ വി.ആർ വിനോദ് ഇവർക്കുള്ള അനുമോദന പത്രം കൈമാറി. ജി.എച്ച്.എസ്.എസ് തുവ്വൂരിലെ അധ്യാപകൻ അബ്ദുൽ സമദാനി, ഒതുക്കുങ്ങൽ ജി.എച്ച്.എസ്.എസിലെ അധ്യാപകൻ നടുതൊടി കൂരിമണ്ണിൽ മുഹമ്മദ് യൂനുസ്, മേലാറ്റൂർ എ.ഇ.ഒ ഓഫീസിലെ ക്ലർക്ക് കെ നൗഷാദ്, വേങ്ങര ജി.എം.വി.എച്ച്.എസ്.എസിലെ അധ്യാപകൻ എം മുഹമ്മദ് റഫീഖ്, അസിസ്റ്റന്റ് സെയിൽസ് ഓഫീസർ ടി സാലിഹ്, ജൂനിയർ കോ-ഓപറേറ്റീവ് ഓഡിറ്റർ മുഹമ്മദ് ജംഷീർ, വെളിയങ്കോട് ജി.എച്ച്.എസ്.എസ് അധ്യാപകൻ എ.എൻ നിജുമോൻ, മലപ്പുറം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് ക്ലർക്ക് കെ. അക്ബർ അലി എന്നിവരെയാണ് ആദരിച്ചത്.



പോളിങ് ഉദ്യോഗസ്ഥർ അനുമോദന പത്രം സ്വീകരിച്ച ശേഷം ജില്ലാ കലക്ടർക്കൊപ്പം






കോപ്പ അമേരിക്ക ഫുട്ബോൾ മത്സരം ബിഗ്സ്ക്രീനിൽ വീക്ഷിക്കുന്ന മലപ്പുറം കോണോംപാറയിലെ ഫുട്ബോൾ പ്രേമികൾ

# പ്ലസ് വൺ അധിക ബാച്ച്; ആശങ്കകൾ പരിഹരിക്കണം

## സയൻസ് ബാച്ചുകൾകൂടി അനുവദിക്കണം: പി അബ്ദുൽ ഹമീദ്

മലപ്പുറം: ജില്ലക്കനുവദിച്ച പുതിയ ബാച്ചുകളുടെ വിഷയ വിഭാഗങ്ങൾ സംബന്ധിച്ച് കുട്ടികൾക്കും രക്ഷിതാക്കൾക്കുമുണ്ടായിട്ടുള്ള ആശങ്കകൾ അടിയന്തരമായി പരിഹരിക്കണമെന്ന് മുസ്‌ലിംലീഗ് ജില്ലാ ജനറൽ സെക്രട്ടറി പി അബ്ദുൽഹമീദ് എം.എൽ.എ. അനുവദിച്ച മുഴുവൻ ബാച്ചുകളും ഹ്യുമാനിറ്റീസ്, കൊമേഴ്സ് വിഭാഗങ്ങളിലാണ്. മലപ്പുറം ജില്ലയിൽ ഉന്നത വിജയം നേടിയ ഭൂരിഭാഗം കുട്ടികൾക്കും വേണ്ടത് സയൻസ് കോമ്പിനേഷനാണ്. പൊതുവേ വിവിധ സ്കോളർഷിപ്പ്, മെഡിക്കൽ എഞ്ചിനീയറിങ് ഉൾപ്പെടെയുള്ള മത്സര പ്രവേശനപ്പരീക്ഷകൾക്കെല്ലാം തയ്യാറെടുക്കുന്ന കുട്ടികൾ സയൻസ് വിഷയങ്ങളാണ് തിരഞ്ഞെടുക്കാറുള്ളത്. മാത്രമല്ല പ്രവേശന മത്സരപ്പരീക്ഷകളിലെല്ലാം സംസ്ഥാനത്തും ഇന്ത്യയിലാകെയും മികച്ച നേട്ടങ്ങൾ കൊയ്തെടുക്കുന്നത് ജില്ലയിലെ വിദ്യാർഥികളാണ്. എല്ലാ വിഷയങ്ങൾക്കും എ പ്ലസ് കിട്ടിയവരടക്കം ഉയർന്ന മാർക്ക് നേടിയ വിദ്യാർഥികളെല്ലാം അധിക ബാച്ച് അനുവദിക്കുമ്പോൾ സയൻസ് കോമ്പിനേഷനുകൾ ഉണ്ടാകുമെന്ന പ്രതീക്ഷയിലായിരുന്നു. അത്തരം കുട്ടികൾ ഇപ്പോൾ ശാസ്ത്ര വിഷയങ്ങൾ പഠിക്കാൻ വേണ്ടി അൺ എയ്ഡഡ് സമാന്തര സ്ഥാപനങ്ങളെ ആശ്രയിക്കുകയാണ്. ഇതര വിഷയങ്ങളെ അപേക്ഷിച്ച് ശാസ്ത്ര വിഷയങ്ങൾക്ക് ഭാരിച്ച ഫീസാണ് അൺ എയിഡഡ് സ്ഥാപനങ്ങളിൽ ഈടാക്കുന്നത്. ഇത് മിടുക്കരായ പാവപ്പെട്ട കുട്ടികളുടെ പഠനത്തെ പ്രതിസന്ധിയിലാക്കും.

സർക്കാർ വിദ്യാലയങ്ങളിൽ തന്നെ പലയിടത്തും ശാസ്ത്ര പഠനത്തിന് മികച്ച സൗകര്യങ്ങളുണ്ട്. കുറച്ച് ബാച്ചുകൾ ശാസ്ത്ര വിഷയങ്ങൾക്കായി മാറ്റി വെക്കാൻ സർക്കാർ സന്നദ്ധമെങ്കിൽ സാധിക്കും. കൂടാതെ ഏറ്റവും മികച്ച റിസൾട്ടും പഠന നിലവാരവും ലാബ് സൗകര്യങ്ങളുമുള്ള എയ്ഡഡ് വിദ്യാലയങ്ങളെക്കൂടി സർക്കാറിന് പരിഗണിക്കാമായിരുന്നു. പൂർണമായും മെറിറ്റ് മാനദണ്ഡമാക്കി പ്രവേശനം നൽകാവുന്ന വിധം എയിഡഡ് വിദ്യാലയങ്ങളിലും പുതിയ ബാച്ചുകൾ നൽകുന്നതിനെ കുറിച്ച് ആലോചിക്കാവുന്നതാണ്.

അധിക ബാച്ചുകൾ അനുവദിച്ചെങ്കിലും ഇഷ്ട വിഷയങ്ങൾ പഠിക്കാനുള്ള കുട്ടികളുടെ അവകാശങ്ങൾ നിഷേധിച്ച നടപടി സർക്കാർ തിരുത്തണമെന്നും എം.എൽ.എ പറഞ്ഞു. ശാസ്ത്ര വിഷയങ്ങൾക്ക് ബാച്ചുകൾ അനുവദിക്കുമെന്ന പ്രതീക്ഷയിൽ മറ്റു വിഷയങ്ങളിൽ പ്രവേശനം നേടിയവർ ഇപ്പോൾ മാറ്റം ലഭിക്കാൻ കഴിയാതെ ആശങ്കയിലാണ്. ആയിരക്കണക്കിന് കുടുംബങ്ങളുടെ കൂടെ ആശങ്കയാണിത്. അധിക ബാച്ചുകൾ അനുവദിച്ചു എന്നത് ആരോപണങ്ങളിൽ നിന്ന് രക്ഷപ്പെടാനുള്ള പഴുതുമാത്രമായി സർക്കാർ കാണരുത്. കുട്ടികൾക്ക് അവർ ഇഷ്ടപ്പെട്ട കോഴ്സുകളിൽ ചേർന്ന് പഠിക്കുവാനുള്ള അവസരം കൂടി ഉണ്ടാകണം. സയൻസ് ബാച്ച് പ്രതീക്ഷിച്ചെങ്കിലും കിട്ടാതിരുന്ന സാഹചര്യത്തിൽ ഹ്യൂമാനിറ്റീസ് കോമേഴ്സ് ബാച്ചുകൾ തിരഞ്ഞെടുത്ത കുട്ടികൾക്ക് സയൻസ് ബാച്ചുകളിലേക്ക് ഇനിയും മാറാനുള്ള അവസരവും സർക്കാർ നൽകണം. പ്ലസ് ടു ബാച്ചുകൾ അനുവദിക്കുന്നതിൽ എയ്ഡഡ് വിദ്യാലയങ്ങളെ പൂർണമായും ഒഴിവാക്കേണ്ടതില്ലായിരുന്നുവെന്നും സയൻസ് ബാച്ചുകൾ അനുവദിക്കുമ്പോൾ എയ്ഡഡ് വിദ്യാലയങ്ങളെ കൂടി പരിഗണിച്ചാൽ ലാബ് അടക്കമുള്ള ഭൗതിക സൗകര്യങ്ങൾ മാനേജർമാർ ഏർപ്പെടുത്തുമെന്നുള്ളത് സർക്കാരിന് ആശ്വാസം പകരുന്ന നടപടി ആകുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

### കോപ്പ-യൂറോ വിജയം

## വൻ വിജയം ആഘോഷിച്ച് അർജന്റീന, സ്പെയിൻ ആരാധകർ

മലപ്പുറം: കളി പ്രേമികൾക്ക് ഞായറാഴ്ച്ച ഉറക്കമില്ലാത്ത രാവായിരുന്നു. രാത്രി 12.30ന് യോറോ കപ്പ് ഫൈനലും തിങ്കളാഴ്ച്ച പുലർച്ചെ 5.30ന് കോപ്പ അമേരിക്ക ഫൈനലും. ഫുട്ബോളിന് ഏറെ ഇഷ്ടക്കാരുള്ള മലപ്പുറത്തുകാർ ഏറെ ആവേശത്തോടെയാണ് ഇത്തവണത്തെ കോപ്പയും യൂറോയും കണ്ടത്.

ഫുട്ബോൾ ഇതിഹാസ താരം മെസ്സിയുടെയും അർജന്റീനയുടെയുമെല്ലാം ആരാധകർക്ക് സന്തോഷത്തിന്റെ നാളുകൾ തീരുന്നില്ല. തുടർച്ചയായി രണ്ടാം തവണയും കിരീടം നേടി അർജന്റീന കോപ്പയിൽ 16 കിരീടമാണ് തികച്ചത്. മലപ്പുറത്തെ അർജന്റീന ആരാധകർ വലിയ ആരവങ്ങളോടെയാണ് മെസ്സിയുടെ വിജയം ആഘോഷിച്ചത്. ഏറെ ആരാധകരുള്ള ബ്രസീൽ നേരത്തെ തന്നെ പുറത്തായതിനാൽ അർജന്റീനയെ ആയിരുന്നു എല്ലാവരും ഉറ്റുനോക്കിയിരുന്നത്.

അർജന്റീനക്കെതിരെ മറ്റു ടീമുകളുടെ ആരാധകരെല്ലാം ഒരുമിച്ചു. എന്നാൽ ശക്തരായ കൊളമ്പിയക്കെതിരെ അർജന്റീന ഒരു ഗോളിന് വിജയിച്ചതോടെ അർജന്റീന ആരാധകർ പൊട്ടിത്തെറിക്കുന്നതാണ് കണ്ടത്. 90ന് ശേഷം ജനിച്ച അർജന്റീന ആരാധകർക്ക് കാര്യമായ നേട്ടങ്ങളൊന്നും അവകാശപ്പെടാനുണ്ടായിരുന്നില്ല. മൂന്ന് പതിറ്റാണ്ടോളം നിറഞ്ഞ കപ്പ് വരൾച്ചക്ക് ശേഷം കളിക്കുന്ന ടൂർണമെന്റുകളിലെല്ലാം കിരീടം അർജന്റീന നേടുന്നതാണ് കാണുന്നത്. 2014 ലോകകപ്പ് തോൽവിയോടൊപ്പം രണ്ട് കോപ്പ തോൽവിയും കൂടെ വന്നതോടെ ഏറെ കളിയാക്കലുകൾ കേട്ടവരായിരുന്നു അർജന്റീന ആരാധകർ. പിന്നീട് ബ്രസീലിൽ നിന്നും കോപ്പ അമേരിക്കയും ഖത്തർ ലോകകപ്പും കോപ്പ യൂറോപ്പ് ചാമ്പ്യന്മാർ നേരിട്ടുമുട്ടിയ ഫൈനലിസിമയും നേടിയതിന് ശേഷം നാലാം കിരീടം എന്ന നിലയിലാണ് കോപ്പയിൽ വീണ്ടും മെസ്സി മുത്തം വെക്കുന്നത്. അർജന്റീന ആരാധകർക്ക് ഇതിലും വലിയ സമ്മാനം കിട്ടാനില്ല.

ഇത് ശരിക്കും ഇന്നലെ ആരാധകർ ആഘോഷിച്ചു. പടക്കം പൊട്ടിച്ചും വാഹനങ്ങളിൽ കൊടി തോരണങ്ങൾ പിടിച്ച് റാലി നടത്തിയും ഇന്നലെ രാവിലെ പലയിടങ്ങളിലും വലിയ ആഘോഷങ്ങളാണ് ആരാധകർ ഒരുക്കിയത്. മിഠായിയും ലഡുവും കൊടുത്ത് വിജയം ആഘോഷിച്ചവരുമുണ്ട്. യൂറോ കപ്പിൽ സ്പെയിൻ കപ്പുയർത്തിയതോടെ സ്പെയിൻ ആരാധകരും വലിയ സന്തോഷത്തിലായിരുന്നു. ഞായറാഴ്ച്ച രാത്രി 12.30ന് തുടങ്ങിയ മത്സരം ഏറെ വൈകിയാണ് തീർന്നത്. ഇംഗ്ലണ്ടിനും സ്പെയിനിനും ഒരുപോലെ ആരാധകരുള്ള മലപ്പുറത്ത് ഫൈനൽ ആരാധകർക്കിടയിലെ വീറും വാശിക്കും കാരണമായി. ബിഗ് സ്ക്രീനിലാണ് പലയിടങ്ങളിലും കോപ്പയും യൂറോ കപ്പും ആരാധകർ കണ്ടത്. മഴ കാരണം ആഘോഷങ്ങൾക്ക് പരിമിതി ഉണ്ടായിരുന്നെങ്കിലും അർജന്റീനയുടെയും സ്പെയിനിന്റെയും ആരാധകർ വിജയത്തെ വലിയ രീതിയിൽ തന്നെ ആണ് കൊണ്ടാടിയത്.

## കേന്ദ്രീയ വിദ്യാലയത്തിൽ അധ്യാപക ഒഴിവുകൾ

മലപ്പുറം: മലപ്പുറം പി.എം ശ്രീ. കേന്ദ്രീയ വിദ്യാലയത്തിൽ പി.ജി.ടി മാത്സ്, പ്രൈമറി ടീച്ചർ, മലയാളം ടീച്ചർ തസ്തികകളിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. 18ന് രാവിലെ 10 മണിക്ക് ഓഫീസിൽ വെച്ച് അഭിമുഖം നടക്കും. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ നിന്നും സ്കൂൾ ഓഫീസിൽ നിന്നും ലഭിക്കും. ഫോൺ: 0483 2734963, 9037910408.

## വേങ്ങര റവന്യു ടവറും, ഫയർ സ്റ്റേഷനും യാഥാർഥ്യമാകുന്നു



പ്രതിപക്ഷ ഉപനേതാവ് പി.കെ കുഞ്ഞാലിക്കുട്ടിയുടെ അധ്യക്ഷതയിൽ ജില്ലാ കലക്ടറുടെ ചേമ്പറിൽ ചേർന്ന റവന്യു, പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥ തല യോഗം

വേങ്ങര: വാടക കരാർ കാലാവധി അവസാനിച്ചതും നിലവിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിച്ച് കൊണ്ടിരിക്കുന്നതുമായ വേങ്ങരയിലെ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, സബ് രജിസ്ട്രാർ ഓഫീസ്, താലൂക്ക് വ്യവസായ കേന്ദ്രം, സബ് ട്രഷറി തുടങ്ങിയവ ഒരു കുടക്കീഴിൽ കൊണ്ട് വരുന്നതിന് വേണ്ടി നിർദേശിക്കപ്പെട്ട റവന്യു ടവർ ഉടൻ യാഥാർഥ്യമാകുമെന്ന് പ്രതിപക്ഷ ഉപനേതാവ് പി.കെ കുഞ്ഞാലിക്കുട്ടി അറിയിച്ചു.

എം.എൽ.എയുടെ അധ്യക്ഷതയിൽ ജില്ലാ കലക്ടറുടെ ചേമ്പറിൽ ചേർന്ന റവന്യു, പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥ തല മീറ്റിങ്ങിലാണ് ഇത് സംബന്ധിച്ച തീരുമാനമുണ്ടായത്. നിലവിൽ വേങ്ങര വില്ലേജ് ഓഫീസ് സ്ഥിതി ചെയ്യുന്ന 18 സെന്റ് സ്ഥലത്ത് അത്യാവശ്യ സൗകര്യങ്ങളൊരുക്കി കെട്ടിടം നിർമിക്കാൻ ധാരണയായി. പൊളിക്കാനുള്ള കാലാവധി അവസാനിക്കാത്ത നിലവിലെ വില്ലേജ് ഓഫീസ് കെട്ടിടം പൊളിച്ച് പുതിയ കെട്ടിടം പണിയുന്നതിന് സർക്കാരിൽ നിന്ന് പ്രത്യേക അനുമതി ഉടൻ ലഭ്യമാക്കും. കൊളപ്പുറത്ത് പൊതുമരാമത്ത് വകുപ്പിന്റെ സ്ഥലത്ത് നിർമിക്കാൻ അനുമതിയായ വേങ്ങര ഫയർ സ്റ്റേഷൻ കെട്ടിടം നിർമിക്കുന്നതുമായി ബന്ധപ്പെട്ടുള്ള സാങ്കേതിക തടസ്സങ്ങൾ പരിഹരിച്ച് തീരുമാനമായി. നിലവിൽ ലഭ്യമായ സ്ഥലത്ത് കെട്ടിട നിർമാണ പ്രവൃത്തി ആരംഭിക്കും. 2015 ൽ ലഭ്യമായ ഭരണാനുമതി റീ വാലിഡേറ്റ് ചെയ്ത് ഈ മാസം അവസാനം ഉത്തരവിറങ്ങും. ഉത്തരവിറങ്ങിയ ഉടൻ അടിയന്തരമായി ടെൻഡർ നടപടികൾ പൂർത്തീകരിച്ച് ശിലാസ്ഥാപനം ഉടൻ നടത്തും.ജില്ലാ കലക്ടർ വി.ആർ വിനോദ് ഐ.എ.എസ്, തഹസിൽദാർ കെ.ജി പ്രാൺസിങ്, അഡിഷണൽ തഹസിൽദാർ മോഹനൻ, ജില്ലാ ഫയർ ഓഫീസർ വി.കെ ഋതീജ്, പൊതു മരാമത്ത് ബിൽഡിങ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ. മുഹമ്മദ് ഇസ്മായിൽ, റോഡ്സ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ അബ്ദുൽ ഗഫൂർ, ഡെപ്യൂട്ടി എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ ജയൻ, ആർക്കിടെക്ചറൽ വിങ് അസിസ്റ്റന്റ് ജി.സി.കെ ദിവാകർ, റോഡ്സ് അസിസ്റ്റന്റ് എഞ്ചിനീയർ വിമൽ രാജ്, ബിൽഡിങ് അസിസ്റ്റന്റ് എഞ്ചിനീയർ ബിജു തുടങ്ങിയ ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുത്തു.

## വീട് വാടകക്കെടുത്ത് കുഴൽപ്പണം വിതരണം ചെയ്യുന്ന സംഘം അറസ്റ്റിൽ



പിടികൂടിയ പണവുമായി ജില്ലാ പൊലീസ് മേധാവിയും ഡി.വൈ.എസ്.പിയും

അരീക്കോട് : വീട് വാടകക്കെടുത്ത് കുഴൽപ്പണം വിതരണം ചെയ്യുന്ന എട്ടംഗസംഘത്തെ അരീക്കോട് പൊലീസ് അറസ്റ്റ് ചെയ്തു. കിഴിശ്ശേരി പുളിയംക്കോട് മേൽമുറിയിലുള്ള സംഘത്തെയാണ് ജില്ല പോലീസ് മേധാവിയുടെ നിർദേശ പ്രകാരം വാടക വീട് പരിശോധന നടത്തി കൊണ്ടോട്ടി ഡി.വൈ.എസ് പിയുടെ മേൽനോട്ടത്തിൽ അരീക്കോട് പൊലീസ് അറസ്റ്റ് ചെയ്തത്. ജില്ലാ പോലീസ് മേധാവിക്ക് ലഭിച്ച രഹസ്യ വിവരത്തെ തുടർന്ന് നടത്തി പരിശോധനയിലാണ് സംഘം അറസ്റ്റിലായത്.

പുളിയക്കോട് മേൽമുറി സ്വദേശി യൂസഫ് അലി(26), മേൽമുറി ചാത്തനാടിയിൽ ഫൈസൽ (22), മേൽമുറി ഓട്ടുപ്പാറ സലാഹുദ്ദീൻ (21), മേൽമുറി ആക്കപറമ്പ് കോലാർകുന്ന് കോട്ടേകാടൻ ഇസ്മാഈൽ(36), മേൽമുറി മലയൻ ഫാഹിദ് ( 23), കടുങ്ങല്ലൂർ കൊട്ടേക്കാടൻ സൽമാനുൽ ഫാരിസ് (23), മേൽമുറി കുന്നുപുറത്ത് മുഹമ്മദ് ഷാക്കിർ (22), കാളികാവ് അടക്കാകുണ്ട് തെന്നാടൻ ജാബിർ( 35) എന്നിവരെയാണ് ബി.എൻ.എസ് നിയമ പ്രകാരം 111/3, 111/7 വകുപ്പുകൾ ചുമത്തിയാണ് പൊലീസ് അറസ്റ്റ് ചെയ്തത്. ജില്ലയുടെ വിവിധ ഭാഗങ്ങളിൽ പണം എത്തിക്കുന്ന സംഘത്തിൽ പ്രധാനികളാണ് ഇവരെന്ന് ജില്ലാ പൊലീസ് മേധാവി അരീക്കോട് ചേർന്ന വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ഇവരിൽ നിന്നും 3047300 രൂപയും നോട്ട് എണ്ണുന്ന മെഷീൻ, കാൽക്കുലേറ്ററുകൾ, മൊബൈൽ ഫോണുകൾ, ബൈക്കുകൾ എന്നിവയും പിടിച്ചെടുത്തിട്ടുണ്ട്.

അവധി ദിവസങ്ങളിലടക്കം ഇവർ പണം വിതരണം ചെയ്യുന്നുണ്ട്. ഓരോ ദിവസവും ഒന്നര കോടി മുതൽ രണ്ടര കോടി രൂപ വരെ സംഘം പലയിടത്തായി എത്തിക്കുന്നുണ്ട്. സംസ്ഥാനത്ത് തന്നെ വൻ കണ്ണികൾ ഇവർക്ക് പങ്കുള്ളതായും അവരെ കുറിച്ചുള്ള കൂടുതൽ അന്വേഷണം തുടരുമെന്നും പൊലീസ് പറഞ്ഞു. പ്രധാന കണ്ണികൾ സംസ്ഥാനത്തിന് അകത്തും പുറത്തും ഉള്ളതായും പൊലീസ് സംശയിക്കുന്നു. അറസ്റ്റിലായവരെ തിങ്കളാഴ്ച രാത്രിയോടെ മഞ്ചേരി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് മുമ്പാകെ ഹാജരാക്കി റിമാന്റ് ചെയ്തു. ഡി.വൈ.എസ്.പി എ ഷിബു, എസ്ഐമാരായ നവീൻ ഷാജു, കബീർ, എസ്.ഐ ശശികുമാർ. എ.എസ് ഐ സ്വയംപ്രഭ, സി.പി.ഒമാരായ അഖിൽദാസ്, സുനിൽകുമാർ, അനിൽ കുമാർ, സജീഷ്, ജില്ലാ പോലീസ് മേധാവിയുടെ സ്ക്വാഡ് അംഗങ്ങളായ അഭിലാഷ്, സുനിൽ, സുനിൽ ,നവീൻ, ജിയോ ജേക്കബ്, കൃഷ്ണദാസ് എന്നിവർ സംഘത്തിൽ ഉണ്ടായിരുന്നു.

## വധശ്രമ കേസുകളിലെ പ്രതിയെ കാപ്പ ചുമത്തി തടവിലാക്കി

പാണ്ടിക്കാട്: നിരവധി ക്രിമിനൽ കേസുകളിൽ പ്രതിയായ കുപ്രസിദ്ധ കുറ്റവാളി സിയാദിനെതിരെ കാപ്പ നിയമം ചുമത്തി അറസ്റ്റ് ചെയ്തു. പാണ്ടിക്കാട് ആമക്കാട് സ്വദേശി പാലപ്ര വീട്ടിൽ സിയാദ് (29) എന്നയാളെയാണ് അറസ്റ്റ് ചെയ്തത്. മലപ്പുറം ജില്ലാ പൊലിസ് മേധാവി എസ്. ശശിധരൻ ഐ.പി.എസിന്റെ റിപ്പോർട്ട് പ്രകാരം ജില്ലാ കലക്ടർ വി.ആർ വിനോദ് ഐ.എ.എസ് ആണ് ഉത്തരവിറക്കിയത്.



സിയാദ്

രണ്ട് മാസം മുമ്പ് വധശ്രമ കേസിൽ അറസ്റ്റിലായ സിയാദ് ജയിലിൽ കഴിഞ്ഞുവരവെയാണ് കാപ്പ ചുമത്തിയത്. വധശ്രമം, തടഞ്ഞ് നിർത്തി കഠിനമായി ദേഹോപദ്രവമേൽപ്പിക്കൽ, മാരകായുധങ്ങൾ കൈവശം വെക്കുക, ചതിചെയ്ത് പണം തട്ടിയെടുക്കുക, മോഷണം, വസ്തുവകകൾക്ക് നാശനഷ്ടം വരുത്തൽ, തട്ടികൊണ്ടുപോയി ദേഹോപദ്രവം ഏൽപ്പിച്ച് പണം തട്ടിയെടുക്കുക തുടങ്ങിയ ഗുരുതര കുറ്റകൃത്യങ്ങൾ ഉൾപ്പെടുന്ന നിരവധി ക്രിമിനൽ കേസുകളിൽ പ്രതിയാണ് സിയാദ്. കാപ്പ – 3 നിയമ പ്രകാരം അറസ്റ്റ് ചെയ്ത് വിയ്യൂർ സെൺട്രൽ ജയിലിൽ തടവിലാക്കി.

ആറ് മാസത്തേക്കാണ് തടവ്. ജില്ലയിൽ കുറ്റകൃത്യങ്ങൾ തടയുന്നതിന്റെ ഭാഗമായി ശക്തമായ നടപടികൾ സ്വീകരിച്ചു വരികയാണെന്നും, ഈ വർഷം നിരവധി ക്രിമിനൽ കേസുകളിൽ പ്രതികളായിട്ടുള്ള 16 പേരെ കാപ്പ നിയമപ്രകാരം തടവിലാക്കുകയും, 45 പേർക്കെതിരെ കാപ്പ ചുമത്തി നാടുകടത്തിയും സഞ്ചാര നിയന്ത്രണം ഏർപ്പെടുത്തിയും അടക്കമുള്ള നടപടികൾ സ്വീകരിച്ചതായും ജില്ലാ പൊലീസ് മേധാവി അറിയിച്ചു.

## ന്യൂനപക്ഷ കമ്മീഷൻ സിറ്റിങ് നാളെ

മലപ്പുറം: സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ മലപ്പുറം ജില്ലാതല സിറ്റിങ് നാളെ രാവിലെ 11 മണിക്ക് കലക്ടറേറ്റ് കോൺഫ്രൻസ് ഹാളിൽ ചേരും. സിറ്റിങ്ങിൽ മലപ്പുറം ജില്ലയിൽ നിന്നുള്ള പുതിയ പരാതികൾ സ്വീകരിക്കും.

## രണ്ട് കിലോ കഞ്ചാവുമായി ഒരാൾ പിടിയിൽ

മഞ്ചേരി: നറുകരയിൽ നിന്നും രണ്ട് കിലോ കഞ്ചാവുമായി ഒരാൾ എക്സൈസിന്റെ പിടിയിൽ. കിടങ്ങഴി നറുകണ്ടി പള്ളിയാളി വീട്ടിൽ നിഷാൽ പള്ളിയാളിയെയാണ് (42) മഞ്ചേരി എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ടി.അശോക്കുമാറും സംഘവും പിടികൂടിയത്.

മഞ്ചേരി ബസ്സ്റ്റാന്റ് കേന്ദ്രീകരിച്ചും മഞ്ചേരിയിലേയും പരിസര പ്രദേശങ്ങളിലെ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചും വിദ്യാർഥികൾക്കിടയിലും ഇതര സംസ്ഥാന തൊഴിലാളികൾക്കിടയിലും കഞ്ചാവ് വിൽപ്പന നടത്തുന്നയാളാണ് പിടിയിലായ പ്രതിയെന്ന് എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ പറഞ്ഞു. മഞ്ചേരി എക്സൈസിലും പൊലീസിലും നിരവധി നാർക്കോട്ടിക് കേസിലുൾപ്പെട്ടിട്ടുള്ള പ്രതി സ്വർണ കവർച്ച കേസുമായി മുമ്പ് ജയിൽ ശിക്ഷ അനുഭവിച്ചിട്ടുണ്ട്.



നിഷാൽ പള്ളിയാളി

ദിവസങ്ങൾക്ക് മുമ്പ് 50 കിലോയിലധികം കഞ്ചാവുമായി എക്സൈസ് മഞ്ചേരിയിൽ ഒരാളെ അറസ്റ്റ് ചെയ്തിരുന്നു. മഞ്ചേരി കേന്ദ്രീകരിച്ച് നടക്കുന്ന കഞ്ചാവ് വിൽപ്പനയിലെ കൂടുതൽ ആളുകളെക്കുറിച്ച് സൂചന ലഭിച്ചിട്ടുണ്ടെന്നും വരും നാളുകളിൽ കൂടുതൽ അറസ്റ്റുകളുമുണ്ടാകുമെന്നും എക്സൈസ് ഉദ്യോഗസ്ഥർ അറിയിച്ചു.

പ്രിവന്റീവ് ഓഫീസർ ആസിഫ് ഇഖ്ബാൽ, സിവിൽ എക്സൈസ് ഓഫീസർമാരായ എം വിനിൽകുമാർ, ഷബീർ മൈത്ര, സി.ടി അക്ഷയ്, കെ. വിനീത്, സന്തോഷ്കുമാർ എന്നിവരും സംഘത്തിലുണ്ടായിരുന്നു.

## സുബ്രതോ സംസ്ഥാന ചാമ്പ്യൻഷിപ്പ് ചേലേമ്പ്രയിലൂടെ വീണ്ടും മലപ്പുറത്തേക്ക്

മലപ്പുറം: സുബ്രതോ സംസ്ഥാന ചാമ്പ്യൻഷിപ്പിൽ ജേതാക്കളായി ചേലേമ്പ്ര നാരായണൻ നായർ മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂൾ. ശ്രീകൃഷ്ണപുരം ഹയർ സെക്കന്ററി സ്കൂൾ ഗ്രൗണ്ടിൽ നടന്ന സുബ്രതോ കപ്പ് അണ്ടർ-15 സംസ്ഥാന ചാമ്പ്യൻഷിപ്പിൽ തുടർച്ചയായ മൂന്നാം തവണയാണ് ചേലേമ്പ്രയുടെ മിടുക്കർ കപ്പുയർത്തിയത്.

ഫൈനൽ മത്സരത്തിൽ സെന്റ് വിൻസന്റ് എച്ച്.എസ്.എസ് തിരുവനന്തപുരത്തെ എതിരില്ലാത്ത രണ്ടു ഗോളുകൾക്കാണ് ചേലേമ്പ്ര പരാജയപ്പെടുത്തിയത്. രണ്ടാം പകുതിയുടെ അഞ്ചാം മിനിറ്റിൽ മുഹമ്മദ് സാബിത്താണ് ചേലേമ്പ്രക്ക് വേണ്ടി ആദ്യ ഗോൾ നേടിയത്. കളി തീരാൻ 5 മിനിറ്റുള്ളപ്പോൾ അജ്മൽ പട്ടിക പൂർത്തിയാക്കി. സെമി ഫൈനൽ മത്സരത്തിൽ തൃക്കരിപ്പൂർ എച്ച്.എസ്.എസിനെ എതിരില്ലാത്ത മൂന്ന് ഗോളുകൾക്കാണ് ചേലേമ്പ്ര പരാജയപ്പെടുത്തിയത്. ആഗസ്റ്റ് മാസത്തിൽ ബാംഗ്ലൂരിൽ നടക്കുന്ന ദേശീയ ചാമ്പ്യൻഷിപ്പിൽ കേരളത്തെ പ്രതിനിധീകരിക്കുന്നത് ചേലേമ്പ്ര ടീം ആയിരിക്കും. കഴിഞ്ഞ രണ്ടു വർഷവും എൻ.എൻ.എം. എച്ച്എസ്എസ് ചേലേമ്പ്രയാണ് സംസ്ഥാന ചാമ്പ്യന്മാർ. 2014ൽ സ്കൂളിൽ ഫുട്ബോൾ ഹോസ്റ്റൽ തുടങ്ങിയ വർഷം തന്നെ സംസ്ഥാന ചാമ്പ്യൻഷിപ്പ് എൻ.എൻ.എം.എച്ച്.എസ്.എസ് നേടിയിരുന്നു. കഴിഞ്ഞ 11 വർഷമായി അണ്ടർ 17 അല്ലെങ്കിൽ അണ്ടർ ഇനങ്ങളിൽ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് പലതവണ സുബ്രതോ അന്തർദേശീയ മത്സരത്തിൽ സ്കൂൾ പങ്കെടുത്തിട്ടുണ്ട്. തുടക്കം മുതൽ സ്കൂളിലെ കായിക അധ്യാപകനായ മൻസൂർ അലിയാണ് കുട്ടികളെ പരിശീലിപ്പിക്കുന്നത്. കാലിക്കറ്റ് യൂണിവേഴ്സിറ്റി സ്റ്റേഡിയം ആണ് സ്കൂളിന്റെ ഹോം ഗ്രൗണ്ട്. കോച്ച് മൻസൂർ അലി, അസിസ്റ്റന്റ് കോച്ച് വിഷ്ണു, ടീം മാനേജർ ഇസ്മയിൽ, ടീം ഫിസിയോ ഫസലുൽ ഹഖ്, ബൈജീവ് എന്നിവരുടെ നേതൃത്വത്തിലാണ് പരിശീലനം നടത്തിയത്. സമാപന ചടങ്ങ് അഡ്വ. കെ പ്രേംകുമാർ എം.എൽ.എ ഉദ്ഘാടനം ചെയ്തു. പി മമ്മിക്കുട്ടി എം.എൽ.എ, കേരള സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് യു ഷറഫലി, പൊതു വിദ്യാഭ്യാസ ഡയറക്ടർ ഷാനവാസ്, സ്പോർട്സ് ഓർഗനൈസർ പ്രദീപ് സമ്മാനദാനം നിർവഹിച്ചു.



സുബ്രതോ കപ്പ് അണ്ടർ-15 സംസ്ഥാന ചാമ്പ്യൻഷിപ്പിൽ ചേലേമ്പ്ര നാരായണൻ നായർ മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂൾ ടീം

## ഗതാഗത നിയന്ത്രണം

പാലക്കാട്: പെരുമ്പിലാവ് നിലമ്പൂർ റോഡിൽ ജന്നത്തുൽ ഇസ്ലാം മദ്രസ്സക്ക് മുമ്പിൽ ഇന്റർലോക്ക് വിരിക്കുന്ന പ്രവൃത്തി നടക്കുന്നതിനാൽ ജൂലൈ 15 മുതൽ പ്രവൃത്തി പൂർത്തീകരിക്കുന്നത് വരെ ഭാഗികമായി ഗതാഗത നിയന്ത്രണമുണ്ടാകും.

## എം.എസ്.എഫ് സ്കൂൾ തല മെമ്പർഷിപ്പ്

തൃത്താല: 'ഐക്യം അതിജീവനം അഭിമാനം' എന്ന പ്രമേയവുമായി എം.എസ്.എഫ് സ്കൂൾതല മെമ്പർഷിപ്പ് കാമ്പയിന് തൃത്താല മണ്ഡലത്തിൽ തുടക്കമായി. തൃത്താല മണ്ഡലംതല മെമ്പർഷിപ്പ് വിതരണം ജി.വി.എച്ച്.എസ്.എസ് വട്ടേനാട് സ്കൂളിൽ എം.എസ്.എഫ് മണ്ഡലം പ്രസിഡന്റ് ഷാക്കിർ കരിമ്പ നിർവഹിച്ചു. മണ്ഡലം ജ.സെക്രട്ടറി ടി.കെ ഉസാമ, പട്ടിത്തറ പഞ്ചായത്ത് എം.എസ്.എഫ് പ്രസിഡന്റ്ജാബിർ, ഫായിസ്, നഷ്ഫൽ, ഹുവൈസ്, അനീസ്, റിയാൻ, റസൽ, സിനാൻ, ഹാഷിം, അഫ്നാൻ എന്നിവർ സംബന്ധിച്ചു.



തൃത്താല മണ്ഡലംതല സ്കൂൾ മെമ്പർഷിപ്പ് വിതരണം ജി.വി.എച്ച്.എസ്.എസ് വട്ടേനാട് സ്കൂളിൽ എം.എസ്.എഫ് മണ്ഡലം പ്രസിഡന്റ് ഷാക്കിർ കരിമ്പ ഉദ്ഘാടനം ചെയ്യുന്നു

പാലക്കാട് വാർത്തകൾ

# സയ്യിദ് കെ.പി.സി തങ്ങളെന്നും ഒന്നാം റാങ്കുകാരൻ

## അമ്പതാണ്ടിലേറെ നീണ്ട ദീനീ പ്രവർത്തനം

റഷീദ് കൈപ്പുറം
പട്ടാമ്പി

സമസ്ത മുശാവറ അംഗം സയ്യിദ് കെ.പി.സി തങ്ങൾ എന്നും പണ്ഡിതരിലെ ഒന്നാം റാങ്കുകാരനായിരുന്നു. നീണ്ട അര നൂറ്റാണ്ടിലേറെകാലം ജില്ലയിൽ സുന്നി പ്രസ്ഥാനത്തിന് കരുത്തുറ്റ നേതൃത്വം നൽകിയ തങ്ങൾ വിടവാങ്ങുമ്പോൾ ചരിത്രത്തിൽ വലിയൊരു അധ്യായത്തിനാണ് തിരശ്ശീല വീഴുന്നത്. ഒരായുസ്സ് മുഴുവൻ താൻ ഇഷ്ടപ്പെടുന്ന വിശ്വാസത്തിനും പ്രസ്ഥാനത്തിനും വിനിയോഗിച്ചപ്പോൾ അതിലൊക്കെ ഒന്നാം റാങ്ക് തന്നെയാണ് സഹപ്രവർത്തകർ തങ്ങൾക്ക് നൽകിയത്. ചെറുപ്രായം മുതൽ തന്നെ സുന്നിപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളിൽവ്യാപൃതനായിരുന്നു തങ്ങൾ.1977ലാണ് പട്ടിക്കാട് ജാമിഅ നൂരിയ്യയിൽനിന്നും ഫൈസി ബിരുദം നേടുന്നത്. ഒന്നാം റാങ്ക് ആ വർഷത്തെ ഫൈസിമാരിൽ തങ്ങൾക്കായിരുന്നു. അക്കാലത്ത് 101 രൂപ സമ്മാനം കിട്ടിയതിന്റെ മധുരിക്കുന്ന ഓർമ്മകൾ തങ്ങൾ ഇടക്കിടെ ഓർക്കുമായിരുന്നു. അതിന്റെ പ്രചോദനം വലിയ സ്വാധീനം ചെലുത്തിയിരുന്നു തങ്ങളിൽ.



പ്രമുഖരായ അധ്യാപകരുടെ ശിക്ഷണമാണ് ജാമിഅയിൽ ലഭിച്ചത്. കെകെ അബൂബക്കർ ഹസ്രത്ത്, കോട്ടുമല അബൂബക്കർ മുസ്‌ലിയാർ, ഇ.കെ. അബൂബക്കർ മുസ്‌ലിയാർ എന്നിവരായിരുന്നു ഉസ്താദുമാർ. ഉസ്താദുമാരുടെ ഗുരുത്വവും പൊരുത്തവും നേടിയ എല്ലാവർക്കും ഇഷ്ടപ്പെട്ട ശിഷ്യനായിരുന്നു കെപിസി തങ്ങൾ. പ്രമുഖരായിരിരുന്നു സഹപാഠികൾ. തങ്ങളോട് അവർക്കും വലിയ ഇഷ്ടമായിരുന്നു.ഇടതടവില്ലാത്ത സുന്നി പ്രസ്ഥാന പ്രവർത്തനങ്ങൾ തങ്ങളെ മികച്ച സംഘാടകനാക്കി. സമസ്ത ജില്ലാ പ്രസിഡണ്ട് എന്ന നിലയിൽ ജില്ലയിൽ സംഘടനക്ക് ശാസ്ത്രീയമായി നേതൃത്വം നൽകി. സമസ്തയുടെ ജില്ലയുടെ സുവർണകാലമായിരുന്നു അത്. സമസ്ത പ്രസിഡണ്ടുമാരായ സി. കോയക്കുട്ടി മുസ്‌ലിയാർ,കുമരംപുത്തൂർ മുഹമ്മദ് മുസ്‌ലിയാർ , മുശാവറ അംഗങ്ങളായ സികെഎം സ്വാദിഖ് മുസ്‌ലിയാർ, നെല്ലായ കുഞ്ഞിമുഹമ്മദ് മുസ്‌ലിയാർ, എന്നിവർക്കൊപ്പം പ്രസ്ഥാന രംഗത്ത് കെപിസി തങ്ങൾക്കും ചരിത്രം രചിക്കാനായി.



രോഗശയ്യയിലിരിക്കെ കെ.പി.സി തങ്ങളെ പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ സന്ദർശിച്ചപ്പോൾ ( ഫയൽ ചിത്രം)

മുശാവറ യോഗങ്ങൾക്ക് സ്വാദിഖ് മുസ്‌ലിയാർക്കും നെല്ലായ കുഞ്ഞിമുഹമ്മദ് മുസ്‌ലിയാർക്കും കാപ്പ് വി ഉമർ മുസ്‌ലിയാർക്കുമൊപ്പമുള്ള യാത്രകൾ ചർച്ചകളും ആസൂത്രണങ്ങളും നിറഞ്ഞ സഞ്ചരിക്കുന്ന യോഗങ്ങളായിരുന്നു.

മതവിദ്യാഭ്യാസരംഗത്ത് നിരവധി സ്ഥാപനങ്ങളുടെ അമരത്തിരുന്നു. അൻവരിയ്യ അറബിക് കോളജ് ഉൾപടെ പ്രമുഖ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് നേതൃപരമായ പങ്കുവഹിച്ചു. വലിയ കാഴ്ചപ്പാടുകളുണ്ടായിരുന്നു തങ്ങൾക്ക്. ജില്ലയിൽ സമസ്താലയം കെട്ടിപ്പടുത്തത് തങ്ങളുടെ നേതൃത്വമായിരുന്നു. വല്ലപ്പുഴ ദാറുന്നജാത്ത് കെപിസി തങ്ങളുടെ കൂടി സ്വപ്നമാണ്. അവസാനകാലം ചെലവിട്ടതും അവിടെയാണ്. പ്രമുഖ വിദ്യാഭ്യാസ സ്ഥാപനം എന്നനിലയിൽ ദാറുന്നജാത്തിന്റെ ഉയർച്ച കെപിസി തങ്ങളുൾപടെയുള്ളവരുടെ വിശ്രമരഹിത പ്രവർത്തനമാണ്. തങ്ങൾക്ക് തലചായ്ക്കാൻ ഖബറൊരുങ്ങുന്നതും ദാറുന്നജാത്തിന്റെ മുറ്റത്താണ്.

കെപിസി തങ്ങൾ വിടവാങ്ങുമ്പോൾ നഷ്ടമാകുന്നത് പാണ്ഡിത്യം കൊണ്ടും പ്രവർത്തനംകൊണ്ടും പ്രബോധന വീഥിയിലെ നിസ്വാർത്ഥ ഇടപെടലുകൾ കൊണ്ടും ശ്രദ്ധേയനായ തലയെടുപ്പുള്ള പണ്ഡിതനെയാണ്. തങ്ങളുടെ വിടവ് ജില്ലയിലെ സുന്നി പ്രസ്ഥാനരംഗത്ത് നികത്താനാകാത്തതാണ്.പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ മയ്യിത്ത് നിസ്ക്കാരത്തിന് നേതൃത്വം നൽകി.


അബ്ബാസലി തങ്ങൾ, ഹമീദലി തങ്ങൾ, മുനവ്വറലി തങ്ങൾ, ബഹാവുദ്ദീൻ മുഹമ്മദ് നദ്‌വി, എം.ടി അബ്ദുള്ള മുസ്‌ലിയാർ, നെല്ലായ കുഞ്ഞി മുഹമ്മദ് മുസ്‌ലിയാർ, സി.എ.എം.എ കരീം, മരക്കാർ മാരായമംഗലം, പി.ഇ.എ സലാം മാസ്റ്റർ, ആദൃശ്ശേരി ഹംസക്കുട്ടി മുസ്‌ലിയാർ, പി.കെ ഇമ്പിച്ചിക്കോയ തങ്ങൾ, അസ്ഗറലി ഫൈസി, അബ്ദുറഹ്മാൻ ഫൈസി അരിപ്ര, പി.ടി മുഹമ്മദ് മാസ്റ്റർ, വി.എം മുഹമ്മദലി മാസ്റ്റർ, സി.എ സാജിത്, മുസ്തഫ മാസ്റ്റർ, അഡ്വ. മുഹമ്മദലി മറ്റാംതടം, കൊടക്കാട് ഇമ്പിച്ചി കോയതങ്ങൾ, ഇരുമ്പകശ്ശേരി അബ്ദുള്ള കോയ തങ്ങൾ, കെ.ടി സൈദലവി ദാരിമി, സലാഹുദ്ധീൻ ഫൈസി, ഫായിദ ബഷീർ, ബഷീർ തെക്കൻ, പി.കെ ആറ്റക്കോയ തങ്ങൾ, പി.പി വീരാൻ ഹാജി, അലവി ഫൈസി കൊളപ്പറമ്പ്, മുസ്തഫ അശ്റഫി കക്കുപ്പടി, കെ സി അബൂബക്കർ ദാരിമി, ടി കെ മുഹമ്മദ് കുട്ടി ഫൈസി, സി മുഹമ്മദലി ഫൈസി, സി മുഹമ്മദ് കുട്ടി ഫൈസി അലനെല്ലൂർ, സാലിം ഫൈസി കുളത്തൂർ, ഹുസൈൻ തങ്ങൾ കൊടക്കാട്, ശറഫുദ്ധീൻ തങ്ങൾ തൂത, യുഷാഫി ഹാജി ചെമ്മാട്, ബാപ്പു മുസ്‌ലിയാർ മണ്ണാർക്കാട്, കെ.സി മുഹമ്മദ് ബാഖവി, വാക്കോട് മൊയ്‌ദീൻ ഫൈസി, ഹംസ ഹാജി മുന്നിയൂർ, നാസർ ഹുദവി കൈപ്പുറം, തുടങ്ങിയവർ വസതി സന്ദർശിച്ചു.

### ദീനീ പ്രവർത്തനത്തിന്റെ ഉത്തമ മാതൃക- കരീം

പാലക്കാട്: ദീനീ-സാമൂഹിക പ്രവർത്തനത്തിന്റെ ഉത്തമ മാതൃകയായിരുന്നു കെ.പി.സി തങ്ങളെന്ന് മുസ്‌ലിംലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ് സി.എ.എം.എ കരീം അനുസ്മരിച്ചു. സമസ്തയുടെയും സ്ഥാപനങ്ങളുടെയും നേതൃനിലയിലുണ്ടായിരുന്ന തങ്ങളുടെ വിയോഗം വലിയ നഷ്ടമാണ്. മത സാമൂഹ്യ വിദ്യാഭ്യാസ രംഗത്തെ തങ്ങളുടെ പ്രവർത്തനം എക്കാലത്തും ഓർക്കപ്പെടുമെന്നും അദ്ദേഹം പറഞ്ഞു.

### തീരാനഷ്ടം- മരക്കാർ

പാലക്കാട്: സമസ്ത മുശാവറ അംഗം സയ്യിദ് കെ.പി.സി തങ്ങളുടെ നിര്യാണം ദീനീ രംഗത്തും, പൊതുരംഗത്തും തീരാ നഷ്ടമാണെന്ന് മുസ്‌ലിംലീഗ് ജില്ലാ പ്രസിഡന്റ് മരക്കാർ മാരായമംഗലം അനുസ്മരിച്ചു. നിരവധി ദീനി സ്ഥാപനങ്ങളുടെയും പള്ളികളുടെയും നേതൃപദവിയിൽ തന്റേതായ പങ്കുവഹിച്ച വ്യക്തിത്വമാണ്. സൗമ്യനായിരുന്ന തങ്ങൾ ചെറുപ്പ വലുപ്പ ഭേദമന്യേ എല്ലാവരോടും ഒരുപോലെയായിരുന്നു പെരുമാറിയിരുന്നത്. സൗഹൃദം കാത്തുസൂക്ഷിച്ചിരുന്ന പെരുമാറ്റം മാതൃകാപരമായിരുന്നു. അതുകൊണ്ടുതന്നെ നൂറുകണക്കിന് പേരാണ് മരണ വാർത്തയറിഞ്ഞ് വിവിധ ദിക്കുകളിൽ നിന്നും ആളുകൾ വസതിയിലേക്ക് ഒഴുകിയെത്തിയതെന്ന് അദ്ദേഹം പറഞ്ഞു. നിര്യാണത്തിൽ പട്ടാമ്പി മണ്ഡലം മുസ്‌ലിംലീഗ് കമ്മിറ്റി അനുശോചിച്ചു.



ആലത്തൂരിൽ ഓടുന്ന കാറിന് മുകളിലേക്ക് കൂറ്റൻമരം കടപുഴകി വീണപ്പോൾ



നല്ലേപ്പിള്ളി റോഡിനുകുറുകെ വീണ മരം അഗ്നിരക്ഷാസേന മുറിച്ചുനീക്കുന്നു



കൊടുവായൂരിൽ വൈദ്യുതിക്കാൽ കടപുഴകിയ നിലയിൽ

# മഴ കനത്തു; വ്യാപക നാശനഷ്ടം

## സ്കൂൾ കെട്ടിടത്തിന് മുകളിൽ മരം കടപുഴകി വീണു, കാറിനും സ്കൂട്ടറിനും മുകളിലേക്ക് മരം വീണു

പാലക്കാട്: കാലവർഷം കൂടുതൽ ശക്തിപ്രാപിക്കുമ്പോൾ ജില്ലയിൽ വ്യാപക നാശനഷ്ടം. ഇന്നലെ പകൽ മുഴുവനും തോരാതെ മഴ പെയ്തു. പുഴകളിലെയും ഡാമുകളിലും നീരൊക്ക് കൂടി. പല ഭാഗങ്ങളിൽ വ്യാപകമായ കൃഷിനാശവും സംഭവിച്ചു.

തണ്ണീർക്കോട് കാറ്റിലും മഴയിലും സ്കൂൾ കെട്ടിടത്തിന് മുകളിൽ മരം കടപുഴകി വീണു. സീനിയർ ബേസിക്ക് സ്കൂൾ കെട്ടിടത്തിന് മുകളിലേക്കാണ് സമീപത്തെ സ്വകാര്യവ്യക്തിയുടെ പുരയിടത്തിൽ നിന്നുള്ള മരങ്ങൾ വീണത്. ഇന്നലെ രാവിലെ സ്കൂൾ തുറക്കാൻ ജീവനക്കാർ എത്തിയപ്പോഴാണ് അപകടം കണ്ടത്. കുട്ടികൾ എത്തുന്നതിന് മുമ്പായതിനാൽ വൻദുരന്തം ഒഴിവായി. ഓട്മേഞ്ഞ മേൽകൂര രയിലെ ഓടും പട്ടികയയും കഴ്ക്കോലുമല്ലാം തകർന്നു. വൈദ്യുതി ഉപകരണങ്ങൾക്കും കേടുപറ്റി. ചുമരിനും തൂണിനും ബലക്ഷയം സംഭവിച്ചു നാല് ക്ലാസ് മുറികളുള്ള കെട്ടിടത്തിന്റെ രണ്ട് ക്ലാസ് മുറികൾ പൂർണമായും തകർന്നു. സംഭവം അറിഞ്ഞ് റവന്യൂവിദ്യഭ്യാസ വകുപ്പ് അധികൃതർ സ്ഥലത്തെത്തി. ഇന്നലെ സ്കൂളിന് അവധിനൽകി.ആലത്തൂർബാങ്ക് റോഡിൽ ഓടുന്ന കാറിനും സ്കൂട്ടറിനും മുകളിലേക്ക് മരം കടപുഴകി വീണു. കാറിലും സ്കൂട്ടറിലും യാത്ര ചെയ്തവർ അത്ഭുതകരമായി രക്ഷപ്പെട്ടു. ഇന്നലെ ഉച്ചക്ക് രണ്ടുമണിയോടെ മെയിൻ റോഡിലെ ബാങ്ക് റോഡ് പെട്രോൾ പമ്പിനു സമീപമാണ് വൻ വാകമരം കടപുഴകി ഇതുവഴി പോകുകയായിരുന്ന കാറിലും സ്കൂട്ടറിലും പതിച്ചത്. വാനൂർ സ്വദേശി ബാപ്പൂട്ടിയാണ് കാറിലുണ്ടായിരുന്നത്. പന്നിക്കോട് തുണി കച്ചവടം നടത്തുന്ന വെമ്പല്ലൂർ പൂശാരിമേട് സ്വദേശി കാജയാണ് സ്കൂട്ടറിലുണ്ടായിരുന്നത്. ഇദ്ദേഹം കെ.എസ്.എഫ്.ഇയിൽ വന്ന് മടങ്ങുമ്പോഴാണ് അപകടമുണ്ടായത്. ഇരുവരും പരിക്കുകൾ കൂടാതെ രക്ഷപ്പെടുകയായിരുന്നു. മരം വീണതിനെ തുടർന്ന് വൈദ്യുതി ലൈനുകൾ പൊട്ടിയതിനാൽ കിണ്ടിമൊക്ക് മുതൽ ബാങ്ക് റോഡ് വരെ വൈദ്യുതി തടസ്സത്തിന് പുറമെ ഒരുമണിക്കൂറോളം ഗതാഗതവും തടസ്സപ്പെട്ടു. തഹൽസിദാർ ടി.ജയശ്രീ, ഭൂരേഖ തഹസിൽദാർ ആർ.മുരളി മോഹൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രജനി ബാബു, പഞ്ചായത്ത് പ്രസിഡന്റ് എ ഷൈനി എന്നിവർ സംഭവ സ്ഥലത്തെത്തി. അപകടഭീഷണിയുള്ള മുറിച്ചു മാറ്റാൻ പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയതായി തഹസിൽദാർ അറിയിച്ചു. ആലത്തൂർ ഫയർഫോഴ്സത്തിയാണ് മരംമുറിച്ചു മാറ്റി ഗതാഗതം പുനസ്ഥാപിച്ചത്.



നിറഞ്ഞൊഴുകുന്ന ഭവാനിപ്പുഴ



തത്തേങ്ങലത്ത് റോഡിലേക്ക് കടപുഴകി വീണ മരം അഗ്നി രക്ഷാസേന മുറിച്ചു നീക്കുന്നു

### മതിലിടിഞ്ഞു വീണു

പെരുവെമ്പ് : തണ്ണിശ്ശേരിയിൽ സ്വകാര്യ വ്യക്തിയുടെ മതിൽ പത്ത് മീറ്ററോളം ഇടിഞ്ഞുവീണു. ആളപായമില്ല. പെരുവെമ്പ് ഗ്രാമപഞ്ചായത്ത് ഒന്നാം വാർഡ് ആനപ്പുറത്ത് ജലീലിന്റെ വീട്ടുമതിലാണ് കനത്ത മഴയിൽ തകർന്നുവീണത്. സമീപത്തെ തെങ്ങും കടപുഴകാവുന്ന അവസ്ഥയിലാണ്. സുമാർ അമ്പതിനായിരം രൂപയുടെ നഷ്ടം കണക്കാക്കുന്നു.

### ഗതാഗതം തടസ്സപ്പെട്ടു

മണ്ണാർക്കാട്: കനത്തമഴയിൽ റോഡരികിലെ മരങ്ങൾ കടപുഴകി റോഡിലേക്ക് വീണു. ഗതാഗതവും തടസപ്പെട്ടു. അഗ്നിരക്ഷാസേനയെത്തി മരങ്ങൾ മുറിച്ചുനീക്കി ഗതാഗതം പുനസ്ഥാപിച്ചു. തെങ്കര പഞ്ചായത്തിലെ രണ്ടാംവാർഡിൽ തത്തേങ്ങലം ഭാഗത്താണ് റോഡരികിൽ നിന്നിരുന്ന മൂന്ന് അക്കേഷ്യാ മരങ്ങൾ കടപുഴകി വീണത്. ഇന്നലെ വൈകീട്ട് നാലിനാണ് സംഭവം. നാട്ടുകാർ വിവരമറിയിച്ചതുപ്രകാരം സീനിയർ ഫയർ ആന്റ് റെസ്ക്യൂ ഓഫീസർ ടി. ജയരാജന്റെ നേതൃത്വത്തിൽ ഫയർ ആന്റ് റെസ്ക്യൂ അംഗങ്ങളായ ഒ. വിജിത്, എം.എസ്. ഷബീർ, എം. മഹേഷ്, സി. റിജേഷ്, കെ. പ്രശാന്ത്, ടി. രാമകൃഷ്ണൻ എന്നിവർ സ്ഥലത്തെത്തി മരങ്ങൾ മുറിച്ചുനീക്കുകയായിരുന്നു.

### വൈദ്യുതി പോസ്റ്റുകൾ തകർന്നു

ചിറ്റൂർ: താലൂക്കിൽ തുടർമഴ പെയ്തു വരുന്നതിനാൽ മരങ്ങൾ വീണ് ഇലക്ട്രിക് പോസ്റ്റുകളും കമ്പികളും പൊട്ടി നിരവധി സ്ഥലങ്ങളിൽ നാശമുണ്ടായി. പല ഭാഗങ്ങളിൽ നെൽ കൃഷി വെള്ളത്തിൽ മുങ്ങികിടപ്പാണ്. തുടർമഴ കാരണം വയലുകളിൽ നിന്നും വെള്ളം ഒഴിഞ്ഞുപോവുന്നില്ല . വണ്ടിത്താവളത്ത് പുറയോരം കൈതറവ് പാതയിൽ എട്ട് വൈദ്യുതിതൂണുകൾ പൊട്ടിയിട്ടുണ്ട്. തത്തമംഗലം ടൗണിൽ മരം വീണ് അഞ്ചും , മടുപ്പിക്കാവിൽ രണ്ടും അത്തിമണിയിൽ ഒന്നും പോസ്റ്റുകൾ ചിറ്റൂർ കണക്കമ്പാറയിൽ ഒരു പോസ്റ്റും പൊട്ടിയിട്ടുണ്ട്. വവ്വാക്കോട് വിളയോടി , കിഴക്കേകുപ്പയ്യൻച്ചള്ള , രാഘവപുരം, പുന്നക്കോട് എന്നിവിടങ്ങളിൽ മരംവീണ് കമ്പിപൊട്ടി വൈദ്യുതി തടസ്സപ്പെട്ടിട്ടുണ്ട്. താലൂക്കിലെ പ്രധാന പാതകളിലെല്ലാം റോഡിൽ മരച്ചില്ലകൾ വീണുകിടപ്പുണ്ട്. വണ്ടിത്താവളം കൈതറവിൽ ഉണ്ണികൃഷ്ണൻ വിശ്വനാഥൻ, വിനീത , കൃഷ്ണൻ , ഷൺമുഖൻ ഭാർഗവി , ദീഭൽസ്, മണി എന്നിവരുടെ പത്തേക്കർ നെൽകൃഷി വെള്ളത്തിൽ മുങ്ങി കിടക്കുകയാണ്. വൈദ്യുതി തടസപ്പെട്ട സ്ഥലങ്ങളിൽ ജീവനക്കാർ പുനസ്ഥാപിക്കാനുള്ള ശ്രമങ്ങൾ നടന്നുവരികയാണ്. തുടർമഴ കാരണം ആശുപത്രികളിൽ പനി ബാധിച്ചെത്തുന്നവരുടെ എണ്ണം ക്രമാതീതമായി വർധിച്ചിരിക്കുകയാണ്.

### കാഞ്ഞിരപ്പുഴ ഡാമിന്റെ സ്പിൽവേ ഷട്ടറുകൾ നാളെ ഉയർത്തും

പാലക്കാട്: കാഞ്ഞിരപ്പുഴ ഡാമിന്റെ വൃഷ്ടിപ്രദേശത്ത് ശക്തമായ മഴ തുടരുന്ന സാഹചര്യത്തിൽ ജലനിരപ്പ് ക്രമീകരിക്കുന്നതിനായി ജൂലൈ 17ന് രാവിലെ 10ന് ഡാമിന്റെ മൂന്ന് സ്പിൽവേ ഷട്ടറുകൾ 20 സെ.മീ വീതം ഉയർത്തും. പുഴയിലെ ജലനിരപ്പ് പരമാവധി 20 സെ.മീ വരെ ഉയരാൻ സാധ്യതയുണ്ട്. ജനങ്ങൾ പരിഭ്രാന്തരാവേണ്ട സാഹചര്യമില്ലെന്നും പുഴയുടെ ഇരുകരകളിലും താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു. നിലവിൽ ഡാമിന്റെ റിവർ സ്ലൂയിസ് അഞ്ച് സെ.മീ തുറന്നു വെച്ചിരിക്കുകയാണ്. ഡാമിന്റെ പരമാവധി സംഭരണശേഷി 97.50 മീറ്റർ ആണ്. ജൂലൈ 15ന് രാവിലെ എട്ടിന് ഡാമിലെ ജലനിരപ്പ് 95.00 മീറ്റർ ആണ്. ഫോൺ: 04924 238227.

### മഞ്ഞ അലർട്ട്

പാലക്കാട്: ജില്ലയിൽ ജൂലൈ 16, 17, 18 തിയ്യതികളിൽ കേന്ദ്ര കാലാവസ്ഥാവകുപ്പ് മഞ്ഞ അലർട്ട് പ്രഖ്യാപിച്ചു. ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിക്കുന്നത്. 24 മണിക്കൂറിൽ 64.5 മില്ലിമീറ്ററിൽ മുതൽ 115.5 മില്ലിമീറ്റർ വരെ മഴ ലഭിക്കുന്ന സാഹചര്യത്തെയാണ് ശക്തമായ മഴ എന്നത് കൊണ്ട് അർത്ഥമാക്കുന്നത്.



തണ്ണീർക്കോട് സീനിയർ ബേസിക്ക് സ്കൂൾ കെട്ടിടത്തിന് മുകളിലേക്ക് മരം വീണപ്പോൾ

### വൈദ്യുതി അപകടസാധ്യത അറിയിക്കാൻ വാട്സാപ്

പാലക്കാട്: കെ.എസ്.ഇ.ബിയുടെ വൈദ്യുതി ശൃംഖലയുമായി ബന്ധപ്പെട്ട് അപകടസാധ്യത ശ്രദ്ധയിൽപ്പെട്ടാൽ അറിയിക്കാൻ പൊതുജനങ്ങൾക്ക് അവസരമൊരുക്കി പ്രത്യേക വാട്സാപ് സംവിധാനം നിലവിൽ വന്നു. കെ.എസ്.ഇ.ബിയുടെ എമർജൻസി നമ്പരായ 9496 010101 ലേക്കാണ് വാട്സാപ് സന്ദേശമയക്കേണ്ടത്. അപകടസാധ്യതയുള്ള പോസ്റ്റ്/ലൈനിന്റെ ചിത്രത്തിനൊപ്പം കൃത്യമായ സ്ഥലം, പോസ്റ്റ് നമ്പർ, സെക്ഷൻ ഓഫീസിന്റെ പേര്, ജില്ല, വിവരം അറിയിക്കുന്നയാളുടെ പേര്, ഫോൺനമ്പർ തുടങ്ങിയ വിവരങ്ങൾ സന്ദേശത്തിൽ ഉൾപ്പെടുത്തണം.കെ.എസ്.ഇ.ബിയുടെ കേന്ദ്രീകൃത ഉപഭോക്തൃ സേവന കേന്ദ്രത്തിലെ ഉദ്യോഗസ്ഥർ സന്ദേശം പരിശോധിച്ച് എത്രയും വേഗം അതത് സെക്ഷൻ ഓഫീസുകളിലേക്ക് പരിഹാര നിർദ്ദേശമുൾപ്പെടെ കൈമാറും. വൈദ്യുതി ശൃംഖലയുമായി ബന്ധപ്പെട്ടുള്ള അപകടസാധ്യതകൾ ജനപങ്കാളിത്തത്തോടെ മുൻകൂട്ടി കണ്ടെത്തി ഒഴിവാക്കുന്നതിന് ഈ പുതിയ സംവിധാനം സഹായകമാകും. പരാതികൾക്കും അന്വേഷണങ്ങൾക്കുമായി 1912 എന്ന 24 മണിക്കൂർ ടോൾഫ്രീ നമ്പരിലും 9496001912 എന്ന നമ്പറിലും വാട്സാപ് മുഖേന 9496001912 ലും ബന്ധപ്പെടാവുന്നതാണ്. 9496010101 എന്ന നമ്പർ എമർജൻസി ആവശ്യങ്ങൾക്ക് മാത്രമുള്ളതാണ്.

## ചമ്മന്നൂരിൽ വീടു കയറി ആക്രമണം

അണ്ടത്തോട്: പുന്നയൂർക്കുളം ചമ്മന്നൂരിൽ വീടു കയറി ആക്രമണം. മൂന്ന് പേർക്ക് പരിക്കേറ്റു. ചമ്മന്നൂർ തോട്ടുപ്പുറത്ത് വീട്ടിൽ സുമ, മക്കളായ സഞ്ജു, അക്ഷയ് എന്നിവർക്കാണ് പരിക്കേറ്റത്. സഞ്ജുവിന്റെ വീടിനടുത്ത് വൈദ്യുതി പോസ്റ്റിൽ കെട്ടിയിരുന്ന കൊടി കഴിഞ്ഞ ദിവസം താഴെ വീണ നിലയിൽ കണ്ടിരുന്നു. സഞ്ജുവാണ് കൊടി വലിച്ചിട്ടതെന്ന് പറഞ്ഞ് ചമ്മന്നൂർ സ്വദേശി മനീഷാണ് മർദിച്ചതെന്ന് പരിക്കേറ്റവർ പറഞ്ഞു. സഞ്ജുവിനെ മർദ്ദിക്കുന്നത് കണ്ട് തടയാൻ ശ്രമിച്ചപ്പോഴാണ് മാതാവിന്നും സഹോദരനും മർദ്ദനമേറ്റത്. സഞ്ജുവിന് നെറ്റിയിലാണ് പരിക്കേറ്റത്. മനീഷിനെതിരെ കുടുംബം വടക്കേക്കാട് പൊലീസിൽ പരാതി നൽകി.

## പാലയൂർ ഫെസ്റ്റ് സമാപിച്ചു

ചാവക്കാട്: പാലയൂർ ഫെസ്റ്റും ഗജവീരൻമാരുടെ അകമ്പടിയിൽ നടന്ന ഘോഷയാത്രയും വർണശമ്പളമായി. ചാവക്കാട് സെന്ററിൽ നിന്ന് യൂത്ത് ഓഫ് പാലയൂരിന്റെ നേതൃത്വത്തിൽ പുറപ്പെട്ട ഘോഷയാത്രയ്ക്ക് പുതുപ്പള്ളി കേശവൻ ഉൾപ്പെട്ട അഞ്ച് ആനകളും ബാൻഡ് സെറ്റും അകമ്പടിയായി. ബ്രദേഴ്സ് ക്ലബിന്റെ നേതൃത്വത്തിൽ പാലുവായ് കപ്പേള പരിസരത്ത് നിന്ന് പുറപ്പെട്ട എഴുന്നള്ളിപ്പിന് ഒരാനയും വാദ്യവും അകമ്പടിയായി. മലാക്ക് ക്ലബിന്റെ നേതൃത്വത്തിലും എഴുന്നള്ളിപ്പ് നടന്നു. മൂന്നും പാലയൂരിൽ സംഗമിച്ചു. വിബിൻ കെ. വിൻസന്റ് , എൻ.ജി. മേജോ, ബിനിൽ ജോസ്, ഹെൽവിൻ ജോർജ്, സെമിസ് സ്റ്റോ സേവ്യാർ, ജുവൽ ജോൺസൺ, പ്രിൻസ് പിയുസ് തുടങ്ങിയവർ നേതൃത്വം നൽകി.



പാലയൂർ ഫെസ്റ്റിനോടനുബന്ധിച്ച് ഗജവീരൻമാരുടെ അകമ്പടിയോടെ നടന്ന ഘോഷയാത്ര

തൃശൂർ വാർത്തകൾ



ഇന്ന് തൃശൂർ വടക്കുംനാഥ ക്ഷേത്രത്തിൽ നടക്കുന്ന ആനയൂട്ടിനും ഗണപതിഹോമത്തിനും മുന്നോടിയായുള്ള ഒരുക്കം

## വടക്കുംനാഥ ക്ഷേത്രത്തിൽ ആനയൂട്ട് ഇന്ന്

തൃശൂർ: വടക്കുംനാഥ ക്ഷേത്രത്തിൽ ഇന്ന് ആനയൂട്ടും ഗണപതിഹോമവും നടക്കും. പുലർച്ചെ മുതൽ ഗണപതിഹോമം ആരംഭിക്കും. തുടർന്ന് നടക്കുന്ന ആനയൂട്ടിൽ തൃശൂർ പാലക്കാട് ജില്ലകളിൽ നിന്നായി അമ്പതിൽപരം ആനകൾ പങ്കെടുക്കും.



കടപ്പുറം പുളിഞ്ചോട്ടിൽ വലിയകത്ത് അലിയുടെ ഓല മേഞ്ഞ വീടിനു മുകളിൽ മരം വീണ നിലയിൽ

## വീടിനു മുകളിൽ പ്ലാവ് വീണു

ചാവക്കാട്: വീടിനു മുകളിൽ പ്ലാവ് വീണു. വീട്ടമ്മയും മകളും രക്ഷപ്പെട്ടു. ശക്തമായ കാറ്റിലും മഴയിലും ഇന്നലെ വൈകീട്ടാണ് സംഭവം. കടപ്പുറം പുളിഞ്ചോട്ടിൽ വലിയകത്ത് പരേതനായ അലിയുടെ ഓല മേഞ്ഞ വീടിനു മുകളിലാണ് വീട്ടുമുറ്റത്തു നിന്നിരുന്ന പ്ലാവ് വീണത്. വീട്ടിൽ അലിയുടെ ഭാര്യ നഫീസ മകളും ഉണ്ടായിരുന്നു. ശബ്ദം കേട്ടതോടെ ഇവർ വീടിനകത്തു നിന്നും പുറത്തേക്ക് ഓടി രക്ഷപ്പെടുകയായിരുന്നു. വീട് തകർന്ന നിലയിലാണ്.




എം.ഇ.എസ് അസ്മാബി കോളജ് ഗോൾഡൻ ജൂബിലി ബ്ലോക്ക് എം.ഇ.ഇസ് സംസ്ഥാന പ്രസിഡന്റ് ഡോ. ഫസൽ ഗഫൂർ ഉദ്ഘാടനം ചെയ്യുന്നു

## ഉന്നത വിദ്യാഭ്യാസ മേഖലയിൽ ജാഗ്രത ആവശ്യമുണ്ട്: ഡോ. ഫസൽ ഗഫൂർ

എസ്.എൻ പുരം: ഉന്നത വിദ്യാഭ്യാസ മേഖലയിൽ ജാഗ്രത ആവശ്യമുണ്ടെന്ന് എം.ഇ.ഇസ് സംസ്ഥാന പ്രസിഡന്റ് ഡോ. ഫസൽ ഗഫൂർ പറഞ്ഞു.

എം.ഇ.എസ് അസ്മാബി കോളജ് ഗോൾഡൻ ജൂബിലി ബ്ലോക്ക് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

കോളജ് മാനേജിംഗ് കമ്മറ്റി ചെയർമാൻ ആസ്പിൻ അഷ്റഫിന്റെ അദ്ധ്യക്ഷതയിൽ നടന്ന ചടങ്ങിൽ എം.ഇ.എസ് സംസ്ഥാന ജനറൽ സെക്രറട്ടറികെ.കെ.കുഞ്ഞിമൊയ്തീൻ മുഖ്യ പ്രഭാഷണം നടത്തി. മാനേജിങ് കമ്മറ്റി സെക്രട്ടറി ആൻഡ് കറസ്പോണ്ടണ്ട് അഡ്വ.നവാസ് കാട്ടകത്ത് സ്വാഗതവും ട്രഷറർ മുഷ്താഖ് മൊയ്തീൻ നന്ദിയും പറഞ്ഞു. ചടങ്ങിൽ എസ് .എൻ.പുരം പഞ്ചായത്ത് പ്രസിഡണ്ട് എം.എസ്.മോഹനൻ ,എം.ഇ.എസ് ജില്ലാ പ്രസിഡണ്ട് വീ.എം.മുഹമ്മദ് ഷൈൻ,സെക്രട്ടറി പി.കെ മുഹമ്മദ് ഷമീർ ,എം.ഇ.എസ് സംസ്ഥാന കമ്മറ്റി അംഗങ്ങളായ കെ.എം.അബ്ദുൽ സലാം,പി.എച്.മൊയ്തീൻ, സ്കൂൾ ഭാരവാഹികളായ കെ.എ.മുഹമ്മദ് ഇബ്രാഹിം,ഇബ്രാഹിം കുട്ടി മാസ്റ്റർ,കോളേജ് പ്രിൻസിപ്പൽ ഡോ.റീനാ മുഹമ്മദ്,മുൻ പ്രിൻസിപ്പൽ പ്രൊ. ഡോ.എ.ബിജു, ഡോ.കെ.പി.സുമേധൻ, എം.ബി.ബിന്ദിൽ തുടങ്ങിയവർ സംസാരിച്ചു.

## തീരദേശ മോഷണ പരമ്പര: യുവാവ് പിടിയിൽ



കൊടുങ്ങല്ലൂർ: തീരദേശ മേഖലകളിൽ മോഷണം നടത്തിവരുന്ന കണ്ണികളിലെ പ്രധാന പ്രതി പിടിയിൽ. എറണാകുളം ജില്ലയിലും തൃശൂർ ജില്ലയിലും നിലവിൽ കേസുകൾ ഉണ്ടായിട്ടുള്ള സംഘത്തിൽപ്പെട്ട നോർത്ത് പറവൂർ പെരുമ്പടന്ന സ്വദേശി ചുള്ളിക്കാട്ടിൽ അഭിഷേകാണ് പൊലീസ് പിടിയിലായത്. അടിച്ചുപൊളിക്കാൻ പണത്തിനായി കറങ്ങി നടന്ന് ഓരോ ചെറിയ ചെറിയ ഷോപ്പുകളുടെ ഷട്ടർ പൊളിച്ച് അകത്തു കടന്നു പൈസകളും വിലപിടിപ്പുള്ള സാധനങ്ങളും മോഷ്ടിക്കുന്ന രീതിയാണ് ഇവർ അവലംബിച്ചു വന്നിരുന്നത്. മോഷണത്തിനായി ഇവരുടെ ബൈക്കിലാണ് ഇവർ പോയിരുന്നത്.

പിന്നീട് പോലീസ് അത്തരത്തിലുള്ള യാത്ര കണ്ടുപിടിക്കുമെന്ന് മനസ്സിലാക്കിയതോടെ മൊബൈൽ ഫോൺ കൊണ്ടു നടക്കാതെയും ഇവരുടെ സ്വന്തം ബൈക്ക് കൊണ്ടുവരാതെയും പകരം യൂബർ പോലുള്ള വാഹനങ്ങൾ വാടകയ്ക്ക് വിളിച്ചു കളവ് നടത്തേണ്ട സ്ഥലത്തിന് ഒരു കിലോമീറ്റർ അപ്പുറം നിർത്തി വണ്ടിയിൽ നിന്ന് ഇറങ്ങി നടക്കുകയും നടന്നു പോകുന്ന വഴിയേ കാണുന്ന കടകളിൽ ഷട്ടർ പൊളിക്കുകയും അതിനുള്ളിൽ കയറി അവർക്ക് ആവശ്യമുള്ള സാധനങ്ങൾ എടുക്കുകയുമാണ് പതിവ്.

# പൊരിങ്ങൽക്കുത്ത് ഡാം തുറന്നു

ചാലക്കുടി: കനത്ത മഴയെ തുടർന്ന് വെള്ളം ഉയർന്നതിനാൽ പൊരിങ്ങൽക്കുത്ത് ഡാമിലെ രണ്ട് ഷട്ടറുകൾ രണ്ടു അടി വീതം തുറന്നതായി ജില്ലാ ദുരന്ത പ്രതിരോധ വിഭാഗം അറിയിച്ചു.

ഡാമിലെ നിലവിലെ ജലനിരപ്പ് 423.50 മീറ്റർ ആണ്. 424 മീറ്ററാണ് പരമാവധി സംഭരണശേഷി. അധിക ജലം ഒഴുകിവരുന്നതിനാൽ ചാലക്കുടി പുഴയിലെ ജലനിരപ്പ് ഉയരാൻ സാധ്യതയുള്ളതിനാൽ ചാലക്കുടി പുഴയുടെ ഇരു കരകളിലുള്ളവർ ജാഗ്രത പാലിക്കണമെന്ന് ജില്ലാ കലക്ടർ അറിയിച്ചു. പൊതുജനങ്ങളും കുട്ടികളും പുഴയിൽ ഇറങ്ങുന്നതിനും കുളിക്കുന്നതും ഫോട്ടോയെടുക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തി. ചാലക്കുടി പുഴയിൽ മത്സ്യബന്ധനത്തിനും കർശന നിയന്ത്രണം ഏർപ്പെടുത്താൻ നിർദ്ദേശിച്ചു. പുഴയുടെ തീരത്തുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളിൽ കർശന നിയന്ത്രണവും സുരക്ഷയും ഏർപ്പെടുത്താൻ ചാലക്കുടി, വാഴച്ചാൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്ക് നിർദ്ദേശം നൽകി.



കനത്ത മഴയെ തുടർന്ന് വെള്ളം ഉയർന്നതിനാൽ പൊരിങ്ങൽക്കുത്ത് ഡാമിലെ രണ്ട് ഷട്ടറുകൾ തുറന്നപ്പോൾ

## സസ്പെൻഡ് ചെയ്തു

തൃശൂർ: സംഘടനയിൽ വിഭാഗീയ പ്രവർത്തനങ്ങൾ നടത്തിയതിന്റെ പേരിൽ വടക്കാഞ്ചേരി മണ്ഡലം കോൺഗ്രസ് കമ്മിറ്റിയുടെ പ്രസിഡന്റ്ബിജു ഇസ്മയിലിനെ തൽസ്ഥാനത്ത് നിന്ന് ഡിസിസി പ്രസിഡന്റ് വി.കെ ശ്രീകണ്ഠൻ എംപി സസ്പെൻഡ് ചെയ്തു. ഇക്കാരണത്താൽ തന്നെ മുണ്ടത്തിക്കോട് മണ്ഡലം കോൺഗ്രസ് കമ്മിറ്റിയുടെ പ്രസിഡന്റ് സി.എച്ച് ഹരീഷിന് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്.




തൃശൂർ സി.എച്ച് സെന്ററിന്റെ ഫണ്ട് സമാഹരണവുമായി ബന്ധപ്പെട്ട് അൽ ഐനിൽ നടത്തിയ പ്രവർത്തന സംഗമം മുസ്‌ലിം ലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ് സി.എച്ച് റഷീദ് ഉദ്ഘാടനം ചെയ്യുന്നു



അൽ ഐൻ കെ.എം.സി.സി തൃശൂർ ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച സി.എച്ച് സെന്റർ മെമ്പർഷിപ്പ് ക്യാമ്പയിനിന്റെ ഉദ്ഘാടന ചടങ്ങിൽ ഒരു ലക്ഷം രൂപയുടെ ലൈഫ് അംഗത്വം പി.എം ഹംസ മുസ്‌ലിം ലീഗ് ജില്ലാ പ്രസിഡന്റ് സി.എ മുഹമ്മദ് റഷീദിൽ നിന്നും സ്വീകരിക്കുന്നു. മുസ്‌ലിം ലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ് സി.എച്ച് റഷീദ്, അലിമോൻ ആലത്തിയൂർ, ഷെല്ലി അബൂബക്കർ, ഹഫ്സൽ ചെറുവായിൽ, മുഹമ്മദ് അൻസാരി, പി.എം നൗഷാദ്, അൽഫലാഹ്, അൻവർ സാദിഖ്, അബ്ദുൽ റസാഖ് ചെറുതുരുത്തി, അബ്ദുൽ കബീർ അകലാട് എന്നിവർ സമീപം

## സി.എച്ച് സെന്റർ അൽഐൻ മെമ്പർഷിപ്പ് കാമ്പയിന് തുടക്കമായി

അൽ ഐൻ : നിർധനരായ രോഗികളുടെ ആശ്രയമായ തൃശൂർ മെഡിക്കൽ കോളജിന് സമീപം കാൻസർ രോഗികൾക്കും കൂട്ടിരുപ്പുകാർക്കും സ്വാന്തനമേകാൻ നിർമാണം പുരോഗമിക്കുന്ന തൃശൂർ സി.എച്ച് സെന്ററിന്റെ ഫണ്ട് സമാഹരണവുമായി ബന്ധപ്പെട്ടുള്ള മെമ്പർഷിപ്പ് കാമ്പയിൻ അൽ ഐനിൽ തുടക്കമായി.

പ്രവർത്തന സംഗമം മുസ്‌ലിം ലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ് സി.എച്ച് റഷീദ് ഉദ്ഘാടനം നിർവ്വഹിച്ചു . ഒരു ലക്ഷം രൂപയുടെ ലൈഫ് മെമ്പർഷിപ്പ് മുസ്‌ലിം ലീഗ് ജില്ലാ പ്രസിഡന്റ് സി.എ മുഹമ്മദ് റഷീദ് അൽ ഐൻ കെ.എം.സി.സി സ്റ്റേറ്റ് കൗൺസിൽ അംഗം പി.എം ഹംസക്ക് കൈമാറി, അൽ ഐൻ ലൂ ലു അൽഫലാഹ് പ്ലാസയിൽ നടന്ന സംഗമത്തിൽ തൃശൂർ ജില്ലാ പ്രസിഡന്റ് ഫൈസൽ ഹംസ അധ്യക്ഷനായി .അൽ ഐൻ കെ.എം.സി.സി ആക്റ്റിംഗ് ജനറൽ സെക്രട്ടറി അലിമോൻ ആലത്തിയൂർ, സ്റ്റേറ്റ് സെക്രട്ടറി സലാം മാസ്റ്റർ , ദുബായ് തൃശൂർ ജില്ലാ കെ എം സി സി പ്രസിഡന്റ് ജമാൽ മനയത്ത്, അൽ ഐൻ ഇന്ത്യൻ സോഷ്യൽ സെന്റർ കെ.എം.സി.സി പ്രതിനിധി ഖാലിദ് പാഷ, ഇൻക്കാസ് തൃശൂർ ജില്ലാ പ്രസിഡന്റ് ഫൈസൽ ദമാൻ, മലപ്പുറം ജില്ലാ ട്രഷറർ സുലൈമാൻ ചേകന്നൂർ , കാസർകോഡ് ജില്ലാ ജനറൽ സെക്രട്ടറി നാസർ വലിയപറമ്പ്, കോഴിക്കോട് ജില്ലാ ആക്ടിങ് ജനറൽ സെക്രട്ടറി യൂ.സി .അബ്ദുൽ സലാം , പാലക്കാട് ജില്ലാ ജനറൽ സെക്രട്ടറി നെയീമുദ്ദീൻ തുടങ്ങിയവർ സംസാരിച്ചു. ജനറൽ സെക്രട്ടറി മുത്തലിബ് ചാവക്കാട് സ്വാഗതവും ട്രഷറർ ബദർ കെ.എ നന്ദിയും പറഞ്ഞു.

## ആനുകൂല്യങ്ങൾക്ക് അപേക്ഷിക്കാം

കാറളം: ഗ്രാമപഞ്ചായത്തിലെ വിവിധ വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള ഗുണഭോക്തൃ അപേക്ഷ ഫോം അതത് വാർഡുകളിലെ അങ്കണവാടി മുഖേന ലഭിക്കും. പൂരിപ്പിച്ച അപേക്ഷകൾ ജൂലൈ 23ന് ഉച്ചയ്ക്ക് ഒന്നിനു മുമ്പായി അങ്കണവാടികളിൽ സമർപ്പിക്കണമെന്ന് കാറളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. ഫോൺ: 0480 2885421.

## സംഗീത നാടക അക്കാദമി പുരസ്കാര സമർപ്പണം 20ന്

തൃശൂർ: കേരള സംഗീത നാടക അക്കാദമിയുടെ 2023 ലെ അക്കാദമി ഫെലോഷിപ്പ്, അവാർഡ്, ഗുരുപൂജാപുരസ്കാരങ്ങൾ സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ 20 ന് സമർപ്പിക്കും. രാവിലെ 11 മണിക്ക് നടക്കുന്ന ചടങ്ങിൽ മന്ത്രിയിൽ നിന്നും മൃദംഗം വിദ്വാൻ പ്രൊഫ. പാറശ്ശാല രവി, നാടകപ്രതിഭ ടി.എം അബ്രഹാം,നർത്തകിയും നൃത്താധ്യാപികയുമായ കലാ വിജയൻ എന്നിവർ ഫെലോഷിപ്പ് ഏറ്റുവാങ്ങും. ഫെലോഷിപ്പ് ജേതാക്കൾക്ക് 50,000 രൂപ വീതവും ഫലകവും പ്രശസ്തിപത്രവുമാണ് ലഭിക്കുക. അക്കാദമിയുടെ പരിധിയിൽ വരുന്ന വിവിധ കലാമേഖലകളിൽ സംഭാവനകൾ നൽകിയ 17 കലാപ്രതിഭകൾ അവാർഡും മുതിർന്ന 22 കലാപ്രതിഭകൾ ഗുരുപൂജാ പുരസ്കാരവും മന്ത്രിയിൽ നിന്നും ഏറ്റുവാങ്ങും. അവാർഡ്, ഗുരുപൂജാ പുരസ്കാരജേതാക്കൾക്ക് 30,000 രൂപ വീതവും ഫലകവും പ്രശസ്തിപത്രവുമാണ് ലഭിക്കുക.പുരസ്കാര സമർപ്പണത്തിനുശേഷം, മന്ത്രി സജി ചെറിയാൻ അക്കാദമിയുടെ പരിഷ്കരിച്ച വെബ്സൈറ്റിന്റെ ഉദ്ഘാടനവും നിർവഹിക്കും.അക്കാദമി ചെയർമാൻ മട്ടന്നൂർ ശങ്കരൻകുട്ടി അധ്യക്ഷത വഹിക്കും. അക്കാദമി വൈസ് ചെയർമാൻ പുഷ്പവതി പി.ആർ ചടങ്ങിൽ സംസാരിക്കും. അക്കാദമി സെക്രട്ടറി കരിവെള്ളൂർ മുരളി സ്വാഗതവും അക്കാദമി നിർവ്വാഹക സമിതി അംഗം ടി.ആർ.അജയൻ നന്ദിയും പറയും.

## ഓൺലൈൻ മേഖലയെ അവശ്യ സർവ്വീസായി പരിഗണിക്കണം

തൃശൂർ: ഓൺലൈൻ മേഖലയെ അവശ്യ സർവ്വീസായി പരിഗണിക്കണമെന്ന് ഐ.ഡി.പി.ഡബ്ലിയു.ഒ.എ തൃശൂരിൽ നടന്ന സംസ്ഥാന കൺവെൻഷനിൽ അവതരിപ്പിച്ച പ്രമേയത്തിലൂടെ കേരള സർക്കാറിനോട് ആവശ്യപ്പെട്ടു.

ലോകം മുഴുവനും ഇന്ന് ഓൺലൈനിനെ ആശ്രയിച്ചാണ് മുന്നോട്ട് പോകുന്നത് സർക്കാർ സർക്കാരേതര സ്ഥാപനങ്ങൾ എല്ലാം തന്നെ ഓൺലൈനിലേക്ക് മാറി കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ പൊതു സമൂഹം ദിനംപ്രതി ഓൺലൈൻ സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടി വന്നിരിക്കുന്ന സാഹചര്യത്തിൽ ഓൺലൈൻ മേഖലയെ അവശ്യ സർവ്വീസായി പരിഗണിക്കണം എന്ന് യോഗം സർക്കാറിനോട് ആവശ്യപ്പെട്ടു. തൃശൂർ

ജവഹർ ബാലഭവൻ ഐ.ഡി.പി.ഡബ്ലിയു.ഒ.എ സംസ്ഥാന പ്രസിഡണ്ട് കെ.ജി സെൽമാ ബായി അദ്ധ്യക്ഷത വഹിച്ച കൺവെൻഷൻ

പി.ബാലചന്ദ്രൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു. ഓൺലൈൻ സ്ഥാപനങ്ങളെ കൂടി പെൻഷൻ മസ്റ്ററിങ്ങിന്ന് പരിഗണിക്കണമെന്നും കൺവെൻഷൻ അവതരിപ്പിച്ച പ്രമേയത്തിലൂടെ സർക്കാറിനോട് ആവശ്യപ്പെട്ടു. കേരളത്തിൽ ലക്ഷകണക്കിന്ന് സാമൂഹിക സുരക്ഷാ പെൻഷൻ, ക്ഷേമനിധി പെൻഷൻ കാർ തദ്ദേശ സ്വയം ഭരണ പ്രദേശത്തുള്ള രണ്ടോ, മൂന്നോ അക്ഷയ കേന്ദ്രത്തേയാണ് ഇന്ന് ആശ്രയിക്കുന്നത് സർക്കാർ പറയുന്ന സമയത്ത് മസ്റ്ററിംഗ് പൂർത്തിയാക്കാൻ കഴിയില്ല എന്നിരിക്കെ,കിടപ്പ് രോഗികൾക്കും മുതിർന്നവർക്കും സൗകര്യപ്രതമായി മസ്റ്ററിംഗ് നടത്തുന്നതിന്ന് ഓൺലൈൻ സ്ഥാപനങ്ങൾക്കും മസ്റ്ററിംഗിനുള്ള അനുവാദം നൽകാൻ സർക്കാർ തയ്യാറാകണമെന്നും യോഗം ആവശ്യപ്പെട്ടു.

ഉന്നത വിജയം നേടിയവർക്ക് അവാർഡ് നൽകി ആദരിച്ചു.ജനറൽ സെക്രട്ടറി രാജൻപൈക്കാട്ട്, വൈ.പ്രസിഡണ്ടുമാരായ കെ.എം അലവി,പ്രതാപ് ഇല്ലത്ത്, അഷറഫ് പെരുമ്പാവൂർ, സെക്രട്ടറിമാരായ അനീഷ് അരിക്കോട്,സലീം കൊല്ലം, ട്രഷറർ ജോബിൻ വൈനാട്, യാസർ അറഫാത്ത്, സുനീഷ് വയനാട്, ഡോ.ഡീക്കൺ ടോണി മേതല , സോമൻ വർഷ, സുരേഷ് ബാബു മണ്ടത്തറ, ശംസുദ്ദീൻ വാത്യേടത്ത്, ശ്രീദേവി വടക്കേടത്ത്, പി.കെ നിസ്റുദ്ദീൻ, അജിത അനിൽ കുമാർ തുടങ്ങിയവർ പ്രസംഗിച്ചു.



സ്ഥാന കൺവെൻഷൻ പി.ബാലചന്ദ്രൻ എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു




മുസ്‌ലിം ലീഗ് ഒരുമനയൂർ പഞ്ചായത്ത് കമ്മിറ്റി കുടുംബസംഗമം ജില്ലാ ജനറൽ സെക്രട്ടറി പി.എം അമീർ ഉദ്ഘാടനം ചെയ്യുന്നു

## മുസ്‌ലിം ലീഗ് ഒരുമനയൂർ പഞ്ചായത്ത് കമ്മിറ്റി കുടുംബസംഗമം

ചാവക്കാട്: മുസ്‌ലിം ലീഗ് ഒരുമനയൂർ പഞ്ചായത്ത് കമ്മിറ്റി വരാനിരിക്കുന്ന തദ്ദേശ സ്വയംഭരണ വകുപ്പിലേക്കുള്ള തിരഞ്ഞെടുപ്പിന്റെ മുന്നോടിയായി ഒരുക്കം കുടുംബ സംഗമം 2024 ഒരുമനയൂർ പഞ്ചായത്ത് ഹാളിൽ സംഘടിപ്പിച്ചു. ജില്ലാ ജനറൽ സെക്രട്ടറി പി.എം അമീർ ഉദ്ഘാടനം നിർവഹിച്ചു. ദുബായ് കെ.എം.സി.സി തൃശൂർ ജില്ലാ വൈസ് പ്രസിഡന്റ് അബ്ദുൽ കബീർ ആർ.വി, റിയാദ് കെ.എം.സി.സി തൃശൂർ ജില്ലാ വൈസ് പ്രസിഡന്റ് സുബൈർ, ദുബായ് കെ.എം.സി.സി മണ്ഡലം സെക്രട്ടറി ബഷീർ കുണ്ടിയത്ത്, ഖത്തർ കെ.എം.സി.സി ഒരുമനയൂർ പഞ്ചായത്ത് പ്രസിഡന്റ് ആർ.ഒ അബ്ദുൽ മജീദ്, ഖത്തർ കെ.എം.സി.സി ഒരുമനയൂർ പഞ്ചായത്ത് സെക്രട്ടറി ഷിനൂപ്, സീനിയർ നേതാക്കളായ ഇബ്രാഹിംകുട്ടി ഹാജി, അഹമ്മദുണ്ണി ഹാജി, ഇബ്രാഹിം കുട്ടി വി.ടി, സുലൈമാൻ എന്നിവരെ ജില്ലാ പഞ്ചായത്ത് മെമ്പർ അഡ്വ. വി.എം മുഹമ്മദ് ഗസ്സാലി ആദരിച്ചു. അഡ്വ. നജ്മ തബ്ഷീറ മുഖ്യ പ്രഭാഷണം നടത്തി. ഒരുമനയൂർ പഞ്ചായത്തിൽ പാർട്ടിയെ ശക്തിപ്പെടുത്താൻ മുഖ്യപങ്ക് വഹിച്ച നേതാക്കളുടെയും പ്രവർത്തകരുടെയും ഫോട്ടോ പ്രദർശനം നടത്തി. മണ്ഡലം വൈസ് പ്രസിഡന്റ് എം.കെ അബ്ദുൽ വഹാബ് സ്വിച്ച് ഓൺ കർമ്മം നടത്തി. എം.എസ്.എഫ് വിദ്യാർത്ഥികൾക്ക് വേണ്ടി പുതിയ ലൈബ്രറിയിലേക്ക് ആളൂരകായിൽ ഇബ്രാഹിംകുട്ടി ഹാജി പുസ്തകങ്ങൾ നൽകി. കുട്ടികൾക്കായി കളറിംഗ് മത്സരവും, ചിത്രരചന മത്സരങ്ങളും, വനിതകൾക്കായി ഹെന്ന മത്സരവും സംഘടിപ്പിച്ചു. ജംഷീർ അലി ഹുദവി നാളത്തെ രാഷ്ട്രീയം എന്ന വിഷയാവതരണം നടത്തി. വിവിധ മത്സരങ്ങളിൽ പങ്കെടുത്തു വിജയിച്ചവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.

പഞ്ചായത്ത് ലീഗ് പ്രസിഡന്റ് കെ.വി അബ്ദുൽ ഖാദർ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ഷക്കീർ മാസ്റ്റർ സ്വാഗതം പറഞ്ഞു. കോൺഗ്രസ് മണ്ഡലം പ്രസിഡണ്ട് ഹംസ കാട്ടത്തറ, യു.ഡി.എഫ് ചെയർമാൻ ചാക്കോ, ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് അഷിത കുണ്ടിയത്ത്, വൈസ് പ്രസിഡന്റുമാരായ നിയാസ് അഹമ്മദ്, എൻ.കെ അബ്ദുലത്തീഫ്, സെക്രട്ടറിമാരായ പി.കെ കബീർ, നിഷാദ് മാളിയേക്കൽ, ദുബായ് കെ.എം.സി.സി തൃശൂർ ജില്ലാ കൗൺസിൽ അംഗം ഷാഹിദ് ഒരുമനയൂർ, യൂത്ത് ലീഗ് മണ്ഡലം വൈസ് പ്രസിഡന്റ് ഹനീഫ മാളിയേക്കൽ, വനിതാ ലീഗ് പ്രസിഡന്റ് നഷറ മുഹമ്മദ്, ഷാജിത ബഷീർ, നസീറ, യൂത്ത് ലീഗ് സെക്രട്ടറി ഫാസിൽ മൂന്നാം കല്ല്, എം.എസ്.എഫ് സെക്രട്ടറി ആർ.എസ് റൈഹാൻ, റസീൻ ആർ.എസ്, മൊയ്തുണ്ണി കുട്ടി മൂന്നാംകല്ല്, മോനുട്ടി, ആലി അഹമ്മദ്, അബ്ദുൽ ജബ്ബാർ, അബ്ദു ആളുരക്കയിൽ തുടങ്ങിയവർ സംസാരിച്ചു.

## സ്കൂൾ പരിസരത്തെ ബാറിനെതിരെ പ്രതിഷേധം

ആലുവ : എട്ടര പതിറ്റാണ്ടിന്റെ പഴക്കമുള്ള ചുണങ്ങംവേലി സെൻറ് ജോസഫ്സ് യുപി സ്കൂളിന്റെ പരിസരത്ത് പ്രവർത്തനം ആരംഭിച്ച വി കെ ജെ ബാറിനെതിരെ വിദ്യാലയത്തിൽ പ്രതിഷേധ യോഗം സംഘടിപ്പിച്ചു.

വിദ്യാലയവും പരിസരവും ലഹരിമുക്തമായിരിക്കണമെന്ന നിയമത്തെ കാറ്റിൽ പറത്തിക്കൊണ്ടാണ് ഇക്കഴിഞ്ഞ ദിവസം ബാർ ഇവിടെ പ്രവർത്തനമാരംഭിച്ചിരിക്കുന്നത്. സെൻറ് ജോസഫ് യു പി സ്കൂൾ ഹെഡ്മിസ്ട്രസ് സിസ്റ്റർ ജസ്പ്രിയ എസ്.ഡി അധ്യക്ഷയായി.പിടിഎ പ്രസിഡണ്ട് ബിജു കാടപ്പറമ്പിൽ സ്വാഗതം പറഞ്ഞു . വാർഡ് മെമ്പർ ഷൈനി ടോമി യോഗം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. നാട്ടിലെ ബഹുജനങ്ങളെ കക്ഷി രാഷ്ട്രീയ ഭേദമെന്നെ പങ്കെടുപ്പിച്ചുകൊണ്ട് സമര പരിപാടിക്ക് രൂപം നൽകുന്നതിനും വിദ്യാർത്ഥികളുടെ രക്ഷിതാക്കളുമായി ഉടൻ യോഗം ചേരുന്ന് തുടർ പ്രക്ഷോഭ പരിപാടിക്ക് രൂപം നൽകുന്നതിനും യോഗം തീരുമാനമെടുത്തു.മാനേജ്മെന്റ് പ്രതിനിധികൾ, അധ്യാപകർ, പി ടി എ അംഗങ്ങൾ, പൂർവ്വ വിദ്യാർത്ഥികൾ, ജാതിമത കക്ഷി രാഷ്ട്രീയ ഭേദമെന്യേ ചുണങ്ങംവേലി നിവാസികൾ യോഗത്തിൽ പങ്കെടുത്തു. മോളി ടീച്ചർ നന്ദി പറഞ്ഞു.

## ഭാരവാഹികൾ

അങ്കമാലി : ലയൺസ് ക്ലബ് ഓഫ് അങ്കമാലി എയർസിറ്റി 2024 2025 വർഷത്തിലെ ഭാരവാഹികളുടെ സ്ഥാനാരോഹണം സംഘടിപ്പിച്ചു. ഡിസ്ട്രിക്റ്റ് സെക്കന്റ് വൈസ് ഡിസ്ട്രിക്റ്റ് ഗവർണർ വി എസ് ജയേഷ് സ്ഥാനാരോഹണം ഉദ്ഘാടനം ചെയ്തു. വേണുഗോപാൽ, സിജി ജോയ്, കെ സി മാത്യു , വി.ജെ ഇന്ദുലാൽ, സുമിത് രവി എന്നിവർ പ്രസംഗിച്ചു. പുതിയ ഭാരവാഹികളായി സിറിൾ ശ്രീധർ (പ്രസിഡന്റ് ), രതീഷ് ബാലൻ (സെക്രട്ടറി), സുമിത് രവി (ട്രഷറർ) എന്നിവരാണ് സ്ഥാനമേറ്റത്.

## എറണാകുളം വാർത്തകൾ

### സസ്പെന്റ് ചെയ്തു

കോഴിക്കോട്: സാമൂഹ്യ മാധ്യമങ്ങളിൽ പാർട്ടിയെയും പാർട്ടി നേതാക്കളെയും അപകീർത്തിപ്പെടുത്തുകയും പാർട്ടി നിലപാടുകളെ പരസ്യമായി തള്ളിപ്പറയുകയും ചെയ്ത് ഗുരുതരമായ അച്ചടക്കലംഘനം നടത്തിയ കളമശ്ശേരി മുനിസിപ്പാലിറ്റിയിലെ പി.എം.എ. ലത്തീഫ്, ആലുവ മണ്ഡലത്തിലെ കെ.എസ് തൽഹത്ത് എന്നിവരെ പാർട്ടിയുടെയും പോഷക സംഘടനകളുടെയും പ്രാഥമിക അംഗത്വത്തിൽ നിന്ന് അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തതായി മുസ്‌ലിം ലീഗ് സംസ്ഥാന കമ്മിറ്റി ഓഫീസിൽ നിന്നും അറിയിച്ചു.

### വീടുകൾക്ക് നാശം

പള്ളുരുത്തി: കനത്ത കാറ്റിലും മഴയിലും പല യിടങ്ങളിലും മരത്തിന്റെ കൊമ്പുകൾ ഒടിഞ്ഞു വീണ് വീടുകൾക്ക് നാശനഷ്ടമുണ്ടായി. ഇടക്കൊച്ചി പള്ളേകാട്ട് വീട്ടിൽ ലിയോ റിബല്ലോയുടെ വീടിന് മുകളിലേക്ക് പ്ലാവിന്റ കൊമ്പ് വീണ് വീട് ഭാഗികമായി തകർന്നു. കോട്ടക്കൽ ജയറകുമാറിന്റെ വീട്ടുവളപ്പിൽ നിന്നിരുന്ന മരത്തിന്റെ കൊമ്പ് ഒടിഞ്ഞു വീണു. കണച്ചക്കനാട്ട് സിൽവസ്റ്റർ റൊസാരിയോയുടെ വീട്ടു വളപ്പിൽ നിന്നിരുന്ന രണ്ട് മരങ്ങൾ വീട്ടു വളപ്പിലേക്ക് ഒടിഞ്ഞു വീണു. കനത്ത കാറ്റിൽ പരുത്തിത്തറയിൽ ഇലക്ട്രിക് പോസ്റ്റ് നിലം പതിച്ചു. കണച്ചക്കനാട്ട് ഗ്ലാഡിസിന്റെ വീടിന് മുകളിലേക്ക് തേക്ക് മരം വീണു മേൽക്കൂരക്ക് തകരാർ സംഭവിച്ചു. ഇടക്കൊച്ചി കോട്ടക്കൽ വീട്ടിൽ ചന്ദ്രന്റെ വീടിന് മുകളിലേക്ക് സമീപത്തെ പാർക്കിൽ നിന്നിരുന്ന മരത്തിൽ കൊമ്പ് ഒടിഞ്ഞു മേൽക്കൂരക്ക് മുകളിലേക്ക് വീണു.

### വിദ്യാഭ്യാസ പുരസ്കാര വിതരണം

നെടുമ്പാശേരി: പാറക്കടവ് സഹകരണ ബാങ്ക് സംഘടിപ്പിച്ച 'മികവ് 2024'ന്റെ ഉദ്ഘാടനവും എസ് എസ് എൽസി, പ്ലസ്ടു പരീക്ഷകളിൽ ഫുൾ എ പ്ലസ്സ് നേടിയവർക്കുള്ള, വിദ്യാഭ്യാസ പുരസ്കാര വിതരണവും നടത്തി. ലൈബ്രറി കൗൺസിൽ സംസ്ഥാന പ്രസിഡന്റ് ഡോ.കെ വി കുഞ്ഞികൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ബാങ്ക് പ്രസിഡന്റ് വി എൻ അജയകുമാർ അധ്യക്ഷനായിരുന്നു. എസ്എസ് എൽസി പരീക്ഷയിൽ നൂറു ശതമാനം വിജയം നേടിയ പൂവ്വത്തുശ്ശേരി സെന്റ് ജോസഫ് ഹൈസ്ക്കൂൾ, എൽ എസ് എസ്സ് ഹയർ സെക്കന്ററി സ്ക്കൂളുകളെ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ടി വി പ്രദീഷ് ആദരിച്ചു, 'മണിച്ചെപ്പ് ' കുട്ടികളുടെ സമ്പാദ്യപദ്ധതി പഞ്ചായത്ത് പ്രസിഡന്റ് എസ് വി ജയദേവൻ ഉദ്ഘാടനം ചെയ്തു. പാട്ടോർമ്മകളുടെ പൗർണ്ണമി ഗ്രന്ഥകാരൻ അഡ്വ. എസ് ഗോപിനാഥനെ ജില്ല ലൈബ്രറി കൗൺസിൽ സെക്രട്ടറി എം ആർ സുരേന്ദ്രൻ ആദരിച്ചു. ബാങ്ക് മുൻ പ്രസിഡന്റ് കെ കെ കുഞ്ഞിക്കുട്ടൻ പിഷാരടി സ്മാരക എൻഡോവ്മെന്റ് വിതരണം ചെയ്തു. പഞ്ചായത്ത് മെമ്പർമാരായ ഡെയ്സി ടോമി, കെ വൈ ടോമി, പി പി ജോയി, സി എം ജോയി, ശാരദ ഉണ്ണികൃഷ്ണൻ, ആശാ ദിനേശൻ, ബാങ്ക് സെക്രട്ടറി അനിത പി നായർ, ജീവനക്കാരുടെ പ്രതിനിധി ടി വി ജോഷി , കാളത്തി മേയ്ക്കാട് പരമേശ്വരൻ നമ്പൂതിരി, കെ ആർ വിൻസന്റ് ,സരിത ബിനോജ് എന്നിവർ സംസാരിച്ചു.

### ബെന്നി ബഹനാൻ സന്ദർശിച്ചു

കാലടി: കഴിഞ്ഞ ദിവസം കൊടുങ്ങല്ലൂരിലുണ്ടായ വാഹനാപകടത്തിൽ മരണമടഞ്ഞ ശ്രീഭൂതപുരം കടവിലാൻ വീട്ടിൽ അബ്ദുൾറസാഖിന്റെ വസതി ബെന്നി ബഹനാൻ എം.പി സന്ദർശിച്ചു. റസാഖിന്റെ മക്കളായ ഫർആൻ, അജ്മാൻ, ഈസ എന്നിവരെ അദ്ദേഹം സമാശ്വസിപ്പിച്ചു. വെള്ളിയാഴ്ച ജുമാ നമസ്ക്കാരവും കഴിഞ്ഞ് വാടാനപ്പള്ളിയിൽ ഹോസ്റ്റലിൽ നിന്ന് മൂത്തമകൻ ഫർആനെ വിളിക്കാൻ ബൈക്കിൽ പോകുമ്പോൾ മതിലകത്ത് വെച്ചായിരുന്നു അപകടം.

# കൊച്ചിയിലുമുണ്ടൊരു ആമയിഴഞ്ചാൻ: കൽവത്തി രാമേശ്വരം കനാൽ മാലിന്യക്കയം



മാലിന്യക്കയമായ രാമേശ്വരം കൽവത്തി കനാൽ

മട്ടാഞ്ചേരി: തിരുവനന്തപുരത്ത് ആ മയിഴഞ്ചാനെങ്കിൽ കൊച്ചിയിൽ കൊച്ചിയിലുമുണ്ടൊരു ഒന്നാം തരം മാലിന്യക്കയം. കൽവത്തി രാമേശ്വരം കനാൽ എല്ലാ മാലിന്യങ്ങളുടെയും കേന്ദ്ര ഡിപ്പോ ആയിട്ട് വർഷങ്ങൾ ഏറെ ആയി. ചെളിയും, പ്ലാസ്റ്റിക്കും, മാംസാവശിഷ്ടവും മറ്റും നിറഞ്ഞു കവിഞ്ഞ കനാൽ ഒരു കാലത്ത് ചരക്ക് വള്ളങ്ങൾ സഞ്ചരിച്ച കനാലായിരുന്നു . ഇന്ന്കൊച്ചിക്കാർക്ക് അപകട ഭീതിയുണ കനാലായി ഇത് മാറി. കിഴക്ക് കൊച്ചി കായലും പടിഞ്ഞാറ് അറബി കടലുമായി ബന്ധപ്പെട്ട് 5.8 കിലോമീറ്റർ നീളമുള്ള കനാൽ കൊച്ചിയുടെ അതിർത്തി കനാലായാണ് രേഖകളിലിന്നും അറിയപ്പെടുന്നത്. മട്ടാഞ്ചേരി ഫോർ ട്ടു കൊച്ചി മേഖലയിലെ 14 ഓളം കോർ പ്പറേഷൻ ഡിവിഷനുകളെ ബന്ധിപ്പിച്ചു കൊണ്ടുള്ള ഈ കനാൽ ശുചീകരണത്തിന് കരാറുകാർക്ക് കാലാകാലങ്ങളിൽ കോടികൾ സർക്കാർ ഖജനാവിൽ നിന്ന് ചോരുന്നുണ്ട്. ഇതിന്റെ പങ്ക് ഉന്നതങ്ങളിലെ വേണ്ടപ്പെട്ടവർക്ക് ലഭിക്കുന്നുമുണ്ട്. എന്നാൽ പൈതൃക വിനോദ സഞ്ചാര കേന്ദ്രവും തീരദേശ നഗരിയും വാണിജ്യ മേഖലയുമടക്കമുള്ള ജനവാസ മേഖലയെ ദുരിതപൂർണ്ണമാക്കുന്നതിൽ കനാൽ വലിയ പങ്ക് വഹിക്കുന്നുണ്ടെന്നുള്ളതാണ് യാഥാർത്ഥ്യം. കൊച്ചിയിലെ പ്രധാന കൊതുകു വളർത്തൽ കേന്ദ്രമാണ് ഈ കനാൽ. 50 വർഷത്തിലെറെയായി കനാലിലെ ചെളി കോരൽ പ്രക്രിയ നടക്കുന്നുണ്ട്. പലരുടേയു കീശ വീർക്കുന്നതിനപ്പുറം കനാലിലെ മാലിന്യത്തിന് കുറവൊന്നുമില്ല. കഴിഞ്ഞ 25 വർഷത്തിനുള്ളിൽ അനേക കോടികളാണ് കനാലിലെ ചെളി കോരലിനായി ചെലവഴിക്കപ്പെട്ടത്. സംസ്ഥാന സർക്കാറിന്റെയും കൊച്ചിൻ കോർപ്പ റേഷന്റെയും കനാൽ ശുചീകരണ പദ്ധതിയിൽ അവഗണിക്കപ്പെട്ട രാമേശ്വരം കൽവത്തി കനാൽ, ശുചീകരണത്തിനും സംരക്ഷണത്തിനുമായി കേന്ദ്ര സഹാ യമനുവദിച്ചിക്കുന്നതിനുള്ള പദ്ധതിയിലും അവഗണിക്കപ്പെട്ടു. കൊച്ചി സ്മാർട്ട് സിറ്റി മിഷൻ പദ്ധതിയിൽപ്പെടുത്തി 1540 കോടി ചെലവിൽ നഗരത്തിലെ ആറ് കനാലുകൾ ശുചീകരിച്ച് നവീകരിക്കുന്നതതിൽ നിന്നും ഈ കനാൽ ഒഴിവാക്കപ്പെട്ടു.

### ഡിവിഷൻ സമ്മേളനം

മൂവാറ്റുപുഴ: കെ.എസ്.ഇ.ബി. പെൻഷനേഴ്സ് അസ്സോസിയേഷൻ ഡിവിഷൻ സമ്മേളനം മൂവാറ്റുപുഴ അർബൻ ബാങ്ക് ഓഡിറ്റോറിയത്തിൽ വച്ചു നടത്തി. ഡിവിഷൻ പ്രസിഡന്റ് വിൽസൺ ജോർജ്ജ് അദ്ധ്യക്ഷത വഹിച്ച യോഗം സംസ്ഥാന ജനറൽ സെക്രട്ടറി പി. ബാലകൃഷ്ണൻ പിള്ള ഉദ്ഘാടനം ചെയ്തു.

ഡിവിഷൻ സെക്രട്ടറി രാജശേഖരൻ കെ.പി. റിപ്പോർട്ടും ട്രഷറർ പി.പി. തോമസ് വരവ് ചെലവ് കണക്കും അവതരിപ്പിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റ് എം.റ്റി വറുഗീസ്, നേതാക്കളായ രാംകുമാർ, പി ജനാർദ്ദനൻ പിള്ള, റോയ് പോൾ, പി.എൻ. ജഗദീശൻ, സുമതിയമ്മ എന്നിവർ ആശംസകൾ അർപ്പിച്ചു.

സമ്മേളനം മുതിർന്ന അംഗങ്ങളെ ആദരിച്ചു. പുതിയ ഭാരവാഹികളായി വിൽസൺ ജോർജ്ജ് (പ്രസിഡന്റ്), സജി പോൾ (സെക്രട്ടറി), പി.പി. തോമസ് (ട്രഷറർ), ബോസ് കെ.കെ. (സി.സി. അംഗം) എന്നിവരെ തെരഞ്ഞെടുത്തു.

## ആറ് മാസം മുമ്പ് നിർമ്മിച്ച റോഡ് തകർന്നു

കാക്കനാട്: ഇന്നലെ രാവിലെ ഉണ്ടായ ശക്തമായ മഴയെ തുടർന്ന് ആറുമാസം മുമ്പ് നിർമ്മിച്ച റോഡ് തകർന്നു.

ചെമ്പുമുക്ക് അസീസി സ്കൂളിൽ സമീപം അട്ടിപ്പേറ്റി റോഡാണ് ഇടിഞ്ഞു തന്നത്. സമീപത്തെ ഇടപ്പള്ളി തോട്ടിൽ നിന്നും ആഴ്ചകൾക്ക് മുമ്പ് ചെളി നീക്കിയിരുന്നു. സംരക്ഷണ ഭിത്തിയുടെ സമീപത്തെ മണ്ണ് നീക്കം ചെയ്തതാണ് അപകടം ഉണ്ടാവാൻ കാരണമെന്നാണ് സൂചന.

വർഷങ്ങളായി അപകടത്തിൽ ആയിരുന്ന റോഡ് ആറുമാസം മുമ്പാണ് നഗരസഭ 25 ലക്ഷം മുടക്കി നവീകരിച്ചത്. ഇന്നലെ ഉച്ചയ്ക്ക് 12 മണിയോടെ കാക്കനാട് സീപോർട്ട് എയർപോർട്ട് റോഡിൽ കാക്കനാട് കെഎസ്എഫ്ഇ ക്ക് സമീപം മരം മറിഞ്ഞുവീണ് ഗതാഗത തടസ്സം ഉണ്ടായി. തൃക്കാക്കര ശമന സേന എത്തിയാണ് മരം മുറിച്ചു മാറ്റിയത്.



ഇന്നലെ രാവിലെ പെയ്ത കനത്ത മഴയിൽ കാക്കനാട് ചെമ്പ്മുക്ക് അട്ടിപ്പേറ്റി നഗർ റോഡ് ഇടിഞ്ഞു ഇടപ്പള്ളി തോട്ടിലേക്ക് താഴ്ന്നു പോയ നിലയിൽ

## ധാർമ്മിക പഠനം സാമൂഹ്യ ഭദ്രതക്ക് അനിവാര്യം: ബെന്നി ബഹനാൻ



ശ്രീമൂലനഗരം, തൗഹീദ് നഗർ ഹിദായത്തുൽ ഇസ്ലാം മദ്രസ അദ്ധ്യാപക രക്ഷാ കർത്തൃ സംഗമം ബെന്നി ബഹനാൻ എം.പി. ഉദ്ഘാടനം ചെയ്യുന്നു.

ശ്രീമൂലനഗരം: വിദ്യാഭ്യാസം സാമൂഹിക പുരോഗതിക്ക് ഏറെ പ്രാധാന്യമുള്ള തോടൊപ്പം ധാർമ്മിക പഠനം സാമൂഹ്യ ഭദ്രതക്ക് അനിവാര്യമാണെന്ന് ബെന്നി ബഹനാൻ എം.പി അഭിപ്രായപ്പെട്ടു. മദ്രസകൾ മത പഠനത്തോടൊപ്പം കലാ കായിക കാര്യങ്ങളിൽ കൂടി വിദ്യാർത്ഥികളെ പരിപോഷിപ്പിക്കുന്നു എന്നത് ഏറെ ശ്ലാഘനീയമാണെന്ന് അദ്ദേഹം പറഞ്ഞു. ശ്രീമൂലനഗരം തൗഹീദ് നഗർ ഹിദായത്തുൽ ഇസ്ലാം മദ്രസ അദ്ധ്യാപക രക്ഷാകർത്തൃ സംഗമവും വിദ്യാഭ്യാസ അവാർഡ് ദാനവും ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. പി.ടി.എ. പ്രസിഡന്റ് പി.എസ്. ഷാനവാസ് അദ്ധ്യക്ഷനായിരുന്നു. ഹിദായത്തുൽ ഇസ്ലാം മദ്രസ സാഹിത്യ സമാജം മോയിൻ കുട്ടി വൈദ്യർ സ്മാരക അക്കാദമി സെക്രട്ടറി ഫൈസൽ എളേറ്റിൽ ഉദ്ഘാടനം ചെയ്തു. ചൊവ്വര ചുള്ളിക്കാട്ട് മുസ്ലിം ജമാഅത്തിൽ കഴിഞ്ഞ വിദ്യാഭ്യാസ വർഷം ശ്രദ്ധേയമായ വിജയം നേടിയ വിദ്യാർത്ഥികൾക്ക് കേരള ഹജ്ജ് കമ്മിറ്റി മെമ്പർ ഡോ: ഐ.പി. അബ്ദുസലാം ഉപഹാരങ്ങൾ നൽകി. സി.ഐ. ഇ. ആർ. രക്ഷിതാക്കൾക്കായി നടത്തിയ വിചാരം പരീക്ഷയിൽ സംസ്ഥാന തലത്തിൽ ശ്രദ്ധേയമായ വിജയം നേടിയ ശാഹിന റഷീദിന് മഹല്ല് സെക്രട്ടറി എൻ.ഇ.ജലാൽ പാരിതോഷികം നൽകി. ഹിദായത്തുൽ മദ്രസയിൽ പുതിയതായി ഏർപ്പെടുത്തിയ യൂനിഫോം മഫ്തയുടെ വിതരണം. മഹല്ല് ട്രഷറർ എം.എം. മക്കാർ നിർവ്വഹിച്ചു. ഖുർആൻ വെളിച്ചം വിജ്ഞാന പരീക്ഷയിലെ ഫുൾ മാർക്ക് നേടിയവർക്കുള്ള പി.ടി.എ അവാർഡുകൾ മഹല്ല് പ്രസിഡന്റ് ഇ.എം. അബ്ദുറഹ്മാൻ വിതരണം ചെയ്തു മദ്രസ പി.ടി.എ. തയ്യാറാക്കിയ ഡയറിയുടെ പ്രകാശനം മദ്രസ കൺവീനർ പി.എം.എ. ഷക്കീർ നിർവ്വഹിച്ചു. പ്രധാന അധ്യാപകൻ എം.കെ. ശാക്കിർ സ്വാഗതവും റമീന ടീച്ചർ നന്ദിയും പറഞ്ഞു.

## ജില്ലാ കുടുംബ സംഗമവും അവാർഡ് ദാനവും



നൗഷാദ് അസോസിയേഷൻ എറണാകുളം ജില്ലാ സംഗമം ഉദ്ഘാടന. അഡ്വ എൽദോസ് കുന്നപ്പിള്ളി എം എൽ എ ഉദ്ഘാടനം ചെയ്യുന്നു

പെരുമ്പാവൂർ: നാലാമത് എറണാകുളം ജില്ലാ .നൗഷാദ് അസോസിയേഷൻ എറണാകുളം ജില്ലാ സംഗമവും അവാർഡ് വിതരണവും നേടുന്തോട് സി പി നൗഷാദ് നഗറിൽ എൽദോസ് കുന്നപ്പിള്ളി ഉദ്ഘാടനം ചെയ്തു. റിപ്പോർട്ട് നൗഷാദ് മാധ്യമവും വരവ് ചെലവ് കണക്കുകൾ നൗഷാദ് ഇഖ്ബാലും നിർവ്വഹിച്ചു. ജില്ലയിൽ രക്തം ദാനം ചെയ്ത നൗഷാദ് മാരെ അദ്ദേഹം ആദരിച്ചു. തുടർന്ന് അസോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി നൗഷാദ് കെ. വി. കോഴിക്കോട് മുഖ്യപ്രഭാഷണം നടത്തി. ഉന്നത പരീക്ഷകളിൽ വിജയിച്ച വിദ്യാർത്ഥികളെ എടത്തല ഗ്രാമ പഞ്ചായത്ത് മെമ്പർ നൗഷാദ് മാളെക്കപ്പടി ഉപഹാരം നൽകി ആദരിച്ചു. സംസ്ഥാന സമിതി നടത്തിയ റമളാൻ ക്വിസ് മത്സരത്തിൽ നിന്നും വിജയിച്ചവർക്കുള്ള ഉപഹാരങ്ങൾ സംസ്ഥാന ട്രെഷറർ നൗഷാദ് മാന്നാർ ആലപ്പുഴ സമ്മാനിച്ചു. നൗഷാദ് പാതാരി മാതാ പിതാക്കളെ ആദരിക്കൽ ചടങ്ങ് നിർവഹിച്ചു. എസ് എസ് എൽ സി പ്ലസ് ടു പരീക്ഷ കളിൽ വിജയിച്ച കുട്ടികൾക്ക് നൗഷാദ് പാതാരി, നൗഷാദ് സീനിയർ മുടിക്കൽ എന്നിവർ മൊമെന്റോ നൽകി. നൗഷാദ് ചെമ്പറക്കി, നൗഷാദ് ബ്രോഡ് വെ, നൗഷാദ് ഇളമ്പാടി നൗഷാദ് ഫൈസി വളയൻ ചിറങ്ങര, നൗഷാദ് വരന്തരപ്പിള്ളി, കുട്ടിപ്പാറ നൗഷാദ്, നൗഷാദ് മുട്ടുകാട്, നൗഷാദ് മണ്ണാർക്കാട്, നൗഷാദ് തൈക്കാട്ടുകര, നൗഷാദ് എളമക്കര, നൗഷാദ് വാണിയപ്പുര, നൗഷാദ് ശ്രീമൂലനഗരം, നൗഷാദ് പാനായിക്കുളം. നൗഷാദ് സലീം മനക്കപ്പടിനൗഷാദ് ബാഖവി എന്നിവർ സംസാരിച്ചു. യോഗത്തിന് നൗഷാദ് എള്ളുമല സ്വാഗതവും നൗഷാദ് കരിമ്പനക്കൽ നന്ദിയും പറഞ്ഞു.

## പി.ഡബ്ലുഡിക്കെതിരേ പ്രതിഷേധം

കാഞ്ഞിരമറ്റം : ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിലെ കാഞ്ഞിരമറ്റം മുസ്ലിം പള്ളി ജംഗ്ഷനിൽ അപകടക്കെണിയൊരുക്കി പി.ഡബ്ല്യുഡി റോഡിന്റെ ഒരു വശത്തെ കാന തുറന്ന്കിടക്കുന്നു. ഏറെ നാളത്തെ മുറവിളിക്ക് ശേഷമാണ് കാനയിലെ മണ്ണു മാറ്റി വൃത്തിയാക്കിയത്. കൊടുംവളവിൽത്തന്നെ സ്ലാബിടാതെ കാനതുറന്നു കിടക്കാൻ തുടങ്ങിയിട്ട് രണ്ട് മാസത്തിലധികമായി. എണ്ണമറ്റ വാഹനങ്ങളും, വിദ്യാർത്ഥികളടക്കം ധാരാളം കാൽ നടയാത്രക്കാരും, തൊട്ടടുത്ത് ഓട്ടോറിക്ഷാ സ്റ്റാൻഡ്, ബസ്സ്റ്റോപ്പ്, മെഡിക്കൽ ഷോപ്പ് തുടങ്ങി ധാരാളം കച്ചവട സ്ഥാപനങ്ങൾ അടക്കമുള്ള ഈ ജംഗ്ഷനിൽ പലപ്പോഴും തലനാരിഴക്കാണ് പലരും അപകടത്തിൽ നിന്നും രക്ഷപ്പെട്ടിട്ടുള്ളത്. പി.ഡബ്ല്യുഡിയുടെ അനാസ്ഥക്കെതിരേ കാഞ്ഞിരമറ്റം പള്ളിമുക്കിൽ ബഹുജന പ്രതിഷേധ സംഗമം നടന്നു. കെ. എ. നൗഷാദ് അധ്യക്ഷനായി. കെ. എം. അബ്ദുൽ കരീം ഉദ്ഘാടനം ചെയ്തു. ആമ്പല്ലൂർ പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എം.എം. ബഷീർ മുഖ്യപ്രഭാഷണം നടത്തി. മുഹമ്മദ് ഉക്കാഷ് പി.എസ്, പി. കെ സൈതു മുഹമ്മദ്, അനസ് ആമ്പല്ലൂർ, പി.പി.ഹസ്സൻ, എം.എം.ഷംസുദ്ദീൻ, പി.പി ഇസ്മായിൽ കുട്ടി, പി. കെ. സേതു, തുടങ്ങിയവർ സംസാരിച്ചു.

### പുസ്തക പ്രകാശനം

മൂവാറ്റുപുഴ: എ.പി.കെ.പായിപ്ര രചിച്ച ഇരമ്പം എന്ന കവിതാ സമാഹാരം പ്രഭാഷകനും കവിയുമായ ജി. മോട്ടിലാൽ പ്രകാശനം ചെയ്തു. കവി ജിനീഷ് ലാൽ ഏറ്റുവാങ്ങി. പായിപ്ര ദമനൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ കവി കുമാർ കെ.മുടവൂർ, അബ്ദുൾ റസാക്ക്, പി.ബി. ജിജീഷ്, കെ.പി. രാമചന്ദ്രൻ, ഇ.ബി. ജലാൽ, പായിപ്ര കൃഷ്ണൻ, കെ.ഇ. ബൈജു, സക്കീർ ഹുസൈൻ, അസീസ് കുന്നപ്പിള്ളി, കെ.കെ. കബീർ എന്നിവർ സംസാരിച്ചു. എ.പി.കെ. പായിപ്ര നന്ദി പറഞ്ഞു.

## മൂവാറ്റുപുഴ നഗര വികസനം പൂർത്തിയാക്കണം: നഗരസഭ

മൂവാറ്റുപുഴ: നിലച്ചു കിടക്കുന്ന മൂവാറ്റുപുഴ നഗര വികസനം ഉടൻ പൂർത്തിയാക്കണമെന്ന് മൂവാറ്റുപുഴ നഗരസഭ കൗൺസിൽ യോഗം പ്രമേയത്തിലൂടെ സർക്കാരിനോട് ആവശ്യപ്പെട്ടു. നഗരസഭ ചെയർമാൻ പി.പി. എൽദോസ് അവതരിപ്പിച്ച പ്രമേയം കൗൺസിൽ ഏകകണ്ഠമായി അംഗീകരിച്ചു. കേരള റോഡ് ഫണ്ട് ബോർഡ് മേൽനോട്ടത്തിൽ നഗര വികസനത്തിനായി കിഫ്ബിയിൽ നിന്നും 32.14 കോടി രൂപ അനുവദിച്ചിരുന്നു. വെള്ളൂർക്കുന്നം ജങ്ഷൻ മുതൽ പി.ഒ. ജങ്ഷൻ വരെ നാലുവരി പാതയായി മാറ്റുന്ന നഗരവികസന പദ്ധതിയുടെ നിർമാണ ഉദ്ഘാടനം 2023 ഏപ്രിൽ 10ന് പൊതുമരാമത്ത് മന്ത്രി പി.എ. മുഹമ്മദ് റിയാസ് നിർവഹിച്ചതാണ്. ഒന്നേകാൽ വർഷം പിന്നിട്ടിട്ടും വികസന പ്രവർത്തനങ്ങൾ എങ്ങുമെത്തിയില്ല.

മഴക്കാലംകൂടി എത്തിയതോടെ നഗരവാസികളുടെ ജീവിതം ദുരിത പൂർണമായിരിക്കുകയാണ്. ഈ സാഹചര്യത്തിൽ അടിയന്തരമായി നിർമാണപ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ സർക്കാർ ഇടപെടണമെന്ന് പ്രമേയം ആവശ്യപ്പെട്ടു. ഉദ്യോഗസ്ഥ അനാസ്ഥ അവസാനിപ്പിക്കണമെന്നും സമയ ബന്ധിതമായി നഗരവികസനം പൂർത്തിയാക്കണമെന്നും പ്രമേയത്തിൽ ഉണ്ട്. നഗര വികസനത്തിന് പദ്ധതി ആവിഷ്ക്കരിച്ചതോടെ നഗര ഭാഗത്തെ റോഡുകളുടെ അറ്റകുറ്റ പണികളും നടത്താത്ത സ്ഥിതിയാണ്. ഈ സാഹചര്യത്തിൽ സർക്കാരിന്റെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകണമെന്ന് നഗരസഭ ചെയർമാൻ പി.പി. എൽദോസ് ആവശ്യപ്പെട്ടു.



കരാട്ടെ ചാമ്പ്യൻഷിപ്പിൽ ഓവറോൾ കരസ്ഥമാക്കിയ മഞ്ഞപ്ര ജ്യോതിസ് സ്കൂൾവിദ്യാർഥികൾ

### കരാട്ടേ ചാമ്പ്യൻഷിപ്പിൽ ഓവറോൾ

കാലടി: കോഴിക്കോട് നടന്ന ഐ.സി.എസ്.ഇ,സി. ഐ.എസ്.എസ്.ഇ സ്കൂളുകളുടെ റീജിയണൽ ലെവൽ അണ്ടർ 17 ബോയ്സ് കരാട്ടേ ചാമ്പ്യൻഷിപ്പിൽ കൂടുതൽ പോയിന്റുകൾ നേടി മഞ്ഞപ്ര ജ്യോതിസ് സെൻട്രൽ സ്കൂൾ ഓവറോൾ കീരിടം കരസ്ഥമാക്കി. ആഗ്നൽ സാജു സ്വർണ്ണവും,രോഹൻ ഷാജൻ,എ.എസ് ജിഷ്ണു എന്നിവർ വെള്ളിയും,ഹരി മാധവ്,നിതാര ദീലീപ് എന്നിവർ വെങ്കലവും നേടി. മെഡൽ ജേതാക്കളെ അദ്ധ്യാപകരും വിദ്യാർത്ഥികളും അഭിനന്ദിക്കുകയുണ്ടായി.

## 15 കാരന്റെ ആത്മഹത്യ: അന്വേഷണം ഡി.വൈ.എസ്.പിക്ക്

നെടുമ്പാശ്ശേരി : പത്താം ക്ലാസ് വിദ്യാർത്ഥി ചെങ്ങമനാട് കപ്രശേരി വടക്കുഞ്ചേരി വീട്ടിൽ ജെയ്മിയുടെ മകൻ അഗ്നൽ ജെയ്മിയുടെ ആത്മഹത്യ സംബന്ധിച്ച് അന്വേഷണം ആലുവ ഡിവൈ.എസ്.പി ടി.ആർ രാജേഷിന് കൈമാറി. അഗ്നൽ തൂങ്ങി മരിക്കാനിടയായത് മൊബൈൽ ഫോണിൽ ഗെയിം കളിച്ചതിനെ തുടർന്നാണ് എന്ന നിഗമനത്തിലാണ് കേസിൽ ഉന്നതതല അന്വേഷണത്തിന് തീരുമാനിച്ചത്. അഗ്നലിന്റെ വീട്ടിൽ നിന്നും ലഭിച്ച സൂചനകളും മാദ്ധ്യമ വാർത്തകളെയും തുടർന്ന് ജില്ലാ പൊലിസ് മേധാവി ഡോ. വൈഭവ് സക്സേനയാണ് അന്വേഷണം നെടുമ്പാശേരി പൊലിസിൽ നിന്നും ഡി.വൈ.എസ്.പിയ്ക്ക് കൈമാറിയത്. അന്വേഷണത്തിന്റെ ഭാഗമായി അഗ്നൽ ഉപയോഗിക്കാറുള്ള മാതാപിതാക്കളുടെ ഫോണും പൊലിസ് കസ്റ്റഡിയിലെടുത്തിട്ടുണ്ട്. ഇവ ഫോറൻസിക് സൈബർ വിഭാഗങ്ങളുടെ പരിശോധനക്ക് അയച്ചിരിക്കുകയാണ്. മാതാവിന്റെ ഫോണിൽ ഗെയിം ആപ്പ് ഡൗൺലോഡ് ചെയ്തിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

# ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത 17 വരെ മഞ്ഞ അലേർട്ട്

കോട്ടയം: ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കു സാധ്യതയുള്ളതിനാൽ ജൂലൈ 17 വരെ കോട്ടയം ജില്ലയിൽ കേന്ദ്രകാലാവസ്ഥ വകുപ്പ് മഞ്ഞ അലേർട്ട് പ്രഖ്യാപിച്ചതായി ജില്ലാ കളക്ടർ വി. വിഗ്നേശ്വരി അറിയിച്ചു. 24 മണിക്കൂറിൽ 64.5 മുതൽ 115.5 മില്ലിമീറ്റർ വരെ മഴ ലഭിക്കുന്ന സാഹചര്യത്തെയാണ് ശക്തമായ മഴയായി കണക്കാക്കുന്നത്. ഇടിമിന്നലോടു കൂടിയ മഴയാണ് പ്രതീക്ഷിക്കുന്നത്. കുറഞ്ഞ സമയം കൊണ്ട് വലിയ മഴയുണ്ടാകുന്ന രീതിയാണ് പ്രതീക്ഷിക്കുന്നത്. ഇത് മലവെള്ളപ്പാച്ചിലും മിന്നൽ പ്രളയങ്ങളും സൃഷ്ടിച്ചേക്കാം. നഗരപ്രദേശങ്ങളിലും താഴ്ന്ന പ്രദേശങ്ങളിലും വെള്ളക്കെട്ട് രൂപപ്പെടാൻ സാധ്യതയുണ്ട്. മഴ തുടരുന്ന സാഹചര്യം മണ്ണിടിച്ചിലും ഉരുൾപൊട്ടലും സൃഷ്ടിച്ചേക്കാം.

# 'എക്സലൻസ് ഡേ ' ആഘോഷം

ഈരാറ്റുപേട്ട : ഐ എച്ച് ആർ ഡി കോളേജ് ഓഫ് എൻജിനീയറിങ് പൂഞ്ഞാറിലെ 2023-24 അധ്യയന വർഷത്തെ ബിടെക്, ഡിപ്ലോമ കോഴ്സുകൾ പൂർത്തിയാക്കിയവർക്കുള്ള സർട്ടിഫിക്കറ്റ് വിതരണവും പുതിയതായി അനുവദിച്ചിട്ടുള്ള കോഴ്സുകളുടെ ഉദ്ഘാടനവും പൂഞ്ഞാർ എം എൽ എ അഡ്വ. സെബാസ്റ്റ്യൻ കുളത്തുങ്കൽ നിർവഹിച്ചു. ഐ എച്ച് ആർ ഡി ഡയറക്ടർ ഡോ. വി എ അരുൺകുമാർ അധ്യക്ഷത വഹിച്ച യോഗത്തിൽ കോളേജ് പ്രിൻസിപ്പാൾ ഡോ. എം വി രാജേഷ് സ്വാഗതം പറഞ്ഞു. പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ജോർജ് മാത്യു അത്തിയാലിൽ, ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് അംഗം അക്ഷയ് ഹരി, ഗ്രാമപഞ്ചായത്ത് അംഗങ്ങളായ ശ്രീമതി സജി സിബി, കോളേജ് പിടിഎ പ്രസിഡണ്ട് ഡെന്നിസ് ജോസ് എന്നിവർ സംസാരിച്ചു. കോളേജ് അക്കാഡമിക് കോഡിനേറ്റർ പ്രൊഫ. ഷൈൻ പി ജെയിംസ് നന്ദി പറഞ്ഞു

## കോട്ടയം വാർത്തകൾ

## സ്വതന്ത്രകർഷകസംഘം കോട്ടയം ജില്ലാ തെരഞ്ഞെടുപ്പ് പൊതുയോഗം 18 ന്

കോട്ടയം :പുതിയ മെമ്പർഷിപ്പ് അടിസ്ഥാനത്തിലുള്ള സ്വതന്ത്രകർഷകസംഘം ജില്ലാ തെരഞ്ഞെടുപ്പ് പൊതുയോഗം 18 വ്യാഴാഴ്ച രാവിലെ 10.30ന് മുസ്ലിം ലീഗ് ജില്ലാ കമ്മിറ്റി ഓഫീസ് ഓഡിറ്റോറിയത്തിൽ ചേരുന്നതാണ്. യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് കുറുക്കോളി മൊയ്തീൻ എം എൽ എ, ജനറൽ സെക്രട്ടറി കളത്തിൽ അബ്ദുള്ള എക്സ് എം എൽ എ, മുസ്ലിം ലീഗ് ജില്ലാ പ്രസിഡന്റ് അസീസ് ബഡായിൽ, ജനറൽ സെക്രട്ടറി റഫീഖ് മണിമല തുടങ്ങിയവർ പങ്കെടുക്കും.എല്ലാ ജില്ലാ കൗൺസിൽ അംഗങ്ങളും മുസ്ലിം ലീഗിന്റെ പ്രധാന പ്രവർത്തകരും യോഗത്തിൽ പങ്കെടുക്കണമെന്ന് കർഷക സംഘം ജില്ലാ പ്രസിഡന്റ് പി കെ അബ്ദുൽ സലാം അറിയിച്ചു.

## അപേക്ഷ ക്ഷണിച്ചു; കോട്ടയം ജില്ലയിൽ ഏഴ് ഒഴിവുകൾ

കോട്ടയം: ഇൻഫർമേഷൻ-പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രിസം പദ്ധതിയിൽ സബ് എഡിറ്റർ, കണ്ടന്റ് എഡിറ്റർ, ഇൻഫർമേഷൻ അസിസ്റ്റന്റ് പാനലുകളിൽ അപേക്ഷ ക്ഷണിച്ചു. രമ്യലല്യ.െരേശ്വേൃഴ പോർട്ടൽ മുഖേന ജൂലൈ 20നകം അപേക്ഷ നൽകണം. കോട്ടയം ജില്ലയിൽ ഏഴ് ഒഴിവുകളുണ്ട്. സബ് എഡിറ്റർ-1, കണ്ടന്റ് എഡിറ്റർ-1, ഇൻഫർമേഷൻ അസിസ്റ്റന്റ്-5 എന്നിങ്ങനെയാണ ജില്ലയിലെ ഒഴിവുകൾ.
പോർട്ടലിൽ കയറി രജിസ്റ്റർ ചെയ്ത് സൈൻ ഇൻ ചെയ്തു വേണം അപേക്ഷ സമർപ്പിക്കാൻ. വിവരങ്ങളെല്ലാം നൽകിയ ശേഷം നോട്ടിഫിക്കേഷനിലെ ചെക്ക് എലിജിബിലിറ്റി ക്ലിക് ചെയ്ത് അപ്ലൈ ചെയ്യുമ്പോൾ മാത്രമേ അപേക്ഷാ സമർപ്പണം പൂർത്തിയാകൂ. ഏതെങ്കിലും വിഷയത്തിൽ അംഗീകൃത സർവകലാശാല ബിരുദവും ജേണലിസം/ മാസ് കമ്മ്യൂണിക്കേഷൻ/ പബ്ലിക് റിലേഷൻസ് ഡിപ്ലോമയും അല്ലെങ്കിൽ ജേണലിസം/ മാസ് കമ്മ്യൂണിക്കേഷൻ/ പബ്ലിക് റിലേഷൻസ് ബിരുദവുമാണ് സബ് എഡിറ്ററുടെയും ഇൻഫർമേഷൻ അസിസ്റ്റന്റിന്റേയും യോഗ്യത. ജേണലിസം ബിരുദാനന്തര ബിരുദമുള്ളവർക്കും അപേക്ഷിക്കാം. സബ് എഡിറ്റർ പാനലിൽ അപേക്ഷിക്കുന്നവർക്ക് ഏതെങ്കിലും മാധ്യമങ്ങളിലോ വാർത്താ ഏജൻസികളിലോ സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളുടെ പി.ആർ, വാർത്താ വിഭാഗങ്ങളിലോ ഒരു വർഷത്തെ പ്രവൃത്തിപരിചയം ഉണ്ടാവണം. ഇൻഫർമേഷൻ അസിസ്റ്റന്റിന് പ്രവൃത്തി പരിചയം നിർബന്ധമല്ല. പ്ലസ് ടുവും വീഡിയോ എഡിറ്റിങ്ങിൽ ഡിഗ്രി, ഡിപ്ലോമ, സർട്ടിഫിക്കറ്റ് കോഴ്സും പാസായവർക്ക് കണ്ടന്റ് എഡിറ്റർ പാനലിൽ അപക്ഷിക്കാം. പ്രായപരിധി 35 വയസ് (2024 ജനുവരി 1ന്). ഒരാൾക്ക് ഒരു പാനലിലേക്ക് മാത്രമാണ് അപേക്ഷിക്കാൻ കഴിയുക. വിശദവിവരത്തിന് ഫോൺ: 0471- 2518637. വിശദമായ നോട്ടിഫിക്കേഷൻ www.prd.kerala.gov.inൽ ലഭ്യമാണ്.

## നയനം പദ്ധതി ഉദ്ഘാടനം ചെയ്തു

ഈരാറ്റുപേട്ട: പൂഞ്ഞാർ എം.എൽ.എ അഡ്വ. സെബാസ്റ്റ്യൻ കുളത്തുങ്കലിന്റെ പ്രത്യേക വിദ്യാഭ്യാസ പൊജക്ടായ ഫ്യൂച്ചർ സ്റ്റാറിന്റെ ആഭിമുഖ്യത്തിലുള്ള നയനം പദ്ധതി ഉദ്ഘാടനം ചെയ്തു.
പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ മുഴുവൻ സ്കൂൾ കുട്ടികൾക്കും സൗജന്യമായി നേത്ര പരിശോധന നടത്തുന്ന പദ്ധതിയാണ് ഈരാറ്റുപേട്ട എമർജ് മെഡിക്കൽ കെയറുമായി സഹകരിച്ചുകൊണ്ട് നടപ്പിലാക്കുന്നത്.
പൂഞ്ഞാർ സെന്റ് ആന്റണീസ് ഹയർ സെക്കന്ററി സ്കൂളിൽ നടന്ന പരിപാടി അഡ്വ. സെബാസ്റ്റ്യൻ കുളത്തുങ്കൽ ഉദ്ഘാടനം ചെയ്തു. പൂഞ്ഞാർ സെന്റ് ആന്റണീസ് ഹയർ സെക്കന്ററി സ്കൂൾ മാനേജർ റവ. ഫാ. സിബി മഞ്ഞക്കുന്നേൽ അദ്ധ്യക്ഷനായിരുന്നു.
ഫ്യൂച്ചർ സ്റ്റാർ ഡയറക്ടർ ഡോ. ആൻസി ജോസഫ് മുഖ്യ പ്രഭാഷണം നടത്തി. എമർജ് മെഡിക്കൽ ഗ്രൂപ്പ് മാനേജിംഗ് ഡയറക്ടർ ജാഫർ ഈരാറ്റുപേട്ട പദ്ധതി വിശദീകരിച്ചു.
പ്രിൻസിപ്പൽ വിൽസൺ ജോസഫ്,ഹെഡ്മിസ്ട്രസ് സിസ്റ്റർ.സൂസി മൈക്കിൾ,ഫ്യൂച്ചർ സ്റ്റാർ കോഡിനേറ്റർ പി.പി.എം. നൗഷാദ്, എന്നിവർ സംസാരിച്ചു.

## ക്രെഡിറ്റ് കാർഡ് പ്രസിദ്ധീകരണം

കോട്ടയം: കോട്ടയം വിദ്യാഭ്യാസ ജില്ലയിലെ 2023 -2024 സാമ്പത്തിക വർഷത്തെ കേരള എയ്ഡഡ് സ്കൂൾ എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് (കെ.എ.എസ്.ഇ.പി.എഫ്.) ക്രെഡിറ്റ് കാർഡ് ജില്ലാതല പ്രസിദ്ധീകരണം കോട്ടയം വിദ്യാഭ്യാസ ഉപഡയറക്ടർ സുബിൻ പോൾ നിർവഹിച്ചു. കോട്ടയം അസിസ്റ്റന്റ് പ്രൊവിഡന്റ് ഫണ്ട് ഓഫീസർ ആർ. നന്ദകുമാർ അദ്ധ്യക്ഷത വഹിച്ചു. കോട്ടയം ഈസ്റ്റ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അനിൽ കെ.തോമസ്,കോട്ടയം വെസ്റ്റ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അനിത ഗോപിനാഥൻ ,കോട്ടയം നൂൺ മീൽ ഓഫീസർ വിനോദ്രാജ്,എച്ച്.എം.ഫോറം സെക്രട്ടറി റെജിമോൻ എന്നിവർ പ്രസംഗിച്ചു.

## പ്രവേശനം നീട്ടി

കോട്ടയം: പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സ്കോൾ -കേരള മുഖാന്തിരം തെരഞ്ഞെടുക്കപ്പെട്ട സർക്കാർ/ എയ്ഡഡ് ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിൽ സംഘടിപ്പിക്കുന്ന ഡി.സി.എ കോഴ്സ് എട്ടാം ബാച്ചിന്റെ പ്രവേശനതീയതി ജൂലൈ 31 വരെ പിഴയില്ലാതെയും 60 രൂപ പിഴയോടെ ഓഗസ്റ്റ് ഏഴുവരെയും ദീർഘിപ്പിച്ചു .കൂടുതൽ വിവരങ്ങൾക്ക് ജില്ലാ കേന്ദ്രവുമായി ബന്ധപ്പെടുക.ഫോൺ:04812300443,9496094157



താഴ്ത്തങ്ങാടി മുസ്ലിം ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന മെറിറ്റ് അവാർഡ് വിതരണ യോഗം അഡ്വ. കെ ഫ്രാൻസിസ് ജോർജ് എംപി ഉദ്ഘാടനം ചെയ്യുന്നു

# മാറ്റങ്ങൾക്കൊപ്പം വിദ്യാർത്ഥികളും ചിന്തിക്കണം: ഫ്രാൻസിസ് ജോർജ്

കോട്ടയം:പുതിയ കാലത്തെ മാറുന്ന ലോകവുമായി ഏറ്റവുമധികം ബന്ധപ്പെട്ടിരിക്കുന്നവരാണ് വിദ്യാർത്ഥികൾ. സാങ്കേതികവിദ്യയുടെ സഹായത്തോടെയും മറ്റും ലോകത്ത് അനുദിനം വരുന്ന മാറ്റങ്ങളെ മനസിലാക്കുന്നവരും അവയോട് പൊരുത്തപ്പെടുന്നവരുമാണ് അവർ. പുതിയ മാറ്റങ്ങൾക്കൊപ്പം വിദ്യാർത്ഥികളും ഉയർന്ന് ചിന്തിക്കണമെന്ന് ഫ്രാൻസിസ് ജോർജ് എംപി പറഞ്ഞു.
താഴത്തങ്ങാടി മുസ്ലിം ജമാഅത്തിന്റെ അഭിമുഖത്തിൽ നടന്ന മെറിറ്റ് അവാർഡ് ദാന ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.
വിദ്യാഭ്യാസ മേഖലയിൽ ഉത്പാദിപ്പിക്കപ്പെടുന്ന അറിവുകൾ അക്കാദമിക സമൂഹത്തിൽ മാത്രം ഒതുങ്ങി നിൽക്കരുത്. അവയുടെ ജനാധിപത്യവത്കരണം സാധ്യമാക്കാൻ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും കഴിയണമെന്നും അദ്ദേഹം പറഞ്ഞു.
ക്യാമ്പസിനകത്ത് വിദ്യാർത്ഥി സംഘടന പ്രവർത്തനങ്ങളിലെ ജനാധിപത്യവിരുദ്ധ മനോഭാവങ്ങൾ തിരിച്ചറിയണമെന്ന് തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽഎ പറഞ്ഞു.
ആധിപത്യ മനോഭാവത്തോടെ നിയമം കയ്യിലെടുത്ത് സഹപാഠിക്കും ,പഠിപ്പിക്കുന്ന അധ്യാപകർക്കും നേരെ തിരിയുന്നത് ഒരിക്കലും അംഗീകരിക്കാൻ കഴിയാത്തതാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.
യോഗത്തിൽ അനുമോദന സന്ദേശം നൽകി സംസാരിക്കുകയായിരുന്നു അദ്ദേഹം.
വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം യന്ത്രങ്ങളുടെ ഭാഷ മാത്രം മനസ്സിലാകുന്ന ഒരു വിഭാഗം ജനങ്ങളെ സൃഷ്ടിക്കുകയല്ല . ശരിയായ വിദ്യാഭ്യാസംകൊണ്ട് നേടേണ്ടത് സംസ്കാരമാണ്. ഹൃദയത്തിന്റെയും,സ്നേഹത്തിന്റെയുംകാരുണ്യത്തിന്റെയും ഭാഷകൂടി നമ്മുടെ വിദ്യാർത്ഥികൾ ഉൾക്കൊള്ളണമെന്ന് അവാർഡ് വിതരണം ചെയ്തു ഇമാം സദഖത്തുല്ല അദനി ഉദ്ബോധിപ്പിച്ചു.ജമാഅത്ത് പ്രസിഡൻറ് കെ കെ മുഹമ്മദ് സാലി അധ്യക്ഷത വഹിച്ചു.ഇമാം ജുബൈർ അദനി,ട്രഷറർ അഷ്റഫ് ചാത്തൻകോട്,വൈസ് പ്രസിഡണ്ട് സി എം യൂസഫ്,ജമാഅത്ത് കമ്മറ്റി മെമ്പർമാരായ നൂറുദ്ധീൻ മേത്തർ,ബഷീർ മേത്തർ,റാഷിദ് കുമ്മനം,അഫ്സൽ റഹ്മാൻ,ഈസാ കുട്ടി,ശിഹാബുദ്ധീൻ തുടങ്ങിയവർപ്രസംഗിച്ചു. ജനറൽ സെക്രട്ടറി കെ കെ അബ്ദുൽ നാസർ സ്വാഗതവും ജോ: സെക്രട്ടറി അൻവർ പാഴൂർ നന്ദിയും പറഞ്ഞു.


കോട്ടയത്ത് ഫോറം ഓഫ് അക്ഷയ സെന്റർ എന്റർപ്രെണ്ണേഴ്സ് (ഫെയ്സ് )സംസ്ഥാന പ്രതിനിധി സമ്മേളനം തിരുവഞ്ചൂർ രാധാകൃഷ്ണൻ എം എൽ എ ഉദ്ഘാടനം ചെയ്യുന്നു .

# അക്ഷയക്കും സംരംഭകർക്കും നിയമ പരിരക്ഷ ഉറപ്പാക്കണം : തിരുവഞ്ചൂർ

കോട്ടയം :സംസ്ഥാനത്തെ ജനങ്ങൾക്ക് 22 വർഷമായി ഓൺലൈൻ സേവനങ്ങൾ നൽകിവരുന്ന അക്ഷയ ഇ കേന്ദ്രങ്ങൾ കേരളത്തിന്റെ ഐശ്വര്യമാണെന്നും അക്ഷയക്കും സംരംഭകർക്കും നിയമപരിരക്ഷ ഉറപ്പുവരുത്തുവാൻ സർക്കാർ തയ്യാറാകണമെന്നും തിരുവഞ്ചൂർ രാധാകൃഷ്ണൻ എം എൽ എ .
കോട്ടയത്ത് ഫോറം ഓഫ് അക്ഷയ സെന്റർ എന്റർപ്രെണ്ണേഴ്സ് (ഫെയ്സ് ) സംസ്ഥാന പ്രതിനിധി സമ്മേളനം കോട്ടയത്ത് ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. സർക്കാരിന്റെ വിവിധ വകുപ്പുകളുടെ കൂടുതൽ അപേക്ഷകൾ അക്ഷയ വഴി നൽകുന്നതിനും അക്ഷയ പ്രസ്ഥാനത്തെ നവീകരിക്കുന്നതിന് ശ്രമമുണ്ടാകണമെന്നും എം എൽ എ അഭിപ്രായപ്പെട്ടു .
ഫെയ്സ് സംസ്ഥാന പ്രസിഡന്റ് സ്റ്റീഫൻ ജോൺ അധ്യക്ഷത വഹിച്ചു. അക്ഷയ കെയർ കുടുംബസഹായനിധി മരണപ്പെട്ട രണ്ട് അക്ഷയ സംരംഭകരുടെ കുടുംബങ്ങൾക്ക് തിരുവഞ്ചൂർ രാധാകൃഷ്ണൻ കൈമാറി .അക്ഷയ കെയർ ട്രസ്റ്റ് ചെയർമാൻ ജെഫേഴ്സൺ മാത്യു സ്മരണാഞ്ജലി അർപ്പിച്ചു.സംസ്ഥാന സെക്രട്ടറി സദാനന്ദൻ എ പി പ്രവർത്തന റിപ്പോർട്ടും, ട്രെഷറർ നിഷാന്ത് സി വൈ സാമ്പത്തിക റിപ്പോർട്ടും അവതരിപ്പിച്ചു. ജോയിന്റ് സെക്രട്ടറി പ്രതീഷ് ജേക്കബ് സ്വാഗതവും വൈസ് പ്രസിഡന്റ് മധുസൂദനൻ വയനാട് നന്ദിയും പറഞ്ഞു . സംസ്ഥാന വൈസ് പ്രസിഡന്റ് നസീർ ആലപ്പുഴ സംഘടനകാര്യ നിർവഹണം -ഒരു വിശകലനവും വിശദീകരണവും എന്ന വിഷയത്തിൽ ചർച്ച നടത്തി .സംസ്ഥാന വൈസ് പ്രസിഡന്റ് സുധിൽ കാസർഗോഡ് , ജോയിന്റ് സെക്രട്ടറിമാരായ സജയകുമാർ,സോണി ആസാദ് എന്നിവർ മോഡറേറ്ററായിരുന്നു


കോട്ടയം വിദ്യാഭ്യാസ ജില്ലയിലെ 2023 -2024 സാമ്പത്തിക വർഷത്തെ കേരള എയ്ഡഡ് സ്കൂൾ എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ക്രെഡിറ്റ് കാർഡ് ജില്ലാതല പ്രസിദ്ധീകരണം കോട്ടയം വിദ്യാഭ്യാസ ഉപഡയറക്ടർ സുബിൻ പോൾ നിർവഹിക്കുന്നു.

# മത്സ്യത്തൊഴിലാളി വനിത ഗ്രൂപ്പുകൾക്ക് തൊഴിൽ സംരംഭം ആരംഭിക്കാൻ സഹായം

കോട്ടയം: ഫിഷറീസ് വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സൊസൈറ്റി ഫോർ അസിസ്റ്റന്റ്സ് ടു ഫിഷർ വിമൺ (സാഫ്) നടപ്പാക്കുന്ന തീരമൈത്രി പദ്ധതിയിൽ ചെറുകിട തൊഴിൽ സംരംഭ യൂണിറ്റുകൾ ആരംഭിക്കാൻ മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന സംഘങ്ങളിൽനിന്ന് അപേക്ഷ ക്ഷണിച്ചു. വാല്യൂ ആഡഡ് പ്രോസസിംഗ്-ഡ്രൈ ഫിഷ് യൂണിറ്റ്, ഫിഷ് ബൂത്ത്, വാല്യൂ ആഡഡ് പ്രോഡക്ട് - ഫ്രൂട്ട്സ് ആൻഡ് വെജിറ്റബിൾസ്, റസ്റ്ററന്റ്/ഹോട്ടൽ, കാറ്ററിംഗ് സർവീസ്, ഫ്ളോർ മിൽ, ബേക്കറി/ഫുഡ് പ്രോസസ്സിംഗ്, പ്രൊവിഷൻ സ്റ്റോർ, തയ്യൽ യൂണിറ്റ്, ബ്യൂട്ടി പാർലർ, ലാബ് ആൻഡ് മെഡിക്കൽ സ്റ്റോർ, പെറ്റ് ഷോപ്പ്, ഗാർഡൻ നഴ്സറി, ഓൾഡ് എയ്ജ് ഹോം, പാലിയേറ്റീവ് കെയർ യൂണിറ്റ്, ഫിറ്റ്നസ്സ് സെന്റർ, കുട നിർമ്മാണം, കയർ പ്രൊഡക്ഷൻ യൂണിറ്റ്, ഹൗസ് കീപ്പിംഗ്, ഡ്രൈ ക്ലീനിംഗ് സർവീസ്, ഫാഷൻ ഡിസൈനിംഗ്, ടൂറിസം, കംപ്യൂട്ടർ സെന്റർ, ട്യൂഷൻ സെന്റർ, ഐടി അനുബന്ധ സ്ഥാപനങ്ങൾ, എന്നീ സംരംഭങ്ങൾ ആരംഭിക്കാൻ ഒരംഗത്തിന് പരമാവധി ഒരു ലക്ഷം രൂപ ഗ്രാന്റ് ലഭിക്കും. അപേക്ഷ ഫോം കാരാപ്പുഴയിലുള്ള ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, വൈക്കം മത്സ്യഭവൻ ഓഫീസ് എന്നിവിടങ്ങളിൽ ലഭിക്കും. ഫോൺ: 9495801822


എരുമേലി വലിയ തോട്ടിൽ വെള്ളം നിറഞ്ഞ നിലയിൽ. ആമക്കുന്ന് പാലത്തിൽ നിന്നുള്ള ദൃശ്യം.

# മഴയും കാറ്റും ശക്തം : പാലം മുങ്ങി എരുമേലിയിൽ നാശനഷ്ടങ്ങൾ

എരുമേലി /കണമല : ഇന്നലെ ശക്തമായ കാറ്റും മഴയും മൂലം കിഴക്കൻ മേഖലയിൽ ഉൾപ്പടെ എരുമേലിയിലും വ്യാപകമായി ചെറിയതോതിൽ നാശനഷ്ടങ്ങൾ. പമ്പയാറിലെ അറയാഞ്ഞിലിമണ്ണ് കോസ്‌വേ പാലത്തിൽ വൈകുന്നേരത്തോടെ വെള്ളം കയറി ഗതാഗതം തടസപ്പെട്ടു. മൂക്കൻപെട്ടി പാലത്തിന്റെ തൊട്ടടുത്ത നിലയിൽ ആണ് അഴുത നദിയിൽ ജലനിരപ്പ് ഉയർന്നുകൊണ്ടിരിക്കുന്നത്. എയ്ഞ്ചൽവാലി പാലത്തിലും സമാന സ്ഥിതിയാണ്. കുറുമ്പൻമുഴി പാലം വെള്ളപ്പൊക്ക ഭീഷണി നേരിടുകയാണ്. മഴ ശക്തമായ നിലയിൽ തുടർന്നാൽ കിഴക്കൻ പ്രദേശങ്ങളിലെ പാലങ്ങൾ വെള്ളത്തിനടിയിലാകും. ഇന്നലെ സന്ധ്യയോടെ മഴയ്ക്ക് നേരിയ ശമനമുണ്ടായത് ആശങ്ക കുറച്ചിട്ടുണ്ട്. ഇന്നലെ ഉച്ചക്ക് ശേഷം ആണ് ശക്തമായ കാറ്റ് അനുഭവപ്പെട്ടത്. റബർ തോട്ടങ്ങളിൽ കാറ്റ് വ്യാപകമായ നാശമുണ്ടാക്കി. എരുമേലി കെഎസ്ഇബി സെക്ഷൻ പരിധിയിൽ പോസ്റ്റുകളും വൈദ്യുതി ലൈനുകളും തകർന്നത് മൂലം പലയിടത്തും വൈദ്യുതി നിലച്ചിരിക്കുകയാണ്. എരുമേലി വാഴക്കാല വാർഡിൽ തേക്ക് മരത്തിന്റെ ശിഖരം സമീപത്തെ വീടിന്റെ മേൽക്കൂരയിൽ പതിച്ചെങ്കിലും നാശ നഷ്ടങ്ങളില്ല. സമീപത്തെ വൈദ്യുതി ലൈൻ താഴേക്ക് വീണത് മൂലം വൈദ്യുതി ഓഫ് ചെയ്തു. എക്സൈസ് റേഞ്ച് ഓഫിസിന് സമീപത്ത് കല്ലമ്മാക്കൽ കോളനി പ്രദേശത്ത് മരങ്ങൾ വൈദ്യുതി ലൈനുകളിൽ വീണു. എരുമേലി - റാന്നി സംസ്ഥാന പാതയിൽ കനകപ്പലം - മുക്കട റോഡിൽ വനം വകുപ്പിന്റെ മരങ്ങളിൽ ചിലതിന്റെ ശിഖരങ്ങൾ റോഡിൽ വീണു. എരുമേലിയിൽ വലിയ തോട്ടിൽ വെള്ളപ്പൊക്ക സമാനമായ നിലയിൽ ജലനിരപ്പ് ഉയർന്നിരുന്നു. മലയാള മാസ പൂജയുടെ ഭാഗമായി ശബരിമല ദർശനത്തിന് കേരളത്തിൽ നിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നും ഒട്ടേറെ തീർത്ഥാടകർ ഇന്നലെ എരുമേലിയിൽ എത്തിയിരുന്നു. ഇവർക്ക് മഴ കനത്തത് മുൻനിർത്തി പോലീസും ദേവസ്വം അധികൃതരും സുരക്ഷാ ജാഗ്രത മുന്നറിയിപ്പ് നൽകുന്നുണ്ട്. ശബരിമല പാതയിൽ പലയിടത്തും വെള്ളക്കെട്ട് ഉണ്ടായത് മുൻനിർത്തി രാത്രിയിൽ തീർത്ഥാടക യാത്ര ഒഴിവാക്കണമെന്ന് നിർദേശമുണ്ട്.




ഹാജി പി.എ സുബൈർ മുസ്ലിയാർ (പ്രസിഡണ്ട് ),അബ്ദുൽ ഖാദർ മുസ്ലിയാർ (ജനറൽ സെക്രട്ടറി ),വി.പി സുബൈർ മൗലവി (ട്രഷറർ)

# സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ ജില്ലാ ഭാരവാഹികൾ

ചങ്ങനാശേരി: സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ കോട്ടയം ജില്ലാ തിരഞ്ഞെടുപ്പും വാർഷിക ജനറൽ ബോഡിയും ചങ്ങനാശേരിയിൽ നടന്നു. ഇരൂപ്പാ മദ്രസയിൽ നടന്ന യോഗം തലയോലപ്പറമ്പ് മുഹിയിദ്ധീൻ ജുമാമസ്ജിദ് ചീഫ് ഇമാം ബുഹാരി ഫൈസി ഉദ്ഘാടനം ചെയ്തു. പ്രസിഡൻറ് ഹാജി പി.എ സുബൈർ മുസ്ലിയാർ അധ്യക്ഷത വഹിച്ചു. അബ്ദുൽ ഖാദർ മുസ്ലിയാർ, വി.പി സുബൈർ മൗലവി, റഫീക്ക് ബാഖവി തുടങ്ങിയവർ സംസാരിച്ചു.
2024-25 അധ്യായന വർഷത്തേക്കുള്ള പുതിയ ഭാരവാഹികളായി പ്രസിഡണ്ട് ഹാജി പി.എ സുബൈർ മുസ്ലിയാർ, വൈസ് പ്രസിഡണ്ട്മാരായി ഹാരിസ് അബ്റാരി, മുഹമ്മദ് റഫീഖ് ബാഖവി, ജനറൽ സെക്രട്ടറി അബ്ദുൽ ഖാദർ മുസ്ലിയാർ മണ്ണഞ്ചേരി, ജോയിൻ സെക്രട്ടറിമാരായി സക്കീർ ഹുസൈൻ മുസ്ലിയാർ, സയ്യിദ് അഹമ്മദ് ഷഹാബുദ്ധീൻ, ഖജാൻജി വി.പി സുബൈർ മൗലവി എന്നിവരെയും ഐടി കോഡിനേറ്ററായി എസ് ബുഖാരി ഫൈസി, എസ് കെ എസ് ബി വി കൺവീനർ മുഹമ്മദ് അബ്ബാസ് അലി ഖാൻ അസ്ഹരി എന്നിവരെ തിരഞ്ഞെടുത്തു.

## തൊഴിലുറപ്പു പദ്ധതി ഓംബുഡ്സ്മാൻ സിറ്റിങ്

കോട്ടയം: മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് പൊതുജനങ്ങളിൽനിന്നു പരാതികൾ സ്വീകരിക്കുന്നതിനു വ്യാഴം( ജൂലൈ 18) രാവിലെ 11 മുതൽ ഉച്ചയ്ക്ക് ഒരുമണിവരെ ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്തിൽവച്ച് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഓംബുഡ്സ്മാൻ സിറ്റിങ് നടത്തും.

## ക്ഷീരപരിശീലന പരിപാടി

കോട്ടയം: കോട്ടയം ക്ഷീരപരിശീലന കേന്ദ്രത്തിൽ ജൂലൈ 19 മുതൽ 30 വരെ പത്തു ദിവസത്തെ ക്ഷീരോൽപന്നനിർമാണപരിശീലനപരിപാടി സംഘടിപ്പിക്കുന്നു. താത്പര്യമുള്ളവർ ജൂലൈ 19ന് രാവിലെ 10ന് ഈരയിൽ കടവിലുള്ള ക്ഷീര പരിശീലന കേന്ദ്രത്തിൽ എത്തി രജിസ്റ്റർ ചെയ്യണം. രജിസ്ട്രേഷൻ ഫീസ് 135 രൂപ. പങ്കെടുക്കുന്നവർക്ക് ഭക്ഷണം ക്രമീകരിക്കുന്നതാണ്. ഫോൺ: 0481 2302223.

## സ്വയംതൊഴിൽ പദ്ധതി

കോട്ടയം: ജില്ലയിലെ പട്ടികജാതി വിഭാഗത്തിലെ അതിദുർബലവിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങളിൽ നിന്ന് 2024-25 വർഷത്തിലെ സ്വയംതൊഴിൽ പദ്ധതിക്ക് അപേക്ഷ ക്ഷണിച്ചു. വ്യക്തിഗത സംരംഭങ്ങൾക്ക് പരമാവധി മൂന്നു ലക്ഷം രൂപയും ഗ്രൂപ്പ് സംരംഭങ്ങൾക്ക് പരമാവധി അഞ്ചു ലക്ഷം രൂപയും വരെ സബ്സിഡി ലഭിക്കും. വേടൻ, നായാടി, കല്ലടി, അരുന്ധതിയാർ/ ചക്ലിയൻ വിഭാഗങ്ങളിൽപ്പെടുന്ന അർഹരായവർ ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, പ്രൊജക്റ്റ് റിപ്പോർട്ട് എന്നിവയുമായി ബ്ലോക്ക്/നഗരസഭ പട്ടികജാതി വികസന ഓഫീസുകളിൽ ജൂലൈ 31നകം അപേക്ഷ നൽകണം. വിശദവിവരത്തിന് ഫോൺ: 0481 2562503.



ഈരാറ്റുപേട്ട മുസ്ലിം ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിലെ സ്റ്റുഡൻസ് പൊലീസ് കേഡറ്റ് വിദ്യാർത്ഥികളുടെ കൂട്ടയോട്ടം

## സ്റ്റുഡൻസ് പൊലീസ് കേഡറ്റ് കൂട്ടയോട്ടം

ഈരാറ്റുപേട്ട : മുസ്ലിം ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിലെ എസ്.പി.സി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ 'ആരോഗ്യമുള്ള സമൂഹം, ലഹരി വിമുക്ത നാട്' എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിച്ചുകൊണ്ട് വിദ്യാർത്ഥികൾക്കിടയിലും സമൂഹത്തിലും ലഹരി വിരുദ്ധ സന്ദേശം നൽകുന്നതിന്റെ ഭാഗമായി കൂട്ടയോട്ടം സംഘടിപ്പിച്ചു. പരിപാടിയുടെ ഭാഗമായി ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസും ലഘുലേഖയും വിതരണം ചെയ്തു. സി.പി.ഒ. റമീസ് പി. എസ്, അധ്യാപകരായ സി.എച്ച്. മാഹീൻ, അൻസാർ അലി എന്നിവർ നേതൃത്വം നൽകി.

# വ്യക്തി സ്വതന്ത്ര്യത്തിന്റെ മേൽ കടന്നു കയറാനുള്ള നിയമ നിർമാണം തടയണം

ഈരാറ്റുപേട്ട : ഭരണഘടന അനുവദിക്കുന്ന വ്യക്തി സ്വാതന്ത്ര്യം ഹനിക്കുകയും, മതപരമായ നിർദ്ദേശങ്ങൾ പാലിച്ച് കൊണ്ടുള്ള ജീവിക്കാനുള്ള വ്യക്തിസ്വാതന്ത്ര്യം നിയമം മൂലം ഇല്ലായ്മ ചെയ്യുന്ന നീക്കങ്ങളിൽ നിന്നും ബന്ധപെട്ടവർ പിന്തിരിയണമെന്ന് വിസ്ഡം ഇസ്ലാമിക് ഓർഗനൈസേഷൻ കമ്മ്യൂണിക്കേഷൻ വിംഗ് സംഘടിപ്പിച്ച 'ആംപ്ലിഫൈ'ജില്ലാ ശില്പശാല ആവശ്യപ്പെട്ടു.
വിസ്ഡം ഇസ് ലാമിക് ഓർഗാനൈസേഷൻ പീസ് റേഡിയോ സ്റ്റേറ്റ് പ്രൊമോഷൻ മാനേജർ അഷറഫ് അടിമാലി ഉദ്ഘാടനംചെയ്തു.



വിസ്ഡം ഇസ്ലാമിക് ഓർഗനൈസേഷൻ കമ്മ്യൂണിക്കേഷൻ വിംഗ് സംഘടിപ്പിച്ച 'ആംപ്ലിഫൈ'ജില്ലാ ശില്പശാല അഷ്റഫ് അടിമാലി ഉദ്ഘാടനം ചെയ്യുന്നു

ജില്ലാ സെക്രട്ടറി ഷെമീൽ എൻ എ അധ്യക്ഷനായി. ഫൈസൽ ഇബ്രാഹിം,അഷ്റഫ് അടിമാലി വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി. ഫിറോസ് സ്വലാഹി,സൈനുദ്ധീൻ, അനീർഷാ, സാബിർ പി എ, പരീക്കുട്ടി, സഹദ് ഇബ്രാഹിം എന്നിവർ പ്രസംഗിച്ചു.
ഒരു വർഷം നീണ്ടുനിൽക്കുന്ന വിവിധ പദ്ധതികൾക്ക് രൂപം നൽകി

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂലൈ 16 ചൊവ്വ
ഗൾഫ് ചന്ദ്രിക

## സാംസ്ക്കാരിക സമ്മേളനം

അമ്പലപ്പുഴ: പുറക്കാട് പുത്തൻ നട ശ്രീദേവി ക്ഷേത്രത്തിലെ പ്രതിഷ്ഠാ വാർഷികത്തോടനുബന്ധിച്ചു നടന്ന സാംസ്ക്കാരിക സമ്മേളനം ക്ഷേത്രം പ്രസിഡന്റ് ടി.പി പ്രദീപ് കുമാർ ഉദ്ഘാടനം ചെയ്തു. ജനറൽ കൺവീനർ ജി.സുദേവൻ അധ്യക്ഷനായി. യോഗം ചന്ദ്രൻ കൈപ്പള്ളിയെ ആദരിക്കുകയും ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്ക് ഫലകം നൽകി അനുമോദിക്കുകയും ചെയ്തു. സെക്രട്ടറി ആഞ്ജനേയൻ, ഖജാൻജി പുരുഷോത്തമൻ എന്നിവർ പ്രസംഗിച്ചു. മേൽശാന്തി ഹരിശാന്തിയുടെ മുഖ്യകാർമ്മികത്വത്തിൽ മഹാഗണപതിഹോമം, ക്ഷേത്രം തന്ത്രി കണ്ണമംഗലം സുരേഷ് നമ്പൂതിരിയുടെ മുഖ്യകാർമ്മികത്വത്തിൽ കളഭാഭിഷേകം, കുങ്കുമാഭിഷേകം, നാരായണീയം , പഞ്ചവാദ്യം , സോപാന സംഗീതാർച്ചന , തിരുവാതിര , കഞ്ഞി സദ്യ , പ്രസാദമൂട്ട് എന്നിവയും പ്രതിഷ്ഠാവാർഷികത്തിന് നടന്നു.

## തൃക്കുന്നപ്പുഴ സി.എച്ച്.സിക്ക് ഒരു കോടി രൂപ

തൃക്കുന്നപ്പുഴ: സിഎച്ച്സിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തന്റെ നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും ഒരു കോടി രൂപ അനുവദിച്ചതായി രമേശ് ചെന്നിത്തല എം.എൽഎ അറിയിച്ചു. പൊതുമരാമത്ത് കെട്ടിട വിഭാഗത്തിനാണ് നിർമ്മാണ ചുമതല. ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ജില്ല കലക്ടർക്ക് നിർദേശം നൽകിയതായും രമേശ് ചെന്നിത്തല പറഞ്ഞു.

## വിദ്യാർഥികളെ ആദരിച്ചു

കായംകുളം: നഗരസഭ ഇരുപത്തിയൊന്നാം വാർഡ് കൗൺസിലർ ബിജു നെസറുള്ള ഏർപ്പെടുത്തിയ കൗൺസിലർ മെറിറ്റ് അവാർഡ് വാർഡിൽ നിന്നും പ്ലസ് ടു, എസ്.എസ്.എൽ.സി ക്ലാസുകളിൽ ഉന്നത വിജയം നേടിയ മുഴുവൻ വിദ്യാർഥികളെയും ആദരിച്ചു. കൗൺസിലർ ബിജു നെസറുള്ളയുടെ അധ്യക്ഷതയിൽ കൂടിയ ചടങ്ങിൽ കായംകുളം ഡി.വൈ.എസ്.പി അജയനാഥ് വിതരണോദ്ഘാടനം നിർവഹിച്ചു. ചടങ്ങിൽ ശ്രീലേഖ മുണ്ടക്കൽ, എസ് സുമേഷ് കുമാർ, അഡ്വ. കെ ജി മോഹനൻ പിള്ള, ആശാവർക്കർ ശുഭ, യൂസഫ് തുടങ്ങിയവർ സംബന്ധിച്ചു.



# നാശം വിതച്ച് മഴയും കാറ്റും

## ശക്തമായ കാറ്റിൽ മരം കടപുഴകിവീണ് ദമ്പതികൾക്ക് ഗുരുതര പരിക്ക്

### ഈ ആഴ്ച വിദേശത്ത് പോകുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് പോയി വരുമ്പോഴാണ് ഉനൈസ് അപകടത്തിൽപ്പെട്ടത്



ശക്തമായ മഴയേയും കാറ്റിനേയും തുടർന്ന് മാന്നാറിൽ കടപുഴകിവീണ മരം ഫയർഫോഴ്സ് അധികൃതർ വെട്ടിമാറ്റുന്നു

ആലപ്പുഴ: ശക്തമായ കാറ്റിലും മഴയിലും ജില്ലയിൽ വ്യാപക നാശം. ഔദ്യോഗിക കണക്ക് പ്രകാരം 34 വീടുകൾക്ക് നാശം സംഭവിച്ചു. ചേർത്തലയിൽ ഏഴ്, കുട്ടനാട് നാല്, മാവേലിക്കര എട്ട്, അമ്പലപ്പുഴ 11 എന്ന പ്രകാരമാണ് താലൂക്ക് അടിസ്ഥാനത്തിൽ നാശം സംഭവിച്ചത്. അരൂക്കുറ്റി, ചേർത്തല, മണ്ണഞ്ചേരി, ആലപ്പുഴ നഗരം, അമ്പലപ്പുഴയുടെ വിവിധ ഭാഗങ്ങൾ, ഹരിപ്പാട്, കായംകുളം, ചെങ്ങന്നൂർ, മാവേലിക്കര, കുട്ടനാട്, മണ്ഡലങ്ങളുടെയും പല ഭാഗങ്ങളിലും വ്യാപകരമായ നാശനഷ്ടങ്ങളാണ് ഉണ്ടായത്. മാവേലിക്കര വള്ളികുന്നത്ത് വ്യാപക നാശനഷ്ടങ്ങളാണ് ഉണ്ടായത്. ഇന്നലെ പകൽ പതിനൊന്ന് മണിയോടെ ഉണ്ടായ ശക്തമായ കാറ്റിലും മഴയിലും ആലപ്പുഴ നഗരത്തിൽ മരങ്ങൾ വീണ് നാശനഷ്ടം. മഴയിൽ സ്കൂട്ടറിൽ നിന്നിറങ്ങി വഴിയോരത്ത് നിൽക്കവെ കൂറ്റൻമരം വീണ് ദമ്പതികൾക്ക് ഗുരുതരപരിക്ക് പറ്റി. മട്ടാഞ്ചേരി പാലത്തിന് സമീപം ഇന്നലെ 11 മണിയോടെ ആലപ്പുഴ പവർഹൗസ് വാർഡ് സിയ മൻസിലിൽ ഉനൈസ് (28), ഭാര്യ അലീഷ (25) എന്നിവർക്കാണ് പരിക്കേറ്റത്.

ഈ ആഴ്ച വിദേശത്ത് പോകുന്നതുമായി ബന്ധപ്പെട്ട പേപ്പറുകൾ ശരിയാക്കാൻ അക്ഷയ കേന്ദ്രത്തിലേക്ക് ഇരുവരും സ്കൂട്ടറിൽ പോയതിന് പിന്നാലെയായിരുന്നു അപകടം. യാത്രക്കിടെ കനത്തകാറ്റും മഴയുമെത്തിയതോടെ സ്കൂട്ടറിൽ നിന്നിറങ്ങി കാത്തിരിപ്പ് കേന്ദ്രത്തിന് സമീപം നിന്നു. ഈസമയം എതിർവശത്തുള്ള പാഴ്മരം കാറ്റിൽ ആടിയുലയുന്നത് കണ്ട് പേടിച്ച ഇരുവരും ഓടിമാറുന്നതിനിടെ ദേഹത്തേക്ക് പതിക്കുകയായിരുന്നു. മരത്തിന്റെ ചില്ലകൾ വീണ് കാലൊടിഞ്ഞ അലീഷയെയാണ് ആദ്യംപുറത്തെടുത്തത്. നാട്ടുകാർ രക്ഷാപ്രവർത്തനത്തിന് മുന്നിട്ടിറങ്ങി അലീഷയെ ജനറൽ ആശുപത്രിയിൽ എത്തിക്കുകയായിരുന്നു. പിന്നാലെയാണ് ശരീരം പൂർണമായും മരത്തിനടിയിലായിരുന്ന ഉനൈസിനെ രക്ഷിച്ചത്. സമീപത്തെ തടിമില്ലിൽനിന്ന് ക്രെയിൻ എത്തിച്ച് മരം ഉയർത്തി മാറ്റിയാണ് ഉനൈസിനെ വണ്ടാനം മെഡിക്കൽ കോളജ് ആശുപത്രിയിൽ എത്തിച്ചത്. ഇതേ സമയം തന്നെതോണ്ടൻകുളങ്ങര അമ്പലത്തിന് സമീപത്ത് കാറ്റിൽ മരം വീണ് ഓട്ടോറിക്ഷ പൂർണമായി തകർന്നു. രണ്ടുപേർക്ക് പരിക്കേറ്റു. ശക്തമായ കാറ്റിൽ വാകമരം റോഡിന് കുറുകെ വീഴുകയായിരുന്നു. ഡ്രൈവർ മുഹമ്മദ് സിദ്ദിഖിനും സമീപത്തുണ്ടായിരുന്ന സ്കൂട്ടർ യാത്രികനും പരിക്കേറ്റു. ഓട്ടോയിലുണ്ടായിരുന്ന യാത്രക്കാരി അത്ഭുതകരമായി രക്ഷപ്പെട്ടു. സമീപത്തെ എസ്.ബി.ഐയുടെ കെട്ടിടത്തിലേക്കാണ് മരം വന്ന് പതിച്ചത്. ജനൽ ചില്ലയും കെട്ടിടത്തിന്റെ ഭാഗങ്ങളും തകർന്നു. പരിക്കേറ്റ മുഹമ്മദിനെ ജനറൽ ആശുപത്രിയിലെ ചികിത്സയ്ക്ക് ശേഷം വിട്ടയച്ചു.

മരം വീണ് മണിക്കൂറുകളോളം ഗതാഗതം തടസമുണ്ടായി. അഗ്നിരക്ഷാസേന എത്തിയ മരം മുറിച്ച് മാറ്റി ശേഷം ഗതാഗതം പുനഃസ്ഥാപിച്ചു.

### മാന്നാറിൽ വ്യാപക നാശം

മാന്നാർ: ശക്തമായ കാറ്റും മഴയിലും മരങ്ങൾ കടപുഴകി വീണു നാശനഷ്ടം. മൂന്നോളം വീടുകളും ഒരു ആട്ടോ മൊബൈൽ വർക്ഷോപ്പും തകർന്നു.

ഇന്നലെ വൈകിട്ടുണ്ടായ ശക്തമായ കാറ്റിൽ മാന്നാർ ഗ്രാമപഞ്ചായത്തിലെ 16,17 വാർഡുകളിൽ മരങ്ങൾ കടപുഴകി വീണ് നിരവധി നാശനഷ്ടങ്ങൾ ഉണ്ടായി. മൂന്നോളം വീടുകളും ഒരു ആട്ടോ മൊബൈൽ വർക് ഷോപ്പും ഭാഗികമായി തകർന്നു. വൈകിട്ട് നാലുമണിയോടെയാണ് ശക്തമായ കാറ്റ് മാന്നാറിൽ വീശിയടിച്ചത്. തിരുവല്ലമാവേലിക്കര സംസ്ഥാനപാതയിൽ മാന്നാർ ആലുംമൂട് ജംഗ്ഷന് തെക്ക് പതിനാറാം വാർഡിൽ റോഡരികിലെ തണൽ മരത്തിന്റെ വലിയ ശിഖരം ഒടിഞ്ഞു വീണതിനെ തുടർന്ന് ഗതാഗതം ഒരു മണിക്കൂറോളം സ്തംഭിച്ചു.

തൊട്ടടുത്തുണ്ടായിരുന്ന വാമനന്റെ രേവതി വെജിറ്റബിൾസിന്റെ മേൽക്കൂരയുടെ ഷീറ്റുകൾക്ക് കേടുപാടുകൾ സംഭവിച്ചു. ചെങ്ങന്നൂരിൽ നിന്നുമെത്തിയ അഗ്നിരക്ഷാസേനയും മാന്നാർ പൊലീസും നാട്ടുകാരും ചേർന്ന് ഒടിഞ്ഞു വീണ മരത്തിന്റെ ഭാഗങ്ങൾ മുറിച്ച് മാറ്റിയതോടെയാണ് ഗതാഗതം സുഗമമായത്.

## സൂപ്പർ സ്പെഷ്യാലിറ്റി കെട്ടിടങ്ങളുടെമെയിന്റനൻസ് ഏറ്റെടുക്കും

ആലപ്പുഴ: മെഡിക്കൽ കോളജിലെ പ്രധാനമന്ത്രി സ്വാസ്ഥ്യ സുരക്ഷാ യോജന പദ്ധതിയിൽ നിർമ്മിച്ച സൂപ്പർ സ്പെഷ്യാലിറ്റി കെട്ടിടങ്ങളുടെ മെയിന്റനൻസ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുമെന്ന് എം.പി.മാരുടെ യോഗത്തിൽ മുഖ്യമന്ത്രി ഉറപ്പു നൽകിയെന്ന് കെ.സി. വേണുഗോപാൽ എം.പി. അറിയിച്ചു. കെട്ടിടങ്ങൾ സർക്കാർ ഏറ്റെടുക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ആവശ്യമായ ഉത്തരവ് ഉടൻ പുറപ്പെടുവിക്കും. ആലപ്പുഴ മെഡിക്കൽ കോളേജിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേക പരിഗണന നൽകുമെന്നും മുഖ്യമന്ത്രി യോഗത്തിൽ പറഞ്ഞു. മെഡിക്കൽ കോളജിലെ ഡോക്ടർമാരുടെ അഭാവവും സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ പോലും വേണ്ടത്ര ഡോക്ടർമാർ ഇല്ലാത്ത സാഹചര്യവും വേണുഗോപാൽ യോഗത്തിൽ ഉന്നയിച്ചു. ഇതു സംബന്ധിച്ച് എം.എൽ.എ.മാരുടെ യോഗം ചേർന്ന് പ്രശ്നം ചർച്ച ചെയ്തുവെന്നും അടിയന്തര പ്രാധാന്യത്തോടെ ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിന് നടപടിയെടുക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. ആലപ്പുഴ മെഡിക്കൽ കോളജിൽ നിയമനം ലഭിച്ച ഡോക്ടർമാർക്ക് മറ്റിടങ്ങളിൽ അക്കോമഡേഷൻ നൽകുന്ന രീതി അവസാനിപ്പിക്കണമെന്നും പകരം ഡോക്ടർമാരെ നിയമിക്കാതെ ആലപ്പുഴയിൽ നിന്നും ഒരു ഡോക്ടർക്കും സ്ഥലംമാറ്റം നൽകരുതെന്നും എം.പി. ആവശ്യപ്പെട്ടു.

## തോട്ടപ്പള്ളി സ്പിൽവേ ഷട്ടറുകൾ മുഴവൻ തുറന്നു വെക്കണം

തോട്ടപ്പള്ളി :മഴ കനത്തു പെയ്യുന്ന സാഹചര്യത്തിൽ കുട്ടനാട്ടിലെ വെള്ളപ്പെക്കം നിയന്ത്രിക്കാൻ തോട്ടപ്പള്ളി സ്പിൽവേ ഷട്ടറുകൾ മുഴുവൻ തുറന്നു വയ്ക്കണമെന്ന് കരിമണൽ ഖനന വിരുദ്ധ ഏകോപന സമിതി ആവശ്യപ്പെട്ടു.കനത്ത മഴ പെയ്തു കൊണ്ടിരിക്കെ സ്പിൽവേ ഷട്ടറുകൾ അടച്ചുവച്ചിരിക്കുന്നത് ബോധപൂർവ്വം വെള്ളപ്പൊക്കം സൃഷ്ടിക്കാനും അതിന്റെ മറവിൽ കരിമണൽ ഖനനം നടത്താനുമാണെന്ന് കരിമണൽ ഖനന വിരുദ്ധ ഏകോപന സമിതി ആരോപിച്ചു.നിലവിൽ തുറന്നു കിടക്കുന്ന പൊഴിയിലേക്ക് ഷട്ടറുകൾ മുഴുവൻ തുറന്നുവച്ചാൽ നീരൊഴുക്ക് ശക്തമായി പൊഴി മുഖം താനെ വിസ്തൃതമായി കിടക്കും. ഇത് ഒഴിവാക്കാനാണ് ഷട്ടറുകൾ അടച്ചുവച്ചിരിക്കുന്നത്. കരിമണൽ വാരാനായി സ്വകാര്യ പൊതുമേഖല ഉദ്യോഗസ്ഥർ തോട്ടപ്പള്ളിയിൽ ക്യാമ്പ് ചെയ്ത് ഗൂഢ നീക്കങ്ങൾ നടത്തുന്നതായി സമരസമിതി ആരോപിച്ചു.

ഞായറാഴ്ച സത്യാഗ്രഹ സമരത്തിന്റെ 1131ാം ദിനത്തിൽ വി.രത്നാകരൻ സത്യാഗ്രഹം അനുഷ്ഠിച്ചു. സമര സമിതി ചെയർമാൻ എസ് സുരേഷ് കുമാർ അധ്യക്ഷത വഹിച്ചു. ബി ഭദ്രൻ, ഡി.എസ്. സദറുദ്ദീൻ, പി.എ ലത്തീഫ്, കെ ആർ ശശി, ഷിബു പ്രകാശ്, ആർ രാമചന്ദ്രൻ, സി. ഭാർഗവൻ, ആർ അർജ്ജുനൻ എന്നിവർ പ്രസംഗിച്ചു.

## കാറ്റിൽ മരം റോഡിലേയ്ക്ക് വീണു ബൈക്ക് യാത്രികൻ അത്ഭുതകരമായി രക്ഷപെട്ടു

അരുക്കുറ്റി: തിങ്കളാഴ്ച രാവിലെയുണ്ടായ ശക്തമായ കാറ്റിലും മഴയിലും വീട്ടുവളപ്പിലെ നെല്ലിമരം റോഡിന് കുറുകെ വീണ് അടിയിൽ പെട്ട ബൈക്ക് യാത്രക്കാരൻ അത്ഭുതകരമായി രക്ഷപ്പെട്ടു. ചേർത്തല അരൂക്കുറ്റി റോഡിൽ പെരുമ്പളം കവലക്ക് തെക്ക് ഭാഗത്ത് സലാമിന്റെ പുരയിടത്തിലെ നെല്ലി മരമാണ് ചുവടോടെ റോഡിലേയ്ക്ക് മറിഞ്ഞത്. ഉയരപ്പാത നിർമ്മാണവുമായി ബന്ധപ്പെട്ട് വാഹനങ്ങളെല്ലാം ഈ വഴിയാണ് കടന്നു പോകുന്നത് അപകടത്തിൽപ്പെട്ട ബൈക്ക് അരൂക്കുറ്റി ഭാഗത്തേക്ക് പോകുകയായിരുന്ന ബൈക്ക് മറിഞ്ഞ് യാത്രക്കാരൻ റോഡിലേക്ക് വീണെങ്കിലും പിന്നാലെ മറ്റ് വാഹനങ്ങൾ ഇല്ലാതിരുന്നതിനാൽ അത്ഭുതകരമായി രക്ഷപ്പെടുകയായിരുന്നു. ഓടിക്കൂടിയ പ്രദേശവാസികളായ സന്തോഷ് ചുമട്ടുതൊഴിലാളികളായ സലാം സെയ്ദോ എന്നിവർ ചേർന്ന് മരം മുറിച്ചുമാറ്റി ഗതാഗത തടസം ഒഴുവാക്കുകയായിരുന്നു.

## സ്കൂൾ കെട്ടിടം ഉദ്ഘാടനം ചെയ്തു

ആലപ്പുഴ: മോഡൽ ഗവ.എച്ച്.എസ്സ്.എൽ.പി സ്കൂളിന് പുതുതായി നിർമിച്ച 10 ക്ലാസ് മുറികളും ഇരുനിലകളിലായുള്ള രണ്ട് ടോയ്ലറ്റ് ബ്ലോക്കും വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി.ശിവൻകുട്ടി തിങ്കളാഴ്ച സ്കൂളിൽ നടന്ന ചടങ്ങിൽ ഉദ്ഘാടനം ചെയ്തു. പുതിയ ക്ലാസ് നിർമ്മിക്കുന്നതിന് 2019-20 ലെ ബജറ്റിൽ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിൽ ഉൾപ്പെടുത്തി 220 ലക്ഷം അനുവദിച്ചിരുന്നു. ഭാവിയിൽ മൂന്നു നിലകൾ വരെ പണിയാൻ ഉള്ള അടിത്തറ നൽകി താഴത്തെ നിലയിൽ ആറ് ക്ലാസ് മുറികളും, ഒരു ടോയ്ലറ്റ് ബ്ലോക്കും, ഒരു സ്റ്റെയർകേസ് മുറിയും, വരാന്തയും ഒന്നാം നിലയിൽ നാല് ക്ലാസ് മുറികളും, ഒരു ടോയ്ലറ്റ് ബ്ലോക്കും, ഒരു സ്റ്റെയർകേസ് മുറിയും, വരാന്തയുമാണ് നിർമിച്ചിരിക്കുന്നത്, അധികമായി ഒന്നാം നിലയിൽ ഡ്രസ്സ് വർക്കും ചെയ്തിട്ടുണ്ട്. 4.77 ലക്ഷംരൂപയുടെ വൈദ്യുതികരണവും നടത്തിയിട്ടുണ്ട്. സ്കൂളിൽ നടന്ന ചടങ്ങിൽ എച്ച്.സലാം എം.എൽ.എ അധ്യക്ഷത വഹിച്ചു. അമ്പലപ്പുഴ മണ്ഡലത്തിൽ മാത്രം 36 സ്കൂൾ മന്ദിരങ്ങളാണ് പുതുതായി പൂർത്തിയാകുന്നതെന്ന് എം.എൽ.എ പറഞ്ഞു. ചടങ്ങിൽ ആലപ്പുഴ നഗരസഭാധ്യക്ഷ കെ.കെ. ജയമ്മ വിശിഷ്ടാതിഥിയായി. സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷരായ എം.ആർ. പ്രേം, നസീർ പുന്നക്കൽ, എ.എസ്. കവിത, വാർഡ് കൗൺസിലർമാരായ പി.എസ്. ഫൈസൽ, മനീഷ , ബി. നസീർ, സ്കൂൾ ഹെഡ് മിസ്ട്രസ് ഇ.ഡി. ഓമന, പൊതുമരാമത്ത് കെട്ടിട വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എ.നിഹാൽ, ആലപ്പുഴ ഡി.ഡി.ഇ. ഇ.എസ്. ശ്രീലത, ആലപ്പുഴ എ.ഇ.ഒ. എം.കെ. ശോഭന, എം. റിയാസ് സംസാരിച്ചു.



കുത്തിയതോട് പഞ്ചായത്ത് മുസ്ലിം ലീഗ് കമ്മിറ്റിയുടെ ആദരവും ഉപഹാരസമർപ്പണവും കുടുംബസംഗമവും ജില്ലാ വൈസ് പ്രസിഡന്റ് പി.കെ ഫസലുദ്ദീൻ ഉദ്ഘാടനം ചെയ്യുന്നു

## മുസ്ലിംലീഗ് കുടുംബസംഗമവും അനുമോദനവും

കുത്തിയതോട്: കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് വിപ്ലവകരമായ പുരോഗതിക്ക് ഗുണകരമായ ഇടപെടലുകൾ നടത്തിയ പ്രസ്ഥാനമാണ് മുസ്ലിംലീഗെന്ന് ജില്ലാ വൈസ് പ്രസിഡന്റ് പി.കെ ഫസലുദ്ദീൻ പറഞ്ഞു. എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എപ്ലസ് നേടിയവർക്കും മദ്രസ പൊതു പരീക്ഷയിൽ മികവാർന്ന വിജയം കരസ്തമാക്കിയവർക്കും കുത്തിയതോട് പഞ്ചായത്ത് മുസ്ലിം ലീഗ് കമ്മിറ്റി നൽകിയ ആദരവും ഉപഹാരസമർപ്പണവും കുടുംബസംഗമവും പരിപാടി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. മുന്നോട്ടുള്ള യാത്രയിൽ കൃത്യമായ ലക്ഷ്യബോധം വിദ്യാർഥികൾക്കുണ്ടാകണമെന്നും അദ്ദേഹം പറഞ്ഞു. പ്രസിഡന്റ് എം മുഹമ്മദ് കബീർ അധ്യക്ഷത വഹിച്ചു.

അരൂർ നിയോജക മണ്ഡലം പ്രസിഡന്റ് ടി.എ അബ്ദുൽ ഷുക്കൂർ. ജനറൽ സെക്രട്ടറി പി കെ അബ്ദുൽ ജലീൽ, യൂത്ത് ലീഗ് ജില്ലാ വൈസ് പ്രസിഡന്റ് ശിഹാബ് മൂസ, വനിതാ ലീഗ് ജില്ലാ സെക്രട്ടറി സിനി ഫെമിസ് എന്നിവർ വിവിധ തലങ്ങളിലെ പ്രതിഭകൾക്കുള്ള ആദരവ് നൽകി.

കുത്തിയതോട് പഞ്ചായത്തിൽ നിന്നും മുസ്ലിം ലീഗിന്റെയും പോഷക ഘടകങ്ങളുടെയും സംസ്ഥാന ജില്ലാ നിയോജക മണ്ഡലം തലങ്ങളിലേക്ക് എത്തിയവരെയും ഉപഹാരസമർപ്പണം നടത്തി ആദരിച്ചു.

സൗദി കെ.എം.സി.സി മെമ്പർ നാസർ മദനി ആമുഖ പ്രഭാഷണം നടത്തി. മുസ്ലിം ലീഗ് നിയോജക മണ്ഡലം ഭാരവാഹികളായ കെ ബഷീർ മൗലവി, എസ് ബാദുഷ മൗലവി, എൻ കെ മുഹമ്മദ് ഇക്ബാൽ, ജില്ലാ കമ്മിറ്റി അംഗം എസ് ഐ ഷാജി, അൻസാർ പാണാവള്ളി വിവിധ ശാഖ കമ്മിറ്റി ഭാരവാഹികളായ എൻ കെ. നാസർ, ഫെമിസ് പി. ഫസൽ, അഫ്സൽ സീതി, കെ. എസ് ഹാഷിം, ഫെമിദ് പി. ഫസൽ,നാസർ കൊച്ചുവെളി, അബ്ദുൽഖാദർ ചാവടി എന്നിവർ സംസാരിച്ചു. പഞ്ചായത്ത് കമ്മിറ്റി സെക്രട്ടറി പി കെ നൗഷാദ് സ്വാഗതവും ട്രഷറർ പി എ ബഷീർ നന്ദിയും പറഞ്ഞു.

## ലെവൽ ക്രോസ് അറ്റകുറ്റപ്പണി: സമാന്തര ഗതാഗത സംവിധാനം ഏർപ്പെടുത്തി




**17 രാവിലെ എട്ടുമണി മുതൽ 21വരെ അടച്ചിടുന്നു**

ആലപ്പുഴ: കായംകുളം ചെട്ടികുളങ്ങര റോഡിലെ കാക്കനാട് റെയിൽവേ ലെവൽ ക്രോസ്( എൽ.സി.നമ്പർ149)അറ്റകുറ്റപ്പണികൾക്കായി 17ന് രാവിലെ എട്ടുമണി മുതൽ 21 വരെ അടച്ചിടുന്നു. ഇതുമായി ബന്ധപ്പെട്ട് സമാന്തര ഗതാഗത സംവിധാനം ഒരുക്കുന്നത് സംബന്ധിച്ച് ചെങ്ങന്നൂർ ആർ.ഡി.ഓ ജി.നിർമൽ കുമാറിൻരെ സാന്നിധ്യത്തിൽ യോഗം ചേർന്നു. താഴെ പറയുന്ന ക്രമീകരണം വരുത്താൻ തീരുമാനിച്ചു.മാവേലിക്കര ചെട്ടികുളങ്ങര വഴി കായംകുളത്തിന് പോകേണ്ട വാഹനങ്ങൾ ഭഗവതിപ്പടി ജംഗ്ഷനിൽ നിന്നും വലത് തിരിഞ്ഞ് പത്തിയൂർ ആൽത്തറ ജംഗ്ഷനിൽ നിന്ന് ഇടത് തിരിഞ്ഞ് കുറ്റികുളങ്ങര വഴി കാക്കനാട് ചന്ത ജംഗ്ഷനിൽ നിന്നും വലത് തിരിഞ്ഞ് കായംകുളത്തിന് പോകേണ്ടതാണ്.

കായംകുളത്ത് നിന്നും ചെട്ടികുളങ്ങര വഴി മാവേലിക്കരക്ക് പോകേണ്ട ബസ്സും ചെറിയ വാഹനങ്ങളും കാക്കനാട് ചന്ത ജംഗ്ഷനിൽ നിന്നും ഇടത് തിരിഞ്ഞ് എരുവ അമ്പലത്തിന്റെ മുൻ വശത്തൂടെ ചെറിയ പത്തിയൂർ അമ്പലത്തിന്റെ തെക്ക് വശത്ത് കൂടി ഭഗവതിപ്പടി ജംഗ്ഷനിൽ നിന്നും ഇടത് തിരിഞ്ഞ് പോകുക.മാവേലിക്കരയിൽ നിന്നും കായംകുളത്തിന് പോകേണ്ട ചരക്ക് വാഹനങ്ങൾ മാവേലിക്കര മിച്ചൽ ജംഗ്ഷനിൽ നിന്നും തെക്കോട്ട് തിരിഞ്ഞ് കോടതി ജംഗ്ഷൻ ഓലകെട്ടി വഴി രണ്ടാംകുറ്റിയിൽ എതിച്ചെർന്ന് കായംകുളത്തിന് പോകേണ്ടതാണ്.കായംകുളത്ത് നിന്നും മാവേലിക്കര വഴി പോകേണ്ട ചരക്ക് വാഹനങ്ങൾ രണ്ടാംകുറ്റിയിൽ എത്തി ഇടത്തോട്ട് തിരിഞ്ഞ് ഓലകെട്ടി കോടതി ജംഗ്ഷനിൽ നിന്നും മിച്ചൽ ജംഗ്ഷൻ വഴി പോകേണ്ടതാണ്.

മേൽ സൂചിപ്പിച്ച വഴി കൂടാതെ, മാവേലിക്കരയിൽ നിന്നും കായംകുളത്തിന് പോകേണ്ട ചരക്ക് വാഹനങ്ങൾക്കും യാത്രാ വാഹനങ്ങൾക്കും മാവേലിക്കര കണ്ടിയൂർ ക്ഷേത്ര കവാടത്തിന്റെ എതിർവശത്തുള്ള റോഡിൽ നിന്നും തെക്കോട്ട് തിരിഞ്ഞ് കൊയ്പ്പള്ളികാരാഴ്മ വഴി ഒന്നാം കുറ്റിയിൽ എത്തിച്ചേർന്ന് കായംകുളത്തിന് പോകേണ്ടതാണ്.

ഭാഗവതിപ്പടി ജംഗ്ഷനിൽ പാർക്ക് ചെയ്തിട്ടുള്ള ഓട്ടോറിക്ഷകൾ ടി സ്ഥലത്ത് നിന്നും താൽക്കാലികമായി മാറ്റുന്നതിന് പത്തിയൂർ ട്രാഫിക് റെഗുലേറ്ററി കമ്മിറ്റി തുടർ നടപടി സ്വീകരിക്കണം.

കാക്കനാട് ജംഗ്ഷനിൽ പാർക്ക് ചെയ്തിട്ടുള്ള ഓട്ടോറിക്ഷകൾ ടി സ്ഥലത്ത് നിന്നും താൽക്കാലികമായി മാറ്റുന്നതിന് പത്തിയൂർ, കായംകുളം ട്രാഫിക് റെഗുലേറ്ററി കമ്മിറ്റി തുടർ നടപടി സ്വീകരിക്കേണ്ടതാണ്.എല്ലാ സ്ഥലത്തും മതിയായ സൈൻബോർഡുകൾ സ്ഥാപിക്കുന്നതിന് മോട്ടോർ വാഹന വകുപ്പും, പോലീസും സംയുക്തമായി നടപടി സ്വീകരിക്കേണ്ടതാണെന്ന് ആർ.ഡി.ഓ അറിയിച്ചു.

## നൈപുണ്യ വാരാഘോഷം സംഘടിപ്പിക്കും

ആലപ്പുഴ: ഈ വർഷം മുതൽ ജൂലൈ 15 ലോക യുവജന നൈപുണ്യ ദിനത്തോടനുബന്ധിച്ച് സംസ്ഥാന തൊഴിലും നൈപുണ്യവും വകുപ്പിൻറെ നേതൃത്വത്തിൽ നൈപുണ്യ വാരാഘോഷം സംഘടിപ്പിക്കുന്നു. സംസ്ഥാന തൊഴിലും നൈപുണ്യവും വകുപ്പിന്റെ സേവനങ്ങൾക്ക് കൂടുതൽ പ്രചാരം നൽകുന്നതിനും സംസ്ഥാനത്തെ നൈപുണ്യ ആവാസ വ്യവസ്ഥ പുനരുജ്ജീവിപ്പിക്കുന്നതിനും വേണ്ടിയാണ് ഈ വർഷം മുതൽ തുടർച്ചയായി നൈപുണ്യ വാരാഘോഷം സംഘടിപ്പിക്കുന്നതെന്ന് ആലപ്പുഴയിൽ നടന്ന പത്രസമ്മേളനത്തിൽ വിദ്യാഭ്യാസതൊഴിൽ വകുപ്പ് മന്ത്രി വി.ശിവൻകുട്ടി പത്രസമ്മേളനത്തിൽ പറഞ്ഞു.

നൈപുണ്യ വാരാഘോഷത്തിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ തൊഴിൽ അന്വേഷകർക്കും സംസ്ഥാനം നൈപുണ്യ വികസന മിഷൻ മുഖാന്തിരം വിവിധ സേവനങ്ങൾ ഒരാഴ്ച കാലത്തേക്ക് തികച്ചും സൗജന്യമായി ലഭ്യമാക്കും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വ്യാവസായിക പരിശീലന വകുപ്പ്, എംപ്ലോയ്മെൻറ് ഡയറക്ടറേറ്റ്, പൊതു വിദ്യാഭ്യാസ വകുപ്പ് എന്നിവരുടെ സഹകരണത്തോടെയാണ് നൈപുണ്യ വാരാചരണം സംഘടിപ്പിച്ചിരിക്കുന്നത്.സംസ്ഥാന നൈപുണ്യ വികസന മിഷന്റെ വിവിധ സേവനങ്ങൾ സംസ്ഥാനത്തെ തൊഴിൽ അന്വേഷകർക്ക് നൈപുണ്യവാരാചരണത്തിന്റെ ഭാഗമായി ഒരാഴ്ച സൗജന്യമായി നൽകുന്നതിന് സഹായിക്കുന്നത് ടാറ്റാ കൺസൾട്ടൻസി സർവീസസ്, റ്റാലി എജുക്കേഷൻ പ്രൈവറ്റ് ലിമിറ്റഡ്, നാസ്കോം, എൻ റ്റി റ്റി എഫ്, സിപ്പെറ്റ്, തുടങ്ങിയ നൈപുണ്യ വികസന മേഖലയിലെ പ്രമുഖ സ്ഥാപനങ്ങളുടെയും, കെയ്സിന്റെ മികവിന്റെ കേന്ദ്രങ്ങളുടെയും, മറ്റ് സ്വകാര്യ നൈപുണ്യ പരിശീലന സ്ഥാപനങ്ങളുടെയും നിസ്സീമമായ സഹകരണതിലൂടെയാണ്.എച്ച്.സലാം എം.എൽ.എ, സ്റ്റേറ്റ് സ്കിൽ ഡവലപ്മെന്റ് മിഷൻ മാനേജിങ് ഡയറക്ടർ ഡോ.വീണ എൻ.മാധവൻ, ജില്ല കലക്ടർ അലക്സ് വർഗ്ഗീസ്, സ്റ്റേറ്റ് പ്ലാനിങ് ബോർഡ് മെമ്പർ പ്രഫ.രവി രാമൻ, ടി.സി.എസ് അയോൺ കേരള ഹെഡ് ദിനേശ് തമ്പി, ടി.സി.എസ്. ബിസിനസ്സ് ഹെഡ് സ്മൃതി മുല്യ, ടാലി എജ്യൂക്കേഷൻ സീനിയർ റീജിയണൽ മാനേജർ ജിജി കുമാർ എന്നിവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.

## അഖില കേരള രാമായണമേള

മാന്നാർ: തൃക്കുരട്ടി മഹാദേവ സേവാസമിതിയുടെ ആഭിമുഖ്യത്തിൽ രാമായണമേള ആഗസ്റ്റ് നാല് മുതൽ 11 വരെ തീയതികളിലായി മാന്നാർ തൃക്കുരട്ടി മഹാദേവർ ക്ഷേത്രാങ്കണത്തിൽ നടക്കും. നാലിന് മുതിർന്നവരുടെ മത്സരങ്ങളും 10, 11 തീയതികളിൽ എൽ.പി., യു.പി., എച്ച്. എസ്., എച്ച്.എസ്.എസ്., കോളജ് വിദ്യാർത്ഥികൾക്കായി രമായണ കഥാകഥനം, രാമായണപാരായണം, പ്രസംഗമത്സരം, പദ്യം കാണാതെ ചൊല്ലൽ, കീർത്തനാലാപം (രാമസ്തുതി), ഭജന, ചിത്രരചന, തിരുവാതിരക്കളി, ടാബ്ലോ, പ്രശ്നോത്തരി എന്നിവയ്ക്ക് പ്രത്യേകം മത്സരങ്ങളും നടത്തപ്പെടുന്നു.മത്സരത്തിൽ പങ്കെടുക്കുന്നവർക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചു. താല്പര്യമുള്ള വിദ്യാർത്ഥികൾ ആഗസ്റ്റ് ആറിന് വൈകിട്ട് അഞ്ച് മണിക്ക് മുമ്പായി സ്കൂൾ അധികാരിയുടെ സാക്ഷ്യപത്രത്തോടുകൂടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ദൂരസ്ഥലങ്ങളിൽ നിന്നും എത്തുന്ന വിദ്യാർത്ഥികൾക്ക് താമസസൗകര്യത്തിന് മുൻകൂറായി 94964 27207 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടേണ്ടതാണ്. വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക : 90611 75555, 82815 43745, 95626 56781. Email: akhilakeralaramayanamel@gmail.com.

## കഞ്ചാവുമായി കല്ലറ സ്വദേശികൾ പിടിയിൽ

കല്ലറ: രണ്ട് കിലോ കഞ്ചാവുമായി കല്ലറ സ്വദേശികൾ പിടിയിൽ. ചടയമംഗലം എക്സൈസ് ഇൻസ്പെക്ടർ രാജേഷിന്റെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിലാണ് കഴിഞ്ഞ ദിവസം രാത്രി കുമ്മിൾ, ചാന്നാട്ട്മുക്ക് കടയ്ക്കൽ പാങ്ങോട് റോഡിൽ വെച്ച് 2.032 കിലോ കഞ്ചാവ് കൈവശം വെച്ച കുറ്റത്തിന് കല്ലറ കുറുമ്പയം ഭൂതക്കുഴി കുന്നവിള വീട്ടിൽ ബിജു (29), കല്ലറ കുറുമ്പയം കാപ്പിവിള കാപ്പിവിള വീട്ടിൽ രാഹുൽ (21) എന്നിവരെ പിടികൂടി.പ്രിവന്റീവ് ഓഫീസർ അഭിലാഷ്. ജി, സിവിൽ എക്സൈസ് ഓഫീസർ മാരായ മാസ്റ്റർ ചന്തു, ജയേഷ് കെ.ജി, ബിൻസാഗർ ഡ്രൈവർ സാബു എന്നിവർ അടങ്ങുന്ന സംഘമാണ് ഇവരെ പിടികൂടിയത്.

## പൊഴിയൂരിൽ സ്കൂൾ ബസ് മറിഞ്ഞു

പാറശ്ശാല: പൊഴിയൂരിൽ സ്കൂൾ ബസ് കനാലിലേക്ക് മറിഞ്ഞ് മൂന്നു വിദ്യാർഥികൾക്ക് രിക്ക്. കേരള തമിഴ്നാട് അതിർത്തിയായ അമ്പൂരി ചൂഴാൽ ക്രിസ് വേലിവ്പ്ലേ സ്കൂളിന്റെ ബസ്സാണ് ഇന്നലെദിവസം രാവിലെ 9.30ന് മാറാടി ജംഗ്ഷന് സമീപത്തെ കനാലിൽ തെന്നി വീണത്. പൂർണ്ണമായും കനാലിലേക്ക് മറിഞ്ഞ ബസിനുള്ളിൽ ആറ് വിദ്യാർത്ഥികളാണ് ഉണ്ടായിരുന്നത്. ഇതിൽ ഡ്രൈവർ ആന്റോയ്ക്കും എൽകെജി യുകെജി വിദ്യാർത്ഥികളായ ദിയ (5), ഓലിസിയ (6), ദായിയ (5) എന്നീ വിദ്യാർത്ഥികൾക്കാണ് നേരിയ പരിക്കേറ്റത്. ഇതിൽ ദായിയയെ കണ്ണിന് പരിക്കേറ്റതിനെ തുടർന്ന് തിരുവനന്തപുരം ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഓടിയെത്തിയ നാട്ടുകാരാണ് രക്ഷാപ്രവർത്തനം നടത്തിയത്.

## കല്ലാർ മേഖലയിൽ കാട്ടാനശല്യം രൂക്ഷമാകുന്നു

വിതുര: വിതുര പഞ്ചായത്തിലെ കല്ലാർ മേഖലയിൽ വീണ്ടും കാട്ടാനശല്യം രൂക്ഷമാകുന്നു. ജനവാസമേഖലകളിൽ കാട്ടാനകൾ ഇറങ്ങി ഭീതിയും നാശവും പരത്തുകയാണ്. കല്ലാർ ജംഗ്ഷനിൽ വരെ കാട്ടാനകൾ എത്തുന്നുണ്ട്.

കഴിഞ്ഞദിവസം രാത്രിയിൽ കല്ലാർ ഗവ. എൽ.പി.എസിന് സമീപം അങ്കണവാടി അദ്ധ്യാപിക ഗിരിജയുടെ വിളയിലിറങ്ങിയ കാട്ടാനകൾ കവുങ്ങും, വാഴയും നശിപ്പിച്ചു.

പതിനായിരക്കണക്കിന് രൂപയുടെ നാശനഷ്ടമുണ്ട്. ചുറ്റും സ്ഥാപിച്ചിരുന്ന കമ്പിവേലി തകർത്താണ് ആനകൾ നാശനഷ്ടം വിതച്ചത്. സമീപത്തെ പുരയിടങ്ങളിലെ വിളകളും നശിപ്പിച്ചു.

# തിരുവനന്തപുരം വാർത്തകൾ



ആദ്യ ഫീഡർ കപ്പൽ മറിൻ അസൂർ വിഴിഞ്ഞം തുറമുഖത്ത് അടുപ്പിച്ചപ്പോൾ

## ആദ്യ ഫീഡർ കപ്പലും വിഴിഞ്ഞത്തെത്തി

വിഴിഞ്ഞം: വിഴിഞ്ഞം തുറമുഖത്തേക്കുള്ള ആദ്യ മദർ ഷിപ്പ് സാൻ ഫെർണാണ്ടോ പോയതിന് പിന്നാലെ ആദ്യ ഫീഡർ കപ്പലും വിഴിഞ്ഞത്തെത്തി. കൊളംബോയിൽ നിന്ന് എത്തിയ ഇടത്തരം ചരക്കുകപ്പലായ മറിൻ അസൂർ ഇന്നലെ ഉച്ചക്ക് രണ്ടുമണിയോടെയാണ് വിഴിഞ്ഞം തുറമുഖ ബെർത്തിൽ അടുപ്പിച്ചത്. കമറിൻ അസൂറിൽ നിന്നും 340 ഓളം കണ്ടെയ്നറുകൾ വിഴിഞ്ഞത്ത് ഇറക്കുകയും 800 ഓളം കണ്ടെയ്നറുകൾ തിരികെ കയറ്റുകയും ചെയ്യും. മദർ ഷിപ്പ് സാൻ ഫെർണാണ്ടോ ഇന്നലെ ഉച്ചക്ക് ഒരു മണിയോടെ വിഴിഞ്ഞത്ത് നിന്ന് കൊളംബോയിലേക്ക് പുറപ്പെട്ടു. അദാനി ഗ്രൂപ്പിന്റെ വൻകപ്പലുകളെ വലിച്ചുകൊണ്ടുവരുന്ന ചെറുകപ്പലായ ടഗ്ഗുകളുടെ സഹായത്തോടെയാണ് സാൻ ഫെർണാണ്ടോയെ പുറം കടലിൽ എത്തിച്ചത്. തുടർന്ന് ഫീഡർ കപ്പലായ കമറിൻ അസൂറിനെയും ടഗ്ഗുകൾ വിഴിഞ്ഞത്ത് എത്തിച്ചു. ട്രയൽ റൺ ആയതിനാലാണ് മദർ ഷിപ്പിൽ നിന്നുൾപ്പെടെ കണ്ടെയ്നർ ഇറക്കുന്നത് വൈകുന്നത്. ഒരാഴ്ച കഴിഞ്ഞ് മറ്റൊരു മദർ ഷിപ്പ് വിഭാഗത്തിൽപ്പെട്ട കപ്പൽ എത്തുമെന്ന് ൃഅധികൃതർ അറിയിച്ചു.

## വിജേഷ് ആഴിമലയ്ക്ക് പുരസ്കാരം



വിഴിഞ്ഞം: കവിതാ സാഹിത്യ കലാ സാംസ്കാരിക വേദിയുടെ സുഗതകുമാരി പുരസ്കാരം വിജേഷ് ആഴിമലയ്ക്ക് ലഭിച്ചു. കലാ സംസ്ക്കാരിക പൊതുപ്രവർത്തന മികവിനാണ് അവാർഡ്.

കേരള സംഗീത നാടക അക്കാദമി അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് കൺവീനറും കോട്ടുകാൽ കവികൾ സാംസ്ക്കരിക വേദി സെക്രട്ടറിയും എസ് എൻ ഡി പി യൂത്ത് മൂവ്മെന്റ് യൂണിയൻ പ്രതിനിധിയുമായ വിജേഷ് ആഴിമല ശിവക്ഷേത്ര ദേവസ്വം ട്രസ്റ്റ് മുൻ ജനറൽ സെക്രട്ടറിയാണ്.

## കാർ മറിഞ്ഞ് പരിക്കേറ്റു

ആര്യനാട്: ഉഴമലയ്ക്കൽ എലിയാവൂർ പാലത്തിന് സമീപം നിയന്ത്രണംവിട്ട കാർ മതിൽ തകർത്ത് വീട്ടിലേക്ക് മറിഞ്ഞു. കഴിഞ്ഞദിവസം രാത്രി 12ഓടെയാണ് അപകടം. കാറിലുണ്ടായിരുന്ന തോളൂർ സ്വദേശികളായ അക്ഷയ് (25), നിതിൻ (25) എന്നിവർ പരിക്കുകളോടെ മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സ തേടി. ആര്യനാട് സ്റ്റേഷനിലെ പൊലീസുകാരൻ ജ്യോതിഷിന്റെ വീടാണിത്. ആര്യനാട് നിന്ന് നെടുമങ്ങാട് ഭാഗത്തേക്ക് പോകുകയായിരുന്ന വാഹനം അമിത വേഗതയിലായിരുന്നു. അക്ഷയ് ആണ് വാഹനം ഓടിച്ചിരുന്നത്. റോഡിലൂടെ വന്ന യാത്രക്കാരാണ് വിവരം പ്രദേശവാസികളെ അറിയിച്ചത്. ഉഴമലയ്ക്കൽ എലിയാവൂർ ജംഗ്ഷനിൽ ചാങ്ങ ഭദ്രകാളി ക്ഷേത്രത്തിന്റെ വിളക്കുകൾ വയ്ക്കുന്നതിന് കെട്ടിയ ഷെഡിന്റെ മേൽക്കൂരയും സമീപത്തെ വീടിന്റെ മതിലിന്റെ കുറച്ചുഭാഗവും തകർത്താണ് കാർ വീട്ടിലേക്ക് പതിച്ചത്. കാർ മറിഞ്ഞതിനെ തുടർന്ന് വീടിന്റെ വശത്തുള്ള ഷെഡിന്റെ മേൽക്കൂര തകർത്തു.

## കോളറ വ്യാപനം: മാർഗ്ഗ നിർദ്ദേശങ്ങളുമായി നിംസ്

തിരുവനന്തപുരം: കോളറ വ്യാപനഭീഷണി നിലനിൽക്കുന്ന തവരവിളയിൽ മാർഗ്ഗനിർദ്ദേശവുമായി നിംസ് മെഡിസിറ്റി ഇൻഫെക്ഷൻ കൺട്രോൾ വിഭാഗം എത്തുകയായിരുന്നു. നിംസ് മെഡിസിറ്റി ഇൻഫെക്ഷൻ കണ്ട്രോൾ വിഭാഗം മേധാവി ഡോ. ഷെരീഫ് പി എസിന്റെ നേതൃത്വത്തിലായിരുന്നു തവരവിളയിൽ മാർഗ്ഗനിർദ്ദേശങ്ങളുമായി എത്തിയത്. ശ്രീകാരുണ്യമിഷൻ ചാരിറ്റബിൾ അധികൃതരുമായി ചർച്ച നടത്തുകയും രോഗവ്യാപനം തടയാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. കോളറ ബാധിച്ചുള്ള മരണം റിപ്പോർട്ട് ചെയ്യപ്പെട്ടതിനെ തുടർന്ന് ആകെ ആശങ്കയിലാണ് തവരവിള പ്രദേശവാസികൾ ഉൾപ്പെടെ. ഏറെ നാൾക്കു ശേഷമാണ് കോളറ വീണ്ടും ആശങ്കയുളവാക്കുന്ന രീതിയിലേക്ക് മാറിയത്. സംസ്ഥാനത്ത് കഴിഞ്ഞ 6 മാസത്തിനിടെ 9 പേർക്കാണ് കോളറ സ്ഥിരീകരിച്ചത്. 2017ലാണ് കേരളത്തിൽ ഒടുവിലായി കോളറ ബാധിച്ച് മരണം സംഭവിക്കുന്നത്. എന്താണ് കോളറയെന്നും പ്രതിരോധമെങ്ങനെയെന്നുൾപ്പടെ നിംസ് മെഡിസിറ്റി ഇൻഫെക്ഷൻ കണ്ട്രോൾ മേധാവി ഡോ. ഷെരീഖ് ചാരിറ്റബിൾ ട്രസ്റ്റ് അധികൃതരുമായി പങ്കുവച്ചു. കൂടാതെ പ്രതിരോധ ശുചീകരണ പ്രവർത്തനങ്ങൾക്കായുള്ള സാമഗ്രികളും ബോധവൽക്കരണവും നൽകി.ക്വാളിറ്റി കൺട്രോൾ മാനേജർഡോ. ശോഭാ സുരേന്ദ്രൻ ജെറിയാട്രിക് കോഡിനേറ്റർ രേണുകുമാരി കെ.ആർ, ഇൻഫെക്ഷൻ കൺട്രോൾ നഴ്സ് അശ്വതി, യൂത്ത് റെഡ്ക്രോസ് വോളന്റിയർമാരായ നവ്യഗ്ലാഡി, ബിജുഷ തുടങ്ങിയവരും പങ്ക് ചേർന്നു.

## ഉദ്ഘാടനം 17 ന്

തിരുവനന്തപുരം:ഓണത്തിനൊരുമുറം പച്ചക്കറി പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി പി. പ്രസാദിന്റെ അധ്യക്ഷതയിൽ 17 നു രാവിലെ 11.30 ന് സെക്രട്ടേറിയറ്റ് ഉദ്യാനത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. മൺചട്ടിയിലും നിലത്തുമായി 13 വിവിധ ഇനങ്ങളിലുള്ള പച്ചക്കറികൾ സെക്രട്ടേറിയറ്റ് അങ്കണത്തിലെ കൃഷിക്ക് വേണ്ടി ഉപയോഗിക്കും.



കേരളാ കോൺഗ്രസ് ഡെമോക്രാറ്റിക് സംസ്ഥാന ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട എൽ.ആർ.വിനയചന്ദ്രൻ



തിരുവനന്തപുരം സെൻട്രൽ നിയോജക മണ്ഡലം കമ്മിറ്റി സംഘടിപ്പിച്ച ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ് ക്യാമ്പയിൻ ബീമാപള്ളിയിൽ മുസ്‌ലിംലീഗ് ജില്ലാ പ്രസിഡണ്ട് ബീമാപള്ളി റഷീദ് ഉദ്ഘാടനം ചെയ്യുന്നു

## മതേതരത്വത്തിന് കരുത്ത് പകരാൻ ചന്ദ്രിക ദിനപത്രം എന്നും മുന്നിൽ : ബീമാപള്ളി റഷീദ്

തിരുവനന്തപുരം: മതേതരത്വത്തിനും, മതസൗഹാർദ്ദത്തിനും കരുത്ത് പകരാൻ എന്നും ചന്ദ്രിക ദിനപത്രം മുന്നിലാണെന്ന് മുസ്‌ലിംലീഗ് ജില്ലാ പ്രസിഡണ്ട് ബീമാപള്ളി റഷീദ് പറഞ്ഞു.തിരുവനന്തപുരം സെൻട്രൽ നിയോജക മണ്ഡലം കമ്മിറ്റി സംഘടിപ്പിച്ച ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ് ക്യാമ്പയിൻ ബീമാപള്ളിയിൽ ഉദ്ഘാടനം നിർവഹിച്ച് നിർവഹിക്കുകയായിരുന്നു അദ്ദേഹം. ഡിസിസി ജനറൽ സെക്രട്ടറി ടി. ബഷീർ ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ് പരിപാടിയിൽ തുടക്കക്കാരനായി. മണ്ഡലം പ്രസിഡണ്ട് യുഗുലാമിന്റെ അധ്യക്ഷതയിൽ ചേർന്ന ചടങ്ങിൽ മണ്ഡലം ജനറൽ സെക്രട്ടറി എം കെ അഷ്റഫുദ്ദീൻ സ്വാഗതം ആശംസിച്ചു.

മണ്ഡലം ഭാരവാഹികളായ ശാല ഷാഹുൽഹമീദ്, ഉമ്മർ ചാല, അയ്യൂബ്,എം ഐ ഷറഫുദ്ദീൻ, ബീമാപള്ളി ഇക്ബാൽ ഷാൻ ബീമാപള്ളി, റഹീം ബീമാപള്ളി,എസ് സക്കീർ,സത്താർ, റഹീം ബീമാപള്ളി, അലി, നുജുവും, എന്നിവർ പങ്കെടുത്തു.

## മുസ്‌ലിംലീഗ്, പോഷക സംഘടന നേതൃയോഗം നാളെ

തിരുവനന്തപുരം: ജില്ലാ മുസ്‌ലിംലീഗ് ഭാരവാഹികളുടെയും, പോഷക സംഘടന ജില്ലാ പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ട്രഷറർ എന്നിവരുടെയും ഒരു സംയുക്ത നേതൃയോഗം നാളെ വൈകുന്നേരം 3 മണിക്ക് നന്ദാവനം ലീഗ് ഹൗസിൽ ജില്ലാ മുസ്‌ലിംലീഗ് പ്രസിഡന്റ് ബീമാപള്ളി റഷീദിന്റെ അദ്ധ്യക്ഷതയിൽ ചേരും.

പോഷക സംഘടനകളുടെ പ്രവർത്തനങ്ങൾ ശാസ്ത്രീയമായി ചിട്ടപ്പെടുത്തുന്നതിനും, ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ് കാമ്പയിൻ വിജയിപ്പിക്കുന്നതിനുമാവശ്യമായ തീരുമാനങ്ങൾ എടുക്കുന്നതിനു വേണ്ടി ചേരുന്ന യോഗത്തിൽ ബന്ധപ്പെട്ട നേതാക്കൾ കൃത്യസമയത്ത് എത്തി ചേരണമെന്ന് ജില്ലാ ലീഗ് ജനറൽ സെക്രട്ടറി എം. നിസാർ മുഹമ്മദ് സുൾഫി അറിയിച്ചു.

## മുസ്‌ലിംലീഗ് തിരുവനന്തപുരം ജില്ലാ പ്രവർത്തക സമിതി യോഗം 20ന്

### ഡോ. സി.പി.എ ബാവഹാജി ഉദ്ഘാടനം ചെയ്യും

തിരുവനന്തപുരം:ജില്ലാ മുസ്‌ലിംലീഗ് പ്രവർത്തക സമിതിയുടെ സുപ്രധാന യോഗം ഈ മാസം 20 ന് വൈകുന്നേരം 4 മണിക്ക് നന്ദാവനം ലീഗ് ഹൗസിൽ ജില്ലാ മുസ്‌ലിംലീഗ് പ്രസിഡന്റ് ബീമാപള്ളി റഷീദിന്റെ അദ്ധ്യക്ഷതയിൽ ചേരും.

സംസ്ഥാന മുസ്‌ലിംലീഗ് വൈസ് പ്രസിഡന്റും, ജില്ലാ നിരീക്ഷകനുമായ ഡോ. സി.പി.എ ബാവ ഹാജി യോഗം ഉദ്ഘാടനം ചെയ്യും.

തദ്ദേശ സ്ഥാപന തെരഞ്ഞെടുപ്പിന്റെ ഒരുക്കങ്ങളുടെ ഭാഗമായുള്ള സംഘടനാ ശാക്തീകരണ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിനും, ചന്ദ്രിക വാർഷിക വരി പ്രചാരണ പ്രവർത്തനങ്ങൾ ഊർജിതമാക്കുന്നതിനു ജൂലൈ 15 മുതൽ 30 വരെ നടത്തുന്ന ചന്ദ്രിക സ്പെഷ്യൽ ഡ്രൈവിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനുമായി ചേരുന്ന യോഗത്തിൽ ജില്ലാ ലീഗ് ഭാരവാഹികളും,നിയോജക മണ്ഡലം പ്രസിഡന്റ്, ജനറൽ സെക്രട്ടറിമാരും, പോഷക സംഘടന ജില്ലാ പ്രസിഡന്റ്, ജനറൽ സെക്രട്ടറിമാരും കൃത്യമായി എത്തി ചേരണമെന്ന് ജില്ലാ മുസ്‌ലിംലീഗ് ജനറൽ സെക്രട്ടറി എം. നിസാർ മുഹമ്മദ് സുൾഫി അറിയിച്ചു.

## പ്രാർത്ഥനയും പ്രയത്നവും വിഫലം

# ജോയിയുടെ ജീവനെടുത്ത് മാലിന്യപ്പുഴ



ജോയിയുടെ മൃതദേഹം മാരായമുട്ടത്തെ വീട്ടിൽ പൊതുദർശനത്തിന് വെച്ചപ്പോൾ അന്തിമോപചാരം അർപ്പിക്കാനെത്തിയവരുടെ നീണ്ട നിര



ജോയിയുടെ മൃതദേഹം മാരായമുട്ടത്തെ വഴിയില്ലാത്ത വീട്ടിലേക്ക് കൊണ്ടുപോകാനായി ബുദ്ധിമുട്ടുന്ന നാട്ടുകാർ

തിരുവനന്തപുരം: നാടൊന്നാകെ കൈ കോർത്തു ഒരു ജീവന് വേണ്ടി. എല്ലാവരും ഒരേ വികാരത്തോടെ പ്രാർത്ഥിച്ചു. എല്ലാവിധ ആധുനിക സൗകര്യങ്ങളും എത്തിച്ച് തിരച്ചിൽ നടത്തി. അതെല്ലാം വിഫലമാക്കി ഒടുവിൽ ജോയിയുടെ ജീവൻ ആമയിഴഞ്ചാൻ തോട്ടിന്റെ മലിനജലത്തിൽ വിലയംപ്രാപിച്ചു. 48 മണിക്കൂർ നീണ്ട തെരച്ചിലിനൊടുവിലാണ് മാരായമുട്ടം സ്വദേശിയായ ജോയിയുടെ മൃതദേഹം തകരപ്പറമ്പ് വഞ്ചിയൂർ റോഡിലെ കനാലിൽ ഇന്നലെ രാവിലെ കണ്ടെത്തിയത്.

മൂന്ന് ദിവസത്തെ പഴക്കമുള്ളതിനാൽ അഴുകിയനിലയിലായിരുന്നു മൃതദേഹം.രാവിലെ 9.15ഓടെ തകരപ്പറമ്പിലെ കനാലിൽ നിന്നായിരുന്നു മൃതദേഹം കണ്ടെത്തിയത്. ജോയിയെ കാണാതായതിന് പിന്നാലെ സമീപത്തെ തോടുകളിൽ പരിശോധനയ്ക്കായ് നഗരസഭ ജീവനക്കാരെ നിയമിച്ചിരുന്നു. ഇവരാണ് മൃതദേഹം കണ്ടെത്തിയത്.



ജോയി ഒരു ഓർമചിത്രം

തുരങ്കത്തിനുള്ളിൽ തിരയുമ്പോൾ തന്നെ മൃതദേഹം മറ്റ് ഭാഗത്തേക്ക് ഒഴുകിപോയിരുന്നോയെന്ന സംശയം ഉയരുന്നുണ്ട്. കാരണം കഴുത്തൊപ്പം ഉയർന്നെത്തിയ മഴവെള്ളത്തിൽപെട്ടാണ് ജോയി വീണുപോയത്. ആ വെള്ളത്തിനൊപ്പം തന്നെ ജോയി തുരങ്കത്തിന് പുറത്തേക്ക് ഒഴുകിയിരിക്കാമെന്നാണ് സംശയം. എന്നാൽ മൃതദേഹം കണ്ടെത്തിയ സ്ഥലത്തെ നാട്ടുകാർ പറയുന്നത് ഞായറാഴ്ച വൈകിട്ട് നോക്കിയപ്പോൾ മൃതദേഹം കണ്ടില്ലെന്നാണ്.

ഞായറാഴ്ച വൈകിട്ടോടെ തുരങ്കകനാലിലേക്ക് വെള്ളം പമ്പ് ചെയ്ത് ഒഴുക്കികളയാനുള്ള ശ്രമം നടത്തിയിരുന്നു. രാത്രി സാമാന്യം ശക്തമായ മഴയും പെയ്തു. ഇതും രണ്ട് ചേർന്നപ്പോളാവും മൃതദേഹം തുരങ്കത്തിന് പുറത്തേക്ക് ഒഴുകിയതെന്നാണ് കോർപ്പറേഷനും ഫയർഫോഴ്സുമെല്ലാം വിലയിരുത്തുന്നത്.

തുടർനടപടികൾക്കായി മെഡിക്കൽ കോളേജിൽ എത്തിച്ച മൃതദേഹം, ബന്ധുക്കൾ എത്തി പരിശോധനകൾക്ക് ശേഷം തിരിച്ചറിയുകയായിരുന്നു.മെഡിക്കൽ കോളേജിൽ എത്തിച്ച് നടത്തിയ പോസ്റ്റുമോർട്ടത്തിനു ശേഷം ബന്ധുക്കൾ ഏറ്റുവാങ്ങിയ മൃതദേഹം ഇന്നലെ വൈകുന്നേരം മൂന്നു മണിയോടെ നാട്ടിലെത്തിച്ച് വീട്ടുവളപ്പിൽ സംസ്കരിച്ചു. മാരായമുട്ടത്തെ ജോയിയുടെ വീട്ടുവളപ്പിലായിരുന്നു സംസ്കാര ചടങ്ങുകൾ.

പോസ്റ്റ്മോർട്ടം നടപടികൾക്ക് ശേഷമാണ് മൃതദേഹം വീട്ടിലെത്തിച്ചത്. ഏറെ വികാര ഭരിതമായിരുന്നു ജോയിയുടെ വീട്ടിൽ നിന്നുള്ള കാഴ്ച. അമ്മയുടെയും ബന്ധുക്കളുടെയും കരച്ചിൽ ചുറ്റുമുള്ളവരുടെയും കണ്ണുകളെ ഈറനണിയിച്ചു.

രാഷ്ട്രീയ സാമൂഹിക സാംസ്കാരിക മേഖലയിലെ നിരവധി പ്രവർത്തകർ എത്തി എത്തി ജോയിക്ക് അന്ത്യാഞ്ജലിയർപ്പിച്ചു.

അതിനിടെ, നഗരസഭയുടെ അനാസ്ഥയാണ് ജോയിയുടെ മരണത്തിന് കാരണമെന്ന വിമർശനങ്ങൾക്കിടെയാണ് മേയർ വികാരാധീനയായതും മാധ്യമശ്രദ്ധപിടിച്ചുപറ്റി.

ജോയിയുടെ മൃതദേഹം മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ചതിന് പിന്നാലെ സികെ ഹരീന്ദ്രൻ എംഎൽഎയോട് സംസാരിക്കുമ്പോഴായിരുന്നു മേയർ കരഞ്ഞത്. ഇത്രയും കഷ്ടപ്പെട്ടിട്ടും ജീവൻ രക്ഷിക്കാനായില്ലെന്നും ജോയിയെ ജീവനോടെ രക്ഷിക്കാനാവുമെന്ന് പ്രതീക്ഷിച്ചിരുന്നുവെന്നും മേയർ പറഞ്ഞു.

## അനന്ത പൊളിച്ചത് എൽ.ഡി.എഫ് സർക്കാർ

തിരുവനന്തപുരം: തലസ്ഥാന നഗരത്തിലെ വെള്ളക്കെട്ടും മാലിന്യനീക്കവും പരിഹരിക്കാൻ യു.ഡി.എഫിന്റെ കാലത്ത് തുടങ്ങിയ ഓപറേഷൻ അനന്ത പൊളിച്ചത് തുടർന്ന് വന്ന എൽ.ഡി.എഫ് സർക്കാർ. അനന്തയുടെ പരാജയമാണ് ആമയിഴഞ്ചാൻ തോടിന്റെ ഇപ്പോഴത്തെ ദുർഗതിക്കു പിന്നിലെന്നാണ് വിലയിരുത്തൽ.

അനധികൃത കയ്യേറ്റങ്ങളിൽ കൈവെച്ചപ്പോൾ സർക്കാരിനു താൽപര്യമില്ലാതായതോടെയാണ് രണ്ടാംഘട്ടം പൊളിഞ്ഞത്. 2016 നു ശേഷം പദ്ധതിയുടെ രണ്ടാം ഘട്ടം നടപ്പാക്കാൻ തീരുമാനിച്ചെങ്കിലും ഒരടി മുന്നോട്ടുപോയില്ല.

2015 ൽ അന്നത്തെ ചീഫ് സെക്രട്ടറി ജിജി തോംസണും തിരുവനന്തപുരം ജില്ലാ കലക്ടറായിരുന്ന ബിജു പ്രഭാകറിന്റെയും നേതൃത്വത്തിലായിരുന്നു ദൗത്യം.ഓടകളും തോടുകളും വൃത്തിയാക്കി തലസ്ഥാന നഗരത്തിലെ വെള്ളക്കെട്ട് ഒഴിവാക്കുകയെന്ന ലക്ഷ്യത്തോടെയായിരുന്നു ഓപറേഷൻ അനന്തയുടെ തുടക്കം.

## കോൺഗ്രസ്സിന്റെ കോർപ്പറേഷൻ ഉപരോധം 19ന്

തിരുവനന്തപുരം: അരനൂറ്റാണ്ടുകാലം നഗരസഭാഭരണം കൈയ്യാളിയ സി.പി.എം ഭരണസമിതിയുടെ സംഭാവന തലസ്ഥാനത്തെ മാലിന്യനഗരമാക്കിയതാണെന്ന് ജില്ലാ കോൺഗ്രസ്സ് കമ്മിറ്റി കുറ്റപ്പെടുത്തി. ആമയിഴഞ്ചാൻ തോടിൽ വീണ് ശുചീകരണത്തൊഴിലാളി മരണപ്പെട്ടപ്പോഴാണ് നഗരത്തിലെ മാലിന്യകൂമ്പാരത്തിന്റെ വ്യാപ്തി പുറംലോകത്തിന് ബോദ്ധ്യപ്പെട്ടത്.

മാലിന്യ നിർമ്മാർജനത്തിൽ പരാജയപ്പെടുകയും നഗരവാസികളെ തീരാരോഗങ്ങളിലേക്ക് തള്ളിവിടുകയും ചെയ്ത നഗരസഭ ഭരണസമിതിക്കെതിരെ ഒന്നാംഘട്ടമായി കൗൺസിലർമാരുടെ നേതൃത്വത്തിൽ നഗരത്തിലെ കോൺഗ്രസ്സ് പ്രവർത്തകർ 19ന് കോർപ്പറേഷൻ ഓഫീസ് ഉപരോധിക്കുമെന്ന് നഗരസഭ പാർലമെന്ററി പാർട്ടി ലീഡർ പി.പത്മകുമാർ അറിയിച്ചു. പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ ഉപരോധസമരം ഉദ്ഘാടനം ചെയ്യും.

## ഹൃദയംകൊണ്ട് സല്യൂട്ട്, കേരള ഫയർഫോഴ്സ്

തിരുവനന്തപുരം: ജോയിക്കായി മൂന്ന് ദിവസം നീണ്ട തിരച്ചിൽ അവസാനിക്കുമ്പോൾ അഗ്നിശമന സേനയുടെ സ്കൂബാസംഘം നടത്തിയ സാഹസിക തിരച്ചിലിന് ഹൃദയംകൊണ്ട് സല്യൂട്ട് നൽകുകയാണ് കേരളം. തമ്പാനൂർ റയിൽവേ സ്റ്റേഷന് അടിയിലൂടെയുള്ള 117 മീറ്റർ തുരങ്കകനാലിലായിരുന്നു രണ്ട് ദിവസവും തിരച്ചിൽ. നാവികസേന ഇന്നും അവിടെ ഇറങ്ങാൻ തുടങ്ങുമ്പോളാണ് 900 മീറ്ററോളം ദൂരം ഒഴുകിയ മൃതദേഹം കണ്ടെത്തിയത്. എൻഡിആർഎഫും അഗ്നിരക്ഷാസേനയും സമാനതകളില്ലാത്ത രക്ഷാപ്രവർത്തനമാണ് ആമയിഴഞ്ചാൻ തോട്ടിൽ നടത്തിയത്. സ്വന്തം ജീവൻ പോലും വകവയ്ക്കാതെ ദുർഗന്ധം വമിക്കുന്ന മാലിന്യക്കൂമ്പാരത്തിൽ ഒരു കൂട്ടം രക്ഷാപ്രവർത്തകർ ഇറങ്ങി കൈ മെയ് നോക്കാതെ ജോയിക്കായി തിരച്ചിൽ നടത്തിയത് ശ്വാസം അടക്കിപ്പിടിച്ചാണ് കേരളക്കര കണ്ടത്. ജൻറോബോട്ട് കമ്പനിയുടെ ഡ്രാക്കോ എന്ന റോബാട്ടിനെ ഇറക്കി.ക്യാമറ ഘടിപ്പിച്ച റോബോട്ട് 15 മീറ്ററോളം ഉള്ളിലേക്ക് കടന്നു. ഉച്ചയോടെ ക്യാമറയിൽ വലിയൊരു ചിത്രം പതിഞ്ഞു. സ്കൂബാ സംഘം പണിപ്പെട്ട് സമീപത്തേക്ക് എത്തിയെങ്കിലും അത് മാലിന്യം നിറഞ്ഞ ചാക്ക് കെട്ടായിരുന്നു. മൂന്നാമത്തെ റെയിൽവേ പ്ലാറ്റ്ഫോമിലെ മാൻഹോളിലും സ്കൂബാ സംഘമിറങ്ങി രണ്ട് മണിക്കൂറോളം തിരച്ചിൽ നടത്തി.കൂടുതൽ ഉള്ളിലേക്ക് റോബോട്ടിന് കടക്കാൻ സാധിക്കാതെ വന്നതോടെ ആ പരിശോധന അവസാനിപ്പിച്ചു.



മാലിന്യം നിറഞ്ഞ മാൻഹോളിൽ ഞായറാഴ്ച ഫയർ ഫോഴ്സ് സ്കൂബാസംഘാംഗം നടത്തിയ തെരച്ചിൽ

രാജാജി നഗർ, ചാക്ക, വർക്കല, കല്ലമ്പലം, ആറ്റിങ്ങൽ, പാറശാല, വിഴിഞ്ഞം എന്നിവിടങ്ങളിൽ നിന്നുള്ള അഗ്നിരക്ഷാ സംഘമാണ് രക്ഷാപ്രവർത്തനം ഏകോപിപ്പിച്ചത്. 100 അംഗ സംഘത്തിനൊപ്പം മറ്റ് ജില്ലകളിൽ നിന്നുള്ളവരും പങ്കുച്ചേർന്നിരുന്നു. തിരുവനന്തപുരത്ത് നിന്ന് 14ഉം കൊല്ലത്ത് നിന്ന് അഞ്ച് സ്കൂബ അംഗങ്ങളുമാണ് മാലിന്യംനിറഞ്ഞ വെള്ളത്തിൽ തിരച്ചിൽ നടത്തിയത്. 20 പേരടങ്ങുന്ന എൻഡിആർഎഫ് സംഘവും എത്തി.

## റെയിൽവേ അവഗണനക്കെതിരെ മുസ്‌ലിം യൂത്ത് ലീഗ് റെയിൽവേ സമരം 20 ന്

തിരുവനന്തപുരം: യാത്രക്കാരോടുള്ള റെയിൽവേ അവഗണനക്കെതിരെ മുസ്‌ലിംയൂത്ത് ലീഗ് സംസ്ഥാന കമ്മിറ്റി സംസ്ഥാന വ്യാപകമായി സംഘടിപ്പിക്കുന്ന റെയിൽവേ സമരം തിരുവനന്തപുരം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ജൂലൈ 20 ന് വൈകുന്നേരം 3 മണിക്ക് തിരുവനന്തപുരം ഡിവിഷൻ ഓഫീസിന്റെ മുന്നിൽ സംഘടിപ്പിക്കാൻ നന്ദാവനം ലീഗ് ഹൗസിൽ ജില്ലാ പ്രസിഡന്റ് ഹാരിസ് കരമനയുടെ അധ്യക്ഷതയിൽ ചേർന്ന ജില്ലാ കമ്മിറ്റി യോഗം തീരുമാനിച്ചു.

സംസ്ഥാന സെക്രട്ടറിയും ജില്ലാ നിരീക്ഷകനുമായ അഡ്വ കാര്യറ നസീർ ജൂലൈ 5, 6,7 തീയതികളിൽ തൃശ്ശൂർ അതിരപ്പള്ളിയിൽ നടന്ന സംസ്ഥാന എക്സിക്യൂട്ടീവ് ക്യാമ്പ് തീരുമാനങ്ങൾ റിപ്പോർട്ട് ചെയ്യുകയും യോഗം ഉദ്ഘാടനം ചെയ്യുകയും ചെയ്തു

ജില്ലാ ജനറൽ സെക്രട്ടറി ഫൈസ് പൂവച്ചൽ സ്വാഗതം ആശംസിച്ചു. സംഘടനസമുദായം സമൂഹം എന്ന ശീർഷകത്തിൽ 2024 ജൂലൈ മുതൽ 2025 ഫെബ്രുവരി സംഘടിപ്പിക്കുന്ന സംഘടന ശാക്തീകരണ ക്യാമ്പയിൻ യുവജാഗരൺ പ്രവർത്തനങ്ങളും സംസ്ഥാന എക്സിക്യൂട്ടീവ് ക്യാമ്പ് തീരുമാനിച്ച തുടർ പരിപാടികളും ജില്ലയിൽ നടപ്പിലാക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾക്ക് രൂപം നൽകാൻ ജില്ലാ നേതൃ സംഗമം ജൂലൈ 28 ന് വൈകുന്നേരം 3 മണിക്ക് നന്ദാവനം ലീഗ് ഹൗസിൽ ചേരും

ജൂലൈ 30 ഭാഷസമര ദിനാചരണത്തിന്റെ ഭാഗമായി ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാന കമ്മിറ്റി പ്രഖ്യാപിച്ച ആശുപത്രികളിൽ എത്തുന്ന രോഗികൾക്കും കൂട്ടിരിപ്പുകാർക്കും ചായയും സ്നാക്സും നൽകുന്ന 'ചായ മേശ' പദ്ധതി ജില്ലയിലെ വിവിധ ഘടകങ്ങളുടെ നേതൃത്വത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും താലൂക്ക് ആശുപത്രികളിലും രാവിലെ സംഘടിപ്പിക്കും ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ അന്നേദിവസം വൈകുന്നേരം ജനറൽ ആശുപത്രിയിൽ പരിപാടി സംഘടിപ്പിക്കും

യോഗത്തിൽ യൂത്ത് ലീഗ് മുൻ ജില്ലാ പ്രസിഡണ്ട് ഡി നൗഷാദ്,ജില്ലാ ഭാരവാഹികളായ ഫാറസ് മാറ്റപ്പള്ളി, സിദ്ദീഖ് വിഴിഞ്ഞം, റാഷിദ് പാച്ചല്ലൂർ, എന്നിവർ പ്രസംഗിച്ചു




മുസ്‌ലിംയൂത്ത് ലീഗ് ജില്ലാ എക്സിക്യൂട്ടീവ് മീറ്റ് യൂത്ത് ലീഗ് സംസ്ഥാന സെക്രട്ടറി അഡ്വ: കാര്യറ നസീർ ഉദ്ഘാടനം നിർവഹിക്കുന്നു



എം.ടി വാസുദേവൻ നായർക്കുള്ളിലെ ചെറുപ്പം ഇപ്പോഴും എന്നെ അത്ഭുതപ്പെടുത്തുന്നു. സമകാലീന സംഭവങ്ങളെക്കുറിച്ചും രാഷ്ട്രീയ, സാമുദായിക, സാംസ്കാരിക, സാമ്പത്തിക, സാഹിത്യ കാര്യങ്ങളെക്കുറിച്ചെല്ലാം വളരെ അപ്ഡേറ്റായ വ്യക്തിയാണ് എം.ടി.

–മമ്മൂട്ടി

ആരോഗ്യരംഗത്ത് കേരളം പൂർണ പരാജയമാണ്. കേരളം പനിക്കിടക്കയിലാണ്. പനി പടരുമ്പോൾ ആരോഗ്യവകുപ്പ് നോക്കുകുത്തിയായി നിൽക്കുകയാണ്. സർക്കാർ ആശുപത്രികളിൽ പാരസെറ്റമോൾ പോലും ലഭിക്കാത്ത സ്ഥിതിയാണ്. ആമയിഴഞ്ചാൻ തോടിലെ അപകടത്തിൽ സർക്കാരിനും കോർപറേഷനും റെയിൽവേക്കും ഉത്തരവാദിത്തമുണ്ട്. അപകടം രാഷ്ട്രീയവത്കരിക്കാൻ കോൺഗ്രസിന് ആഗ്രഹമില്ല. ഇനിയൊരു അപകടം ഒഴിവാക്കാൻ തോട് പൂർണമായി നവീകരിക്കണം. സർക്കാർ ഉത്തരവാദിത്തത്തോടെ പെരുമാറണം.

–രമേശ് ചെന്നിത്തല



## കേരള വാർത്തകൾ

# ‘ആരോഗ്യ’ത്തിൽ തളർന്ന് സർക്കാർ



## വീഴ്ച തുടർക്കഥയാക്കി വകുപ്പും വീണാ ജോർജും

തിരുവനന്തപുരം: പകർച്ചപ്പനിയും മെഡിക്കൽ കോളജുകൾ അടക്കമുള്ള ആശുപത്രികളുടെ അനാസ്ഥയും കാരണം ആരോഗ്യവകുപ്പ് കുത്തഴിയുമ്പോൾ മന്ത്രി വീണാ ജോർജിനെതിരെ പ്രതിഷേധം ശക്തമാകുന്നു. തിരുവനന്തപുരം മെഡിക്കൽ കോളജിൽ വയോധികനായ രോഗി രണ്ട് ദിവസം ലിഫ്റ്റിൽ കുടുങ്ങിക്കിടന്ന സംഭവമാണ് ഇന്നലെ പുറത്തുവന്നത്. ആശുപത്രികളിലെ ഒ.പിയിൽ ചികിത്സക്കെത്തുന്നവർക്കു പോലും സുരക്ഷ നൽകാൻ കഴിയുന്നില്ല. വീണാ ജോർജ് ആരോഗ്യമന്ത്രിയായ ശേഷം സർക്കാർ ആശുപത്രികളെ പഴയപടിയാക്കിയെന്ന ആക്ഷേപം ശക്തമാണ്. ഓപ്പറേഷൻ തീയേറ്ററിൽ അനസ്ത്യേഷ്യ നൽകിയ ശേഷം യുവതിയെ പീഡിപ്പിച്ച സംഭവം, ഓപ്പറേഷന് വിധേയയായ സ്ത്രീയുടെ വയറിനുള്ളിൽ കത്രിക വെച്ച് തുന്നിക്കെട്ടിയത്, വിരലിന് ശസ്ത്രക്രിയ തേടിയെത്തിയ കുട്ടിയുടെ നാവ് ഓപ്പറേറ്റ് ചെയ്തത്, മറ്റൊരു കുട്ടിക്ക് മരുന്ന് മാറി നൽകിയത് എന്നിങ്ങനെ ആളുകളെ സർക്കാർ ആശുപത്രികളിൽ നിന്ന് അകറ്റുന്ന നിരവധി സംഭവങ്ങളാണ് അടുത്തിടെ ഉണ്ടായത്.

ഓരോ വിഷയം ഉയർന്നുവരുമ്പോഴും ‘നടപടി സ്വീകരിക്കും’ എന്ന ഒറ്റവാചകത്തിൽ തടിയൂരുകയാണ് ആരോഗ്യമന്ത്രി. ഈ സാഹചര്യത്തിൽ ആരോഗ്യമന്ത്രി രാജിവെക്കുകയാണ് വേണ്ടതെന്ന ആവശ്യം പ്രതിപക്ഷം മുന്നോട്ടുവെക്കുന്നത്. കഴിഞ്ഞ രണ്ട് ആഴ്ചയിലേറെയായി സംസ്ഥാനത്ത് പകർച്ചപ്പനി വ്യാപകമാണ്. നിരവധി പേരാണ് മരിച്ചത്. നേരത്തേ നിർമാർജനം ചെയ്ത കോളറ അടക്കമുള്ള രോഗങ്ങൾ തിരിച്ചെത്തിയതും ആരോഗ്യവകുപ്പിന്റെ വീഴ്ചയാണ്. സർക്കാർ ആശുപത്രികളിൽ രോഗികൾ കുന്നുകൂടുന്നു. മരുന്നില്ല, ചികിത്സ നൽകാൻ വേണ്ടത്ര ഡോക്ടർമാരില്ല. എല്ലാ നിലയിലും കുത്തഴിഞ്ഞ അവസ്ഥയിലാണ് ആരോഗ്യവകുപ്പ്.

ഇക്കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ആരോഗ്യവകുപ്പിന്റെ അനാസ്ഥകൾ തുറന്നുകാട്ടി പ്രതിപക്ഷം കൊണ്ടുവന്ന അടിയന്തര പ്രമേയത്തിനു മുന്നിൽ സർക്കാർ പതറിയെങ്കിലും കാര്യമായ യാതൊരു മാറ്റവും നടപ്പിലാക്കാൻ തയാറായിട്ടില്ല. പകർച്ചപ്പനിയും ചിക്കുൻഗുനിയ മുതൽ കോളറ വരെയുള്ള രോഗങ്ങളും വ്യാപകമാണ്. മഞ്ഞപ്പിത്തം അടക്കമുള്ള ജലജന്യ രോഗങ്ങളുടെ വ്യാപനത്തിലും പകർച്ചപ്പനിയിലും കേരളം ഒന്നാം സ്ഥാനത്തായി.

ആരോഗ്യവകുപ്പുമായി ചേർന്ന് പ്രവർത്തിക്കേണ്ട തദ്ദേശവകുപ്പ് മാലിന്യസംസ്കരണത്തിലടക്കം വരുത്തിയ വീഴ്ചയും വീണാജോർജിനെതിരായ പ്രതിഷേധത്തിന് ഇടയാക്കിയിട്ടുണ്ട്. സംസ്ഥാനത്താകെ മാലിന്യക്കൂമ്പാരമായിട്ടും കൃത്യമായ ആസൂത്രണത്തോടെ പദ്ധതികൾ നടപ്പിലാക്കാനായിട്ടില്ല. ആമയിഴഞ്ചാൻ തോട് ദുരന്തത്തിലുൾപ്പെടെ തദ്ദേശവകുപ്പും തിരുവനന്തപുരം കോർപറേഷനും പ്രതിക്കൂട്ടിലാണ്.

യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ കാരുണ്യ അടക്കമുള്ള ആരോഗ്യപദ്ധതികൾ അട്ടിമറിച്ച സർക്കാർ, സാധാരണക്കാരന് പതിറ്റാണ്ടുകളായി സൗജന്യമായി നൽകിവരുന്ന സേവനങ്ങൾ പോലും നിർത്തലാക്കി. നിലവിൽ കാരുണ്യ പദ്ധതിയിൽ 1255 കോടിയാണ് കുടിശിക, ആരോഗ്യ കിരണത്തിന് നാലു കോടിയും കാരുണ്യ ബെനെവെലെന്റ് ഫണ്ടിന് 217 കോടിയും ഹൃദ്യം പദ്ധതിക്ക് 10.38 കോടിയും ജെ.എസ്.എസ്കെക്ക് 34.87 കോടിയുമാണ് നൽകാനുള്ളത്.

## ജോയ് ഭരണകൂട അനാസ്ഥയുടെ ഇര: പ്രതിപക്ഷ നേതാവ്

തിരുവനന്തപുരം: ആമയിഴഞ്ചാൻ തോട്ടിൽ ജീവൻ പൊലിഞ്ഞ ജോയ് ഭരണകൂട അനാസ്ഥയുടെ ഇരയെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. നന്മയുള്ള എത്ര മാത്രം മനുഷ്യ ഹൃദയങ്ങളാണ് ജോയിക്കു വേണ്ടി പ്രാർഥിച്ചിട്ടുണ്ടാകുക. പ്രാർഥനകളെല്ലാം വിഫലമായി. സുരക്ഷാ സംവിധാനം ഒന്നുമില്ലാതെ മലിനജലത്തിലേക്ക് എടുത്തു ചാടേണ്ടി വന്നത് ആ പാവത്തിന്റെ നിസഹായതയാകാം. പക്ഷെ, ഭരണ സംവിധാനത്തിന്റെ അനാസ്ഥയുടെയും കെടുകാര്യസ്ഥതയുടെയും ഇരയാണ് ആ മനുഷ്യൻ. ഒരു മനുഷ്യന്റെ തിരോധാനത്തിന് പിന്നാലെ മണിക്കൂറുകൾക്കകം യന്ത്ര സഹായത്താൽ ടൺ കണക്കിന് മാലിന്യങ്ങൾ നീക്കം ചെയ്തു. നേരത്തെ ഇത് ചെയ്യാൻ എന്തായിരുന്നു തടസം. 46 മണിക്കൂറിലധികം നീണ്ട ശ്രമകരമായ ദൗത്യത്തിന് ഒടുവിലാണ് ജോയിയുടെ ചേതനയറ്റ ശരീരം കണ്ടെത്തിയത്. ഫയർ ഫോഴ്സ്, എൻ.ഡി.ആർ.എഫ്, സ്കൂബ ടീം, നേവി, ശുചീകരണ തൊഴിലാളികൾ, പൊലീസ്, മാധ്യമങ്ങൾ അങ്ങനെ ഈ ദൗത്യത്തിൽ പങ്കാളികളായ എല്ലാവർക്കും നന്ദി. ജോയിയുടെ വയോധികയായ മാതാവ് ഉൾപെടെ ആ കുടുംബത്തിന്റെ സംരക്ഷണം ഏറ്റെടുക്കേണ്ട ഉത്തരവാദിത്തം കൂടി ഉണ്ടെന്നത് സർക്കാർ മറക്കരുതെന്നും അനുശോചനം അറിയിക്കുന്നതായും പ്രതിപക്ഷ നേതാവ് ഫേസ്ബുക്കിൽ കുറിച്ചു.

## മരണത്തിന് ഉത്തരവാദി ഭരണകൂടങ്ങൾ: കെ. സുധാകരൻ

തിരുവനന്തപുരം: ജോയിയുടെ മരണത്തിന് ഉത്തരവാദികൾ സംസ്ഥാന സർക്കാരും നഗരസഭയും റെയിൽവേയുമാണെന്ന് കെ.പി.സി.സി പ്രസിഡന്റ് കെ. സുധാകരൻ. മാലിന്യ നിർമാർജ്ജനത്തിൽ അതീവ ഗുരുതര വീഴ്ച വരുത്തിയതാണ് രക്ഷാപ്രവർത്തനത്തിന് പ്രതിസന്ധി സൃഷ്ടിച്ചത്. മൂന്ന് ദിവസം നീണ്ട തിരച്ചിലിന് ശേഷവും ജോയിയെ ജീവനോടെ കണ്ടെത്താൻ കഴിയാതെ പോയത് അത്രയധികം മാലിന്യം അടിഞ്ഞുകൂടി കിടക്കുന്നത് കൊണ്ടാണ്. ഇത് അധികാരികളുടെ കണ്ണ് തുറപ്പിക്കേണ്ട വിഷയമാണ്. ജീവൻ പണയപ്പെടുത്തി ജോയിയെ കണ്ടെത്താനായി ആമയിഴഞ്ചാൻ തോട്ടിൽ രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ട് സുത്യർഹമായ സേവനം നടത്തിയ അഗ്നിരക്ഷാ സേനാംഗങ്ങൾ ഉൾപ്പെടെയുള്ള ദൗത്യസംഘത്തിന്റെ സേവനം ആദരിക്കപ്പെടേണ്ടതാണെന്നും സുധാകരൻ പറഞ്ഞു.

കൃത്യസമയത്ത് മാലിന്യ നിർമാർജ്ജനം നടത്തുന്നതിൽ പരാജയപ്പെട്ട സർക്കാരും നഗരസഭയും റെയിൽവേയും പരസ്പരം ചെളി വാരിയെറിഞ്ഞ നടപടി ഹീനവും അപമാനവുമാണ്. ജോയിയുടെ കുടുംബത്തിന് അർഹമായ നഷ്ടപരിഹാരം നൽകാൻ സർക്കാരും റെയിൽവെയും തയ്യാറാകണം.

നഗരത്തിലെ മാലിന്യ സംസ്കരണം തദ്ദേശ ഭരണകൂടത്തിന്റെ ഉത്തരവാദിത്തമാണ്. ഉചിതമായ സമയത്ത് വേണ്ടവിധത്തിൽ പ്രവർത്തിച്ചിരുന്നുവെങ്കിൽ ഒരു സാധുമനുഷ്യന് ഇത്തരത്തിൽ ദുരവസ്ഥ ഉണ്ടാകുമായിരുന്നോയെന്ന് പരസ്പരം കുറ്റപ്പെടുത്താൻ ശ്രമിക്കുന്നവർ ചിന്തിക്കണം. സംസ്ഥാനത്ത് ഉറവിടത്തിലെ മാലിന്യ സംസ്കരണം ഫലപ്രദമായി നടക്കുന്നില്ല എന്നതിന്റെ സാക്ഷ്യപത്രം കൂടിയാണ് റോഡുകളിലും തോടുകളിലും കാനകളിലും കുമിഞ്ഞു കൂടുന്ന മാലിന്യ കൂമ്പാരം. ഭരണസിരാ കേന്ദ്രമായ സെക്രട്ടേറിയറ്റിന്റെ മൂക്കിന് താഴെ ഇതുപോലൊരു ദുരന്തം ഉണ്ടായിട്ട് ദിവസങ്ങൾ പിന്നിട്ടിട്ടുപ്പോലും അവിടെയെത്തി രക്ഷപ്രവർത്തന പു

## ലിഫ്റ്റ് സംഭവം: ആരോഗ്യമന്ത്രി രാജിവെക്കുന്നതാണ് നല്ലതെന്ന് വി.ഡി സതീശൻ

തിരുവനന്തപുരം: മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സക്കെത്തിയ വയോധികൻ രണ്ടു ദിവസം ലിഫ്റ്റിൽ കുടുങ്ങിക്കിടന്നെന്ന വാർത്ത ഞെട്ടിക്കുന്നതാണെന്നും ഇത്രയും തിരക്കുള്ളൊരു മെഡിക്കൽ കോളജിലെ ഒ.പി വിഭാഗത്തിൽ ചികിത്സക്കെത്തിയ ആൾ രണ്ട് രാത്രിയും ഒരു പകലും ലിഫ്റ്റിൽ കുടുങ്ങിക്കിടന്ന സംഭവത്തിൽ സർക്കാരിനും ആരോഗ്യ വകുപ്പ് മന്ത്രിക്കും ഒരു ഉത്തരവാദിത്തവും ഇല്ലേയെന്നും പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ.

മാലിന്യ നീക്കം പൂർണമായും നിലച്ച് കേരളം പകർച്ചവ്യാധികളുടെ പിടിയിൽ അകപ്പെട്ടിട്ടും രക്തഹാരം അണിയിച്ച് ക്രിമിനലുകളെ പാർട്ടിയിലേക്ക് ആനയിക്കുന്ന തിരക്കലാണ് ആരോഗ്യമന്ത്രി. ആരോഗ്യ മേഖലയിൽ കേരളം കാലങ്ങൾകൊണ്ട് ആർജിച്ചെടുത്ത നേട്ടങ്ങളെയൊക്കെ ഇല്ലാതാക്കുന്ന സംഭവങ്ങളാണ് ഈ സർക്കാരിന്റെ കാലത്ത് നടക്കുന്നത്. ആരോഗ്യ മേഖലയും സർക്കാർ ആശുപത്രികളും ഇത്രയും അനാഥമായൊരു കാലഘട്ടം ഇതിന് മുൻപ് കേരളത്തിലുണ്ടായിട്ടില്ല. പകർച്ചപ്പനി വ്യാപകമായിട്ടും ഒരു നടപടിയും സ്വീകരിക്കാതെ സർക്കാരും വകുപ്പ് മന്ത്രിയും നോക്കി നിൽക്കുകയാണ്. നിലവിലെ ഗുരുതരമായ സാഹചര്യത്തിൽ ഒരു നിമിഷം സ്ഥാനത്ത് തുടരാനുള്ള അർഹത ആരോഗ്യമന്ത്രിക്കില്ല. എത്രയും വേഗം അവർ രാജിവെച്ച് പുറത്തു പോകുന്നതാണ് പൊതു സമൂഹത്തിനും നല്ലതെന്നും അദ്ദേഹം പറഞ്ഞു.

## ജോയ് പലഹാരപ്പൊതിയുമായി വരില്ല കരഞ്ഞു തളർന്ന് അമ്മ

തിരുവനന്തപുരം: ആമയിഴഞ്ചാൻ തോട്ടിൽ അകപ്പെട്ട് മരിച്ച ശുചീകരണ തൊഴിലാളി ജോയിയുടെ വേർപാടിൽ മനംതകർന്ന് അമ്മ. എല്ലാ ദിവസവും പലഹാരപ്പൊതിയുമായി എത്തിയിരുന്ന മകനെയാണ് മെൽഹിക്ക് നഷ്ടമായത്.
എത്ര ബുദ്ധിമുട്ടുള്ള സമയത്തും എന്ത് ജോലിയും ചെയ്തും ജോയി അമ്മയെ നോക്കിയിരുന്നു. അടച്ചുറപ്പുള്ള ഒരു വീടോ, വീട്ടിലേക്ക് ഒരു വഴിയോ പോലുമില്ലാത്ത ഒരു ദിവസക്കൂലിക്കാരന്റെ ജീവനാണ് സർക്കാർ അനാസ്ഥയിൽ കുരുങ്ങി നഷ്ടമായത്. ജോയിയുടെ അപകട വിവരം അറിഞ്ഞ നിമിഷം മുതൽ വീടിന്റെ മുൻവശത്തെ മുറിയിലെ സോഫയിൽ ഒറ്റയിരിപ്പായിരുന്നു അമ്മ മെൽഹി.

മകൻ തിരിച്ചുവരുമെന്ന ഉറപ്പോടെ പ്രാർത്ഥനുമായി രണ്ട് പകലും രണ്ട് രാവും കഴിച്ചുകൂട്ടി. ആർക്കും ഒന്നും പറഞ്ഞ് ആശ്വസിപ്പിക്കാനാകാത്ര സങ്കടത്തിലായിരുന്നു മെൽഹി. എന്നാൽ പ്രാർഥനകളും പ്രതീക്ഷകളുമെല്ലാം മൂന്നാം ദിനം വിഫലമായി. മൃതദേഹം വീട്ടുവളപ്പിൽ സംസ്കരിക്കുമ്പോഴും സങ്കടമടക്കാനാകാതെ കരയുന്ന അമ്മയെ ആശ്വസിപ്പിക്കാനാകാതെ കൂടെയുള്ളവരും വിങ്ങി. ജോയിയുടെ സംസ്കാര ചടങ്ങുകൾക്കുശേഷം തന്റെ പ്രിയപ്പെട്ട മകൻ നഷ്ടപ്പെട്ട വേദനക്കിടെയും മകനോടൊപ്പമുള്ള ഓർമകൾ ആ അമ്മ പങ്കുവെച്ചു.

എല്ലാ ദിവസവും തനിക്ക് പലഹാര പൊതിയുമായി വരുമായിരുന്നുവെന്നും ഇനി അവൻ ഇല്ലെന്ന് ഓർക്കുമ്പോൾ സങ്കടം താങ്ങാനാകുന്നില്ലെന്നും അമ്മ പറഞ്ഞു. രക്ഷപ്പെടാൻ സ്ഥലം ഇല്ലാത്തതുകൊണ്ടാണ് ജോയി അപകടത്തിൽപ്പെട്ടത്. അല്ലെങ്കിൽ നീന്തി രക്ഷപ്പെടുമായിരുന്നു. എന്നെ പൊന്നുപോലെ നോക്കിയ മകനാണ്.

അപകടസ്ഥലത്ത് അൽപം കൂടി സ്ഥലമുണ്ടായിരുന്നെങ്കിൽ അവൻ നീന്തിരക്ഷപ്പെടുമായിരുന്നുവെന്ന് ഉറപ്പായിരുന്നു. എല്ലാ ജോലിക്കും പോകുമായിരുന്നുവെന്നും അമ്മ കണ്ണീരോടെ പറഞ്ഞു. ദുർഘടമായ രക്ഷാപ്രവർത്തനമെന്ന് അറിഞ്ഞപ്പോഴും ബന്ധുക്കൾ പ്രതീക്ഷ കൈവിട്ടിരുന്നില്ല. മുമ്പും മരണത്തെ തോൽപിച്ച ജോയി ഇത്തവണയും തിരിച്ചുവരുമെന്ന് പ്രതീക്ഷിച്ചു. അപകടവിവരമറിഞ്ഞ ഉടൻ ജോയിയുടെ സഹോദരിമാരും മാരായിമുട്ടത്തെ വീട്ടിലേക്ക് എത്തിയിരുന്നു. രക്ഷാപ്രവർത്തകർ അവർക്ക് കഴിയുന്നതിന്റെ പരമാവധി ചെയ്തുവെന്നും അതില്ലെല്ലാം പൂർണ തൃപ്തിയുണ്ടെന്നും ജോയിയുടെ സഹോദരന്റെ മകൻ ഷിജിൻ പറഞ്ഞു. നാല് ആവശ്യങ്ങളിൽ ചർച്ച നടത്തിയിരുന്നുവെന്നും ഇതിൽ എം.എൽ.എയും മേയറും ഉറപ്പ് നൽകിയിട്ടുണ്ടെന്നും ഷിജിൻ പറഞ്ഞു.

അതേസമയം മാലിന്യം നീക്കം ചെയ്യാൻ കരാറെടുത്തയാൾ ഇതുവരെയും കുടുംബത്തെ ബന്ധപ്പെട്ടിട്ടില്ലെന്നും ഇവിടെ എത്തിയിട്ടില്ലെന്നും റെയിൽവെയെ ഇക്കാര്യം അറിയിച്ചിട്ടും നടപടിയുണ്ടായിട്ടില്ലെന്നും ജില്ലാ പഞ്ചായത്ത് അംഗം വി.എസ് ബിനു പറഞ്ഞു. ജോയിയുടെ കുടുംബത്തിന് നൽകിയ നാല് ഉറപ്പുകൾ പാലിക്കപ്പെടണമെന്നാണ് പ്രതീക്ഷയെന്നും ബിനു പറഞ്ഞു.

ജോയിയുടെ മാതാവിന് പത്തു ലക്ഷം രൂപയുടെ സാമ്പത്തിക സഹായം, വീട് നൽകണം, വീട്ടിലേക്കുള്ള വഴി ശരിയാക്കണം, ജോയിയുടെ ആശ്രിതനായ സഹോദരന്റെ മകന് നഗരസഭയോ റെയിൽവെയോ ജോലി നൽകണം എന്നീ നാല് ആവശ്യങ്ങളിലാണ് സർക്കാർ ഉറപ്പ് നൽകിയിട്ടുള്ളത്.



ശുചീകരണത്തിനിടെ കാണാതായ ജോയിയുടെ മൃതദേഹം ആമയിഴഞ്ചാൻ തോട്ടിൽ തകരപ്പറമ്പ് ഭാഗത്തുനിന്ന് അഗ്നിരക്ഷാസേനാംഗങ്ങൾ പുറത്തെടുക്കുന്നു

## നിധി കണ്ടെത്തിയിടത്ത് നിന്ന് വീണ്ടും സ്വർണം ലഭിച്ചു; അന്വേഷണം നീളുന്നു

ശ്രീകണ്ഠപുരം: ചെങ്ങളായിയിൽ നിധി കണ്ടെത്തിയ സ്ഥലത്ത് നിന്നും ഇന്നലെ ഒരു സ്വർണ കമ്മൽ കൂടി കണ്ടെത്തി. തൊഴിലുറപ്പ് തൊഴിലാളികൾക്ക് തന്നെയാണ് കമ്മലും ലഭിച്ചത്. നിധികുംഭത്തിൽ നിന്നു തെറിച്ചു പോയതാണെന്ന് സംശയിക്കുന്നു. കമ്മൽ ശ്രീകണ്ഠപുരം പൊലീസിന് കൈമാറി. കഴിഞ്ഞ വ്യാഴാഴ്ചയാണ് ചെങ്ങളായി പറമ്പായി യുപിഎസ് സ്കൂളിന് സമീപത്ത് സ്വകാര്യ വ്യക്തിയുടെ പറമ്പിൽ നിന്നു തൊഴിലുറപ്പ് തൊഴിലാളികർക്ക് നിധിയെന്ന് സംശയിക്കുന്ന പൗരാണിക ആഭരണങ്ങളും നാണയങ്ങളും ലഭിച്ചത്. എന്നാൽ പരിശോധന നടത്തി കാലപ്പഴക്കം നിർണയിക്കാൻ ബന്ധപ്പെട്ട വകുപ്പുകൾ അലംഭാവം കാട്ടുന്നതായി ആരോപണം ഉയരുന്നു. ഇന്നലെ പുരാവസ്തു വകുപ്പ് ഉദ്യോഗസ്ഥർ സ്ഥലം പരിശോധിക്കുമെന്നാണ് നേരത്തെ അറിയിച്ചത്. എന്നാൽ ശക്തമായ മഴ തുടരുന്ന സാഹചര്യത്തിൽ ഉദ്യോഗസ്ഥർ എത്തിയില്ല. അടുത്ത ദിവസങ്ങളിൽ എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്.



ഇന്നലെ കണ്ടെത്തിയ സ്വർണ കമ്മൽ

കഴിഞ്ഞ ദിവസം കണ്ടെത്തിയ നാണയങ്ങൾ അറക്കൽ, ഫ്രഞ്ച്, നാണയങ്ങളോട് സാമ്യമുള്ളതെന്നാണ് ഇതിനെക്കുറിച്ചറിയുന്ന വിദഗ്ധർ പറയുന്നത്. കൂടുതൽ പഴക്കം ഉണ്ടാവാനിടയില്ല എന്നും പറയപ്പെടുന്നുണ്ട്. ഈ സാഹചര്യത്തിൽ പരിശോധന അനന്തമായി നീട്ടുന്നത് വ്യാപകമായ വിവാദങ്ങൾക്ക് വഴിയൊരുക്കും. ഞായറാഴ്ച അവധിയും ഇന്നലെ ജില്ലയിലെ റെഡ് അലർട്ടും കാരണം പരിശോധന നീണ്ടുപോകുകയായിരുന്നു. ഇന്ന് മുഹറം അവധിയായതിനാൽ സംഘം അടുത്ത ദിവസം എത്തുമെന്നാണ് അറിയുന്നത്.

## കർക്കിടകം പിറന്നു
### ഇനി രാമായണ പാരായണ നാളുകൾ

ബാലുശ്ശേരി: വറുതിയുടെ ആഴപ്പരപ്പിൽ ഭക്തിയുടെ നിറചാർത്തോടെ കർക്കിടകത്തെ വരവേറ്റ് ഹൈന്ദവ ഗൃഹങ്ങളിലും ക്ഷേത്രസന്നിധിയിലുമെല്ലാം ഇനി രാമായണ പാരായണ നാളുകളാണ്. സൂര്യൻ കർക്കിടക രാശിയിലൂടെ സഞ്ചരിക്കുന്ന സമയമായ കർക്കിടകം മഴയിൽ നനഞ്ഞും കുളിർന്നും ഈറനോടെ പ്രകൃതി കുളിച്ചു നിൽക്കുന്ന മാസം കൂടിയായാണ് വിവക്ഷ. കാർഷിക മേഖലയിലാകെ ഇരുട്ടു പരന്ന് ജീവിതസാമ്പത്തിക വരുമാനമൊന്നുമില്ലാതെ ഞെരുക്കവും പട്ടിണിയുമെല്ലാമായി പഞ്ഞമാസത്തിലലിഞ്ഞു ചേരുമ്പോൾ പുതിയ വെളിച്ചത്തിന്റെ കതിർക്കണിയായും കർക്കിടകം കണക്കാക്കുന്നു. രാമായണ മാസമായാണ് കർക്കിടകമറിയുന്നത്.



ചിത്രം : സയ്യിദ് അൻവർ



തിങ്കളാഴ്ച വൈകീട്ട് കൊച്ചിയിൽ നടന്ന 91-ാമത് ജന്മദിനാഘോഷത്തിൽ മധുരം നൽകിയ നടൻ മമ്മൂട്ടിയെ വൈകാരികമായി ആലിംഗനം ചെയ്യുന്ന എം.ടി. വാസുദേവൻ നായർ. എം.ടിയുടെ തിരക്കഥയിൽ ഒരുങ്ങുന്ന ‘മനോരഥങ്ങൾ’ എന്ന സിനിമയുടെ ട്രയിലർ ലോഞ്ച് വേദിയിലായിരുന്നു ജന്മദിനാഘോഷം.

ചിത്രം : നിതിൻ കൃഷ്ണൻ